08
ജൂലൈ 2024
തിങ്കൾ
1446 മുഹറം 02
1199 മിഥുനം 24
പേജ് 22
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
RNI No. 3018/1957. Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika




08 ബ്രസീൽ പുറത്ത്

## ട്രാക്കിൽ മരംവീണ് വൈദ്യുതി മുടങ്ങി; ട്രെയിനുകൾ പിടിച്ചിട്ടു

കൊച്ചി: എറണാകുളം പച്ചാളത്ത് റെയിൽവെ ട്രാക്കിൽ മരം വീണ് മണിക്കൂറുകളോളം ട്രെയിൻ ഗതാഗതം തടസപ്പെട്ടു. ഇന്നലെ രാവിലെ 9.45നാണ് സ്വകാര്യ വ്യക്തിയുടെ പറമ്പിൽ നിന്നിരുന്ന കൂറ്റൻ മരം ട്രാക്കിലേക്ക് വീണത്. ഇതോടെ വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെട്ടു. ഇതു വഴി കടന്നുപോകേണ്ട മംഗള എക്സ്പ്രസ് 150 മീറ്റർ അകലെ എത്തിയപ്പോഴാണ് അപകടമുണ്ടായത്. ഉടനെ ഫയർഫോഴ്സ് സംഘം സ്ഥലത്തെത്തി. റെയിൽവെയുടെ ട്രാക്ക് ക്ലിയറിംഗ് കീമാൻ സംഘവും പൊലീസും ചേർന്നുള്ള തിരക്കിട്ട പരിശ്രമത്തിനൊടുവിൽ മൂന്നു മണിക്കൂറുകൊണ്ടാണ് മരം മുറിച്ചു നീക്കിയത്. കോട്ടയം - എറണാകുളം റൂട്ടിലെ വൈദ്യുതി ബന്ധവും ഇതോടെ പുനഃസ്ഥാപിച്ചു. തുടർന്നാണ് മംഗള എക്സ്പ്രസ് യാത്ര തുടർന്നത്. പിന്നാലെ വന്ന വേണാട് എക്സ്പ്രസും സൗത്ത് റെയിൽവെ സ്റ്റേഷനിൽ പിടിച്ചിട്ടിരുന്നു.

റെയിവെ പാതക് ഇരുവശവുമുള്ള സർവീസ് റോഡുകളിൽ ഞായറാഴ്ചയായിരുന്നതിനാൽ തിരക്ക് നന്നേകുറവായിരുന്നതിനാൽ വൻ അപകടം ഒഴിവായി. മരം മുറിച്ചു മാറ്റാൻ പല തവണ അധികൃതർ നോട്ടീസ് നൽകിയിട്ടും സ്ഥലമുടമ കേസിനു പോവുകയാണ് ചെയ്തത്. ഇരു ട്രാക്കിലേയും ഗതാഗതം തടസപ്പെട്ടതിന്റെ പേരിൽ സ്ഥലമുടമ വൻതുക റെയിൽവേക്ക് നഷ്ടപരിഹാരം നൽകേണ്ടിവരുമെന്ന് റെയിൽവെ അധികൃതർ വ്യക്തമാക്കി. രണ്ടര മണിക്കൂറോളം ഗതാഗതം തടസപ്പെട്ടതോടെ വന്ദേ ഭാരത് എക്സ്പ്രസും പിടിച്ചിട്ടിരുന്നു. മരം മുറിച്ചു മാറ്റുന്നതിനിടെ ഒരു പൊലീസുകാരന് തലക്ക് പരിക്കേറ്റു.



## നീറ്റ്: ഹർജികൾ ഇന്ന് സുപ്രീംകോടതി പരിഗണിക്കും

ന്യൂഡൽഹി: നീറ്റ് പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട ഒരു കൂട്ടം ഹർജികൾ സുപ്രീം കോടതി ഇന്ന് പരിഗണിക്കും. ചോദ്യപേപ്പർ ചോർച്ച, പരീക്ഷാ നടത്തിപ്പിലെ വീഴ്ച എന്നിവ സംബന്ധിച്ച് ഉന്നതതല അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജികളും നീറ്റ് പരീക്ഷ റദ്ദാക്കണമെന്നാവശ്യപ്പെട്ടുള്ള ഹർജികളും പരീക്ഷ റദ്ദാക്കരുതെന്ന് ആവശ്യപ്പെട്ടുള്ള ഹർജികളും കോടതി പരിഗണിക്കുന്നവയിൽ ഉണ്ട്. നേരത്തെ ഹർജി ഫയലിൽ സ്വീകരിക്കവെ, വേനലവധിക്കു ശേഷം കോടതി ചേരുന്ന ജൂലൈ എട്ടിന് കേസ് പരിഗണിക്കുമെന്നും ഇതിനു മുമ്പ് പരീക്ഷ റദ്ദാക്കൽ, ഉന്നതതല അന്വേഷണം എന്നിവയിൽ നിലപാട് അറിയക്കണമെന്നും സുപ്രീം കോടതി കേന്ദ്ര സർക്കാറിനോട് നിർദേശിച്ചിരുന്നു. പരീക്ഷ റദ്ദാക്കി വീണ്ടും നടത്തുന്നത് പ്രായോഗികമല്ലെന്നാണ് കേന്ദ്ര സർക്കാർ കഴിഞ്ഞദിവസം സുപ്രീംകോടതിയെ അറിയിച്ചിരിക്കുന്നത്. കേസ് ഇന്ന് സുപ്രീംകോടതി പരിഗണിക്കാനിരിക്കെ, ജൂലൈ ആറിന് ആരംഭിക്കുമെന്ന് അറിയിച്ച നീറ്റ് കൗൺസലിങ് മാറ്റിവച്ചിരുന്നു.

### സി.പി.ഐ സംസ്ഥാനതല തിരഞ്ഞെടുപ്പ് അവലോകനം ഇന്നു മുതൽ



# പോരു കടുക്കും



**സ്വന്തം ലേഖകൻ**
തിരുവനന്തപുരം

### മുഖ്യമന്ത്രിക്കും സർക്കാരിനും എതിരെ വിമർശനം കടുപ്പിക്കാൻ സി.പി.ഐ

ലോക്സഭാ തിരഞ്ഞെടുപ്പിലെ തിരിച്ചടിയുടെ കാരണങ്ങൾ വിലയിരുത്താൻ സി.പി.ഐ സംസ്ഥാനതല തിരഞ്ഞെടുപ്പ് അവലോകന യോഗങ്ങൾ ഇന്ന് തുടങ്ങും. സി.പി.എം, സി.പി.ഐ ജില്ലാ തല യോഗങ്ങളിലും മേഖലാ യോഗങ്ങളിലും ഒരുപോലെ മുഖ്യമന്ത്രിക്കും സർക്കാറിനുമെതിരെ ഉയർന്ന രൂക്ഷ വിമർശനങ്ങളുടെ തുടർച്ച സി.പി.ഐ സംസ്ഥാന തല അവലോകന യോഗത്തിലും ഉണ്ടാകുമോ എന്നാണ് ഉറ്റു നോക്കുന്നത്. സി.പി.എമ്മിന് മുന്നിൽ കീഴടങ്ങേണ്ടതില്ലെന്ന പൊതു വികാരമാണ് സി.പി.ഐക്കുള്ളിൽ ഉള്ളത്.

വിട്ടുവീഴ്ച്ചക്കില്ലെന്ന സൂചന നൽകി സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വവും കഴിഞ്ഞ ദിവസങ്ങളിൽ രംഗത്തെത്തിയിരുന്നു. സി.പി.മ്മിനും വിദ്യാർതഥി വിഭാഗമായ എസ്.എഫ്.ഐക്കുമെതിരെ തുടർച്ചയായ വിമർശനങ്ങളാണ് ബിനോയ് വിശ്വം ഉന്നയിച്ചത്. സി.പി.ഐ വിമർശനം കടുപ്പിക്കുന്നത് സി.പി.എം - സി.പി.ഐ പോരിന് വഴി തുറക്കുമോ എന്ന ചോദ്യവും ഉയരുന്നുണ്ട്. സി.പി.ഐ ജില്ലാ കൗൺസിലുകളിൽ സി.പി.എമ്മിനും മുഖ്യമന്ത്രി പിണറായി വിജയനും സർക്കാരിനുമെതിരെ ഉയർന്ന വിമർശനങ്ങൾ ഇന്ന് ചേരുന്ന നിർവാഹക സമിതിയിലും രണ്ട് ദിവസങ്ങളിലായി നടക്കുന്ന കൗൺസിലിലും തുടരും. പ്രത്യയ ശാസ്ത്രപരമായ പാപ്പരത്തവും ദേശീയ സാഹചര്യങ്ങൾ വിലയിരുത്തുന്നതിലെ പിടിപ്പുകേടും അണികളുടെ ജീർണതയും കാരണം ജനങ്ങൾ എൽ.ഡി.എഫിനെ തിരസ്കരിച്ച തിരഞ്ഞെടുപ്പാണ് നടന്നതെന്ന വികാരമാണ് ജില്ലാ കൗൺസിലുകളിൽ ഉയർന്നത്. പിണറായി വിജയൻ പടിയിറങ്ങാതെ എൽ.ഡി.എഫിന്റെ തിരിച്ചുവരവ് ദുഷ്കരമാകും. ഭരണത്തിന് ചുക്കാൻ പിടിച്ച മുഖ്യമന്ത്രിയുടെ ധാർഷ്ട്യമാണ് തോൽവിയുടെ പ്രധാന കാരണം. മുഖ്യമന്ത്രിയെ തിരുത്താൻ സി.പി.എമ്മിൽ ആരുമില്ല. രാഷ്ട്രീയ എതിരാളികളെ അപമാനിക്കുന്ന വാക്കുകളാണ് മുഖ്യമന്ത്രി ഉപയോഗിക്കുന്നത്. സി.പി.ഐ കൈകാര്യം ചെയ്യുന്ന കൃഷി, ഭക്ഷ്യ വകുപ്പുകൾക്ക് നേരെയുള്ള അവഗണനയും തിരിച്ചടിയായെന്നും സി.പി.ഐ ജില്ലാ കൗൺസിൽ യോഗങ്ങളിൽ വിമർശനങ്ങൾ ഉയർന്നിരുന്നു.

രാജ്യസഭാ സീറ്റ് പി.പി സുനീറിന് നൽകിയത് ചില ജില്ലാ കമ്മിറ്റികളിൽ രൂക്ഷമായ വിമർശനത്തിന് കാരണമായിരുന്നു. സി.പി.ഐ ദേശീയ നിർവാഹക സമിതിയംഗം കെ.പ്രകാശ് ബാബുവിന്റെ പേര് സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം വെട്ടിയതിനെതിരെയും ഒരുവിഭാഗം രംഗത്ത് വന്നിരുന്നു. അന്തരിച്ച കാനം രാജേന്ദ്രൻ സുനീറിന്റെ പേര് നേരത്തെ നിർദ്ദേശിച്ചിരുന്നതായി ബിനോയ് വിശ്വം വെളിപ്പെടുത്തിയിരുന്നുവെങ്കിലും ഒരുവിഭാഗം ഇത് അംഗികരിക്കുന്നില്ല. പതിനാല് ജില്ലകളിൽ നിന്നുമുള്ള റിവ്യൂ റിപ്പോർട്ട് ചേർത്താണ് സംസ്ഥാനത്തല റിപ്പോർട്ട് തയ്യാറാക്കുന്നത്. ഇതോടെ സി.പി.എമ്മിനും മുഖ്യമന്ത്രിക്കുമെതിരായ വിമർശനങ്ങൾ സംസ്ഥാനതല റിപ്പോർട്ടിലും ഉണ്ടാകും.

സി.പി.എം ജില്ലാ കമ്മിറ്റികളിൽ മുഖ്യമന്ത്രിക്കെതിരെ ഉയർന്നിരുന്ന രൂക്ഷ വിമർശനങ്ങൾ പിണറായി വിജയനെതിരെ വിമർശിക്കുവാൻ സി.പി.ഐക്ക് ആവേശം കൂട്ടും. ചർച്ചകളുടെ അടിസ്ഥാനത്തിൽ പാർട്ടി കമ്മിറ്റികളുടെ ഔദ്യോഗിക നിലപാട് സി.പി.ഐ, എൽ.ഡി.എഫ് നേതൃത്വത്തെ അറിയിക്കും. വനംവകുപ്പിനെ സി.പി.ഐ എം.എൽ.എ വാഴൂർ സോമൻ നിയമസഭയിൽ വിമർശിച്ചതിന് എൽ.ഡി.എഫ് പാർലമെന്ററി പാർട്ടി യോഗം വിളിച്ച് മുഖ്യമന്ത്രി സോമനെ ശകാരിച്ചതിൽ സി.പി.ഐ നേതൃത്വത്തിന് അതൃപ്തിയുണ്ട്. സി.പി.എം തിരുത്തലിന് തയ്യാറായില്ലെങ്കിൽ കോൺഗ്രസുമായി സഹകരിക്കണമെന്നത് ആലോചിക്കണമെന്ന ചില ജില്ലാ കൗൺസിലുകളിലെ ആവശ്യം സംസ്ഥാന നേതൃതയോഗത്തിലും ഉയർന്നേക്കാം. മറ്റ് സംസ്ഥാനങ്ങളിൽ കോൺഗ്രസുമായി സഹകരിക്കുമ്പോൾ കേരളത്തിൽ മാത്രമെന്താണ് തടസമെന്നായിരുന്നു ഇടുക്കി, മലപ്പുറം ജില്ലാ നേതൃയോഗങ്ങളിൽ ഉയർന്ന ചോദ്യം. ഒപ്പം ചില ജില്ലാ നേതൃയോഗങ്ങളിൽ പഴയക്കാല കോൺഗ്രസ് സഖ്യത്തിന്റെ നല്ല ഓർമ്മകളും ഉയർന്നുവന്നിരുന്നു.

## 'പ്രാകൃത സംസ്കാരം': ബിനോയ് വിശ്വത്തിനെതിരെ എ.എ റഹീം

തിരുവനന്തപുരം: എസ്.എഫ്.ഐക്കെതിരായ വിമർശനത്തിൽ സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വത്തിനെതിരെ ഡി.വൈ.എഫ്ഐ. ബിനോയ് വിശ്വം പറഞ്ഞത് വസ്തുതകളല്ലെന്ന് ഡിവൈഎഫ്ഐ അഖിലേന്ത്യാ പ്രസിഡന്റ് എ.എ റഹിം എം.പി. ഇടതുപക്ഷ ഐക്യത്തിന്റെ പ്രസക്തി സി.പി.ഐ സെക്രട്ടറി മനസിലാക്കണം. ശക്തമായ മറുപടി പറയാൻ ഡിവൈഎഫ്ഐക്ക് അറിയാം. സ്ഥാനത്തിന് ചേർന്ന പ്രസ്താവനയാണോ ബിനോയ് വിശ്വം നടത്തിയതെന്ന് അദ്ദേഹം പരിശോധിക്കണം. ഇടതുപക്ഷത്തെ ദുർബലപ്പെടുത്തുന്ന ഏറ്റുമുട്ടലിലേക്ക് പോകാൻ ഡി.വൈ.എഫ്ഐ ആഗ്രഹിക്കുന്നില്ലെന്നും റഹിം വ്യക്തമാക്കി.

എസ്എഫ്ഐ തുടരുന്നത് പ്രാകൃത സംസ്കാരമാണെന്നും ഇടതുപക്ഷ വിദ്യാർഥി പ്രസ്ഥാനത്തിന്റെ ശൈലി അല്ലെന്നുമായിരുന്നു ബിനോയ് വിശ്വത്തിന്റെ പ്രസ്താവന. പുതിയ ലോകത്തിന് മുമ്പിലുള്ള ഇടതുപക്ഷത്തിന്റെ കടമയെക്കുറിച്ച് എസ്എഫ്ഐയെ പഠിപ്പിക്കണമെന്നും എസ്എഫ്ഐയെ തിരുത്തിയില്ലെങ്കിൽ ഇടതുപക്ഷത്തിന് ബാധ്യതയായി മാറുമെന്നും ബിനോയ് വിശ്വം പറഞ്ഞിരുന്നു.

## റഹീമിന്റെ സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് എ.ഐ.വൈ.എഫ്

തിരുവനന്തപുരം: ബിനോയ് വിശ്വം എന്ത് പ്രസ്താവന നടത്തണമെന്നതിന് എ.എ റഹീമല്ല തീരുമാനിക്കുന്നതെന്ന് എ.ഐ.വൈ.എഫ്. എസ്എഫ്ഐയുമായി ബന്ധപ്പെട്ട് ബിനോയ് വിശ്വം നടത്തിയ അഭിപ്രായ പ്രകടനം പൊതുസമൂഹത്തിന്റെ വികാരമാണ്. അത് മനസിലാക്കി എസ്.എഫ്.ഐയെ തിരുത്തുകയാണ് റഹീം വേണ്ടിയിരുന്നത്. വലതുപക്ഷവും മാധ്യമങ്ങളും ഇടതുപക്ഷത്തിനെതിരെ ആസൂത്രിത ആക്രമണങ്ങൾ നടത്തുന്ന സാഹചര്യത്തിൽ എസ്.എസ്.ഐയുടെ ലേബലിൽ ചില ക്രിമിനലുകൾ നടത്തുന്ന അക്രമ പ്രവർത്തനങ്ങൾ വലിയ രീതിയിൽ ഇടതുപക്ഷത്തെ പ്രതിരോധത്തിലാക്കുന്നുണ്ടെന്നും ഇത് തിരിത്താൻ എസ്എഫ്ഐ തയ്യാറാകണമെന്നാണ് ബിനോയ് വിശ്വം ആവശ്യപ്പെട്ടത്. വിമർശനം ഉൾക്കൊണ്ട് തിരുത്തുന്നതിനു പകരം ബിനോയ് വിശ്വത്തിന്നെതിരെ ആരോപണം ഉന്നയിക്കുന്ന റഹീമിന്റെ നിലപാട് പ്രതിഷേധാർഹമാണെന്ന് എ.ഐ.വൈ.എഫ് സംസ്ഥാന എക്സിക്യൂട്ടിവ് അഭിപ്രായപ്പെട്ടു.

ഇടതുപക്ഷം കൂടുതൽ തിരുത്തലുകൾക്ക് വിധേയമാകേണ്ട കാലഘട്ടത്തിൽ ബിനോയ് വിശ്വത്തിന്റെ അഭിപ്രായ പ്രകടനത്തിന് വലിയ രാഷ്ട്രീയ പ്രാധാന്യമുണ്ടെന്നും എ.ഐ.വൈ.എഫ് സംസ്ഥാന പ്രസിഡന്റ് എൻ. അരുണും സെക്രട്ടറി ടി.ടി ജിസ്മോനും പ്രസ്താവനയിൽ അഭിപ്രായപ്പെട്ടു.

### ഹയർസെക്കന്ററി തസ്തിക നിർണയം

# ആ വാളും മലബാറിന് നേരെ

### പുതിയ അധ്യാപക നിയമനങ്ങൾ ഉണ്ടാകാനിടയില്ല

**അനീഷ് ചാലിയാർ**
പാലക്കാട്


ചന്ദ്രിക
ഹയർസെക്കന്ററി തസ്തിക നിർണയം
ഒഴിവുകൾ വെട്ടാനുള്ള സർക്കാറിന്റെ വാൾ മാത്രം
■ ഉദ്യോഗാർഥികളുടെ മോഹം റാങ്ക് പട്ടികയിലൊതുങ്ങും
■ 14 പി.എസ്.സി ലിസ്റ്റുകൾക്ക് അപ്രഖ്യാപിത നിരോധനം
604 അധ്യാപക ഒഴിവുകൾ
സർക്കാർ ഗൂഢാലോചനയിൽ നീണ്ട് നീണ്ട് സ്റ്റാഫ് ഫിക്സേഷൻ

ഹയർസെക്കന്ററിയിൽ അധ്യാപക തസ്തിക വെട്ടിച്ചുരുക്കാൻ ഇടത് സർക്കാറും പൊതുവിദ്യാഭ്യാസ വകുപ്പും കരുക്കൾ നീക്കുന്നത് മലബാറിനെ ലക്ഷ്യം വെച്ച്. കൃത്യമായ ഗൂഢാലോചനയോടെയാണ് 2022ന് ശേഷം എച്ച്.എസ്.എസ്.ടി റാങ്ക് പട്ടികകളിൽ നിന്നുള്ള പി.എസ്.സി നിയമനത്തിന് അപ്രഖ്യാപിത നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്. കോവിഡിന് ശേഷം തസ്തിക നിർണയം നടന്നിട്ടില്ലെന്ന പേരിലാണിത്.

2023ൽ തുടങ്ങിയ തസ്തിക നിർണയം ഇപ്പോഴും പൂർത്തിയായിട്ടുമില്ല. തസ്തിക കണക്കാക്കുന്നതിനുള്ള മാർഗനിർദേശം പോലും ഒരുവർഷം കഴിഞ്ഞാണിറങ്ങിയത്. 2024 മാർച്ച് 16ന് ഇറങ്ങിയ ഈ ഉത്തരവാണ് സർക്കാറിനെ സംശയത്തിന്റെ നിഴലിലാക്കുന്നത്. അധ്യാപകരെ കണക്കാക്കുമ്പോൾ 38 ഷിഫ്റ്റഡ് ബാച്ചുകൾ പരിഗണിക്കരുതെന്നും 25 വീതം കുട്ടികളില്ലാത്ത പ്ലസ് വൺ, പ്ലസ്ടു ബാച്ചുകൾ ഉണ്ടെങ്കിൽ ഒഴിവാക്കണമെന്നും ഉത്തരവിൽ പ്രത്യേകം പറയുന്നുണ്ട്. എന്നാൽ മൂന്ന് വർഷം പൂർത്തിയായ അധിക ബാച്ചുകൾ പരിഗണിക്കണമെന്ന നിർദേശം ഉൾപ്പെടുത്തിയിട്ടുമില്ല. ഇതോടെ റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർമാർ വഴി തയ്യാറാക്കിയ തസ്തിക നിർണയ റിപ്പോർട്ടിൽ പുതിയ ഒഴിവുകൾ ഉണ്ടാവാനിടയില്ല.

തെക്കൻ ജില്ലകളിലെ അധികമായുണ്ടായിരുന്ന 38 ബാച്ചുകൾ അപേക്ഷകർ കൂടിയതോടെ മലബാറിലെ സ്കൂളുകളിലേക്ക് മാറ്റിയിരുന്നു. ഈ ബാച്ചുകളിൽ നിലവിൽ താത്കാലിക അധ്യാപകരാണുള്ളത്. അധിക ബാച്ചുകളിലെ സ്ഥിതിയും ഇതു തന്നെ. തുടർച്ചയായി 50 കുട്ടികളുള്ള ബാച്ച് മൂന്ന് വർഷം കഴിഞ്ഞാൽ സ്ഥിരം ബാച്ചായി കണക്കാക്കണം. എന്നാൽ ആറു വർഷത്തിലധികമായിട്ടും മലബാറിലെ സ്കൂളുകളിലുള്ള ഇത്തരം ബാച്ചുകളെ സ്ഥിരപ്പെടുത്തിയിട്ടില്ല. ഇവിടെയുള്ള ഒഴിവുകൾ പരിഗണിക്കാതെയാണ് തസ്തിക നിർണയം നടക്കുന്നത്.

വിദ്യാർഥികൾ കുറവായ മറ്റു ജില്ലകളിലെ ബാച്ചുകൾ ഒഴിവാക്കുമ്പോൾ അധികമായി വരുന്ന അധ്യാപകരെ 2022ന് ശേഷമുണ്ടായ വിരമിക്കൽ ഒഴിവുകളിലേക്ക് മാറ്റി നിയമിക്കേണ്ടി വരും. ഇതോടെ നിലവിലുള്ള റാങ്ക് പട്ടികയിൽ നിന്ന് നിയമനം നടത്തുന്നത് ഒഴിവാക്കാമെന്നാണ് വിദ്യാഭ്യാസ വകുപ്പിന്റെ കണക്കുകൂട്ടൽ. ഇതിനുവേണ്ടിയാണ് നിയമനങ്ങൾ തടഞ്ഞുവെക്കുന്നത്. ഉദ്യോഗാർഥികൾക്ക് ലഭിച്ച ആർ.ടി.ഐ രേഖകൾ പ്രകാരം നിലവിൽ 604 എച്ച്.എസ്.എസ്.ടി ഒഴിവുണ്ട്. 2022 ന് ശേഷം 14 റാങ്ക് ലിസ്റ്റിൽ നിന്ന് ആകെ നടന്നത് 87 നിയമനങ്ങൾ മാത്രമാണ്. ഇതിൽ പത്ത് മാസം പിന്നിട്ട റാങ്ക് പട്ടികയിൽ നിന്ന് ഒന്നാം റാങ്കുകാരിക്ക് പോലും നിയമനം നൽകിയിട്ടില്ല.

മലബാറിനോട് ഇടതു സർക്കാർ കാണിക്കുന്ന അന്ധമായ വിവേചനം കാരണം ഭാവി തുലാസിലാവുന്നത് ഉയർന്ന വിദ്യാഭ്യാസം കരസ്ഥമാക്കി മത്സര പരീക്ഷ പാസ്സായി ജോലി പ്രതീക്ഷിച്ചിരിക്കുന്ന 1000 ലധികം വരുന്ന അധ്യാപകരാണ്.

### അധ്യാപകർ 'തെക്കും' വിദ്യാർഥികൾ 'വടക്കും'

കുട്ടികൾ കുറഞ്ഞ സ്കൂളുകളിൽ നിന്ന് മലബാറിലേക്ക് ബാച്ചുകൾ മാറ്റി സ്ഥാപിക്കുമ്പോൾ അധ്യാപകരെ കൂടെ മാറ്റുന്നില്ല. അധ്യാപകരെ അതത് ജില്ലകളിൽ തന്നെ സംരക്ഷിച്ചിരിക്കുന്ന നിലപാടാണ് വകുപ്പ് സ്വീകരിച്ചത്. ഇങ്ങനെ 38 ബാച്ചുകളുണ്ട്. അധ്യാപകർ മറ്റൊരിടത്തും ബാച്ചുകൾ മറ്റൊരിടത്തുമായി 76 ക്ലാസുകളുണ്ടെന്നർഥം. ബാച്ചുകൾ കുറഞ്ഞിടത്ത് തുടരുന്ന അധ്യാപകർക്കും അധികമായി ബാച്ചെത്തിയ സ്കൂളുകളിലെ താത്കാലിക അധ്യാപകർക്കും വേതനം നൽകേണ്ട ബാധ്യതകൂടി സർക്കാറിന്റെ തലയിലുമാണ്.

## പിറന്നാൾ ആഘോഷത്തിനിടെ ഗുഡ്സ് ട്രെയിനിന് മുകളിൽ കയറിയ വിദ്യാർത്ഥിക്ക് ദാരുണാന്ത്യം

കൊച്ചി: പിറന്നാൾ ആഘോഷത്തിനിടെ സുഹൃത്തുകളുടെ വെല്ലുവിളി സ്വീകരിച്ച് ഗുഡ്സ് ട്രെയിനിന്റെ മുകളിൽ കയറാൻ ശ്രമിച്ച വിദ്യാർത്ഥിക്ക് വൈദ്യുതാഘാതമേറ്റ് ദാരുണാന്ത്യം. പോണേക്കര വൈമേലിൽ വീട്ടിൽ ജോസ് ആന്റണിയുടെ ഏക മകൻ ആന്റണി ജോസ്(17) ആണ് മരിച്ചത്.



പ്ലസ് ടുവിന് ശേഷം തൃക്കാക്കരയുള്ള കോളജിൽ ബി.സി.എക്ക് ചേർന്നിട്ടേയുള്ളൂ. റെയിൽവേയുടെ ഇടപ്പള്ളി യാർഡിൽ ഇന്നലെ വൈകിട്ട് അഞ്ചോടെയായിരുന്നു സംഭവം.

സുഹൃത്തുക്കളോടൊന്നിച്ച് പിറന്നാൾ ആഘോഷിച്ച ശേഷം ഇടപ്പള്ളി യാർഡിലെത്തിയ ആന്റണി ജോസ് സുഹൃത്തുകളുടെ വെല്ലുവിളി സ്വീകരിച്ച് നിർത്തിയിട്ടിരുന്ന ബി.ടി.പി.എൻ ഗുഡ്സ് ട്രെയിനിന് മുകളിൽ കയറാൻ ശ്രമിക്കുകയായിരുന്നു. എന്നാൽ മുകളിൽ എത്തുന്നതിന് മുന്നേ ലൈനിൽ നിന്ന് വൈദ്യുതാഘാതമേറ്റ് തെറിച്ചുവീണു. സുഹൃത്തുക്കളുടെ കരച്ചിൽകേട്ട് സമീപത്തുള്ളവർ ഓടിയെത്തി ആന്റണിയെ ഉടനെ അടുത്തുള്ള അമൃത ആശുപത്രിയിലെത്തിച്ചെങ്കിലും എറണാകുളം മെഡിക്കൽ സെന്ററിലേക്ക് മാറ്റി. എന്നാൽ തൊണ്ണൂറു ശതമാനം പൊള്ളലേറ്റ ആന്റണി ജോസ് വൈകിട്ട് 7.30ന് മരണപ്പെടുകയായിരുന്നു. പിതാവ് കാക്കനാട് ഐ.പി.സി.എ സെക്രട്ടറിയും അമ്മ സൗമ്യ എറണാകുളം ലൂർദ്ദ് ആശുപത്രിയിലെ നഴ്സുമാണ്. മൃതദേഹം മോർച്ചറിയിലേക്ക് മാറ്റി. ഇന്ന് രാവിലെ പോസ്റ്റുമോർട്ടത്തിന് ശേഷം പോണേക്കര സെന്റ്ജോസഫ് ദേവാലയ സെമിത്തേരിയിൽ സംസ്കാരിക്കും.

## രാഹുൽ ഇന്ന് മണിപ്പൂരിൽ

ന്യൂഡൽഹി: കലാപത്തിന്റെ മുറിവുണങ്ങാത്ത മണിപ്പൂരിൽ സാന്ത്വന സ്പർശവുമായി രാഹുൽഗാന്ധി ഇന്ന് വീണ്ടുമെത്തും. കലാപം ആരംഭിച്ചതിനു ശേഷം മൂന്നാം തവണയാണ് രാഹുൽ മണിപ്പൂർ സന്ദർശിക്കുന്നത്. ലോക്സഭാ പ്രതിപക്ഷ നേതാവായി തിരഞ്ഞെടുക്കപ്പെട്ട ശേഷമുള്ള ആദ്യ സന്ദർശനം കൂടിയാണിത്. ഒരു പകൽ മുഴുവൻ കലാപ ബാധിതർക്കൊപ്പം ചെലവഴിക്കുകയും അവരുടെ ആവലാതികൾ നേരിട്ടു കേൾക്കുകയും ചെയ്യും. രാഹുൽ ഗാന്ധിയുടെ സന്ദർശനത്തിനു മുന്നോടിയായി മുതിർന്ന കോൺഗ്രസ് നേതാക്കൾ യോഗം ചേർന്ന് ഒരുക്കങ്ങൾ വിലയിരുത്തി.



മണിപ്പൂർ കോൺഗ്രസ് അധ്യക്ഷൻ കീഷാം മേഘചന്ദ്രയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിയമസഭാ കക്ഷി നേതാവ് ഇബോബി സിങ്, കോൺഗ്രസ് എം.പിമാരായ അംഗോമ്ച ബിമൽ അകോയ്ജാം, ആൽഫ്രഡ് ആർതർ, വടക്കു കിഴക്കൻ സംസ്ഥാനങ്ങളുടെ ചുമതലയുള്ള കോൺഗ്രസ് ജനറൽ സെക്രട്ടറി ഗിരീഷ് ചോടങ്കാർ എന്നിവർ സംബന്ധിച്ചു.

## ബേക്കൽ മുഹമ്മദ് സാലിഹ് ഹാജി അന്തരിച്ചു

ബേക്കൽ: പ്രമുഖ പ്രവാസി വ്യവസായിയും പൗര പ്രമുഖനും ജീവകാരുണ്യ പ്രവർത്തന മേഖലയിലെ നിറ സാന്നിധ്യവുമായ ബേക്കൽ മുഹമ്മദ് സാലിഹ് ഹാജി (73) അന്തരിച്ചു.



കാസർകോട് ബേക്കൽ സ്വദേശിയായ അദ്ദേഹത്തിന്റെ വിയോഗം ഖത്തറിൽ വെച്ചായിരുന്നു. ഖത്തറിൽ നിരവധി വ്യാപാര, വ്യവസായ സ്ഥാപനങ്ങളുള്ള സാലിഹ് ഹാജിയുടെ കർമ്മ മണ്ഡലം ദീർഘകാലമായി ഖത്തർ ആണ്.

ഖത്തർ കെഎംസിസി കാസർകോട് ജില്ലാ പ്രസിഡന്റ്, സംസ്ഥാന ഉപദേശക സമിതി അംഗം, പള്ളിക്കര സിഎച്ച് സെന്റർ ട്രഷറർ, ബേക്കൽ ശിഹാബ് തങ്ങൾ സെന്റർ ചെയർമാൻ, ബേക്കൽ ഇസ്ലാമിയ എ.എൽ.പി സ്കൂൾ മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. ബോംബെ സിൽക് സെന്റർ, ദന സെന്റർ, ലക്സസ് ടൈലറിംഗ് എന്നീ സ്ഥാപനങ്ങളുടെ ചെയർമാനായിരുന്നു.

മുസ്ലിം ലീഗ് ഉദുമ നിയോജക മണ്ഡലം കമ്മിറ്റി മുഖാന്തിരം ചട്ടഞ്ചാൽ തൈരയിൽ 12 പാവപ്പെട്ട കുടുംബങ്ങൾക്ക് സ്വന്തമായി ബൈത്തു റഹ്മ നിർമിച്ചു നൽകിയിരുന്നുപിതാവ്: പരേതനായ എടനീർ അബ്ദുൽ റഹിമാൻ. മാതാവ്: കുഞ്ഞാമിന മുപ്പൻ. ഭാര്യ: യു.വി മുംതാസ്. മകൾ: ജഫ്ന.മരുമകൻ: കെ.എസ് ശമീർ വിദ്യാനഗർ.

സഹോദരങ്ങൾ: അബ്ദുള്ള എടനീർ, അബ്ദുൽ കാദർ, ഹുസൈൻ, അബ്ബാസ്, ഇസ്മായിൽ, ബീഫാത്തിമ, ആയിഷ.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 08 തിങ്കൾ
ഗൾഫ് ചന്ദ്രിക

## കുവൈത്തിലെ പാർപ്പിട സമുച്ചയത്തിൽ തീപിടിത്തം അഞ്ചുപേർ മരിച്ചു

കുവൈത്ത് സിറ്റി: കുവൈത്തിലെ പാർപ്പിട സമുച്ചയത്തിൽ കഴിഞ്ഞദിവസം ഉച്ചയ്ക്കുണ്ടായ തീപിടിത്തത്തിൽ അഞ്ചുപേർ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റിട്ടുണ്ട്. ഫർവാനിയയിൽ അറബ് രാജ്യക്കാർ താമസിക്കുന്ന 8 നില കെട്ടിടത്തിന്റെ നാലാം നിലയിലായിരുന്നു തീപിടിച്ചത്.സിറിയൻ കുടുംബത്തിലെ നാലുപേരും തൊട്ടടുത്ത് താമസിക്കുന്ന അംഗപരിമിതനായ ഒരാളുമാണ് മരിച്ചത്. അഗ്നിശമന സേന സ്ഥലത്തെത്തി തീ നിയന്ത്രണ വിധേയമാക്കി.



### കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.73 ₹
1 ഒമാനി റിയാൽ 216.08 ₹
1 സൗദി റിയാൽ 22.25 ₹
1 ഖത്തർ റിയാൽ 22.93 ₹
1 കുവൈറ്റ് ദിനാർ 272.96 ₹
1 ബഹ്റൈൻ ദിനാർ 221.73 ₹



### സ്വർണവില
(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 289.25
22 കാരറ്റ് 268.00
21 കാരറ്റ് 259.25
18 കാരറ്റ് 222.25

ഗൾഫ്/വിദേശം

# മൃതദേഹങ്ങൾ നിറഞ്ഞ് ഗസ്സ 38153 മരണം

ഗസ്സ: അഭയാർത്ഥികൾ തങ്ങുന്ന യു.എൻ സ്കൂളുപോലും ഒഴിവാക്കാതെ ഇസ്രാഈൽ ആക്രമണം തുടർന്നുകൊണ്ടിരിക്കെ ഗസ്സ വംശഹത്യയിൽ മരണനിരക്ക് 38,153 ആയി. അഭയാർത്ഥി ക്യാമ്പായി പരിഗണിക്കപ്പെട്ടിരുന്ന യു.എൻ സ്കൂളിനുനേരെ നടന്ന വ്യോമാക്രമണത്തിൽ പതിനാറ് പേർ കൊല്ലപ്പെട്ടു. 75 പേർക്ക് പരിക്കേറ്റു. നുസൈറത്ത് അഭയാർത്ഥി ക്യാമ്പിൽ അൽ ജാഊനി സ്കൂളിനുനേരെയാണ് ആക്രമണമുണ്ടായത്. പരിക്കേറ്റ കുട്ടികളെ ആംബുലൻസുകളിൽ എത്തിക്കുന്ന വീഡിയോ സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നുണ്ട്. ആക്രമണത്തിൽ സ്കൂൾ പൂർണമായും തകർന്നു. ഒക്ടോബർ ആദ്യം ഗസ്സയിൽ കൂട്ടക്കുരുതി ആരംഭിച്ചതിനുശേഷം ഗസ്സയിൽ അനവധി സ്കൂളുകൾ ബോംബാക്രമണത്തിൽ തകർന്നിട്ടുണ്ട്.

അൽ ജാഊനി സ്കൂളിനുനേരെ വ്യോമാക്രമണം നടത്തിയതായി ഇസ്രാഈൽ സ്ഥിരീകരിച്ചു. സ്കൂളിൽ ഒളിച്ചിരുന്ന 'ഭീകരരെ'യാണ് തങ്ങൾ ലക്ഷ്യമിട്ടതെന്ന് ഇസ്രാഈൽ സേന പറയുന്നു. ഗസ്സ സിറ്റിയിലെ ഷെയ്ഖ് റദ്‌വാനിൽ ആറ് ഫലസ്തീനികൾ കൊല്ലപ്പെട്ടു. അൽ മിനയിൽ ബോംബാക്രമണത്തിൽ തകർന്ന വീടിന്റെ അവശിഷ്ടങ്ങളിൽനിന്ന് മൂന്നു മൃതദേഹങ്ങൾ കൂടി കണ്ടെടുത്തു. ദെയ്‌റുൽ ബലാഹിന് സമീപം അസ്സവായിദ നഗരത്തിൽ ഒരു വീടിനുനേരെയുണ്ടായ ആക്രമണത്തിൽ ആറുപേർ കൊല്ലപ്പെട്ടു. റഫയിൽ കൈകൾ കൂട്ടിക്കെട്ടിയ നിലയിൽ മൂന്ന് മൃതദേഹങ്ങൾ കണ്ടെത്തി. ഗസ്സയിൽ തൊഴിൽ മന്ത്രിയായി നിയമിക്കപ്പെട്ടിരുന്ന ഇഹാബ് അൽ ഗുസൈനി വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ടതായി റിപ്പോർട്ടുണ്ട്.

ഷുജാഇയയിൽ ഇസ്രാഈൽ സേനക്കുനേരെ വൻ ആക്രമണം നടത്തിയതായും നിരവധി സൈനിക വാഹനങ്ങൾ തകർന്നതായും അൽ ഖുദ്സ് ബ്രിഗേഡ്സ് അവകാശപ്പെട്ടു. റഫയിൽ ഇസ്രാഈൽ സേനയും ഹമാസ് പോരാളികളും തമ്മിൽ ഏറ്റുമുട്ടി. ജയിൽ മോചിതരായി ഇസ്രാഈലിൽനിന്ന് ഗസ്സയിലേക്ക് പോവുകയായിരുന്ന നാലു പേരെ കരിം അബൂ സാലിം പ്രവേശന കവാടത്തിൽ ഇസ്രാഈൽ സേന വെടിവെച്ചു കൊന്നതായി ഫലസ്തീൻ പ്രിസണേഴ്സ് സൊസൈറ്റി അറിയിച്ചു. ഗസ്സയിലേക്ക് പ്രവേശിക്കുന്ന മാനുഷിക സഹായ സാമഗ്രികൾക്ക് കാവൽനിന്നിരുന്ന ഇവരെ ഇസ്രാഈൽ സേന ദിവസങ്ങൾക്കുമുമ്പ് തട്ടിക്കൊണ്ടുപോയിരുന്നു.

ജയിലിൽനിന്ന് പുറത്തുവന്ന ഇവർ സ്വന്തം വീടുകളിലേക്ക് മടങ്ങുമ്പോഴാണ് കൊല്ലപ്പെട്ടത്. അതേസമയം ലബനീസ് അതിർത്തിക്കു സമീപം ഇസ്രാഈലിന്റെ മറ്റൊരു സൈനിക ക്യാമ്പിനുനേരെ ആക്രമണം നടത്തിയതായി ഹിസ്ബുല്ല അവകാശപ്പെട്ടു. മൂന്ന് സൈനിക കേന്ദ്രങ്ങൾ ഷെല്ലാക്രമണത്തിൽ തകർന്നു. ബിർകത് റിഷ സൈനിക കേന്ദ്രത്തിൽ നിരവധി ഇസ്രാഈൽ സൈനികർ കൊല്ലപ്പെട്ടതായി റിപ്പോർട്ടുണ്ട്. ഇന്നലെ തെക്കൻ ലബനാനിൽനിന്ന് ഇസ്രാഈലിനുനേരെ അറുപതോളം റോക്കറ്റാക്രമണങ്ങളുണ്ടായി.

ബകാഅയിൽ ഇസ്രാഈൽ നടത്തിയ ഡ്രോണാക്രമണത്തിൽ ഹിസ്ബുല്ല പ്രവർത്തകൻ കൊല്ലപ്പെട്ടു. മയ്താം മുസ്തഫ അൽ അത്താർ എന്ന ഹിസ്ബുല്ല പ്രവർത്തകന്റെ കാർ ബോംബിട്ട് തകർക്കുകയായിരുന്നു.



CLICK ഗസ്സയിലെ നുസൈറത്ത് അഭയാർത്ഥി ക്യാമ്പിൽ ഇസ്രാഈൽ ബോംബിട്ടു തകർത്ത യു.എൻ സ്കൂൾ

## ഒരാഴ്ചക്കിടെ എയർ ഇന്ത്യ എക്സ്പ്രസ് റദ്ദാക്കിയത് 30 സർവീസുകൾ

റസാഖ് ഒരുമനയൂർ
അബുദാബി

കഴിഞ്ഞ ഒരാഴ്ചക്കിടെ എയർഇന്ത്യ എക്സ്പ്രസ്സ് റദ്ദാക്കിയത് മുപ്പത് സർവീസുകൾ. യുഎഇ യാത്രക്കാരുടെ മാത്രമാണ് ഇത്രയും സർവ്വീസുകൾ ക്യാൻസൽ ചെയ്തത്. ഏറ്റവും തിരക്കേറിയ അവധിക്കാല സമയത്ത് യാത്രക്ക് മണിക്കൂറുകൾ മാത്രം ബാക്കി നിൽക്കവെയാണ് എയർ ഇന്ത്യ എക്സ്പ്രസ്സ സർവീസുകൾ നിർത്തലാക്കിയത്. കോഴിക്കോട്, കണ്ണൂർ സെക്ടറുകളിലാണ് ഏറ്റവും കൂടുതൽ വിമാനങ്ങൾ കാൻസൽ ചെയ്തത്. ജൂൺ 29 മുതൽ ഇന്നലെ പുലർച്ചെ വരെയുള്ള മുപ്പത് സർവീസുകളാണ് ഒരാഴ്ചക്കിടെ റദ്ദാക്കിയത്.

ഇതിൽ ഏറ്റവും കൂടുതൽ റദ്ദാക്കൽ നടന്നത് അബുദാബിയിലേക്കും തിരിച്ചുമുള്ള സർവീസുകളാണ്. പതിമൂന്ന് സർവീസുകൾ റദ്ദാക്കിയപ്പോൾ അബുദാബി-കൊച്ചി, കൊച്ചി-അബുദാബി സർവ്വീസ് മാത്രമാണ് മുടങ്ങാതെ നടന്നത്. തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ വിമാനങ്ങളാണ് റദ്ദാക്കിയത്. ഷാർജയിലേക്കും തിരിച്ചുമുള്ള പതിനൊന്ന് സർവീസുകൾ മണിക്കൂറുകൾക്കുമുമ്പാണ് വേണ്ടെന്ന് വെച്ചത്. ദുബൈയിലേക്കും തിരിച്ചുമുള്ള ആറെണ്ണം റദ്ദാക്കി.

എന്നാൽ ഇതിൽ ഒന്നൊഴികെ ബാക്കിയെല്ലാം മംഗലാപുരത്തേക്കും തിരിച്ചുമുളളവയായിരുന്നു. കാൻസൽ ചെയ്യുന്ന വിമാനത്തിലെ വിരലിലെണ്ണാവുന്ന ഏതാനും യാത്രക്കാർക്ക് മാത്രമാണ് മറ്റു സർവ്വീസുകളിൽ യാത്ര ചെയ്യാൻ അവസരം ലഭിച്ചത്. മറ്റുള്ളവർക്ക് മറ്റൊരു ദിവസത്തേക്ക് ടിക്കറ്റ് മാറ്റി നൽകുകയോ പണം തിരികെ നൽകുകയോ ചെയ്യാമെന്നാണ് എയർഇന്ത്യ എക്സ്പ്രസ്സ് അധികൃതർ യാത്രക്കാരോട് പറഞ്ഞത്. രണ്ടും മൂന്നും തവണവരെ യാത്ര മുടങ്ങിയവരുമുണ്ട്. അത്യാവശ്യകാര്യങ്ങൾക്കും ചുരുങ്ങിയ ദിവസത്തെ അവധിക്ക് നാട്ടിൽ പോകുന്നവരും ഉൾപ്പെടെ നിരവധി പേർക്കാണ് കഴിഞ്ഞ മൂന്നുനാലു ദിവസങ്ങളായി യാത്ര ചെയ്യാനാവാതെ പ്രയാസപ്പെടേണ്ടിവന്നിട്ടുള്ളത്. സീസൺ തിരക്കും ഉയർന്ന നിരക്കും യാത്രക്കാരെ കൂടുതൽ വലക്കുന്നതിനിടയാക്കി. വരുംദിവസങ്ങളിലെ യാത്രക്കാരെല്ലാം ഏറെ ആശങ്കയോടെയാണ് കഴിയുന്നത്. വിമാനത്തിൽ കയറിയാൽ മാത്രമെ ആശ്വാസമാകുകയുള്ളുവെന്നതാണ് ഇവരുടെ അവസ്ഥ.

സ്വന്തം വീട്ടിലെ വിവാഹം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് പോകുന്നവരും യാത്ര ചെയ്യാനാവുമോ എന്ന ആശങ്കയിലാണുള്ളത്. ഇത്തരം അത്യാവശ്യക്കാർ പലരും ഇതിനകം കൂടിയ നിരക്കിൽ മറ്റു എയർലൈനുകളുടെ ടിക്കറ്റ് എടുക്കുകയും ചെയ്തിട്ടുണ്ട്.



### കാത്തിരുന്നത് മികച്ച സേവനം വന്നെത്തിയത് ദുരിതം

അബുദാബി: കുറഞ്ഞ നിരക്കിൽ യാത്ര ചെയ്യാൻ കഴിയുക യെന്ന ലക്ഷ്യത്തോടെ പ്രവാസികൾ നടത്തി യ മുറവിളികളുടെ ഫലമായാണ് എയർഇന്ത്യ എക്സ്പ്രസ്സ് സർവ്വീസിന് തുടക്കം കുറിച്ചത്. കുറഞ്ഞ നിരക്കും മികച്ച സർവ്വീസുമാണ് പ്രവാസികൾ ആഗ്രഹിച്ചതെങ്കിലും പലപ്പോഴും ദുരിതമനുഭവിക്കേണ്ട അവസ്ഥയാണ് എക്സ്പ്രസ്സിലൂടെ പ്രവാസികൾക്കുണ്ടായിട്ടുള്ളത്. പ്രധാനമായും വേനൽ അവധിക്കാലത്തും പെരുന്നാൾ ഉൾപ്പെടെയുള്ള കൂടുതൽ യാത്രക്കാരുള്ള സമയങ്ങളിലും കുത്തനെ ഉയർത്തുന്ന നിരക്കിൽ നിന്നും മോചനം എന്നതുതന്നെയാണ് പ്രവാസികൾ ആഗ്രഹിച്ചത്. എന്നാൽ രണ്ടുംമൂന്നും ഇരട്ടിയാക്കി ഉയർത്തുന്ന നിരക്കിന്റെ കാര്യത്തിൽ എയർഇന്ത്യ എക്സ്പ്രസ്സും ഇതര എയർലൈനുകളെ മാതൃകയാക്കുന്ന രീതി പിന്തുടരുകയായിരുന്നു. യാത്രക്കാർ തീരെ കുറവുള്ള സമയങ്ങളിൽ നിരക്ക് തീരെ കുറച്ചു അതിന്റെ മൂന്നുംനാലും ഇരട്ടി സീസൺ സമയങ്ങളിൽ ഈടാക്കുന്ന ചൂഷണരീതിയാണ് എക്സ്പ്രസ്സും തുടരുന്നത്.

## കലയുടെ കൊലപാതകം
## ഭർത്താവിനായി തിരച്ചിൽ നോട്ടീസ് പുറപ്പെടുവിച്ചു

മാന്നാർ (ആലപ്പുഴ) : ഇരമത്തൂർ സ്വദേശിനി കല കൊലചെയ്യപ്പെട്ട കേസിൽ ഇസ്രഈലിലുള്ള ഒന്നാം പ്രതിയായ ഭർത്താവ് അനിലിനായി പൊലീസ് ബ്ലൂ കോർണർ തിരച്ചിൽ നോട്ടിസ് പുറപ്പെടുവിച്ചു. അനിലിനെ നാട്ടിലെത്തിക്കാനുള്ള നടപടിയുടെ ആദ്യ ഘട്ടമാണിത്. ഇതിനു പുറമെ ലുക്ക് ഔട്ട് നോട്ടീസ് പുറത്തിറക്കുന്നതിനും അനിലിനെ നാട്ടിലെത്തിക്കുന്നതിനായി കോടതിയിൽ നിന്ന് വാറണ്ട് പുറപ്പെടുവിക്കാനുള്ള നടപടികളും ആരംഭിച്ചു. കോടതിയിൽ നിന്ന് വാറണ്ട് ലഭ്യമായാൽ സി.ബി.ഐയുടെ ഡൽഹി ഓഫീസ് മുഖാന്തിരം ഇന്റർ പോളിന്റെ സഹായത്തോടെ അനിലിനെ അറസ്റ്റ് ചെയ്ത് നാട്ടിലെത്തിക്കും. അനിലുമായി ബന്ധമുള്ള സംസ്ഥാനത്തിനു പുറത്തുള്ളവരുടെയും വിവരങ്ങളും പൊലീസ് ശേഖരിച്ചിട്ടുണ്ട് എന്നാണ് സൂചന. കോടതിയിൽ നിന്നും കസ്റ്റഡിയിൽ വാങ്ങിയ പ്രതികളായ ചെന്നിത്തല ഇരമത്തൂർ കണ്ണമ്പള്ളിൽ ജിനു ഗോപി (48), കണ്ണമ്പള്ളിൽ സോമരാജൻ (55), കണ്ണമ്പള്ളിൽ പ്രമോദ് (45) എന്നീ പ്രതികളുടെ കസ്റ്റഡി കാലാവധി ഇന്ന് അവസാനിക്കും. കസ്റ്റഡി നീട്ടിക്കിട്ടാൻ കോടതിയിൽ അപേക്ഷ നൽകുമെന്നാണ് അറിയുന്നത്. ഇസ്രഈലിലുള്ള അനിൽ നാട്ടിലെത്തുന്നത് വരെ പ്രതികളെ കസ്റ്റഡിയിൽ ലഭിച്ചാൽ അന്വേഷണ സംഘത്തിന് കാര്യങ്ങൾ എളുപ്പമാകും.പ്രതികളെ മൂന്ന് സ്റ്റേഷനുകളിലായി പാർപ്പിച്ചാണ് ചോദ്യം ചെയ്യൽ നടത്തിവരുന്നത്. രണ്ടും നാലും പ്രതികളെ ചെങ്ങന്നൂർ, മാവേലിക്കര സ്റ്റേഷനുകളിലും മൂന്നാം പ്രതിയെ മാന്നാർ സ്റ്റേഷനിലുമായിരുന്നു ചോദ്യം ചെയ്തിരുന്നത്. ചെങ്ങന്നൂരിൽ ഉണ്ടായിരുന്ന പ്രതിയെക്കൂടി മാവേലിക്കരയിലെത്തിച്ച് അമ്പലപ്പുഴ സി.ഐയുടെ നേതൃത്വത്തിൽ ചോദ്യം ചെയ്തു. ഇവരെ തുടർച്ചയായി ചോദ്യം ചെയ്തിട്ടും നിർണായക വിവരങ്ങൾ ലഭിച്ചിട്ടില്ല.

## 'സ്വച്ഛത പഖ്വാഡ' പ്രചാരണം തൊഴിലാളികൾക്ക് ആദരം

കോഴിക്കോട്: ഭാരത് പെട്രോളിയം കോർപ്പറേഷന്റെ നേതൃത്വത്തിൽ കോഴിക്കോട് സിൽവർഹിൽസ് പബ്ലിക് സ്കൂളിൽ 'സ്വച്ഛത പഖാഡാ' പ്രചാരണപരിപാടി നടത്തി. ശുചിത്വമാർന്ന ഇന്ത്യയെ കെട്ടിപ്പടുക്കുന്നതിനുള്ള പരിപാടിയുടെ ഉദ്ഘാടനത്തിന്റെ ഭാഗമായാണ് ശുചീകരണവിഭാഗം ജീവനക്കാരെ ആദരിക്കാൻ തീരുമാനിച്ചത്.കെ. പ്രബീഷ്, സി. റോജ, കെ. ബിന്ദു, പി.ടി. അജിത, എം. സിന്ധു, ടി.കെ. ഷീജ, സുമ ഉണ്ണികൃഷ്ണൻ, കെ.പി. സുനിത, കെ.പി. ലിസി, കെ. സീന എന്നിവരാണ് ആദരമേറ്റുവാങ്ങിയ ജീവനക്കാർ.പരിപാടി കേന്ദ്രമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. എം.കെ. രാഘവൻ എം.പി. അധ്യക്ഷനായി. തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തി. കലക്ടർ സ്നേഹിൽകുമാർ സിങ്, ഭാരത് പെട്രോളിയം കോർപ്പറേഷന്റെ സംസ്ഥാന മേധാവി കെ.വി. രമേഷ്കുമാർ, ജനറൽ മാനേജർ എം. രാജൻ, സിൽവർഹിൽസ് പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ ഫാ. മാത്യു കളപ്പുരയിൽ എന്നിവർ സംസാരിച്ചു. കേന്ദ്രമന്ത്രിയുടെ നേതൃത്വത്തിൽ സ്വച്ഛതാപ്രതിജ്ഞയും വൃക്ഷത്തൈ നടലും നടന്നു.

## കനിവ് പീപ്പിൾ സെന്റർ പദ്ധതി

കോഴിക്കോട്: പീപ്പിൾസ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ കോഴിക്കോട് മെഡിക്കൽ കോളജിനു സമീപം നിർമിക്കുന്ന കനിവ് പീപ്പിൾസ് കെയർ സെന്ററിന്റെ പ്രഖ്യാപനം ജമാഅത്തെ ഇസ്ലാമി കേരള അമീർ പി.മുജീബ് റഹ്മാൻ നിർവ്വഹിച്ചു. ഫൗണ്ടേഷൻ ചെയർമാൻ വി.ടി.അബ്ദുല്ലക്കോയ തങ്ങൾ അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ എം.അബ്ദുൽ മജീദ് പദ്ധതി വിശദീകരിച്ചു. മെഡിക്കൽ കോളജിന് നാനൂറ് മീറ്റർ സമീപത്താണ് സെന്റർ പണിയുന്നത്. കോഴിക്കോട് മെഡിക്കൽ കോളജിൽ ദീർഘകാല ചികിത്സാർഥം എത്തുന്ന അഡ്മിറ്റ് ചെയ്തിട്ടില്ലാത്ത രോഗികൾക്കും, രോഗികളുടെ പരിചാരകർക്കും കുറഞ്ഞ നിരക്കിൽ താമസ സൗകര്യം, മിതമായ ചിലവിൽ ലഭ്യമാവുന്ന വിദഗ്ധ ചികിത്സയെ കുറിച്ച ഉപദേശ നിർദേശങ്ങൾ നൽകുന്ന മെഡിക്കൽ ഗൈഡൻസ് സെന്റർ, കുറഞ്ഞ നിരക്കിൽ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമാക്കുന്ന ഫാർമസി എന്നിവയാണ് പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. ചികിത്സക്കാവശ്യമായ പണം കണ്ടെത്തുന്നതിന് സർക്കാർ, സർക്കാരിതര സംവിധാനങ്ങളിലൂടെ നടപ്പിലാക്കുന്ന വിവിധ ചികിത്സാ സഹായ പദ്ധതികളെക്കുറിച്ച വിവരങ്ങൾ പീപ്പിൾസ് കെയർ സെന്ററിലൂടെ ജനങ്ങൾക്ക് ലഭ്യമാക്കും. തണൽ ചെയർമാൻ ഡോ.വി. ഇദ്രീസ്, കെ.എം.സി.ടി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ചെയർമാൻ ഡോ. കെ മൊയ്തു, എത്തിക്കൽ മെഡിക്കൽ ഫോറം സംസ്ഥാന പ്രസിഡന്റ് ഡോ. ഇസ്മായിൽ, കനിവ് പീപ്പിൾസ് കെയർ സെന്റർ കൺവിനർ ശരീഫ് കുറ്റിക്കാട്ടൂർ സംസാരിച്ചു. കനിവ് പീപ്പിൾസ് കെയർ സെന്റർ ചെയർമാൻ ഡോ. പി.സി അൻവർ സ്വാഗതവും ജനറൽ കൺവീനർ ഫൈസൽ പൈങ്ങോട്ടായി നന്ദിയും പറഞ്ഞു.

## പാലിയേറ്റീവ് കെയർ രംഗത്തെ മാലിന്യ സംസ്കരണത്തിന് നയം രൂപീകരിക്കണം. പിടിഎച്ച്

കോഴിക്കോട്: പാലിയേറ്റീവ് കെയർ യൂണിറ്റുകളിലെ ഗൃഹ കേന്ദ്രീകൃത രോഗീപരിചരണത്തിന്റെ ഭാഗമായി ഉണ്ടാവുന്ന മനുഷ്യജന്യ മെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ശാസ്ത്രീയമായ നയം രൂപീകരിക്കണമെന്ന് പൂക്കോയ തങ്ങൾ ഹോസ്പിസ് അക്കാഡമിക് മീറ്റ് ആവശ്യപ്പെട്ടു. ഇന്ത്യയിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഏറ്റവും മാതൃകാപരമായി നടക്കുന്ന സംസ്ഥാനമാണ് കേരളം. സ്ഥാപനകേന്ദ്രീകൃത പരിചരണത്തിന്റെ ഭാഗമായി ഉൽപാദിപ്പിക്കപ്പെടുന്ന മെഡിക്കൽ മാലിന്യങ്ങൾ ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ കീഴിൽ ഇമേജ് സംസ്കരിക്കുന്നുണ്ട്. പക്ഷേ വീടുകളിലെ പരിചരണത്തിന്റെ ഭാഗമായി ഉണ്ടാവുന്ന മാലിന്യങ്ങൾ വീട്ടുകാരോട് തന്നെ സംസ്കരിക്കാനാണ് മിക്ക പാലിയേറ്റീവ് സംവിധാനങ്ങളും പറയാറ്. മാലിന്യങ്ങൾ അശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നത് ഭാവിയിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കാനും രോഗാണു സംക്രമണത്തിനും കാരണമാവും. ഇത്തരം കാര്യങ്ങളിൽ കൃത്യമായ നിർദ്ദേശം പാലിയേറ്റീവ് സെന്ററുകൾക്ക് നൽകാനാവശ്യമായ മാർഗരേഖ അനിവാര്യമാണെന്നും മീറ്റ് അഭിപ്രായപ്പെട്ടു.

പൂക്കോയ തങ്ങൾ ഹോസ്പിസ് കോഴിക്കോട് മെയ്ത്ര ഹോസ്പിറ്റലുമായി സഹകരിച്ചായിരുന്നു രോഗാണു നിയന്ത്രണം എന്ന വിഷയത്തിൽ അക്കാഡമിക് മീറ്റ് സംഘടിപ്പിച്ചത്. മുസ്ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ സി പി ബാവഹാജി ഉദ്ഘാടനം ചെയ്തു.

പി ടി എച്ച് സി എഫ് ഒ ഡോ എം എ അമീറലി അധ്യക്ഷത വഹിച്ചു. മെയ്ത്ര ഹോസ്പിറ്റൽ മെഡിക്കൽ ഡയറക്ടർ ഡോ ജിജോ വി ചെറിയാൻ മുഖ്യപ്രഭാഷണം നടത്തി. പി ടി എച്ച് ചീഫ് ട്രൈനർ ജോസ് പുളിമൂട്ടിൽ, ട്രൈനിംഗ് കോർഡിനേറ്റർ എം ടി മുഹമ്മദ് മാസ്റ്റർ, ചീഫ് നഴ്സിംഗ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ വി വി പ്രിൻസ് എന്നിവർ പ്രസംഗിച്ചു.

മെയ്ത്ര ഹോസ്പിറ്റൽ മൈക്രോ ബയോളജി വിഭാഗം മേധാവി ഡോ. ഷബാന റസ്മി യുടെ നേതൃത്വത്തിലുള്ള ടീം സെഷനുകൾക്ക് നേതൃത്വം നൽകി. പൂക്കോയ തങ്ങൾ ഹോസ്പിസിനു കീഴിലെ 30 ഹോം കെയർ യുണിറ്റുകളിൽ നിന്നും എസ് ടി സി എച്ച് കുടക്, ഗൂഡല്ലൂർ ,പന്തല്ലൂർ എന്നി യൂണിറ്റുകളിൽ നിന്നുമുള്ള ഡോക്ടർമാർ, നഴ്സുമാർ ഉൾപ്പെടെ 317 പേർ ഒൻപതാമത് പരിശീലന പരിപാടിയിൽ പങ്കെടുത്തു.സഹീൽ പേരാമ്പ്ര,റംഷാദ് പ്രബോഷ്, മുഹമ്മദ് കൂളിയാട്, മുനീർ കെ.കെ, ഷാനവാസ് കൊടുവള്ളി തുടങ്ങിയവർ നേതൃത്വം നൽകി.

## മീൻ പിടിക്കുന്നതിനിടെ ഒഴുക്കിൽപ്പെട്ട് യുവാവിനെ കാണാതായി

വടകര: മീൻ പിടിക്കുന്നതിനിടെ ഒഴുക്കിൽപ്പെട്ട് യുവാവിനെ കാണാതായി.മലപ്പുറം ചേളാരി സ്വദേശി മുഹമ്മദ് ഷാഫി (42) നെയാണ് കാണാതായത്. ഞായറാഴ്ച പുലർച്ചെയോടെയായിരുന്നു സംഭവം. വീശു വല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതിനിടെയാണ് അപകടം. ശക്തമായ ഒഴുക്കിൽ മുഹമ്മദ് ഷാഫി കടലിലേക്ക് ഒഴുകി പോകുകയായിരുന്നു. കൂടെയുണ്ടായിരുന്നവരും മത്സ്യബന്ധനം നടത്തികൊണ്ടിരിക്കുന്നവരും സമീപ പ്രദേശങ്ങളിൽ ചൂണ്ടയിടുന്നവരും രക്ഷപ്പെടുത്താൻ ശ്രമിച്ചെങ്കിലും വിഫലമായി.

ചേളാരിയിലും പരിസരത്തും പുഴ മത്സ്യം പിടിക്കുന്ന നാലംഗ സംഘം പയ്യോളി നഗരസഭയിലെ കോട്ടക്കൽ വഴി സാന്റ് ബാങ്ക്സിന്റെ മറു കരയിൽ മീൻ പിടിക്കുന്നതിനിടെയാണ് അപകടമുണ്ടായത്. മത്സ്യ ബന്ധനത്തിനിടെ കടലിലേക്ക് ആഴ്ന്നു പോയ വല തിരിച്ച് വലിക്കാൻ ശ്രമിക്കുമ്പോൾ മുഹമ്മദ് ഷാഫി ശക്തമായ ഒഴുക്കിൽപെടുകയായിരുന്നു. കൂടെയുണ്ടായിരുന്നവർ കടലിലേക്ക് ഇറങ്ങി കയർ ചാടി രക്ഷപ്പെടുത്താൻ ശ്രമം നടത്തിയെങ്കിലും ശക്തമായ തിരമാലയിലും ഒഴുക്കിലും സാധ്യമായില്ല.

കോസ്റ്റ് ഗാർഡ്, ഫയർഫോക്സ്, മറൈൻ എൻഫോയ്സ്മെന്റ്, മത്സ്യ തൊഴിലാളികൾ തുടങ്ങിവരൊക്കെ രക്ഷാ പ്രവർത്തനവുകയി രംഗത്തുണ്ട്. വൈകുന്നേരത്തോടെ കോസ്റ്റൽ ഗാർഡിന്റെ ഹെലിക്കോപ്റ്ററു തിരച്ചിലിനായി എത്തിയിട്ടുണ്ട്. വിവരം അറിഞ്ഞയുടൻ വാർഡ് കൗൺസിലർ പിവി ഹാഷിമിന്റെ നേതൃത്വത്തിൽ മത്സ്യ തൊഴിലാളികളും മുങ്ങൽ വിദഗ്ദരും തെരച്ചിൽ നടത്തിയിരുന്നു. എം.എൽ.എ മാരായ കെ.കെ രമ, കാനത്തിൽ ജമീല, പയ്യോളി നഗരസഭ ചെയർമാൻ വി.കെ അബ്ദുറഹിമാൻ, വടകര നഗരസഭ ചെയർപേഴ്സൺ കെപി ബിന്ദു, വടകര തഹസിൽദാർ, വില്ലേജ് ഓഫീസർ, വടകര പോലീസ്, ഫയർ ഫോഴ്സ് ഉദ്യോഗസ്ഥർ, വടകര തീരദേശ പോലീസ്, കടലോര ജാഗ്രത സമിതിയംഗങ്ങൾ എന്നിവർ സ്ഥലത്ത് തെരച്ചിലിനായി നേതൃത്വം കൊടുക്കുന്നുണ്ട്. കാലാവസ്ഥ പ്രതികൂലമായത് തെരച്ചിൽ നടത്തുന്നതിന് പ്രയാസമുണ്ടാകുന്നു.



മുഹമ്മദ് ഷാഫി

## മുതലപ്പൊഴിയിൽ വീണ്ടും അപകടം

### ശക്തമായ തിരയിൽപ്പെട്ട് മത്സ്യബന്ധന വള്ളം മറിഞ്ഞു

ചിറയിൻകീഴ്: മുതലപ്പൊഴിയിൽ ശക്തമായ തിരയിൽപ്പെട്ട് മത്സ്യബന്ധന യാനം മറിഞ്ഞു. ഇന്നലെ രാത്രി 8 മണിയോടെയായിരുന്നു സംഭവം.അഞ്ചുതെങ്ങ് പൂത്തുറ സ്വദേശി ലിജുവിന്റെ ഉടമസ്ഥതയിലുള്ള വേളാങ്കണ്ണി എന്ന വള്ളമാണ് അപകടത്തിൽപ്പെട്ടത്. അപകടം സംഭവിക്കുമ്പോൾ വള്ളത്തിൽ മൂന്ന് മത്സ്യത്തൊഴിലാളികളാണ് ഉണ്ടായിരുന്നത്. മത്സ്യബന്ധനം കഴിഞ്ഞ് മടങ്ങി വരവേയാണ് അപകടം സംഭവിച്ചത്.

അപകടം സംഭവിച്ച ഉടൻ തന്നെ മറ്റ് മത്സ്യത്തൊഴിലാളികളുടെ നേതൃത്വത്തിൽ രക്ഷാ പ്രവർത്തനം നടത്തുകയും മൂന്നു പേരെയും രക്ഷപ്പെടുത്തി ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിലേക്ക് എത്തിക്കുകയുമായിരുന്നു. നെടുങ്ങണ്ട സ്വദേശി അനസ്, പൂത്തുറ തരിശ്ശ്പറമ്പ് സ്വദേശി ജിജോ, ഒറീസ സ്വദേശി വിജീഷ് തുടങ്ങിയവരാണ് അപകടത്തിൽപ്പെട്ടത്. ഇവരുടെ പരിക്ക് സാരമുള്ളതല്ലെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. വള്ളത്തിലുണ്ടായിരുന്ന മീൻ നഷ്ടപ്പെട്ടുകയും വള്ളത്തിന് കേടുപാടുകൾ സംഭവിക്കുകയും ചെയ്തു.




CLICK അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളിയെ ആശുപത്രിയിലേക്ക് മാറ്റുന്നു

## കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് വിദ്യാഭ്യാസ ധനസഹായം

തിരുവനന്തപുരം: കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള കർഷക തൊഴിലാളികളുടെ കുട്ടികൾക്ക് 2023-24 അധ്യയന വർഷത്തെ വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു. സർക്കാർ, എയ്ഡഡ് സ്കൂളിൽ സ്റ്റേറ്റ് സിലബസിൽ പഠിച്ചവരും പരീക്ഷ ആദ്യ അവസരത്തിൽ പാസായവരുമായ വിദ്യാർഥികളായിരിക്കണം. 2023-24 വർഷത്തെ എസ്.എസ്.എൽ.സി / ടി.എച്ച്.എസ്.എൽ.സി പരീക്ഷയിൽ 75 ശതമാനവും അതിൽ കൂടുതലും എസ്.സി / എസ്.റ്റി വിഭാഗത്തിൽപ്പെട്ടവർക്ക് 70 ശതമാനവും നേടിയവരും ഹയർ സെക്കൻഡറി വി.എച്ച്.എസ്.സി അവസാന വർഷ പരീക്ഷയിൽ 85 ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയവരും എസ്.സി. / എസ്.ടി വിഭാഗത്തിൽപ്പെട്ടവർക്ക് 80 ശതമാനം നേടിയവരുമായ വിദ്യാർഥികളാണ് അപേക്ഷിക്കേണ്ടത്.

കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മാതാപിതാക്കളിൽ നിന്നും നിശ്ചിത ഫോറത്തിലുള്ള അപേക്ഷ തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ജൂലൈ 31 ന് വൈകിട്ട് അഞ്ചുവരെ സ്വീകരിക്കും. അപേക്ഷകൾ യൂണിയൻ പ്രതിനിധികൾ മുഖേനയാണ് സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, സ്കൂളിൽ നിന്നും ലഭിക്കുന്ന ട്രാൻസ്ഫർ സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അംഗത്വ പാസ് ബുക്കിന്റെ പകർപ്പ്, അംഗത്തിന്റെ ആധാർ കാർഡിന്റെ പകർപ്പ് തുടങ്ങിയവ സമർപ്പിക്കണം.

പരീക്ഷാ തീയതിക്ക് തൊട്ടു മുമ്പുള്ള മാസത്തിൽ അംഗം 12 മാസത്തെ അംഗത്വം പൂർത്തീകരിച്ചിരിക്കണം. പരീക്ഷാ തീയതിയിൽ 24 മാസത്തിൽ കൂടുതൽ കുടിശിക ഉണ്ടാകാൻ പാടില്ല. കുടിശിക നിവാരണം വഴി അംഗത്വം പുനഃസ്ഥാപിച്ചു അംഗങ്ങൾക്ക് കുടിശിക കാലഘട്ടത്തിൽ നടന്ന പരീക്ഷയിൽ ആനുകൂല്യം ലഭ്യമല്ല. അപേക്ഷാ ഫോം www.agriworkersfund.org യിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0471 2729175, 8075649049.

ഗൾഫ് ചന്ദ്രിക

gulfchandrikanews@gmail.com

2024 ജൂലൈ 08 തിങ്കൾ

ഗൾഫ് ചന്ദ്രിക

## എ.പി ഉണ്ണികൃഷ്ണൻ: നഷ്ടമായത് സൗഹൃദത്തിന്റെ നക്ഷത്ര ശോഭ-ഖത്തീഫ് കെഎംസിസി

ദമ്മാം: മുൻ മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റും മുസ്ലിം ലീഗ് നേതാവുമായിരുന്ന എപി ഉണ്ണികൃഷ്ണന്റെ വിയോഗത്തിൽ ഖത്തീഫ് കെഎംസിസി അനുശോചനം രേഖപ്പെടുത്തി. അവകാശ സംരക്ഷണ പോരാട്ടങ്ങളിൽ പിന്നാക്ക ദളിത് വിഭാഗങ്ങളെയും ഹരിത രാഷ്ട്രീയത്തോട് ചേർത്തു നിർത്തിയ ജനകീയ നേതാവിനെയാണ് നഷ്ടമായത്. മലപ്പുറത്തിന്റെ തനതായ സൗഹൃദ പാരമ്പര്യത്തെ സംരക്ഷിക്കുന്നതിലും വികസന മുന്നേറ്റങ്ങളിലും ഉണ്ണികൃഷ്ണൻ നിർവഹിച്ചിട്ടുള്ള ദൗത്യം വിലമതിക്കാനാവാത്തതാണെന്നും അനുശോചന സംഗമം അഭിപ്രായപ്പെട്ടു.

സീനിയർ വൈസ് പ്രസിഡന്റ് സലാം താനൂരിന്റെ അധ്യക്ഷതയിൽ ചേർന്ന അനുശോചന യോഗത്തിൽ ടി.ടി കരീം അനുസ്മരണ പ്രഭാഷണം നിർവഹിച്ചു. അസീസ് കാരാട് അനുശോചന പ്രമേയം അവതരിപ്പിച്ചു. ആത്മീയ രംഗത്തും രാഷ്ട്രീയ മേഖലയിലും പ്രായോഗികവും നവീനവുമായി പ്രവർത്തന ശൈലികൾ സമർപ്പിച്ച് വിശാല സൗഹൃദങ്ങൾക്ക് കവൽ നിന്ന നേതാവായിരുന്നു പിഎംഎസ്എ പൂക്കോയ തങ്ങളെന്നും പൂക്കോയ അനുസ്മരണ യോഗം അഭിപ്രായപ്പെട്ടു. പ്രസിഡന്റ് മുഷ്താഖ് പേങ്ങാട് മുഖ്യപ്രഭാഷണം നടത്തി. കുഞ്ഞാലി മേൽമുറി, അമീൻ കളിയിക്കാവിള,മുബാറക് കരുളായി,ലത്തീഫ് പരതക്കാട്, സിദ്ധീഖ് കണിയാപുരം പ്രസംഗിച്ചു. ഫൈസൽ മക്രേരി,മജീദ് കോട്ടക്കൽ, ഹൈദർ കോട്ടക്കൽ, ഉസ്മാൻ കെ.എം, സി.സി മുനീർ,അക്ബർ ചളവറ,നിസാം കണ്ണൂർ, അലി വയനാട്,മുഹമ്മദലി അണ്ടോണ,മുഷ്താഖ് ഐക്കരപ്പടി,അഷ്റഫ് ചാലിയം നേതൃത്വം നൽകി. ഫഹദ് കൊടിഞ്ഞി സ്വാഗതവും നിയാസ് തോട്ടിക്കൽ നന്ദിയും പറഞ്ഞു.



ഖത്തീഫ് കെഎംസിസി സംഘടിപ്പിച്ച പൂക്കോയ തങ്ങൾ,എ.പി ഉണ്ണികൃഷ്ണൻ അനുസ്മരണ സംഗമം

ഗൾഫ് വാർത്തകൾ



അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ എജ്യൂക്കേഷൻ വിങ്ങിന്റെ കീഴിൽ നടത്തുന്ന സമ്മർ ക്യാമ്പ് 'ഇൻസൈറ്റ് 2024'ന് തുടക്കം കുറിച്ചപ്പോൾ

## അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ 'ഇൻസൈറ്റ്24' സമ്മർ ക്യാമ്പ് തുടങ്ങി

അബുദാബി: ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ എജ്യൂക്കേഷൻ വിങ്ങിന്റെ കീഴിൽ നടത്തുന്ന സമ്മർ ക്യാമ്പ് 'ഇൻസൈറ്റ്2024ന് തുടക്കം. കുട്ടികളുടെ വിവിധ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുകയാണ് സമ്മർ ക്യാമ്പിന്റെ ലക്ഷ്യം. കലാ-കായിക മേഖലകളിൽ ആവേശം പകരുന്ന ക്യാമ്പ് ആശയ വിനിമയത്തിനും കുട്ടികളിലെ അഭിരുചി കണ്ടെത്തുന്നതിനുമാണ് മുൻതൂക്കം നൽകുന്നത്. വൈകിട്ട് 5.30 മുതൽ രാത്രി 9.30 വരെ നടക്കുന്ന, പത്തു ദിവസം നീണ്ടു നിൽക്കുന്ന ക്യാമ്പിന് 'ഇൻഫോ സ്കിൽ' ഡയരക്ടർ നസ്രീൻ ബാവയാണ് നേതൃത്വം നൽകുന്നത്.

ഇന്ത്യൻ ഇസ്‌ലാമിക് സെന്ററിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ സെന്റർ ആക്റ്റിങ് പ്രസിഡന്റ് അബ്ദുറഊഫ് അഹ്സനി അധ്യക്ഷനായി. എയർമാനിയാക്സ് സി.ഇ.ഒ ഇബ്രാഹീം ഉദ്ഘാടനം ചെയ്തു. ഇസ്‌ലാമിക് സെന്റർ ജനറൽ സെക്രട്ടറി ടി.മുഹമ്മദ് ഹിദായത്തുല്ല, വൈസ് പ്രസിഡന്റ് വി.പി.കെ അബ്ദുല്ല, അബുദാബി കെഎംസിസി പ്രസിഡന്റ് ഷുക്കൂറലി കല്ലുങ്ങൽ,അബുദാബി സുന്നി സെന്റർ ജനറൽ സെക്രട്ടറി കബീർ ഹുദവി, മലയാളം മിഷൻ അബുദാബി ചാപ്റ്റർ ഡയരക്ടർ സൂരജ് പ്രഭാകർ പ്രസംഗിച്ചു. എജ്യൂക്കേഷൻ സെക്രട്ടറി ഹാഷിം ഹസൻകുട്ടി സ്വാഗതവും ട്രഷറർ ബി.സി അബൂബക്കർ നന്ദിയും പറഞ്ഞു.

## മുസ്‌ലിംലീഗ് ന്യൂനപക്ഷങ്ങൾക്ക് ആത്മവിശ്വാസം പകർന്നു നൽകുന്നു: അഡ്വ. അതീബ് ഖാൻ

ദുബൈ: ലോക്സഭയിൽ മൂന്നും രാജ്യസഭയിൽ രണ്ടും അംഗങ്ങളുള്ള മുസ്‌ലിംലീഗ് ദേശീയതലത്തിൽ ന്യൂനപക്ഷ പിന്നാക്ക ജനവിഭാഗങ്ങൾക്ക് പുതിയ പ്രതീക്ഷ പകർന്നുനൽകുന്നുവെന്ന് എംഎസ്എഫ് ദേശീയ ട്രഷറർ അഡ്വ.അതീബ് ഖാൻ (ഡൽഹി) അഭിപ്രായപ്പെട്ടു. യുഎഇയിൽ ഹ്രസ്വ സന്ദർശനത്തിനെത്തിയ അദ്ദേഹം എംഎസ്എഫ് അലുംനി യുഎഇ ചാപ്റ്റർ നൽകിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു. സാമൂഹ്യമായും നിയമപരമായും നേരിടുന്ന വിവേചനവും സുരക്ഷിതത്വമില്ലായ്മയും പാർലമെന്റിൽ മുസ്‌ലിംലീഗ് എം.പിമാർ ഉന്നയിക്കുന്നത് ഉത്തരേന്ത്യൻ മുസ്‌ലിംങ്ങൾക്കും ദലിത് ജനവിഭാഗങ്ങൾക്കും വലിയ ആത്മവിശ്വാസമാണ് പകർന്നുനൽകുന്നതെന്നും അദ്ദേഹം പറഞ്ഞു.

ദുബൈ കെഎംസിസി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ എംഎസ്എഫ് അലുംനി യുഎഇ ചാപ്റ്റർ പ്രസിഡന്റ് പി.കെ അൻവർ നഹ അഡ്വ.അതീബ് ഖാന് മെമന്റോ സമ്മാനിച്ചു. ജനറൽ സെക്രട്ടറി ഇസ്മായിൽ ഏറാമല അതിഥിയെ പരിചയപ്പെടുത്തി. ഇബ്രാഹിം മുറിച്ചാണ്ടി, കെ.പി.എ സലാം, മുഹമ്മദ് പട്ടാമ്പി, ചെമ്മുക്കൻ യാഹുമോൻ, പി.വി നാസർ, സിദ്ദീഖ് കാലൊടി, നൗഫൽ വേങ്ങര, സയ്യിദ് ജലീൽ മഷ്ഹൂർ തങ്ങൾ, എൻ.എ.എം ജാഫർ, ഫൈസൽ തുറക്കൽ, ഉനൈസ് തൊട്ടിയിൽ, ഗഫൂർ പാലോളി, അഡ്വ.യസീദ് ഇല്ലത്തൊടി, സി.ഫാത്തിഹ്, ഒ.ടി സലാം, കെ.സി സിദ്ദീഖ്, നാസിം പാണക്കാട് തുടങ്ങിയവർ പങ്കെടുത്തു. മുസ്‌ലിംലീഗ് നേതാവ് എ.പി ഉണ്ണികൃഷ്ണന്റെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.


എംഎസ്എഫ് ദേശീയ ട്രഷറർ അഡ്വ.അതീബ് ഖാന് എംഎസ്എഫ് അലുംനി യുഎഇ ചാപ്റ്റർ കമ്മിറ്റിയുടെ മെമന്റോ പ്രസിഡന്റ് പി.കെ അൻവർ നഹ സമ്മാനിക്കുന്നു

## സബീന ഷാജഹാന് ബഷീർ സ്മാരക പുരസ്കാരം



റാസൽഖൈമ: 2024ലെ ആശയം ബുക്സ് ബഷീർ സ്മാരക പുരസ്കരം പ്രഖ്യാപിച്ചു. കവിത സമാഹരങ്ങളിൽ പ്രവാസി എഴുത്തുകാരി സബീന ഷാജഹാന്റെ 'ഭൂമിയെ ചുമക്കുന്നവൾ' അവാർഡ് നേടി. നോവൽ, കഥാ സമാഹാരം, കവിത സമാഹാരം, പഠനം, ജീവചരിത്രം എന്നീ അഞ്ച് വിഭാഗങ്ങളിലുള്ള പുരസ്കാരങ്ങളാണ് കോഴിക്കോട് കേന്ദ്രമായ ആശയം ബുക്സ് പ്രഖ്യാപിച്ചത്. ഓരോ വിഭാഗത്തിലും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്കു പുറമെ പ്രത്യേക ജൂറി പുരസ്കാരവും ഉൾപെടെ 16 പേർക്കാണ് അവാർഡുകൾ നൽകുന്നത്. വൈക്കം മുഹമ്മദ് ബഷീറിനെ കുറിച്ച് ആശയം ബുക്സ് പുറത്തിറക്കിയ അനുസ്മരണ പഠന ഗ്രന്ഥത്തിന്റെ (ബഷീർ: വർത്തമാനത്തിന്റെ ഭാവി) അനുബന്ധമായാണ് ബഷീർ സ്മാരക പുരസ്കാരങ്ങൾ ഏർപെടുത്തിയത്.

ആശയം ബുക്സ് അധ്യക്ഷനും ചീഫ് എഡിറ്ററുമായ പ്രഫ. എം.കെ സാനുവിന്റെ മേൽനോട്ടത്തിലാണ് പുരസ്കാരങ്ങൾ നൽകുന്നത്. പാം അക്ഷര തൂലിക പുരസ്കാര ജേതാവായ സബീന ഷാജഹാൻ 18 വർഷമായി യു.എ.ഇയിലുണ്ട്. തിരുവനന്തപുരം അബ്ദുൽകരീം-ഹവ്വ ഉമ്മ ദമ്പതികളുടെ മകളാണ്. ഭർത്താവ്: ഷാജി മണക്കാട്. മക്കൾ: സാബിത്, സാജിദ്, ഷിബിൻ, ഐഷ, അസിൻ ഫാത്തിമ, അയാൻ.

## 'മാങ്കോസ്റ്റിൻ' വൈക്കം മുഹമ്മദ് ബഷീർ ദിനാചരണം

അബുദാബി: കലാലയം സാംസ്കാരിക വേദി അബുദാബി സിറ്റിയുടെ ആഭിമുഖ്യത്തിൽ വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം സംഘടിപ്പിച്ചു. മാങ്കോസ്റ്റീൻ എന്ന പേരിൽ ബഷീർ കൃതികളിലെ ഭാഷ, സാഹിത്യം തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടത്തി. എഴുത്തുകാരനും മലയാളം മിഷൻ അബുദാബി സെക്രട്ടറിയുമായ സഫറുല്ല പലപ്പെട്ടി സംഗമം ഉദ്ഘാടനം ചെയ്തു. 'ബഷീറിയൻ കഥാപാത്രങ്ങളുടെ ദർശനികത' എന്ന വിഷയത്തിൽ സാംസ്കാരിക പ്രവർത്തകരും എഴുത്തുകാരുമായ നാസർ തമ്പി, ബാബുരാജ് പീലിക്കോട്,മുബീൻ സഅദി ആനപ്പാറ, ഹിജാസ് മൊയ്ദീൻ, ഷാഹുൽ പ്രസംഗിച്ചു. ഷുഹൈബ് അമാനി കയരളം മോഡറേറ്ററായി. ഷാനവാസ് ഹംസ സ്വാഗതവും ഹാഫിള് അബ്ദുൽ ബാസിത് സഖാഫി നന്ദിയും പറഞ്ഞു.



ബഷീർ അനുസ്മരണ സംഗമത്തിൽ അബുദബി സാഹിത്യ വിഭാഗം സെക്രട്ടറി നാസർ തമ്പി പ്രസംഗിക്കുന്നു

## നാട്ടിൽ നിന്നെത്തിയ ദിവസം മരിച്ച തിരുവനന്തപുരം സ്വദേശിയെ അബുദാബിയിൽ മറവു ചെയ്തു

അബുദാബി: ഭാര്യക്കൊപ്പം നാട്ടിൽ നിന്ന് അബുദാബിയിലെത്തിയ ദിവസം മരിച്ച തിരുവനന്തപുരം സ്വദേശിക്ക് അബുദാബിയിലെ ബനിയാസ് ഖബർസ്ഥാനിൽ അന്ത്യ വിശ്രമം. തിരുവനന്തപുരം കണിയാപുരം സ്വദേശി അഷറഫ് അലി (56) യാണ് അബുദാബി നഗരത്തിലെ നജ്ദ സ്ട്രീറ്റിലെ താമസ സ്ഥലത്ത് വെച്ച് മരണപ്പെട്ടത്. വർഷങ്ങളായി ഇവിടെ താമസിക്കുന്ന അഷ്റഫ് അലിയും ഭാര്യ റജീനയും അവധി കഴിഞ്ഞ് ഇക്കഴിഞ്ഞ വെള്ളിയാഴ്ച്ച രാവിലെയാണ് അബുദാബിയിൽ തിരിച്ചെത്തിയത്. അന്നേ ദിവസം ജുമുഅ നിസ്കരിച്ച് വീട്ടിൽ വന്ന് വിശ്രമിക്കവെ ഹൃദയാഘാതം അനുഭവപ്പെട്ട് ഭാര്യയുടെയും മക്കളുടെയും മുന്നിൽ റഷീദ് മരണപ്പെടുകയായിടുന്നു. അബുദാബി ഡിഫൻസിൽ 32 വർഷമായി ഡ്രൈവറായി ജോലി ചെയ്യുകയായിരുന്നു അഷ്റഫ് അലി.


അഷറഫ് അലി

ഹിബ, ഹന (ഇരുവരും അബുദാബി ) ഹസ്സ എന്നിവർ മക്കളാണ്. മരുമകൻ: സുൽത്താൻ. നാട്ടിൽ പഠിക്കുന്ന മകൾ ഹസ്സ പിതാവിനെ അവസാനമായി ഒരു നോക്കു കാണുവാൻ നിറ കണ്ണുകളോടെ ഇന്നലെ രാവിലെ അബുദാബിയിൽ എത്തിയിരുന്നു. ബനിയാസ് മോർച്ചറിയിൽ സൂക്ഷിച്ച മയ്യത്തിന് ഭാര്യയും മക്കളും നാട്ടുകാരും സ്വദേശി പൗരന്മാർ ഉൾപ്പെടെ കണ്ണീരോടെ വിട നൽകി. തൊട്ടടുത്ത പള്ളിയിൽ മയ്യത്ത് നമസ്കാരവും പൂർത്തിയാക്കി ഞായറാഴ്ച്ച രാത്രി 9 മണിയോടെ ബനിയാസ് ഖബർ സ്ഥാനിൽ മറവു ചെയ്തു. ബന്ധുക്കളെയും നാട്ടുകാരെയും കണ്ട് ബന്ധം പുതുക്കി തിരിച്ച് നാട്ടിൽ നിന്നെത്തിയ ദിവസം തന്നെ കാര്യമായ അസുഖങ്ങളൊന്നുമില്ലാതെ അഷ്റഫ് അലി ഭാര്യയുടെയും മക്കളുടെയും മുന്നിൽ മരണപ്പെട്ടത് എല്ലാവരെയും കണ്ണീരിലാഴ്ത്തിയിരിക്കുകയാണ്.



മുസ്‌ലിംലീഗ് നേതാക്കൾക്ക് ഫുജൈറ കെഎംസിസി തൃശൂർ ജില്ലാ കമ്മിറ്റി നൽകിയ സ്വീകരണത്തിൽ മുസ്‌ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.എച്ച് റഷീദ് പ്രസംഗിക്കുന്നു

## മുസ്‌ലിംലീഗ് നേതാക്കൾക്ക് സ്വീകരണം നൽകി

ഫുജൈറ: മുസ്‌ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.എച്ച് റഷീദിനും തൃശൂർ ജില്ലാ പ്രസിഡന്റും തൃശൂർ ജില്ലാ സി.എച്ച് സെന്റർ സാരഥിയുമായ സി.എ റഷീദിനും ഫുജൈറ കെഎംസിസി തൃശൂർ ജില്ലാ കമ്മിറ്റി സ്വീകരണം നൽകി. തൃശൂരിൽ വിപുലമായ രീതിയിൽ ഉയർന്നു വരുന്ന സി.എച്ച് സെന്ററിന്റെ സഹകാരികളാവാൻ യോഗം ആവശ്യപ്പെട്ടു. തൃശൂർ ജില്ലാ കെഎംസിസി പ്രസിഡന്റ് അബൂതാഹിർ ദേശമംഗലം അധ്യക്ഷനായി. ഫുജൈറ കെഎംസിസി പ്രസിഡന്റ് മുബാറക് കോക്കൂർ യോഗം ഉദ്ഘാടനം ചെയ്തു. മുഖ്യാതിഥികളായ സി.എച്ച് റഷീദ്, സി.എ റഷീദ് സമകാലിക രാഷ്ട്രീയത്തെ കുറിച്ചും സി.എച്ച് സെന്ററിന്റെ പ്രാധാന്യത്തെ കുറിച്ചും സംസാരിച്ചു. കെഎംസിസി സംസ്ഥാന ജനറൽ സെക്രട്ടറി ബഷീർ ഉളിയിൽ, അഡ്വൈസറി ബോർഡ് ചെയർമാൻ വി.എം സിറാജ് പ്രസംഗിച്ചു. തൃശൂർ ജില്ലാ കെഎംസിസി ജനറൽ സെക്രട്ടറി സലിം വാഫി സ്വാഗതവും മഅറൂഫ് നന്ദിയും പറഞ്ഞു.

## മുഹമ്മദ് സാലിഹ് ഹാജിക്ക് വിട



ഷാർജ: പൗര പ്രമുഖനും ഖത്തർ വ്യവസായിയുമായ ബേക്കൽ മുഹമ്മദ് സാലിഹ് ഹാജി (72) യുടെ നിര്യാണത്തിൽ പ്രവാസ ലോകം നൊമ്പരത്തിലാണ്. അസുഖത്തെ തുടർന്ന് ഖത്തറിൽ ചികിത്സയിലിരിക്കെയാണ് മരിച്ചത്. 1971 മുതൽ പ്രവാസിയായ സാലിഹ് ഹാജി ആദ്യം ദുബൈയിലും പിന്നീട് ഖത്തറിലുമെത്തി. 1973 മുതൽ ഖത്തറിൽ വ്യാപാര രംഗത്ത് സജീവമാണ്. 1979ൽ ആരംഭിച്ച സെഞ്ചുറി ടെക്സ്റ്റൈൽസ് സാലിഹ് ഹാജിയുടെ വ്യാപാര മേഖലയിലെ വൻ കുതിപ്പിന് കാരണമായി. ഖത്തർ കേന്ദ്രീകരിച്ച് വിവിധ ഗൾഫ് രാജ്യങ്ങളിലും ഇന്ത്യയുടെ വിത്യസ്ത ഭാഗങ്ങളിലും വ്യാപാര വാണിജ്യ സ്ഥാപനങ്ങളുടെ അധിപനായി സാലിഹ് ഹാജി വളർന്നു. അദ്ദേഹം ചെയർമാനായ ഖത്തറിലെ ബോംബെ സിൽക്ക് സെൻറർ, ദാനാ സെൻറർ, ലെക്സസ് ടൈലറിങ് തുടങ്ങിയ സ്ഥാപനങ്ങൾ രാജ കുടുംബാംഗങ്ങളെ പോലും ആകർഷിച്ച വസ്ത്ര വ്യാപാര കേന്ദ്രങ്ങളാണ്. കഠിനാധ്വാനത്തിലൂടെ താൻ കരഗതമാക്കിയ സാമ്പാദ്യത്തിൻറെ വലിയൊരു ഭാഗം വിദ്യഭ്യാസമതജീവ കാരുണ്യ പ്രവർത്തനങ്ങൾക്കായി നീക്കിവെച്ചു. ബേക്കൽ ശിഹാബ് തങ്ങൾ സെൻറർ ചെയർമാനാണ്. ദീർഘ കാലം ഖത്തർ കെ.എം.സി.സി ഉപദേശക സമിതി അംഗമായിരുന്നു.

## തൃശൂർ സ്വദേശി അബുദാബിയിൽ മരിച്ചു

തിരുവത്ര സൈഫുള്ള റോഡിന് വടക്കു വശം കറുപ്പം വീട്ടിൽ ചാലിൽ മൊയ്തുട്ടിയുടെ ഭാര്യ ബീവി മൊയ്തുട്ടി(63)യാണ് മരിച്ചത്. മക്കൾ ഷാനിൽ,ഷബ്ന. മരുമക്കൾ: റുഷാന,നിഷാദ്.അബുദാബിയിൽ ഖബറടക്കി.


ബീവി മൊയ്തുട്ടി

## നൗഷാദ് കല്ലൂർ അനുസ്മരണം



കോലാലാമ്പൂർ: വടക്കേകാട് ഗ്ലോബൽ കെഎംസിസി കമ്മിറ്റിയുടെ നേതൃത്വത്തിൽ മുൻ പ്രവാസിയും നിലവിൽ വടക്കേകാട് പഞ്ചായത്ത് മുസ്‌ലിംലീഗ് ജനറൽ സെക്രട്ടറിയുമായ നൗഷാദിന്റെ അനുസ്മരണം ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടന്നു. മത-സാമൂഹിക-സാംസ്കാരിക രംഗത്തും വിശിഷ്യ മുസ്‌ലിംലീഗ് സംഘടനാ പ്രവർത്തന മേഖലയിലും നിസ്വാർത്ഥസേവനങ്ങൾക്ക് ഉടമയായിരുന്നു നൗഷാദ് കല്ലൂരെന്നു അനുസ്മരിച്ച് സംസാരിച്ചവർ പറഞ്ഞു. വാക്കും പ്രവർത്തിയും ഒന്നെന്ന ബോധ്യപ്പെട്ട പ്രവർത്തനത്തിന്ന് ഉടമയായിരുന്നു.

വടക്കേകാട് ഹരിത രാഷ്ട്രീയ പ്രവർത്തന രംഗത്ത് ഉണ്ടാകുന്ന വിടവ് നികത്താനാവത്തതാനെന്നും വിവിധ രാജ്യങ്ങളിൽ നിന്നുള്ള അനുസ്മരണ പ്രഭാഷകർ അഭിപ്രായപ്പെട്ടു.

## മലപ്പുറം ജില്ലാ ദുബൈ കെഎംസിസി

## എ.പി ഉണ്ണികൃഷ്ണൻ അനുസ്മരണ സംഗമം

ദുബൈ മലപ്പുറം ജില്ലാ കെഎംസിസി കമ്മറ്റി അബുഹൈലിലെ കെഎംസിസി ആസ്ഥാനത്ത് സംഘടിപ്പിച്ച എ.പി ഉണ്ണികൃഷ്ണൻ അനുശോചന യോഗത്തിൽ യുഎഇ കെഎംസിസി നാഷണൽ കമ്മിറ്റി ജനറൽ സെക്രട്ടറി പി.കെ അൻവർ നഹ, ദേശീയ എം.എസ്.എഫ് ട്രഷറർ അഡ്വ.അതീബ് ഖാൻ, കെഎംസിസി നേതാക്കളായ ഇബ്രാഹിം മുറിച്ചാണ്ടി, കെ.പി.എ സലാം, മുഹമ്മദ് പട്ടാമ്പി, ചെമ്മുക്കൻ യാഹുമോൻ,പി.വി നാസർ, ഇസ്മായിൽ ഏറാമല, ഫൈസൽ തുറക്കൽ, മശ്ഹൂർ തങ്ങൾ, എൻ.എ.എം ജാഫർ (ഗൾഫ് ചന്ദ്രിക) എന്നിവർ എ.പി.ഉണ്ണികൃഷ്ണനെ അനുസ്മരിച്ച് പ്രസംഗിച്ചു.



ദുബൈ കെഎംസിസി മലപ്പുറം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച എ.പി ഉണ്ണികൃഷ്ണൻ അനുശോചന യോഗത്തിൽ യുഎഇ കെഎംസിസി നാഷണൽ കമ്മിറ്റി ജനറൽ സെക്രട്ടറി പി.കെ അൻവർ നഹ പ്രസംഗിക്കുന്നു

മുസ്‌ലിംലീഗിന്റെ ആശയാദർശങ്ങളിലും നയനിലപാടുകളിലും ആകൃഷ്ടനായി പതിനഞ്ചാം വയസിൽ പാർട്ടി അംഗത്വം സ്വീകരിച്ച് മുസ്‌ലിംലീഗിനെ പഠിച്ചും പകർത്തിയും പകർന്നു നൽകിയും ജീവിതാന്ത്യം വരെ തന്റെ പൊതുജീവിതത്തെ സക്രിയമാക്കി ദലിത് ജന വിഭാഗത്തിന്റെ ഉന്നമനത്തിച്ച നേതാവായിരുന്നു എ.പി ഉണ്ണികൃഷ്ണനെന്ന് യോഗം അഭിപ്രായപ്പെട്ടു. സിദ്ദീഖ് കാലൊടി അധ്യക്ഷനായി. സക്കീർ പാലത്തിങ്ങൽ അനുശോചന പ്രമേയം അവതരിപ്പിച്ചു. ജില്ലാ ഭാരവാഹികളായ കരീം കാലൊടി, ശിഹാബ് ഇരിവേറ്റി, മുജീബ് കോട്ടക്കൽ, മുനീർ തയ്യിൽ,ലത്തീഫ് തെക്കഞ്ചേരി, ഇബ്രാഹിം വട്ടംകുളം, മുഹമ്മദ് വള്ളിക്കുന്ന്, ശരീഫ് മലബാർ, നജ്മുദ്ദീൻ മലപ്പുറം എന്നിവർ ചടങ്ങിന് നേതൃത്വം നൽകി. നൗഫൽ വേങ്ങര സ്വാഗതവും ഒ.ടി സലാം നന്ദിയും പറഞ്ഞു.

## റാസൽഖൈമ മലപ്പുറം ജില്ലാ കെഎംസിസി അനുസ്മരണം

## ഉണ്ണികൃഷ്ണൻ മുസ്‌ലിംലീഗിന്റെ മതേതര മുഖം

റാസൽ ഖൈമ: മുസ്‌ലിംലീഗ് പ്രസ്ഥാനത്തിന്റെ മതേതര മുഖമായിരുന്നു എ.പി ഉണ്ണികൃഷ്ണനെന്ന് മലപ്പുറം ജില്ലാ റാസൽ ഖൈമ കെഎംസിസി അനുസ്മരണ സംഗമം അഭിപ്രായപ്പെട്ടു. പാർട്ടിക്കു വേണ്ടി രാപകൽ ഭേദമന്യേ സജീവമായി നിലകൊണ്ട അദ്ദേഹത്തിന്റെ ആത്മാർത്ഥമായ സേവനങ്ങൾ എക്കാലത്തും ഓർക്കപ്പെടുമെന്നും സംഗമത്തിൽ സംസാരിച്ചവർ അനുസ്മരിച്ചു. റാസൽ ഖൈമകെഎംസിസി മലപ്പുറം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച എ.പി ഉണ്ണികൃഷ്ണൻ അനുസ്മരണ യോഗത്തിൽ സംഘടനാ രംഗത്ത് അദ്ദേഹവുമായി അടുത്ത് ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുള്ള നേതാക്കളുടെ അനുഭവ വിവരണം ഹൃദ്യമായി.



റാസൽ ഖൈമ കെഎംസിസി സംഘടിപ്പിച്ച എ.പി ഉണ്ണികൃഷ്ണൻ അനുസ്മരണ സംഗമത്തിൽ സംസ്ഥാന പ്രസിഡന്റ് റസാഖ് ചെനക്കൽ പ്രസംഗിക്കുന്നു

കെഎംസിസി മലപ്പുറംജില്ലാ പ്രസിഡന്റ് ജാഫർ മണ്ണിങ്ങൽ അധ്യക്ഷനായി. ജില്ലാ ജനറൽ സെക്രട്ടറി നിസാർ ചെറവല്ലൂർ സ്വാഗതം പറഞ്ഞു. പാണക്കാട് കുടുംബവുമായി എ.പി ഉണ്ണികൃഷ്ണനുണ്ടായിരുന്ന ആത്മബന്ധത്തിന്റെ വിവരണങ്ങൾ മുഖ്യ പ്രഭാഷണം നിർവഹിച്ച ബഷീർ കുഞ്ഞു വിവരിച്ചു.

കെഎംസിസി സംസ്ഥാന പ്രസിഡന്റ് റസാഖ് ചെനക്കൽ, ജനറൽ സെക്രട്ടറി സയ്യിദ് റാഷിദ് തങ്ങൾ, ഉപദേശക സമിതി ചെയർമാൻ സി.വി അബ്ദുൽ റഹ്മാൻ, സംസ്ഥാന നേതാക്കളായ നാസർ പൊന്മുണ്ടം,വെട്ടം അബ്ദുൽ കരീം, അസീസ് കൂടല്ലൂർ,ഹസൈനാർ കോഴിച്ചെന,ജില്ലാ, മണ്ഡലം നേതാക്കളായ ഹാരിഫ് അഞ്ചില്ലത്,ഷാഫി വാളക്കുളം,സലാം രാമപുരം, അബ്ദുൽ റഹ്മാൻ ചെമ്മാട്, ഷാഫി പറമ്പൂർ,മൂസ ഫൈസി,കരീം ഹാജി, ജബീഷ് തിരൂർ, നിസാർ കോഴിക്കോട്, അബ്ദുള്ള കുട്ടി പള്ളിക്കര, ഉമ്മർ ഉള്ളണം, നാസർ കോഴിച്ചെന, തുടങ്ങിയവർ പ്രസംഗിച്ചു.

# നിരീക്ഷണം

മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ വിജയം.

(വിശുദ്ധ ഖുർആൻ: 09: 100)

ഗൾഫ് ചന്ദ്രിക

1446 മുഹറം 02 • 1199 മിഥുനം 24 • 11946 ആഷാഢം 17

## ബ്രിട്ടനിലെ ഭരണമാറ്റം

ബ്രിട്ടനിൽ കൺസർവേറ്റീവ് പാർട്ടിയുടെ ദുരന്തപൂർണമായ ഭരണത്തിന് അന്ത്യം കുറിച്ചിരിക്കുന്നു. ഋഷി സുനക് പടിയിറങ്ങി; കിയർ സ്റ്റാർമർ പ്രധാനമന്ത്രിയായി. അട്ടിമറി വിജയം സമ്മാനിച്ചാണ് ബ്രിട്ടീഷ് ജനത ലേബർ പാർട്ടിയെ അധികാരത്തിലേക്ക് കൈപിടിച്ചുകൊണ്ടുവന്നിരിക്കുന്നത്. ബ്രിട്ടീഷ് ചരിത്രത്തിലെ തന്നെ ഏറ്റവും ശ്രദ്ധേയമായ ഭരണമാറ്റം. പക്ഷേ, സ്റ്റാർമറിസത്തെ നെഞ്ചോട് ചേർത്താണ് ജനങ്ങൾ ടോറികളെ തുരത്തിയതെന്ന് അർത്ഥമാക്കേണ്ടതില്ല. മാറ്റത്തിനുവേണ്ടി ദാഹിച്ചിരുന്ന ഒരു ജനത കിട്ടിയ അവസരം മുതലെടുത്തുവെന്ന് മാത്രം. കൺസർവേറ്റീവ് പാർട്ടിയെ അധികാരത്തിൽനിന്ന് പുറത്താക്കിയെന്നതിൽ കവിഞ്ഞ് വലിയ ലക്ഷ്യങ്ങളൊന്നും ബ്രിട്ടീഷ് വോട്ടർമാർക്ക് ഉണ്ടായിരുന്നില്ല. ടോറികളും ലേബർ പാർട്ടിയും നാണയത്തിന്റെ ഇരുവശങ്ങളാണെന്ന് ഇതിനോടകം അവർ തിരിച്ചറിഞ്ഞിട്ടുണ്ട്. കൺസർവേറ്റീവ് പാർട്ടിയുടെ പ്രധാന നേതാക്കൾക്കെല്ലാം തോൽവി നേരിടേണ്ടിവന്ന തിരഞ്ഞെടുപ്പിൽ സുനക് മന്ത്രിസഭയിലെ 11 അംഗങ്ങൾക്ക് പാർലമെന്റ് സീറ്റുകൾ നഷ്ടമായി. ലേബർ പാർട്ടിയെ അധികാരത്തിൽ എത്തിച്ചതോടൊപ്പം സ്വതന്ത്ര സ്ഥാനാർത്ഥികൾക്ക് അവസരം നൽകാനും ജനങ്ങൾ മറന്നില്ല. അത് മുഖ്യധാരാ പാർട്ടികൾക്കുള്ള മുന്നറിയിപ്പായിരുന്നു. അധികം കളിച്ചാൽ പണി പാളുമെന്ന താക്കീത്.
ഒരുകാലത്ത് സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ ഉടമകളായി അറിയപ്പെട്ടിരുന്ന ബ്രിട്ടീഷുകാർക്ക് പഴയ പ്രതാപമില്ല. ആന മെലിഞ്ഞാലും തൊഴുത്തിൽ കെട്ടുകയില്ലെന്ന് പറഞ്ഞതുപോലെയാണിപ്പോൾ അവരുടെ സ്ഥിതി. വികസിത രാഷ്ട്രം, വൻശക്തി തുടങ്ങിയ വിശേഷണങ്ങളൊക്കെ ഇപ്പോഴും കൊണ്ടുനടക്കുന്നുണ്ടെങ്കിലും സാമ്പത്തികമായും സാമൂഹികമായും ബ്രിട്ടൻ മെലിഞ്ഞൊട്ടിയിട്ടുണ്ട്. പ്രമേഹത്തെപ്പോലെ സാമ്പത്തിക പ്രതിസന്ധി തങ്ങളുടെ സിരകളെ തളർത്തി തുടങ്ങിയത് ബ്രിട്ടീഷുകാർ വൈകിയാണ് അറിഞ്ഞത്. കാരണങ്ങൾ അന്വേഷിക്കാൻ പോലും സമയം കിട്ടാത്തത്ര ശക്തിയോടെ അത് അവരെ കീഴടക്കിയിരുന്നു. ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെട്ടപ്പോൾ ബ്രിട്ടീഷ് ജനതക്ക് ഭരണകൂടത്തിൽ വിശ്വാസം നഷ്ടമായി. സാമ്പത്തിക ക്ഷീണം പുറംലോകത്തെ അറിയിക്കാതെ കുറച്ചുകാലം തള്ളിനീക്കിയെങ്കിലും പിടിച്ചുനിൽക്കാനായില്ല. കൺസർവേറ്റീവ് ഭരണകൂടത്തിനുനേരെ ചോദ്യങ്ങളുയർന്നു. യൂറോപ്യൻ യൂണിയന്റെ ഭാഗമായി നിൽക്കുന്നതാണ് പ്രശ്നങ്ങൾക്കെല്ലാം കാരണമെന്ന് ധരിച്ച് ബ്രെക്സിറ്റ് നടപ്പാക്കി. അതോടെ വെളുക്കാൻ തേച്ചത് പാണ്ടായി. യൂറോപ്പിലും ബ്രിട്ടൻ ഒറ്റപ്പെട്ടു. സാമ്പത്തിക, സാമൂഹിക അരക്ഷിതാവസ്ഥ രാജ്യത്തിന്റെ നടുവൊടിച്ചു. കൺസർവേറ്റീവ് പാർട്ടി പ്രധാനമന്ത്രിമാരെ മാറി മാറി പരീക്ഷിച്ചുനോക്കി. ആറ് വർഷത്തിനിടെ അഞ്ച് പ്രധാനമന്ത്രിമാരാണ് രാജ്യത്ത് വന്നത്. 2002 ഒക്ടോബറിൽ പ്രധാനമന്ത്രി പദമേറ്റെടുത്ത ഋഷി സുനകിനെയും ജനങ്ങൾക്ക് മടുത്തതോടെ 14 വർഷത്തെ ഇടവേളക്കുശേഷം ലേബർ പാർട്ടി അധികാരത്തിൽ തിരിച്ചെത്തുകയായിരുന്നു.
പുതിയ പ്രധാനമന്ത്രി കിയർ സ്റ്റാർമറിൽനിന്നും ബ്രിട്ടീഷ് ജനത അത്ഭുതങ്ങൾ പ്രതീക്ഷിക്കുന്നില്ല. രാജ്യത്തിന് തന്നിൽ വിശ്വാസമില്ലെന്ന് അദ്ദേഹത്തിനും അറിയാം. അതുകൊണ്ടാണ് മാറ്റങ്ങൾ ഒറ്റ രാത്രികൊണ്ട് ഉണ്ടാകില്ലെന്നും എല്ലാവരും തന്റെ കൂടെ നിൽക്കണമെന്നുമൊക്കെ പറയുന്നത്. ഇറാഖിന്റെ കൈവശം സംഹാരായുധങ്ങളുണ്ടെന്ന പെരുംനുണയിൽ വിശ്വസിച്ച് അമേരിക്കയോടൊപ്പം ചേർന്ന് ഇറാഖിനെ കടന്നാക്രമിച്ച മുൻ പ്രധാനമന്ത്രി ടോണി ബ്ലെയറുടെ ലേബർ പാർട്ടിയെ പൂർണതോതിൽ വിശ്വാസത്തിലെടുക്കാൻ ബ്രിട്ടനിലെ ജനങ്ങൾ തയാറല്ല. ഫലസ്തീൻ വിഷയത്തിൽ ലേബർ പാർട്ടിയുടെയും സ്റ്റാർമറുടെ നിലപാടുകളിൽ ജനങ്ങൾക്ക് പൊതുവെ അതൃപ്തിയുണ്ട്. ഗസ്സയിലെ ഇസ്രാഈൽ കൂട്ടക്കുരുതി തിരഞ്ഞെടുപ്പ് പ്രചാരണ കാലത്തെ മുഖ്യ വിഷയങ്ങളിലൊന്നായിരുന്നു. ടോറികളെപ്പോലെ ഇസ്രാഈലിനോടാണ് ലേബർ പാർട്ടിക്കും അടുപ്പം. അത് കണ്ടറിഞ്ഞുകൊണ്ട് തന്നെയാണ് ജനങ്ങൾ വിധിയെഴുതിയത്. ലേബർ പാർട്ടിയുടെ സുരക്ഷിത സീറ്റുകളിൽ ഫലസ്തീൻ അനുകൂല സ്വതന്ത്ര സ്ഥാനാർത്ഥികൾ ജയിച്ചുകയറി. ലേബർ പാർട്ടിയിൽനിന്ന് പുറത്താക്കപ്പെട്ട ജെറമി കോർബിനെ വോട്ടർമാർ പാർലമെന്റിൽ എത്തിച്ചു. ബ്രിട്ടനിലെ മുസ്‌ലിംകൾ മാത്രമല്ല, പൊതുസമൂഹം ഒന്നടങ്കം ഗസ്സയിൽ സമാധാനം പുലരണമെന്നും ഫലസ്തീനികൾക്ക് നീതി ലഭിക്കണമെന്നും ആഗ്രഹിക്കുന്നവരാണെന്ന് തിരഞ്ഞെടുപ്പ് ഫലം വ്യക്തമാക്കുന്നു.
രാഷ്ട്രീയ നിറം നോക്കി വോട്ടു ചെയ്യുന്ന കാലം ബ്രിട്ടനിലും അവസാനിച്ചിരിക്കുന്നു. പാർട്ടികളോടുള്ള വിധേയത്വത്തിനുപ്പുറം മൂല്യങ്ങൾക്കാണ് തങ്ങൾ വില കൽപ്പിക്കുന്നതെന്ന സന്ദേശമാണ് ബ്രിട്ടീഷ് ജനത നൽകിയിരിക്കുന്നത്. അവരുടെ ആഗ്രഹത്തിനൊത്ത് പ്രവർത്തിക്കാൻ സ്റ്റാർമറിന് കഴിയുമോ എന്ന് കണ്ടറിയുക തന്നെ വേണം.

### അടിക്കുറിപ്പ്

KSEB ഓഫീസിനു നേർക്ക് അക്രമമുണ്ടായിട്ടുണ്ടെങ്കിൽ അതിൽ നിയമ നടപടി സ്വീകരിക്കേണ്ടത് പോലീസും കോടതിയുമാണ്. അല്ലാതെ അങ്ങനെ അക്രമിച്ചുവെന്ന് KSEB ആരോപിക്കുന്ന വ്യക്തിയുടെ പിതാവിന്റെ പേരിലുള്ള വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാൻ ഏതു നിയമവും ചട്ടവുമാണ് KSEBക്ക് അധികാരം നല്കുന്നത്?. ഇപ്പോൾ ഫ്യൂസ് ഊരിയതിനെ ന്യായീകരിക്കുന്ന ശ്രീ കൃഷ്ണൻകുട്ടി എങ്ങാനും ഗതാഗത മന്ത്രി ആയിരുന്നെങ്കിൽ ടിക്കറ്റ് എടുക്കാതെ യാത്ര ചെയ്തവരെ ബസ് കയറ്റി കൊല്ലാൻ ഉത്തരവ് ഇടുമല്ലോ!!

**രാഹുൽ മാങ്കൂട്ടത്തിൽ**

### ചരിത്രത്തിൽ ഇന്ന്

1680 ലോകത്തിൽ ആദ്യമായി രേഖപ്പെടുത്തിയ ടൊർണാഡോ അമേരിക്കയിലെ മസാച്ചുസെറ്റ്സിൽ.
1889 വാൾ സ്ട്രീറ്റ് ജേർണലിന്റെ ആദ്യ പതിപ്പ് പുറത്തിറങ്ങി.
1982 മുൻ ഇറാഖി പ്രസിഡണ്ട് സദ്ദാം ഹുസൈനെതിരെ ദുജാലിയിൽ ആദ്യത്തെ വധശ്രമം.
1988 പെരുമൺ ദുരന്തം:കൊല്ലം ജില്ലയിൽ അഷ്ടമുടി കായലിൽ തീവണ്ടി മറിഞ്ഞു.
1999 നാറ്റോ ചെക്ക് റിപ്പബ്ലിക്ക്, ഹംഗറി, പോളണ്ട് എന്നീ രാജ്യങ്ങളെ സംഖ്യമുണ്ടാക്കാൻ ശ്രമിച്ചു.
2003 സുഡാൻ എയർവെയ്സ് 39 വിമാനം തകർന്നു. 116 പേർ മരണമടഞ്ഞു. 2 വയസുള്ള ഒരു കുട്ടി മാത്രം അത്ഭുതകരമായി രക്ഷപ്പെട്ടു.

# പൊലിസില്ലാ സ്റ്റേഷനുകൾ



**പി. ഇസ്മായിൽ**

പൊലീസ് സേനയിൽ ജോലി ഭാരവും മനോ സമ്മർദവും മൂലമുള്ള ആത്മഹത്യകൾ വർധിച്ചു വരുന്നതിനാൽ അംഗബലം കൂട്ടിക്കൊണ്ടുള്ള നവീകരണത്തിന് മനുഷ്യാവകാശ കമ്മീഷൻ തന്നെ നേരിട്ട് നടത്തിയ ഇടപെടലിനെ തുടർന്ന് ചൂടേറിയ രാഷ്ട്രീയ വാഗ്വാദങ്ങൾ നടക്കുകയാണ്. കഴിഞ്ഞ ജൂണിലെ അവസാന വാരത്തിൽ നടന്ന തുടർ ആത്മഹത്യകളാണ് കമ്മീഷൻ ഇടപെടലിന് വഴിതുറന്നത്. പൊലീസ് അക്കാദമിയിലെ എ.എസ്.ഐ ജിമ്മി ജോർജ്, എറണാകുളത്ത് ഇൻഫോപാർക്ക് സ്റ്റേഷനിലെ മധു, വണ്ടൻമേട് സ്റ്റേഷനിലെ കോൺസ്റ്റബിൾ രതീഷ്, വിഴിഞ്ഞം സ്റ്റേഷനിലെ എസ്.ഐ ജോർജ് കുരുവിള, ആലപ്പുഴ എ.ആർ ക്യാമ്പിലെ പൊലീസ് ഡ്രൈവർ സുധീഷ് എന്നിവർ ഒരാഴ്ചയ്ക്കുള്ളിൽ ആത്മഹത്യ ചെയ്ത വാർത്തകളുടെ അടിസ്ഥാനത്തിലാണ് മനുഷാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്ത് രംഗത്തെത്തിയത്. പൊലീസുകാർ നേരിടുന്ന തൊഴിൽപരമായ വെല്ലുവിളിയുടെ ആഴവും കാഠിന്യവും ബോധ്യമായത് കൊണ്ടാണ് കാക്കിയണിഞ്ഞവർ കയറെടുത്തും മറ്റു മാർഗങ്ങളിലൂടെയും ജീവനൊടുക്കാനുള്ള കാരണങ്ങൾ സംബന്ധിച്ച് മുപ്പത് ദിവസത്തിനുള്ളിൽ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോടും സംസ്ഥാന പോലീസ് മേധാവിയോടും റിപ്പോർട്ട് നൽകാൻ മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടത്. അഞ്ച് വർഷത്തിനിടയിൽ 88 ഓളം പൊലീസുകാരാണ് സംസ്ഥാനത്ത് ആത്മഹത്യ ചെയ്തത്. ഓഫീസർ റാങ്കിലുള്ള 21 പേരും സി.പി.ഒ റാങ്കിലുള്ള 32 പേരും സീനിയർ സി.പി.ഒ മാരായ 16 പേരും വനിതാ പൊലീസ് ഉദ്യോഗസ്ഥയും ജീവനൊടുക്കിയവരിൽ പെടും. കുടുംബപരവും സാമ്പത്തിക പരാധീനതയും മാത്രമല്ല ആത്മഹത്യക്ക് കാരണം. മേലുദ്യോഗസ്ഥരുടെ മോശപ്പെട്ട പെരുമാറ്റ രീതികൾ, യഥാസമയത്ത് സ്ഥാനക്കയറ്റം കിട്ടാത്ത അവസ്ഥ, ജോലിസ്ഥലവും വീടും തമ്മിലുള്ള അകൽച്ച, സഹപ്രവർത്തകരുടെ സഹകരണ കുറവ്, ആഴ്ചവസാനം അവധി കിട്ടാത്തതടക്കമുള്ള ഒട്ടേറെ പ്രശ്നങ്ങൾ താങ്ങാനാവാത്തത് കൊണ്ടാണ് പൊലീസുകാർ ഡ്യൂട്ടി സ്ഥലത്ത് വെച്ച് കാക്കിയോടെ പരലോകം പൂകുന്നത്.

ജനങ്ങളുടെ ജീവനും സ്വത്തിനും കാവൽ നിൽക്കേണ്ട പൊലീസ് സേനയിൽ നിന്നും സ്വമേധയാ ഗുഡ്ബൈ പറയുന്ന പ്രവണതയും മറ്റൊരു വെല്ലുവിളിയാണ്. 2019 നു ശേഷമുള്ള നാല് വർഷങ്ങളിൽ 148 പൊലീസുകാരാണ് സർവീസിൽ നിന്നും സ്വയം വിരമിച്ചത്. 200 ഓളം പൊലീസ് ഉദ്യോഗസ്ഥർ സ്വയം വിരമിക്കൽ അപേക്ഷ നൽകി കാത്തിരിപ്പിലാണ്. സി.പി.ഒ മുതൽ എസ്.ഐ.മാർ വരെയുള്ള പ്രധാനികളാണ് സർവീസ് കാലാവധിക്കു മുമ്പ് സേവനം അവസാനിപ്പിക്കാൻ തയാറായിരിക്കുന്നത്. ജോലി സമ്മർദം താങ്ങാനാകാതെയാണ് 75 ശതമാനത്തിലേറെപ്പേരും ജോലി ഉപേക്ഷിക്കുന്നതെന്നാണ് ഉന്നതോദ്യോഗസ്ഥർ തന്നെ പറയുന്നത്. രോഗത്തെ തുടർന്ന് അവധി ആവശ്യപ്പെട്ടിട്ട് കിട്ടാത്തവർ, ദിവസം 18 മണിക്കൂറിലേറെ ജോലിചെയ്യേണ്ടിവരുന്നവർ, ചെയ്യാത്ത കുറ്റത്തിന് അച്ചടക്ക നടപടിയുണ്ടാകുമെന്ന് ഭയപ്പെടുന്നവർ എന്നിങ്ങനെ ഒട്ടേറെപ്പേർ ഇക്കൂട്ടത്തിലുണ്ട്. ആദ്യമായാണ് പൊലീസ് സേനയിൽ ഇത്രയേറെ സ്വയം വിരമിക്കൽ അപേക്ഷകൾ കുന്നുകൂടുന്നത്. അപേക്ഷകൾ പരിഗണിക്കുന്നത് തൽക്കാലം നിർത്തിവെക്കാൻ ആഭ്യന്തര വകുപ്പ് ഉത്തരവിറക്കിയപ്പോൾ വകുപ്പ് മാറ്റങ്ങളിലൂടെ പുറത്ത് ചാടാനാണ് പൊലീസിന്റെ ശ്രമം. എസ്.ഐ തസ്തിക പോലും ഉപേക്ഷിച്ച് 20 ഓളം പേർ ഈയിടെയാണ് എക്സൈസ് വകുപ്പുലേക്ക് കൂടുമാറ്റം നടത്തിയത്. ദീർഘകാല അവധിയിൽ പ്രവേശിക്കുന്നവരുടെ എണ്ണവും കൂടിവരികയാണ്. ക്രമസമാധാനം ഉറപ്പ് വരുത്തൽ. പരാതി സ്വീകരിക്കൽ, വയർലെസ്, ആക്സിഡന്റ് കേസുകൾ, കേസ് അന്വേഷണങ്ങൾ, എഫ്.ഐ.ആർ തയ്യാറാക്കൽ, സമൻസ്, വാറണ്ട് പ്രതികളെ കോടതിയിൽ ഹാജരാക്കൽ, വി.ഐ.പി അകമ്പടി, ജി.ഡി ചാർജ്, സ്റ്റേഷൻ സെക്യൂരിറ്റി, ജീപ്പ് പട്രോളിങ്, നൈറ്റ് പട്രോളിംഗ്, ബൈക്ക് പട്രോളിങ്, കംപ്യൂട്ടർ ഓപ്പറേറ്റർ, ബീറ്റ് ഡ്യൂട്ടി, തപാൽ ഡ്യൂട്ടി, വിജിലൻസ് കോടതി , ജനമൈത്രി പൊലീസ്, പിങ്ക് പൊലീസ് ,സ്റ്റുഡന്റ് പൊലീസ് കേഡറ്റ്,തുടങ്ങിയ ജോലികൾ നിർവഹിക്കാൻ ഓരോ സ്റ്റേഷനിലും കുറഞ്ഞത് 118 ഉദ്യോഗസ്ഥന്മാർ വേണം. എന്നാൽ സംസ്ഥാനത്തെ 484 പോലീസ് സ്റ്റേഷനുകളിൽ 364ലും അംഗബലം 44 മാത്രമാണ്. 1984 ലെ സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളത്.

അന്താരാഷ്ട്ര തലത്തിൽ 400 പൗരൻമാർക്ക് ഒരു പൊലീസ് എന്നതാണ് കണക്കെങ്കിൽ കേരളത്തിൽ 656 പേർക് ഒന്ന് എന്നതാണ് നിലവിലെ സ്ഥിതി. 2016 ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പഠന റിപ്പോർട്ട് പ്രകാരം 500 പൗരൻമാർക്ക് ഒരു പൊലീസ് എന്ന അനുപാതം ഇപ്പോഴും കടലാസിൽ ഉറങ്ങുകയാണ്. ജനസംഖ്യാനുപാതികമായുള്ള വർധനവിനു അനുസൃതമായി പൊലീസ് സേന വിപുലീകരണം സാധ്യമാവാത്തതിനാൽ ഔദ്യോഗിക ബഹുമതികളോടെയുള്ള ശവ സംസ്കാര ചടങ്ങിന് ബ്യൂഗിൾ വായിക്കാൻ പോലും ആളില്ലാത്ത സ്ഥിതിയാണ്. പൊലീസിനെ ആത്മഹത്യ മുനമ്പിൽ നിന്നും രക്ഷപ്പെടുത്തുന്ന കാര്യത്തിൽ ആഭ്യന്തരം കയ്യാളുന്ന പിണറായിയുടെ വീഴ്ചകളും ഭരണകക്ഷി നേതാക്കൾ പോലീസിന്റെ മനോവീര്യം തകർക്കുന്നതും നിയമസഭയിൽ പ്രതിപക്ഷ ബെഞ്ചിൽ നിന്നും പി.സി വിഷ്ണുനാഥ് എണ്ണിയെണ്ണി പറഞ്ഞപ്പോൾ സർക്കാറിനു ഉത്തരമില്ലായിരുന്നു. 2017 ൽ അന്നത്തെ ഡി.ജി.പി 18,299 പേർ പൊലീസ് സേനയിലേക്ക് ആവശ്യമുണ്ടെന്ന് നൽകിയ റിപ്പോർട്ട് മുഖവിലക്കെടുത്തിരുന്നുവെങ്കിൽ നന്നായി പഠിക്കണം, പൊലീസിലല്ലാതെ ജോലി വാങ്ങണം എന്ന തരത്തിൽ ആത്മഹത്യ കുറിപ്പെഴുതി പൊലീസുകാർ ജീവൻ വെടിയുന്ന അവസ്ഥ ഒഴിവാക്കാമായിരുന്നു.

പതിനഞ്ചും പതിനെട്ടും മണിക്കൂർ ജോലി ചെയ്ത് തളർന്നിരിക്കുന്നവരോട് രാവിലെ ഏഴുമണിക്ക് യോഗ ചെയ്യാനും സംഗീത വിരുന്നിൽ പങ്കാളിയാവാനും സർക്കുലർ അയക്കുന്നതിന് പകരം യോഗ്യരായവരെ നിയമിച്ച് പൊലീസ് സേനയുടെ അംഗബലം കൂട്ടാനാണ് സർക്കാർ അടിയന്തരമായി ശ്രമിക്കേണ്ടത്.കേസന്വേഷണവും കേസെഴുത്തും പാറാവ് പണിയും ഒരേ സമയം ചെയ്യേണ്ടി വരുമ്പോൾ പിരിമുറുക്കത്തിൽ പൊലീസിന്റെ ഭാഷ മാറും. അത് അവരെ വിഷാദരോഗത്തിലേക്കും ലഹരിയുടെ ലോകത്തേക്കും തള്ളിവിടും. ആലത്തൂരിൽ എസ്.ഐ അഭിഭാഷകനെ അധിക്ഷേപിച്ച സംഭവത്തിൽ മാനസിക പിരിമുറുക്കം മോശം പെരുമറ്റത്തിന് കാരണമാവരുതെന്നും അതൊരു സർട്ടിഫിക്കറ്റായി കൊണ്ട് നടക്കരുതെന്നുള്ള ഹൈകോടതിയുടെ ഉഗ്ര ശാസനയുടെ ഗൗരവം ഉൾക്കൊള്ളാനും കാക്കിധാരികളോട് കരുണ കാട്ടാനും ക്രമസമാധാന പാലനം ഉറപ്പു വരുത്താനും പിണറായിയുടെ തൊലിപ്പുറ ചികിത്സ മതിയാവില്ല.

# പെസഷ്കിയാൻ ഇറാനെ പരിഷ്ക്കരിക്കുമോ

**ഖാദർ പാലാഴി**

1979 ൽ ഇറാനിൽ നിന്ന് സ്ഥാനഭ്രഷ്ടനാക്കപ്പെട്ട പഹ്‌ലവി രാജകുടുംബത്തിലെ 'കിരീടാവകാശി' റിസാ പഹ്‌ലവി ഇപ്പോൾ അമേരിക്കയിലെ വെർജീനിയയിലുണ്ട്. അവിടെയിരുന്നാണ് അദ്ദേഹം ഇറാനിലെ പ്രതിപക്ഷ ഗ്രൂപ്പുകളിലൊന്നിനെ നയിക്കുന്നത്. 64 വയസായ അദ്ദേഹവും അനുയായികളും ആഗ്രഹിക്കുന്നത് ഏറ്റവും അടുത്ത ഭാവിയിൽ ഇറാനിൽ പഹ്‌ലവി ഭരണം പുന:സ്ഥാപിക്കാനാവുമെന്നാണ്. പക്ഷേ ഈ സ്വപ്നം ഉടനെയൊന്നും പൂവണിയില്ലെന്നാണ് ഇറാനിലേക്ക് നോക്കിയാൽ കാണാൻ കഴിയുന്നത്.



ഇറാനിൽ മുല്ലാ ആധിപത്യമുള്ള ഭരണകൂടത്തെ എതിർക്കുന്ന നല്ലൊരു വിഭാഗമാളുകൾ ഉണ്ടെന്നുള്ളത് ശരിയാണ്. എന്നാൽ ആ ഗ്രൂപ്പുകളെ വെല്ലുന്ന സുശക്തമായ ഒരു രാഷ്ട്രീയ ഭരണ സൈനിക സംവിധാനമുണ്ടവിടെ. അതുകൊണ്ടാണ് പ്രസിഡണ്ടായിരുന്ന ഇബ്രാഹിം റെയ്സി മെയ് 19ന് ഹെലികോപ്റ്റർ തകർന്ന് മരിച്ചയുടൻ ഭരണഘടന പ്രകാരം ഒന്നാം വൈസ് പ്രസിഡണ്ട് മുഹമ്മദ് മൊക്ബർ താൽക്കാലിക പ്രസിഡണ്ടായി ചുമതലയേറ്റത്. പദവിയിലിരിക്കെ ഒരു പ്രസിഡണ്ട് മരിക്കുകയോ രാജിവെക്കുകയോ ഇംപീച്ച് ചെയ്യപ്പെടുകയോ ചെയ്താൽ 50 ദിവസത്തിനകം തിരഞ്ഞെടുപ്പ് നടത്തണമെന്നും ഭരണഘടനാ വ്യവസ്ഥയുണ്ട്. അത് പാലിച്ചാണ് 47 ാം ദിവസം മസൂദ് പെഷസ്കിയാനെ പ്രസിഡണ്ടായി തെരഞ്ഞെടുത്തത്. 1979 മുതൽ അവിടെ കൃത്യമായി നാല് വർഷം കൂടുമ്പോൾ പ്രസിഡണ്ട് തിരഞ്ഞെടുപ്പും പാർലിമെന്റ് തിരഞ്ഞെടുപ്പും നടക്കുന്നുണ്ട്.

14ാമത്തെ പ്രസിഡണ്ട് തിരഞ്ഞെടുപ്പാണ് ഇപ്പോൾ നടന്നത്. ഒരു പരിഷ്ക്കരണവാദിയായി അറിയപ്പെടുന്ന മസൂദ് പെസഷ്കിയാൻ തിരഞ്ഞെടുപ്പ് പ്രചാരണ കാലത്ത് നൽകിയ വാഗ്ദനങ്ങളിലേക്കാണ് ഇപ്പോൾ ഏവരും ഉറ്റു നോക്കുന്നത്. കുറഞ്ഞ വരുമാനക്കാർക്ക് നികുതി ഒഴിവാക്കും, പാവങ്ങൾക്ക് സൗജന്യ ചികിത്സ, ഹിജാബ് ധരിക്കാൻ ബലപ്രയോഗമുണ്ടാവില്ല, മനുഷ്യാവകാശങ്ങൾ സംരക്ഷിക്കും, കലാ സാംസ്ക്കാരിക രംഗം പരിപോഷിപ്പിക്കും, പടിഞ്ഞാറൻ രാജ്യങ്ങളുമായി ബന്ധം മെച്ചപ്പെടുത്തും, സാമ്പത്തിക ഉദാരത തുടങ്ങിയ വാഗ്ദാനങ്ങളായിരുന്നു അദ്ദേഹം നൽകിയിരുന്നത്. ഇലക്ഷൻ കഴിഞ്ഞപാടെ 'നിങ്ങളെ ഞാൻ കൈവിടില്ല, എന്നെ നിങ്ങളും കൈവിടരുത്' എന്നാണ് അദ്ദേഹം എക്സിൽ കുറിച്ചത്. ഇറാൻ ഭരണകൂടത്തിന്റെ തലവൻ പ്രസിഡണ്ടാണെങ്കിലും രാഷ്ട്രത്തലവൻ ആത്മീയ നേതാവ് അലി ഖാംനഇയാണ്. ഭരണകൂടം എടുക്കുന്ന എല്ലാ തീരുമാനങ്ങളും ആദ്യം 12 അംഗ ഗാർഡിയൻ കൗൺസിൽ പരിശോധിക്കും. ഈ കൗൺസിൽ ഓക്കെ പറഞ്ഞാലും അന്തിമാനുമതി നൽകേണ്ടത് ആത്മീയ നേതാവാണ്. ഇറാനിൽ കുടുംബ ഭരണമില്ലെങ്കിലും അവിടത്തെ ജനാധിപത്യത്തിന് ഇങ്ങനെയൊരു പരിമിതിയുണ്ട്. ഇതുകൊണ്ടാണ് പെസഷ്കിയാൻ മൂന്നാം പരാജയമായിരിക്കുമെന്ന് സമാധാന നൊബേൽ ജേതാവും ഇറാനിലെ പ്രതിപക്ഷ ശബ്ദവുമായ ഷിറിൻ ഇബാദി പ്രതികരിച്ചത്. മുമ്പ് പരിഷ്ക്കരണവാദികളായ മുഹമ്മദ് ഖാതമിയും ഹസൻ റൂഹാനിയും പ്രസിഡണ്ടായപ്പോഴും അവർക്കൊന്നും ചെയ്യാൻ കഴിഞ്ഞില്ലെന്നാണ് ഷിറിൻ ഉബാദി പരിഹാസത്തോടെ പറയുന്നത്.

ഇനി ആത്മീയ നേതാവും പ്രസിഡണ്ടും ഒരുമിച്ചൊന്നായ് നിന്നാലും ഇറാൻ നേരിടുന്ന മുഖ്യ പ്രതിസന്ധിയായ പശ്ചാത്യ ഉപരോധത്തെ എങ്ങനെ നേരിടുമെന്നത് മറ്റൊരു വലിയ കടമ്പയാണ്. പെസഷ്കിയാൻ വന്നത് കൊണ്ട് ഇറാനോടുള്ള സമീപനത്തിൽ മാറ്റമുണ്ടാവില്ലെന്ന് യു.എസ് വക്താവ് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പുതിയ സർക്കാറുമായി സംസാരിക്കാൻ ഒരുക്കമാണെന്നാണ് യൂറോപ്യൻ യൂണിയൻ വിദേശകാര്യ വക്താവ് നബില മസ്രലി പറഞ്ഞത്. മസ്രലിയുടെ ഈ പ്രസ്താവന പക്ഷേ നമ്മുടെ രാജകുമാരൻ റിസാ പഹ്‌ലവിയെ വല്ലാതെ പ്രകോപിതനാക്കിയിട്ടുണ്ട്. ഈ പറച്ചിൽ പെസഷ്കിയാൻ പ്രീണനമാണെന്നും ഇറാൻ സ്വാതന്ത്ര്യപ്പോരാട്ടത്തെ ചതിക്കുന്ന നടപടിയാണെന്നും ഇത് ഇറാനികൾ പൊറുക്കില്ലെന്നും പഹ് ലവി എക്സിൽ പരിതപിച്ചിട്ടുണ്ട്. ഏതായാലും പെസഷ്കിയാൻ ഒന്നാഞ്ഞ് ശ്രമിക്കുമെന്നാണ് ഇറാൻ നിരീക്ഷകർ പറയുന്നത്. സമാന നിലപാടുള്ള മുൻ വിദേശകാര്യ മന്ത്രി മുഹമ്മദ് ജാവദ് സെരീഫിന് സർക്കാറിൽ ഒരു പ്രധാന പദവി നൽകിയേക്കും. അബ്ബാസ് അരാച്ചിക്കാവും വിദേശകാര്യ മന്ത്രി പദവി. സ്വതന്ത്ര വിപണിയെ അനുകൂലിക്കുന്ന അലി ത്വയ്ബാനിയക്ക് ധനകാര്യത്തിന്റെ ചുമതല നൽകുമെന്നും പറയുന്നുണ്ട്.

മുഹറം ഒന്ന് മുതൽ 10 വരെ ഇറാനിൽ പൊതു അവധിയാണ്. ഷിയാ വിശ്വാസത്തിലെ പ്രധാന ദിനങ്ങളാണിവ. അതും കഴിഞ്ഞ് ഓഗസ്റ്റിലാണ് പെസഷ്കിയാൻ സത്യപ്രതിജ്ഞ ചെയ്യുക. അതിന് മുമ്പ് പാർലിമെന്റ് അംഗത്വം രാജിവെക്കണം. ഇതിനകം മന്ത്രിസഭാ കൂട്ടാളികളെ കണ്ടെത്താൻ സമയമുണ്ട്. നിർദ്ദേശിക്കുന്ന പേരുകൾ പാർലിമെന്റായ മജ്‌ലിസ് അംഗീകരിക്കണം. 2001 – 2005 കാലത്ത് ആരോഗ്യ മന്ത്രിയായും 2016 – 2020 ൽ ഡെപ്യൂട്ടി സ്പീക്കറായും പ്രവർത്തിച്ച പെസഷ്കിയാന് ഭരണ പരിചയമുണ്ട്. 64 കാരനാണ്. റിഫോർമിസ്റ്റാണെങ്കിലും അലി ഖാംനഇയുമായി ഏറ്റുമുട്ടുന്നയാളല്ല.

ഇസ്രാഈൽ വിരുദ്ധ ഫലസ്തീൻ അനുകൂല നിലപാട് വിപ്ലവാനന്തര ഇറാന്റെ പൊതുനിലപാടായതിനാൽ അത് തുടരും. ആ നയം നിലനിർത്തിക്കൊണ്ട്തന്നെ പാശ്ചാത്യ രാജ്യങ്ങളുമായി എത്രത്തോളം അടുക്കാനാവും എന്നതായിരിക്കും 53.7% വോട്ട് നേടി വിജയിച്ച ഒരു ഹാർട്ട് സർജൻ കൂടിയായ പെസഷ്കിയാന്റെ മുന്നിലുള്ള വെല്ലുവിളി. 2015 ൽ യു. എസുമായുണ്ടാക്കിയ ആണവ കരാർ 2018 ൽ ഡൊണാൾഡ് ട്രമ്പ് റദ്ദാക്കിയതാണ്. ആ ട്രമ്പ് തന്നെ അവിടെ അധികാരത്തിൽ വരാനും പോകുന്നു. അതുകൊണ്ട് കരാർ പുന:സ്ഥാപനം നടക്കുന്ന കാര്യമല്ല. മാത്രമല്ല ഇറാനിലെ ആണവ നിലയങ്ങൾ തന്നെ തകർക്കണമെന്ന പക്ഷക്കാരനാണ് ട്രമ്പ്. ഇറാൻ സൈനിക മേധാവി ഖാസിം സുലൈമാനിയെ പച്ചക്ക് കൊന്നയാളാണ്. പെസഷ്കിയാൻ ആഗ്രഹിച്ചാലും ഇറാനകത്തും പുറത്തും കാര്യമായ പരിഷ്ക്കരണങ്ങൾ നടക്കാനിടയില്ലെന്നാണ് ഇതെല്ലാം കാണിക്കുന്നത്.

# കർമപഥങ്ങളെ ധന്യമാക്കിയ വ്യക്തിത്വം

**കക്കുളത്ത് അബ്ദുൽ ഖാദർ**

സ്വപ്നലോകത്തല്ല നാം ജീവിക്കേണ്ടത് എന്ന യാഥാർത്ഥ്യങ്ങൾ മനസിലാക്കി പൊരുതുമ്പോൾ മാത്രമേ ജീവിതം വിജയം കൈവരിക്കാനാവൂ എന്ന് സ്വന്തം പ്രയത്നത്തിലൂടെ തെളിയിച്ച സ്ഥിരോത്സാഹിയും കഠിനാധ്വാനിയുമാണ് ഇന്നലെ ഖത്തറിൽ അന്തരിച്ച ബേക്കൽ മുഹമ്മദ് സാലിഹ് ഹാജി എന്ന സാലിച്ച. പ്രവാസ ജീവിതം ആരംഭിച്ച് 52 വർഷം പൂർത്തിയാക്കിയത് കഴിഞ്ഞ വർഷമായിരുന്നു. ഖത്തർ എന്ന കൊച്ചു രാജ്യത്തിന്റെ ആധുനിക ചരിത്രത്തെയും വികസന കുതിപ്പിനെയും ഇമവെട്ടാതെനോക്കി നിന്ന ബേക്കൽ ആദ്യമായി ഗൾഫ് യാത്ര ആരംഭിക്കുന്നത് 1971ലാണ്. യാത്രാസൗകര്യം ഇല്ലാത്ത കാലത്ത് 18 ാം വയസിൽ പാസ്പോർട്ടോ വിസയോ ഇല്ലാതെ രണ്ടും കൽപിച്ചു ലോഞ്ചിൽ ദുബായ് തീരത്തണഞ്ഞ കാര്യം നെഞ്ചിടിപ്പോടെയായിരുന്നു അദ്ദേഹം ഓർത്തെടുക്കാറുള്ളത്.



*പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളോടൊപ്പം ബേക്കൽ മുഹമ്മദ് സാലിഹ് ഹാജി (ഫയൽ)*

1952 ൽ കാസർകോട് ജില്ലയിലെ ബേക്കൽ എന്ന കൊച്ചുഗ്രാമത്തിൽ അബ്ദുറഹിമാൻ കുഞ്ഞാമിന ദമ്പതികളുടെ എട്ടു മക്കളിൽ മൂത്ത മകനായി പിറന്ന സാലിഹ് ബേക്കലിനായിരുന്നു കുടുംബ ഭാരം. ഇസ്‌ലാമിയ എ.എൽ.പി. സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. നൂറിലധികം വർഷത്തെ പഴക്കമുള്ള പ്രസ്തുത സ്കൂൾ അദ്ദേഹം സ്വന്തമാക്കുകയും കോടികൾ മുടക്കി ആധുനീകരിക്കുകയും ചെയ്തത് പിൽകാല ചരിത്രം. 1976ൽ ഖത്തർ ചന്ദ്രിക റീഡേഴ്സ് ഫോറത്തിന്റെ പ്രസിഡന്റ് സ്ഥാനം ഈ ലേഖകൻ വഹിക്കുമ്പോൾ അദ്ദേഹം ഉപാധ്യക്ഷനായി. സംഘാടനത്തിലേക്കുള്ള കടന്നുവരവ് അന്നുമുതലായിരുന്നു. ആ ബന്ധവും മറ്റും വെച്ച് കൊണ്ടു തന്നെയായിരുന്നു അദ്ദേഹത്തിന്റെ സെഞ്ചറി ടെക്സ്റ്റൈൽ ഉദ്ഘാടനത്തിന് എം.എൽ.എമാരായിരുന്ന സി.ടി അഹമ്മദലിയും ചെർക്കളം അബ്ദുള്ളയും എത്തിയത്. ഗൾഫിലെ വസ്ത്ര വിപണിയിൽ നൂതന അദ്ധ്യായം രചിച്ചുകൊണ്ട് പേരെടുത്ത വ്യാപാര സമൂഹത്തിലെ സമുന്നത സ്ഥാനം വഹിക്കുന്നവരിൽ ഒരുവനായി സ്ഥാനം അലങ്കരിക്കുന്ന ആൾ കൂടിയായി ബേക്കൽ മാറി.

സത്യസന്ധമായ വഴിയിലൂടെ, ധനസമ്പാദനത്തിന് എളുപ്പവഴികളോ കുറുക്കുവഴിയോ ഇല്ലെന്നു ദൃഢമായി വിശ്വസിക്കുന്നത് കൊണ്ടുതന്നെയാണ് ഉന്നത ശ്രേണി കീടക്കാൻ അദ്ദേഹത്തിന് സാധിച്ചത്. സ്വദേശി, വിദേശികൾക്കിടയിൽ ബോംബെ സിൽക്ക് സെന്റർ ഗൃഹനാമമായി മാറി. അതിനുപുറമേ അബ്ദുൽ അസീസ് അക്കരെയോടൊപ്പം ലക്സസ് ടൈലറിംഗ് ആന്റ് സ്റ്റോർസ് എന്ന സ്ഥാപനവും സൂഖ് ഫാലയിൽ സ്വന്തമായി ദാന സെന്ററും ആരംഭിച്ചതോടെ വസ്ത്രവ്യാപാര രംഗത്ത് ശക്തമായ സാന്നിധ്യമായി അദ്ദേഹം മാറി. 1986ൽ കെ.എം.സി.സി.യുടെ ആവിർഭാവത്തോടെ ജില്ലാ സംസ്ഥാന തലത്തിൽ സജീവമാവുകയും സാരഥ്യം വഹിക്കുകയും ചെയ്തു. ഐഡിയൽ ഇന്ത്യൻ സ്കൂൾ സ്ഥാപക അംഗം, ഐ.സി.സി, ഐ.സി.ബി.എഫ് ഇന്ത്യൻ ക്ലബ്ബ് അംഗം എന്നീ പദവകിളും വഹിച്ചു. നാട്ടിൽ നിർദനരായ പത്ത് കുടുംബങ്ങൾക്ക് വേണ്ടി ബൈതുറഹ്മ എന്ന കാരുണ്യ ഭവനം സ്വന്തം ചിലവിൽ പണിതു കൊടുത്തു. എല്ലാ തിരക്കിനിടയിലും എല്ലാ വിഭാഗം ജനങ്ങളുമായും സാലിച്ച ഇടപെട്ടു. പ്രവാസികളുടെയും സ്വദേശികളുടെയും സഹകരണവും വിശ്വാസ്യതയും എന്നും കൃതജ്ഞതാപൂർയം ഓർമിക്കുമായിരുന്നു. ലോകത്ത് എവിടെയായിരുന്നാലും ഏത് സഹായത്തിനും ഒരു ടെലഫോൺ സന്ദേശത്തിലൂടെ സാലിച്ചയെ അറിയിച്ചാൽ അനുഭാവ പൂർണ്ണമായ മറുപടി ലഭിക്കും. ആരെയും ഏതുകാര്യത്തിലും നിരുത്സാഹപ്പെടുത്തുകയോ കുറ്റപ്പെടുത്തുകയോ ചെയ്യാറില്ല.

സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ, പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ, സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ, സയ്യിദ് ഉമറലി ശിഹാബ്, ഇബ്രാഹീം സുലൈമാൻ സേട്ട്, ജി.എം ബനാത്ത് വാല, സി.എച്ച് മുഹമ്മദ് കോയ, ഇ. അഹമദ് തുടങ്ങിയ പഴയകാല നേതാക്കളുമായും പുതു തലമുറ നേതാക്കളുമായും അടുത്ത ബന്ധമാണ് പുലർത്തിയിരുന്നത്.

RNI 3018/1957 Vol No. 91. Issue No.176 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikode at Chandrika Press, Y M C A road, Kozhikode - 673 001.
Editor-Kamal Varadoor (responsible for selection of news under PRB Act). Phone: 0495-2766032, 2765122, Fax: 0495-2765950. Email-chandrika1000@gmail.com, chandadvt@gmail.com



## മോദിയുടെ പരാമർശം തെറ്റ്

ന്യൂഡൽഹി: മുൻ രാജ്യസഭ അധ്യക്ഷൻ ഹാമിദ് അൻസാരിക്കെതിരെ പ്രധാനമന്ത്രി മോദിയുടെ പരാമർശം പാർലമെന്ററി തത്വങ്ങളുടെയും ലംഘനമാണെന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി ജയ്റാം രമേശ്. 2014ൽ ബി.ജെ.പി അധികാരത്തിൽ വന്നപ്പോൾ അന്നത്തെ രാജ്യസഭ അധ്യക്ഷൻ അൻസാരിക്ക് ചായ്‌വ് പ്രതിപക്ഷത്തോടായിരുന്നു എന്നാണ് രാഷ്ട്രപതിയുടെ പ്രസംഗത്തിനുള്ള നന്ദിപ്രമേയ മറുപടി വേളയിൽ മോദി പറഞ്ഞത്. ഇത് അടിയന്തരമായി രേഖകളിൽനിന്ന് നീക്കണം. യു.എന്നിൽ വരെ ഇന്ത്യയെ പ്രതിനിധീകരിച്ച ഹാമിദ് അൻസാരിയുടെ സേവനങ്ങളെ കുറച്ചുകാണുന്ന നടപടിയാണ് പ്രധാനമന്ത്രിയിൽ നിന്നുണ്ടായത്.



## ഇ.ഡിയുടേത് രാഷ്ട്രീയ നീക്കം

ന്യൂഡൽഹി: ഇ.ഡി പ്രവർത്തിക്കുന്നത് ബി.ജെ.പിക്ക് വേണ്ടിയാണെന്ന് ഡൽഹി മന്ത്രിയും എ.എ.പി നേതാവുമായ അതിഷി. ഇ.ഡി എന്താണ് ചെയ്യുന്നത്, ആർക്കെതിരെയാണ് പ്രവർത്തിക്കുന്നത്, ആരുടെ നിർദേശത്തിലാണ് പ്രവർത്തിക്കുന്നത് എന്നതെല്ലാം വ്യക്തമാണ്. ബി.ജെ.പിയുടെ 'വാഷിങ് മെഷീൻ' എല്ലാവരും കണ്ടതാണ്, അത് സാമ്പത്തിക തട്ടിപ്പ് കേസായാലും ജലസേചന അഴിമതി കേസായാലും. എ.എ.പി നേതാക്കളെ അവർ വേട്ടയാടുകയാണ്. ഡൽഹി മദ്യ അഴിമതി കേസ് അവർ രണ്ട് വർഷത്തോളമായി അന്വേഷിക്കുന്നു. ഇതുവരെ ഒന്നും കണ്ടെത്താനായിട്ടില്ല. ബി.ജെ.പിയുടെ ഏകാധിപത്യത്തെയാണ് എ.എ.പി ചെറുക്കുന്നത്.



### ചുരുക്കത്തിൽ

### ആഗ്രയിൽ നാലു കുട്ടികൾ ഒഴുക്കിൽപെട്ടു മരിച്ചു

ആഗ്ര: ഉത്തർപ്രദേശിലെ ആഗ്രയിൽ യമുനാനദിയിൽ കുളിക്കാനിറങ്ങിയ നാലു കുട്ടികൾ ഒഴുക്കിൽപെട്ടു മരിച്ചു. നാലു കുട്ടികളും ഒരു സ്ത്രീയും ഉൾപ്പെടെ അഞ്ചുപേരെ രക്ഷപ്പെടുത്തി. കന്ദൗലി പൊലീസ് സ്റ്റേഷൻ പരിധിയിൽ യമുന എക്സ്പ്രസ് വേയോടു ചേർന്നാണ് അപകടം. മരിച്ചവരെല്ലാം 10–12 വയസ്സുള്ള കുട്ടികളാണെന്നാണ് വിവരം. ഒഴുക്കിൽപെട്ട ഒരു കുട്ടിയെ രക്ഷപ്പെടുത്താനുള്ള ശ്രമത്തിനിടെ മറ്റുള്ളവരും അപകടത്തിൽ പെടുകയായിരുന്നുവെന്നാണ് വിവരം

### സൂറത്തിൽ കെട്ടിടം തകർന്ന് അപകടം: മരണം ഏഴായി

സൂറത്ത്: ഗുജറാത്തിൽ ആറ് നില കെട്ടിടം തകർന്ന് വീണുണ്ടായ അപകടത്തിൽ മരണം 7 ആയി. ശനിയാഴ്ച ഉച്ചക്ക് രണ്ടേ മുക്കാലോടെ സൂറത്തിന് സമീപം സച്ചിൻ പാലി ഗ്രാമത്തിലാണ് അപകടം നടന്നത്. അപകടത്തിൽ പരുക്കേറ്റ 15 പേർ ആശുപത്രിയിൽ ചികിത്സയിലാണ്. കോൺക്രീറ്റ് അവശിഷ്ടങ്ങൾക്കിടയിൽ നിന്ന് ഒരു സ്ത്രീയെ ജീവനോടെ രക്ഷാപ്രവർത്തകർ പുറത്തെടുത്തു. 2017ൽ പണിത അപ്പാർട്ട്മെന്റ് കെട്ടിടം കനത്ത മഴയിൽ ഇടിഞ്ഞ് വീഴുകയായിരുന്നു. കെട്ടിടം ജീർണാവസ്ഥയിലായിരുന്നുവെന്നാണ് പ്രദേശവാസികൾ പറയുന്നത്. ആകെ 30 അപ്പാർട്ട്മെന്റുകൾ കെട്ടിടത്തിൽ ഉണ്ടായിരുന്നെങ്കിലും ഇതിൽ 5 എണ്ണത്തിൽ മാത്രമെ ആൾത്താമസമുണ്ടായിരുന്നുള്ളൂ. ദേശീയ ദുരന്തനിവാരണ സേനയുടെയും സംസ്ഥാന ദുരന്ത നിവാരണ സേനയുടെയും നേതൃത്വത്തിൽ കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നവർക്കായി തിരച്ചിൽ ഇന്നലെ വൈകിയും തുടരുകയാണ്. കൂടുതൽ പേർ കെട്ടിടത്തിനുള്ളിൽ കുടുങ്ങിക്കിടക്കുന്നില്ലെന്നാണ് പൊലീസിന്റെ നിഗമനം. കെട്ടിടം തകർന്നു വീഴാനിടയായ സാഹചര്യത്തെ കുറിച്ച് അന്വേഷിക്കുമെന്ന് ജില്ലാ ഭരണകൂടം വ്യക്തമാക്കി.

### ജാർഖണ്ഡിൽ കെട്ടിടം തകർന്ന് മൂന്ന് മരണം

റാഞ്ചി: ജാർഖണ്ഡിലെ ദിയോഘർ നഗരത്തിൽ ഇരുനില കെട്ടിടം തകർന്നുവീണ് മൂന്ന് പേർ മരിച്ചു. എട്ട് പേർക്ക് പരിക്കേറ്റു. ഇന്നലെ പുലർച്ചെയാണ് അപകടം. രാവിലെ 6 മണിക്ക് ആരംഭിച്ച രക്ഷാപ്രവർത്തനം വൈകുന്നേരം 4 മണിയോടെയാണ് അവസാനിച്ചത്. നാലു കുട്ടികളെ പ്രദേശവാസികൾ രക്ഷപ്പെടുത്തി. ദേശീയ ദുരന്ത നിവാരണ സേന എത്തിയാണ് മറ്റു ഏഴു പേരെ പുറത്തെടുത്തത്. ഇവരെ ദിയോഘർ സദർ ആശുപത്രിയിലെത്തിച്ചെങ്കിലും മൂന്നു പേർ മരിച്ചതായി ഡെപ്യൂട്ടി കമ്മീഷണർ വിശാൽ സാഗർ പറഞ്ഞു. പരിക്കേറ്റവരിൽ ഒരു കുട്ടിയും ഉൾപ്പെടും.

### അമരാവതി ജയിലിൽ സ്ഫോടനം

മുംബൈ: മഹാരാഷ്ട്രയിലെ അമരാവതി സെൻട്രൽ ജയിലിൽ സ്ഫോടനം. ആർക്കും പരിക്കില്ല. നാടൻ ബോംബ് ആണ് പൊട്ടിത്തെറിച്ചതെന്ന് പരിശോധനയിൽ കണ്ടെത്തി. ബോംബ് സ്ക്വാഡ് ജയിലിൽ പരിശോധന നടത്തി. ശനിയാഴ്ച രാത്രിയാണ് സംഭവം. ജയിലിലെ 6, 7 ബാരക്കുകൾക്ക് സമീപമാണ് സ്ഫോടകവസ്തു എറിഞ്ഞത്. എവിടെ നിന്നാണ് ബോംബ് ജയിലിനുള്ളിൽ എത്തിയതെന്നോ ആരാണ് എറിഞ്ഞതെന്നോ വ്യക്തമല്ല. കമ്മീഷണർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സ്ഥലത്തെത്തി പരിശോധന നടത്തി. പ്ലാസ്റ്റിക് ബോളിന്റെ വലിപ്പത്തിലുള്ള ബോംബാണ് പൊട്ടിയതെന്ന് കമ്മീഷണർ നവീൻചന്ദ്ര റെഡ്ഡി പറഞ്ഞു.

## യു.പി ആൾകൂട്ടക്കൊല; നടപടിയില്ല

# കേസ് വാർത്ത പുറത്തുവിട്ടതിന്

### മാധ്യമ പ്രവർത്തകർക്കെതിരെ യു.പി പൊലീസിന്റെ പകപോക്കൽ

ലക്നൗ: യു.പിയിലെ ഷാംലി ജില്ലയിൽ മുസ്‌ലിം യുവാവിനെ ആൾകൂട്ടം മർദ്ദിച്ചു കൊന്ന സംഭവത്തിൽ കുറ്റവാളികളെ പിടിക്കുന്നതിനു പകരം വാർത്ത പുറത്തുവിട്ട മാധ്യമ പ്രവർത്തകർക്കെതിരെ കേസെടുത്ത് പൊലീസ്.

മാധ്യമ പ്രവർത്തകനായ സാകിർ അലി ത്യാഗി ഉൾപ്പെടെ അഞ്ചുപേർക്കെതിരെയാണ് മതസ്പർധ വളർത്തുന്ന തരത്തിൽ സോഷ്യൽമീഡിയ വഴി അടിസ്ഥാന രഹിത വാർത്തകൾ പ്രചരിപ്പിച്ചുവെന്നാരോപിച്ച് ഭാരതീയ നിയമ സിംഹിത (ബി.എൻ.എസ്) പ്രകാരം കേസെടുത്തത്. സാകിർ അലിക്കു പുറമെ വസീം അക്രം ത്യാഗി, ആസിഫ് റാണ, സൈഫ് അലഹബാദി, അഹമ്മദ് റസാ ഖാൻ എന്നിവർക്കെതിരെയാണ് കേസെടുത്തത്. ജലാലാബാദ് സ്വദേശിഫിറോസ് ഖാൻ എന്നയാളെയാണ് ആൾകൂട്ടം മർദ്ദിച്ചു കൊലപ്പെടുത്തിയത്. ജോലി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുന്നതിനിടെ ഫിറോസ് ഖാനെ കള്ളനെന്ന് ആരോപിച്ച് ആൾകൂട്ടം ക്രൂരമായി മർദ്ദിക്കുകയായിരുന്നു.

വ്യാഴാഴ്ച രാത്രി എട്ടിനും പതിനൊന്നിനും ഇടയിലായിരുന്നു സംഭവം. സ്ഥലത്തുനിന്ന് രക്ഷപ്പെട്ട ഇയാൾ വീട്ടിലെത്തിയെങ്കിലും രാത്രിയോടെ മരിച്ചു. മോദി സർക്കാർ കേന്ദ്രത്തിൽ വീണ്ടും അധികാരത്തിൽ എത്തിയതിനു പിന്നാലെ യു.പിയിൽ ആൾകൂട്ട കൊലകൾ ആവർത്തിക്കുന്ന പശ്ചാത്തലത്തിൽ സംഭവം സാമൂഹ്യ മാധ്യമങ്ങളിൽ ഉൾപ്പെടെ വലിയ വാർത്തയായിരുന്നു. ഇതിനൊപ്പമാണ് മാധ്യമ പ്രവർത്തകനായ സാകിർ അലി ത്യാഗി മരിച്ച ഫിറോസ് ഖാന്റെയും മർദ്ദനത്തിന് നേതൃത്വം നൽകിയെന്ന് കുടുംബം ആരോപിച്ച ഏതാനും പേരുടേയും പേര് ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി ആൾകൂട്ട കൊലപാതകത്തിന്റെ വാർത്ത പോസ്റ്റു ചെയ്തത്. എന്നാൽ നടന്നത് ആൾകൂട്ട കൊലയല്ലെന്നും ഏതാനും പേർ ചേർന്ന് ഫിറോസ് ഖാനെ വീട്ടിൽ കയറി മർദ്ദിക്കുകയായിരുന്നുവെന്നുമാണ് പൊലീസ് വാദം. കൊല്ലപ്പെട്ട മുസ്‌ലിം യുവാവിന്റെയും മർദ്ദനത്തിന് നേതൃത്വം നൽകിയ ഹിന്ദു യുവാക്കളുടേയും പേരുകൾ പുറത്തുവിട്ടത് മതസ്പർദ്ധ സൃഷ്ടിക്കാനുള്ള ആസൂത്രിത നീക്കത്തിന്റെ ഭാഗമാണെന്നാണ് സാകിർ അലി ത്യാഗി ഉൾപ്പെടെയുള്ളവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസിൽ പൊലീസ് അവകാശപ്പെടുന്നത്.

ബി.എൻ.എസ് 196, 353 വകുപ്പുകൾ പ്രകാരമാണ് കേസ്. അതേസമയം ഫിറോസ് ഖാന്റെ കൊലപാതകവുമായി ബന്ധപ്പെട്ട കേസിൽ പൊലീസ് ഒളിച്ചുകളി നടത്തുന്നതായി ആരോപണമുണ്ട്. സംഭവത്തിൽ ആദ്യം കേസ് രജിസ്റ്റർ ചെയ്യാൻ പോലും പൊലീസ് തയ്യാറായിരുന്നില്ല. ഇതേതുടർന്ന് മൃതദേഹവുമായി കുടുംബം റോഡ് ഉപരോധിച്ചതിനെതുടർന്നാണ് പൊലീസ് കേസെടുത്തത്. എന്നാൽ മർദ്ദിച്ചവരുടെ പേരു വിവരം ഉൾപ്പെടുത്തി ഫിറോസിന്റെ സഹോദരൻ പരാതി നൽകിയിട്ടും കണ്ടലറിയാത്ത ഏതാനും പേർക്കെതിരെയാണ് എഫ്.ഐ.ആർ പ്രകാരം പൊലീസ് കേസെടുത്തത്.

അതും ഭാരതീയ നിയമ സംഹിതയുടെ സെക്ഷൻ 105 പ്രകാരം ബോധപൂർവ്വമല്ലാത്ത നരഹത്യാകുറ്റം ചുമത്തി. പ്രതികളെ ഇതുവരെ പിടികൂടാനും പൊലീസ് തയ്യാറായിട്ടില്ല. ലോക്സഭാ തിരഞ്ഞെടുപ്പ് ഫലം പുറത്തു വന്ന ജൂൺ നാലിനു ശേഷം 12 പേരാണ് ഇതുവരെ ഉത്തർപ്രദേശിൽ ആൾകൂട്ട കൊലക്ക് ഇരയായത്. ഇതിൽ എട്ടുപേരും മുസ്‌ലിംകളായിരുന്നു.

### കുൽഗാമിലും രജൗറിയിലും ഭീകരാക്രമണം

# രണ്ടു ദിവസത്തിനിടെ ഏഴ് ഭീകരരെ വധിച്ചു

### രണ്ടു ജവാന്മാർക്ക് വീരമൃത്യു

ശ്രീനഗർ: ജമ്മു കശ്മീരിൽ കുൽഗാമിന് പിന്നാലെ രജൗറി ജില്ലയിലും ഭീകരാക്രമണം. ഞായറാഴ്ച പുലർച്ചെ മഞ്ചാക്കോട്ടെ മേഖലയിലെ ഗാലുത്തി ഗ്രാമത്തിൽ സൈനിക പോസ്റ്റിനുനേരെ ഭീകരർ നടത്തിയ വെടിവെപ്പിൽ സൈനികനു പരുക്കേറ്റു. അരമണിക്കൂറോളം നീണ്ട വെടിവയ്പ്പിനെത്തുടർന്ന് ഭീകരർ സമീപത്തെ വനമേഖലയിലേക്ക് രക്ഷപ്പെട്ടതായാണ് റിപ്പോർട്ട്. ഇവർക്കായുള്ള തിരച്ചിൽ തുടരുകയാണ്.

ശനിയാഴ്ച കുൽഗാം ജില്ലയിൽ രണ്ടിടങ്ങളിലായുണ്ടായ ഭീകരാക്രമണത്തിൽ രണ്ട് സൈനികർ വീരമൃത്യു വരിച്ചിരുന്നു. ലാൻസ് നായിക് പ്രദീപ് നൈനും ഹവിൽദാർ രാജ്കുമാറുമാണ് വീരമൃത്യു വരിച്ചത്. മോദേർഗാം ഗ്രാമത്തിലും ഫ്രിസാൽ ചിന്നിഗാം പ്രദേശത്തും നടന്ന ഏറ്റുമുട്ടലിനിടെ രണ്ടിടത്തായി 7 ഭീകരരെയാണ് സൈന്യം വധിച്ചത്. ഹിസ്ബുൾ മുജാഹിദീൻ സീനിയർ കമാൻഡർ ഫറൂഖ് അഹമ്മദും മരിച്ച ഭീകരരിൽ ഉൾപ്പെടുന്നു. രണ്ടിടങ്ങളിലായി ആറ് ഭീകരർ ഒളിച്ചിരിക്കുന്നുവെന്ന വിവരത്തെത്തുടർന്ന് സുരക്ഷാ സേന തിരച്ചിൽ തുടരുകയാണെന്ന് സൈനിക വൃത്തങ്ങൾ അറിയിച്ചു

### മുഖ്യ സൂത്രധാരൻ ലഷ്കർ നേതാവ് സാജിദ് ജാട്ട്

ശ്രീനഗർ: ജമ്മു കശ്മീരിൽ കഴിഞ്ഞ ദിവസങ്ങളലുണ്ടായ ഭീകരാക്രമണങ്ങളുടെ മുഖ്യ സൂത്രധാരൻ ലഷ്കർ ഇ ത്വയ്ബ ഓപ്പറേഷൻ കമാൻഡറായ സൈഫുള്ള സാജിദ് ജാട്ട് ആണെന്ന് എൻ.ഐ. എ. പാകിസ്താനിലെ പഞ്ചാബ് സ്വദേശിയായ ഇയാൾ കസൂർ ജില്ലയിലെ ഷംഗമംഗ ഗ്രാമത്തിലാണ് താമസം.

ഇയാളുടെ തലയ്ക്ക് 10 ലക്ഷം രൂപയാണ് സുരക്ഷാ സേന വിലയിട്ടത്. പാകിസ്താൻ തലസ്ഥാനമായ ഇസ്‌ലാമാബാദിലെ ബേസ് ക്യാമ്പിൽ നിന്നാണ് സാജിദ് ജാട്ട് ആക്രമണങ്ങൾ ആസൂത്രണം ചെയ്യുന്നതെന്നും എൻ.ഐ.എ വ്യക്തമാക്കുന്നു. ഇയാളുടെ ഭാര്യ ഇന്ത്യൻ വംശജയാണ്. നേരത്തെ പാക് അധിനിവേശ കശ്മീരിൽ സൈഫുള്ള ജോലി ചെയ്തിട്ടുണ്ട്. ലഷ്കറിലേക്കുള്ള റിക്രൂട്ട്മെന്റും ഭീകരരെ ഇന്ത്യയിലേക്ക് കടക്കാൻ സഹായിക്കുന്നതും സാജിദ് ജാട്ടിന്റെ നേതൃത്വത്തിലാണ്. തീവ്രവാദ ഫണ്ടിങ് അടക്കം കൈകാര്യം ചെയ്യുന്ന ജാട്ട് എൻ.ഐ.എയുടെ മോസ്റ്റ് വാണ്ടഡ് ലിസ്റ്റിലുള്ള ആളാണെന്നാണ് റിപ്പോർട്ട്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി ജമ്മു കശ്മീർ താഴ്‌വരയിൽ നടന്ന നിരവധി ഭീകരാക്രമണങ്ങൾക്ക് പിന്നിൽ ജാട്ട് ആണെന്നാണ് എൻ.ഐ.എ പറയുന്നത്.

കശ്മീരിലെ ഖാസിം എന്ന വ്യക്തിയുമായി ജാട്ട് നിരന്തരം സമ്പർക്കം പുലർത്തിയതായും ഇയാൾക്കായി തിരച്ചിൽ തുടരുകയാണെന്നും സുരക്ഷാ സേന അറിയിച്ചു.

### ഹാഥ്റസ് ദുരന്തം; അട്ടിമറിയെന്ന് ആവർത്തിച്ച് ഭോലെ ബാബ

ലക്നോ: ഉത്തർപ്രദേശിലെ ഹാഥ്റസിൽ മതചടങ്ങിനിടെ തിക്കിലും തിരക്കിലും 121 പേർ മരിച്ച ദുരന്തത്തിൽ അട്ടിമറി നടന്നുവെന്ന ആരോപണം ആവർത്തിച്ച് ആൾദൈവം ഭോലെ ബാബ. ഇയാളുടെ അഭിഭാഷകൻ എ.പി സിങ് ആണ് കോടതിയിൽ അട്ടിമറി ആരോപണം ആവർത്തിച്ചത്.

ദുരന്തമുണ്ടാകുന്നതിന് മുമ്പ് ഒരു സംഘം ആളുകൾ വിഷപദാർത്ഥം അടങ്ങിയ ക്യാനുകളുമായി വന്ന് പന്തലിൽ വച്ച് മൂടി തുറന്നുവെന്നും ഇതിനു പിന്നാലെയാണ് ആളുകൾക്ക് ശ്വാസം മുട്ടാൻ തുടങ്ങിയതെന്നുമായിരുന്നു അഭിഭാഷകന്റെ വാദം. അതേസമയം ദുരന്തത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്ന രക്ഷപ്പെടാൻ ആൾദൈവം കഥ മെനഞ്ഞുണ്ടാക്കുകയാണെന്ന വിമർശനവും ഉയരുന്നുണ്ട്.

കസിൽ കഴിഞ്ഞ ദിവസം അറസ്റ്റിലായ മുഖ്യ പ്രതിയും ഭോലെ ബാബയുടെ സഹായിയുമായ ദേവപ്രകാശ് മധുകറിന്റെ കോടതിയിൽ ഹാജരാക്കുന്നതിനിടെയാണ് പ്രതിഭാഗം അഭിഭാഷകൻ ഈ വാദങ്ങൾ ഉന്നയിച്ചത്. 15–16 പേരടങ്ങുന്ന സംഘമാണ് വിഷവാതകവുമായി എത്തിയത്. മരിച്ചവരുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് താൻ കണ്ടു. എല്ലാവരും ശ്വാസം മുട്ടിയാണ് മരിച്ചതെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. ആർക്കും പരിക്കേറ്റതായി പോസ്റ്റ്മോർട്ടം റിപ്പോർട്ടിലില്ല. തിക്കിലും തിരക്കിലും പെട്ടായിരുന്നുവെങ്കിൽ ആളുകൾക്ക് പരിക്കേൽക്കേണ്ടതായിരുന്നു. മാത്രമല്ല, ഒരു സംഘം ക്യാനുമായി പന്തലിലേക്ക് വരുന്നത് കണ്ടതായി ദൃക്സാക്ഷികൾ തന്നോട് പറഞ്ഞിട്ടുണ്ട്.

സുരക്ഷ ഉറപ്പാക്കേണ്ടതിനാൽ സാക്ഷികൾ ആരെന്ന് ഇപ്പോൾ വെളിപ്പെടുത്താനാവില്ല. ദുരന്തമുണ്ടായതിനു പിന്നാലെ സമീപത്ത് പാർക്ക് ചെയ്തിരുന്ന വാഹനത്തിൽ ഇവർ രക്ഷപ്പെട്ടതായും അഭിഭാഷകൻ കോടതിയിൽ പറഞ്ഞു. തന്റെ കക്ഷിയുടെ വർധിച്ചുവരുന്ന സ്വീകാര്യത ഇല്ലാതാക്കാൻ വേണ്ടിയാണ് ഗൂഢാലോചന നടന്നതെന്ന് കരുതുന്നതായും അഭിഭാഷകൻ പറഞ്ഞു. അതേസമയം കേസിൽ ഭോലെ ബാബയെ ഇതുവരെ പൊലീസ് പ്രതിചേർത്തിട്ടില്ല. ദേവപ്രകാശ് മധുകർ ഉൾപ്പെടെ ഇതുവരെ ഒമ്പതു പേരാണ് സംഭവത്തിൽ അറസ്റ്റിലായത്.

### ആദിത്യനാഥിന് കത്തയച്ച് രാഹുൽ ഗാന്ധി

ന്യൂഡൽഹി: ഹാഥ്റസ് ദുരന്തത്തിൽ മരിക്കുകയോ പരിക്കേൽക്കുകയോ ചെയ്തവരുടെ കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം വർധിപ്പിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥിന് കത്തയച്ചു. മരിച്ചവരുടെ കുടുംബങ്ങളെ രാഹുൽ കഴിഞ്ഞദിവസം സന്ദർശിച്ചിരുന്നു. ദുരന്തത്തെക്കുറിച്ച് നീതിപൂർവവും സുതാര്യവുമായ അന്വേഷണം വേണമെന്ന് കത്തിൽ രാഹുൽ ആവശ്യപ്പെട്ടു. കുടുംബങ്ങൾക്ക് നീതി ലഭിക്കാൻ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു. നിലവിൽ ഉത്തർപ്രദേശ് സർക്കാർ നൽകുന്ന നഷ്ടപരിഹാരം അപര്യാപ്തമാണെന്നും കൂടുതൽ തുക സമാഹരിച്ച് എത്രയും വേഗം കുടുംബങ്ങൾക്ക് നൽകണമെന്നും യോഗി ആദിത്യനാഥിനോട് അദ്ദേഹം ആവശ്യപ്പെട്ടു. മരിച്ചവരുടെ കുടുംബത്തിന് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും കേന്ദ്രവും ഉത്തർപ്രദേശ് സർക്കാരും നഷ്ടപരിഹാരം പ്രഖ്യാപിച്ചിട്ടുണ്ട്.

### ബി.എസ്.പി നേതാവിന്റെ കൊലപാതകം

# സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ട് മായാവതി

ചെന്നൈ: ബി.എസ്.പി തമിഴ്നാട് അധ്യക്ഷൻ കെ. ആംസ്ട്രോങിന്റെ കൊലപാതകം സി.ബി.ഐ അന്വേഷിക്കണമെന്ന് പാർട്ടി ദേശീയ അധ്യക്ഷ മായാവതി. 'തമിഴ്നാട്ടിൽ ക്രമസമാധാനം ഇല്ലാതായിരിക്കുകയാണെന്ന് ആംസ്ട്രോങിന്റെ കൊലപാതകം വ്യക്തമാക്കുന്നത്. പ്രതികളാരും ഇതുവരെ പിടിക്കപ്പെട്ടിട്ടില്ല. കേസ് സി.ബി.ഐയ്ക്ക് കൈമാറാൻ ഞങ്ങൾ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുകയാണ്'– മായാവതി പറഞ്ഞു.



ചെന്നൈയിൽ കൊല്ലപ്പെട്ട ബി.എസ്.പി തമിഴ്നാട് അധ്യക്ഷൻ കെ. ആംസ്ട്രോങിന്റെ മൃതദേഹത്തിൽ മായാവതി അന്തിമോപചാരം അർപ്പിക്കുന്നു

ആംസ്ട്രോങിന്റെ സംസ്കാരച്ചടങ്ങിൽ പങ്കെടുക്കാൻ ചെന്നൈയിലെത്തിയ മായാവതി, അന്ത്യാഞ്ജലി അർപ്പിച്ച ശേഷം സംസാരിക്കുകയായിരുന്നു. സംസ്ഥാനത്ത് ദലിത് വിഭാഗങ്ങൾ സുരക്ഷിതരല്ല. സർക്കാർ ക്രമസമാധാനം നിലപരിപാലിക്കുന്നതിൽ ശ്രദ്ധ പുലർത്തണം. സംഭവത്തിൽ സർക്കാരിൽനിന്നു നീതി ലഭ്യമാകുമെന്ന് ഉറപ്പില്ല. ബി.എസ്.പി നിശബ്ദത പാലിക്കില്ല. സംസ്ഥാന സർക്കാരിൽ സമ്മർദം ചെലുത്തും. പ്രവർത്തകർ സംയമനം പാലിക്കണം– അവർ ആവശ്യപ്പെട്ടു. മരുമകനും ബി.എസ്.പി. ദേശീയ കോഓർഡിനേറ്ററുമായ ആകാശ് ആനന്ദിനൊപ്പമാണ് മായാവതി ചെന്നൈയിലെത്തിയത്.

വെള്ളിയാഴ്ചയാണ് 47 കാരനായ ആംസ്ട്രോങിനെ ആറംഗ സംഘം വെട്ടിക്കൊലപ്പെടുത്തിയത്. ഇരുചക്രവാഹനങ്ങളിലെത്തിയ സംഘം ഗുരുതരമായി വെട്ടിപ്പരിക്കേൽപ്പിച്ചശേഷം രക്ഷപ്പെടുകയായിരുന്നു. ചെന്നൈ പെരമ്പൂരിലെ സദയപ്പൻ സ്ട്രീറ്റിലുള്ള വീടിനുസമീപത്തുവെച്ച് രാത്രി 7.30ഓടെയായിരുന്നു സംഭവം. കേസിൽ എട്ടു പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. സംഭവത്തിൽ രാഷ്ട്രീയമില്ലെന്നും ഗുണ്ടാസംഘങ്ങൾ തമ്മിലുള്ള കുടിപ്പകയാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്നുമാണ് പൊലീസ് പറയുന്നത്.

### ആംസ്ട്രോങിന്റെ മൃതദേഹം പാർട്ടി ഓഫീസിൽ സംസ്കരിക്കുന്നത് തടഞ്ഞ് കോടതി

ചെന്നൈ: കെ ആംസ്ട്രോങിന്റെ മൃതദേഹം ബി.എസ്.പി സംസ്ഥാന കമ്മിറ്റി ഓഫീസിൽ സംസ്കരിക്കുന്നത് മദ്രാസ് ഹൈക്കോടതി തടഞ്ഞു. മൃതദേഹം തൊട്ടടുത്ത തിരുവള്ളുവർ ജില്ലയിൽ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒരേക്കർ സ്ഥലത്ത് സംസ്കരിക്കാമെന്നും ജസ്റ്റിസ് വി ഭവാനി സുബ്ബരായൻ അറിയിച്ചു. ശവസംസ്കാര ചടങ്ങുകൾ സമാധാനപരമായി നടത്തണമെന്നും കോടതി നിർദേശം നൽകി. ചെന്നൈയിലെ പാർട്ടി ഓഫീസിൽ മൃതദേഹം സംസ്കരിക്കുന്നതിന് അനുമതി തേടി ആംസ്ട്രോങിന്റെ ഭാര്യ കെ പോർക്കൊടിയാണ് കോടതിയെ സമീപിച്ചത്. 2,600 ചതുരശ്രയടിയുള്ള ഓഫീസ് ബി.എസ്.പിയുടെ ഉടമസ്ഥതയിലുള്ളതാണെന്നും ഹർജിക്കാർ വാദിച്ചു. എന്നാൽ ഇത് റെസിഡൻഷ്യൽ ഏരിയയാണെന്നും റോഡ് സൗകര്യം കുറവാണെന്നും ചൂണ്ടിക്കാട്ടി തമിഴ്നാട് സർക്കാരിന് വേണ്ടി ഹാജരായ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ജെ. രവീന്ദ്രൻ ഹർജിയെ എതിർത്തു. ബി.എസ്.പി ഓഫീസിനും അവരുടെ വസതിക്കും സമീപമുള്ള 2,000 ചതുരശ്ര അടി വീതമുള്ള മൂന്ന് സ്ഥലങ്ങൾ കണ്ടെത്തിയതായും അവിടെ ശവസംസ്കാരത്തിനോ സ്മാരകത്തിനോ ഇഷ്ടമുള്ളതെന്തും തിരഞ്ഞെടുക്കാമെന്നും അദ്ദേഹം പറഞ്ഞു. സംസ്കാരത്തിന് ആയിരക്കണക്കിന് ആളുകൾക്ക് ഒത്തുചേരാൻ കഴിയുന്ന സ്ഥലം ആവശ്യമാണെന്നും എന്തെങ്കിലും സംഭവിച്ചാൽ ആര് ഉത്തരവാദിത്വമേൽക്കുമെന്നും ഹാഥ്റസ് ദുരന്തം ചൂണ്ടിക്കാട്ടി കോടതി ആംസ്ട്രോങിന്റെ ഭാര്യക്കുവേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ ചന്ദ്രസുബ്ബുവിനോട് ചോദിച്ചു. ഞാനിത് പറയുന്നത് ഒരു സഹോദരി എന്ന നിലയിലാണ്, അല്ലാതെ ഒരു ജഡ്ജി എന്ന നിലയിലല്ല. സർക്കാർ നൽകുന്ന സ്ഥലത്ത് ഇപ്പോൾ സംസ്കാരം നടത്തുക. പിന്നീട് വലിയ സ്ഥലം വാങ്ങി മൃതദേഹം അവിടേക്ക് മാറ്റുന്നതിനെക്കുറിച്ച് തീരുമാനമെടുക്കാം– ജസ്റ്റിസ് ഭവാനി സുബ്ബരായൻ വ്യക്തമാക്കി. തുടർന്ന് തിരുവള്ളുവർ ജില്ലയിൽ സംസ്കാരം നടത്താൻ പാർട്ടി തീരുമാനിക്കുകയായിരുന്നു.

### ശിവസേന നേതാവിന്റെ മകൻ ഓടിച്ച ആഢംബര കാറിടിച്ച് സ്ത്രീ മരിച്ചു

മുംബൈ: ശിവസേന ഷിൻഡെ വിഭാഗം നേതാവിന്റെ മകൻ ഓടിച്ച ബി.എം.ഡബ്ല്യൂ കാർ ഇടിച്ച് യുവതി മരിച്ചു. ഭർത്താവിനൊപ്പം ബൈക്കിൽ യാത്ര ചെയ്യുകയായിരുന്ന കാവേരി നഖ്‌വ (45) ആണ് മരിച്ചത്. വോർളിയിൽ പുലർച്ചെ ഇന്നലെ 5.30 ഓടെയായിരുന്നു അപകടം.

കാർ ഉടമയും ശിവസേന ഷിൻഡെ വിഭാഗം നേതാവുമായ രാജേഷ് ഷായെ പൊലീസ് കസ്റ്റഡിയിലെടുത്തു. സംഭവ സമയത്ത് കാർ ഓടിച്ചിരുന്നെന്ന് കരുതുന്ന ഇയാളുടെ മകൻ മിഹിർ ഷാ (24) ഒളിവിലാണ്. ഇയാൾ മദ്യപിച്ചിരുന്നതായാണ് റിപ്പോർട്ട്. മത്സ്യവിൽപ്പനക്കാരനായ ഭർത്താവ് പ്രദീപ് നഖ്‌വക്കൊപ്പം സാസൂൺ ഡോക്കിൽനിന്ന് മത്സ്യവും വാങ്ങി തിരികെ പോകുകയായിരുന്നു കാവേരി. കോലിവാഡയിൽ വെച്ച് അമിത വേഗത്തിലെത്തിയ കാർ, ബൈക്കിനെ ഇടിച്ച് തെറിപ്പിക്കുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ കാവേരിയെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല അപകടത്തിന് പിന്നാലെ മിഹിർ ഷാ സംഭവ സ്ഥലത്തുനിന്നും ഓടിരക്ഷപ്പെട്ടു. ജുഹുവിലെ ബാറിൽനിന്ന് മദ്യപിച്ച ശേഷം തിരികെ വീട്ടിലേക്ക് വരികയായിരുന്നു മിഹിർ.

വാഹനത്തിൽ ഡ്രൈവർ ഉണ്ടായിരുന്നുവെങ്കിലും അയാളെ മാറ്റി മിഹിർ ഷാ കാർ ഓടിക്കുകയായിരുന്നുവെന്ന് ദേശീയമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. അപകടത്തിന് പിന്നാലെ തെളിവ് നശിപ്പിക്കാനുള്ള ശ്രമവും നടന്നു. കാറിൽനിന്ന് ശിവസേന സ്റ്റിക്കർ പറിച്ചു കളയാൻ ശ്രമിക്കുകയും നമ്പർ പ്ലേറ്റുകളിൽ ഒന്ന് പറിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. പുതിയ ക്രിമിനൽ കോഡ് ഭാരതീയ ന്യായ സംഹിത പ്രകാരം കൊലപാതകം, അശ്രദ്ധമായി വാഹനം ഓടിക്കൽ, തെളിവ് നശിപ്പിക്കൽ തുടങ്ങിയ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിരിക്കുന്നത്.

മോട്ടോർ വെഹിക്കിൾസ് ആക്ടിലെ വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്. കുറ്റക്കാരെ എത്രയും പെട്ടെന്ന് അറസ്റ്റ് ചെയ്യണമെന്ന് ശിവസേന (യു.ബി.ടി.) വിഭാഗം നേതാവ് ആദിത്യ താക്കറെ രംഗത്തെത്തി. ഉചിതമായ നടപടി ഉണ്ടാകുമെന്നും കുറ്റവാളികൾ രക്ഷപ്പെടില്ലെന്നും മഹാരാഷ്ട്ര മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെയും പ്രതികരിച്ചു.

### മോഷ്ടാവെന്ന് ആരോപിച്ച് ബംഗാളിൽ യുവാവിനെ തല്ലിക്കൊന്നു

കൊൽകത്ത: പശ്ചിമ ബംഗാളിൽ മോഷ്ടാവെന്ന് ആരോപിച്ച് യുവാവിനെ ആൾക്കൂട്ടം തല്ലിക്കൊന്നു. ഭംഗറിലാണ് സംഭവം. അസ്ഗർ മൊല്ല (50) എന്നയാളാണ് കൊല്ലപ്പെട്ടത്. ഭംഗർ പൊലീസ് സ്റ്റേഷനിൽ നിന്ന് 500 മീറ്റർ അകലെയാണ് മൃതദേഹം കണ്ടെത്തിയത്. ഫൂൽബാരിയിൽ താമസിക്കുന്ന അസ്ഗർ മൊല്ലക്ക് നേരെ ആൾകൂട്ടം അക്രമം അഴിച്ചുവിടുകയായിരുന്നു. മണിക്കൂറുകൾ റോഡിൽ മൃതദേഹം കിടന്നിട്ടും പൊലീസ് തിരിഞ്ഞുനോക്കിയില്ലന്ന ആരോപണവും ഉയരുന്നുണ്ട്.

### അധ്യാപകനെ ക്ലാസ് മുറിയിൽ വിദ്യാർത്ഥി കുത്തിക്കൊന്നു

ഗുവാഹത്തി: അധ്യാപകനെ ക്ലാസ് മുറിയിൽ കുത്തിക്കൊന്ന കേസിൽ പതിനൊന്നാം ക്ലാസ് വിദ്യാർത്ഥിയെ പൊലീസ് അറസ്റ്റ് ചെയ്തു. അസമിലെ ശിവസാഗർ ജില്ലയിലെ സ്വകാര്യ സ്കൂളിലാണ് സംഭവം. യൂണിഫോമില്ലാതെ ക്ലാസിലെത്തിയതു ചോദ്യം ചെയ്തതിനാണ് അധ്യാപകനെ കത്തി കൊണ്ടു കുത്തിയത്.

ഗുരുതരമായി പരുക്കേറ്റ കെമിസ്ട്രി അധ്യാപകൻ രാജേഷ് ബറുവ ബെജവാഡയെ (55) ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. തലേദിവസം ക്ലാസിലെ മോശം പ്രകടനം ചൂണ്ടിക്കാട്ടി അധ്യാപകൻ വിദ്യാർത്ഥിയെ ശകാരിക്കുകയും മാതാപിതാക്കളെ കൊണ്ടുവരണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

ക്ലാസിൽ നിന്നും വിദ്യാർത്ഥിയെ ഇറക്കിവിട്ടതായും സഹപാഠികൾ പറയുന്നു. അടുത്ത ദിവസം രക്ഷിതാക്കളെ കൂട്ടാതെയും യൂണിഫോമില്ലാതെയും ക്ലാസിലെത്തിയ കുട്ടിയെ അധ്യാപകൻ എഴുന്നേൽപ്പിച്ചു നിർത്തി ശകാരിച്ചു. ഇതിനിടെയാണു വിദ്യാർത്ഥി കത്തി കൊണ്ട് ആക്രമിച്ചത്. കസ്റ്റഡിയിലെടുത്ത വിദ്യാർത്ഥിയെ പൊലീസ് ചോദ്യം ചെയ്യുകയാണ്.

### മഹുവ മൊയ്ത്രക്കെതിരെ പുതിയ കേസ്

ന്യൂഡൽഹി: സോഷ്യൽ മീഡിയ പോസ്റ്റിന്റെ പേരിൽ തൃണമൂൽ കോൺഗ്രസ് എം.പി മഹുവ മൊയ്ത്രക്കെതിരെ കേസെടുത്ത് ഡൽഹി പൊലീസ്.

രാജ്യത്ത് പുതിയ ക്രിമിനൽ നിയമം നിവലിൽ വന്ന ശേഷം ഒരു പാർലമെന്റംഗത്തിന്റെ പേരിൽ രേഖപ്പെടുത്തുന്ന ആദ്യ കേസ് കൂടിയാണിത്. ദേശീയ വനിതാ കമ്മീഷൻ അധ്യക്ഷ രേഖാ ശർമ്മയെ സോഷ്യൽ മീഡിയയിലൂടെ വിമർശിച്ചതിന്റെ പേരിലാണ് സ്ത്രീയുടെ അന്തസ്സ് ഇടിച്ചു താഴ്ത്തുന്ന തരത്തിൽ പ്രവർത്തിച്ചു എന്ന കുറ്റം ആരോപിച്ച് കേസെടുത്തത്. ഭാരതീയ നിയമ സംഹിത (ബി.എൻ.എസ്) സെക്ഷൻ 79 പ്രകാരമാണ് എഫ്.ഐ.ആർ. രേഖാ ശർമ്മ നൽകിയ പരാതിയിലാണ് പൊലീസ് നടപടി.

### ഗോവയിൽ വെള്ളച്ചാട്ടം കാണാനെത്തിയവർ മലവെള്ളപ്പാച്ചിലിൽ കുടുങ്ങി

പനാജി: ഗോവയിലെ പ്രസിദ്ധമായ പാലി വെള്ളച്ചാട്ടം കാണാനെത്തിയ വിനോദ സഞ്ചാരികൾ മലവെള്ളപ്പാച്ചിലിൽ കുടുങ്ങി. 50 പേരെ രക്ഷപ്പെടുത്തി. 30 പേർ കൂടി കുടുങ്ങിക്കിടക്കുന്നുണ്ടെന്നും ഇവരെ രക്ഷപ്പെടുത്താനുള്ള ശ്രമം തുടരുകയാണെന്നും അഗ്നിശമന സേന അറിയിച്ചു. നൂറു കണക്കിന് വിനോദ സഞ്ചാരികളാണ് സംസ്ഥാനത്തിന് അകത്തുനിന്നും പുറത്തുനിന്നും പാലി വെള്ളച്ചാട്ടത്തിന്റെ ഭംഗി ആസ്വദിക്കാൻ ഓരോ ദിവസവും എത്താറ്. എന്നാൽ ഇന്നലെ രാവിലെ പൊടുന്നനെ മലവെള്ളപ്പാച്ചിൽ ഉണ്ടായതോടെ പുറത്തേക്ക് കടക്കാൻ മാർഗമില്ലാതെ സഞ്ചാരികൾ വെള്ളച്ചാട്ട പ്രദേശത്ത് കുടുങ്ങുകയായിരുന്നു. അഗ്നിരക്ഷാ സേനയും പൊലീസും ചേർന്ന് കൂറ്റൻ വടം കുറുകെ കെട്ടിയാണ് ഓരോരുത്തരെയായി അമ്പതോളം പേരെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റിയത്.

## കൊങ്കണി അക്കാദമി അവാർഡിന് കൃതികൾ ക്ഷണിച്ചു

കോട്ടയം: കേരള കൊങ്കണി അക്കാദമി വർഷം തോറും നൽകി വരുന്ന പണ്ഡരിനാഥ് ഭുവനേന്ദ്ര പുരസ്കാരത്തിനായി കേരളീയ കൊങ്കണി എഴുത്തുകാരിൽ നിന്ന് കൃതികൾ ക്ഷണിച്ചു.

കഥ, നാടകം, ലേഖനം, യാത്രാവിവരണം എന്നീ വിഭാഗങ്ങളിൽ നിന്ന് ഉള്ള കൃതികളാണ് പരിഗണിക്കുന്നത്. ദേവനാഗരി ലിപിയിൽ 20 പേജിൽ കവിയാതെയാണ് കൃതികൾ സമർപ്പിക്കേണ്ടത്.അവസാന തിയ്യതി ആഗസ്റ്റ് 31. രചനകളുടെ ഒപ്പം പ്രത്യേക പേപ്പറിൽ മാത്രമാണ് പേരും വിലാസം എഴുതേണ്ടത്.

അപേക്ഷകൾ അയക്കേണ്ട വിലാസം - കേരള കൊങ്കണി അക്കാദമി, 8/1065, ദിഗംബര, അജന്ത തിയ്യറ്ററിന് സമീപം, എൽ.ജി.പൈ റോഡ്, മട്ടാഞ്ചേരി, കൊച്ചി 682002. ഫോൺ 9446369771.
Email: keralakonkaniacademy@gmail.com

## കൊലപാതകം അപലപനീയം: യു.സി രാമൻ

കോഴിക്കോട്: 17 വർഷം തമിഴ്നാട് ബി.എസ്.പിയുടെ അധ്യക്ഷനായിരുന്ന അഡ്വ.കെ.എം ആംസ്ട്രോങ്ങിന്റെ കൊലപാതകം വേദനാജനകമാണെന്നു മുസ്‌ലിംലീഗ് സംസ്ഥാന സെക്രട്ടറി യു.സി രാമൻ. രാജ്യത്തെ ദളിത് പിന്നാക്ക സാമൂഹിക മുന്നേറ്റപ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ആളുകളും നേതാക്കളും കൊലചെയ്യപ്പെടുന്ന സാഹചര്യം സമീപകാലത്ത് വർദ്ധിച്ചു വരികയാണ്. ഇത്തരം ആക്രമണങ്ങൾ തടയുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ചും ഗൗരവമായി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കഴിഞ്ഞ 10 വർഷമായി ബിജെപി ഗവൺമെന്റ് അധികാരത്തിലേറിയ ശേഷം ഡസൻ കണക്കിന് ദലിത് നേതാക്കളാണ് രാജ്യത്ത് കൊലചെയ്യപ്പെട്ടിട്ടുള്ളത്. യു.സി. രാമൻ പറഞ്ഞു.

**കേരള വാർത്തകൾ**

# ബിരുദധാരികൾക്ക് സർക്കാർ ജോലി നേടാൻ സിജിഎൽ



CAREER ചന്ദ്രിക

പി ടി ഫിറോസ്

## 17700 ലധികം ഒഴിവുകൾ

ഡിഗ്രി പഠനം കഴിഞ്ഞു ജോലി നേടുവാൻ ശ്രമിക്കുന്നവർക്ക് സുവർണാവസരമൊരുക്കുന്ന ശ്രദ്ധേയമായ അവസരമാണ് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ നടത്തുന്ന കംബൈൻഡ് ഗ്രാജുവേറ്റ് ലെവൽ (സിജിഎൽ) പരീക്ഷ. ബിരുദം കഴിഞ്ഞവർക്ക് മികച്ച ശമ്പളത്തോടെ കേന്ദ്ര സർക്കാറിന്റെകീഴിലുള്ള വിവിധ തസ്തികകളിൽ ജോലി നേടാൻ അവസരമൊരുക്കുന്ന സിജിഎൽ പരീക്ഷക്ക് ജൂലായ് 24 വരെ ssc.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം.

### ആർക്കൊക്കെ അപേക്ഷിക്കാം

ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ തസ്തികക്ക് പ്ലസ്ടു തലത്തിൽ മാത്തമാറ്റിക്സ് ഒരു വിഷയമായി പഠിച്ച ബിരുദമോ സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി എടുത്ത ബിരുദമോ വേണം. സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2 തസ്തികക്ക് എല്ലാ സെമസ്റ്ററുകളിലും സ്റ്റാറ്റിസ്റ്റിക്സ് വിഷയമായി പഠിച്ച ബിരുദം വേണം എൻ.എച്ച്.ആർ.സി യിലെ റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ നിയമനത്തിന് ഒരു വർഷത്തെ ഗവേഷണ പരിചയം, ഹ്യൂമൻ റൈറ്റ്സ് അല്ലെങ്കിൽ നിയമം എന്നിവയിൽ ബിരുദമുള്ളവർക്ക് കൂടുതൽ പരിഗണന ലഭിക്കും ബാക്കി എല്ലാ തസ്തികകളിലേക്ക് അപേക്ഷിക്കുവാനും ഏതെങ്കിലും ബിരുദ യോഗ്യത മതി. വിദൂര വിദ്യാഭ്യാസ രീതിയിൽ ബിരുദപഠനം പൂർത്തിയാക്കിയവർക്കും അപേക്ഷിക്കാവുന്നതാണ്.

1827, 2030, 1830, 1832 എന്നിങ്ങനെ വിവിധ തസ്തികകൾക് വ്യത്യസ്ത പ്രായപരിധിയാണുള്ളത്. സംവരണ വിഭാഗങ്ങൾക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവ് ലഭിക്കും. അവസാന ദിവസത്തേക്ക് നീട്ടി വെക്കാതെ മുൻകൂട്ടി അപേക്ഷിക്കുവാൻ ശ്രദ്ധിക്കണം. അപേക്ഷാ ഫീസായ 100 രൂപയാണ് അപേക്ഷാ ഫീസ്. വനിതകൾ, പട്ടികവിഭാഗങ്ങൾ, ഭിന്നശേഷിക്കാർ, വിമുക്തഭടന്മാർ എന്നിവർക്ക് ഫീസില്ല.

### പ്രധാന തസ്തികകൾ അറിയാം

- കേന്ദ്ര സെക്രട്ടറിയേറ്റ് സർവീസ്, ഇന്റലിജൻസ് ബ്യൂറോ, റെയിൽവേ മന്ത്രാലയം, ആംഡ് ഫോഴ്സ് ഹെഡ്ക്വാർട്ടർ, വിദേശകാര്യ മന്ത്രാലയം, ഇലക്ട്രോണിക്സ് ആൻഡ് ഇൻഫോർമേഷൻ ടെക്നോളജി മന്ത്രാലയം മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ അസിസ്റ്റന്റ്/അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ
- സെൻട്രൽ ബോർഡ് ഓഫ് ഡയറക്റ്റ് ടാക്സ്, ഇൻഡയറക്ട് ടാക്സ് ആൻഡ് കസ്റ്റംസ്, സെൻട്രൽ ബ്യൂറോ ഓഫ് നാർകോട്ടിക്സ്, തപാൽ വകുപ്പ്, എന്നിവിടങ്ങളിൽ ഇൻസ്പെക്ടർ
- എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിൽ അസിസ്റ്റന്റ് എൻഫോഴ്സ്മെന്റ് ഓഫീസർ
- സിബിഐ, എൻഐഎ, സെൻട്രൽ ബ്യൂറോ ഓഫ് നാർകോട്ടിക്സ്, എന്നിവിടങ്ങളിൽ സബ് ഇൻസ്പെക്ടർ
- സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയത്തിലെ ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ
- ദേശീയ മനുഷ്യവകാശ കമ്മീഷനിലെ റിസർച്ച് അസിസ്റ്റന്റ്
- നാർക്കോട്ടിക്ക് കൺട്രോൾ ബ്യൂറോയിൽ സബ് ഇൻസ്പെക്ടർ/ജൂനിയർ ഇന്റലിജന്റ് ഓഫീസർ
- സി ആൻഡ് എജിയിൽ ഡിവിഷണൽ അക്കൗണ്ടന്റ്
- വിവിധ വകുപ്പുകളിലെ ഓഡിറ്റർ / അക്കൗണ്ടന്റ്/ ഡിവിഷണൽ അക്കൗണ്ടന്റ്/ ജൂനിയർ അക്കൗണ്ടന്റ്
- തപാൽ വകുപ്പിലെ പോസ്റ്റൽ/ സോർട്ടിങ് അസിസ്റ്റന്റ്
- വിവിധ വകുപ്പുകളിലെ സീനിയർ സെക്രട്ടറിയേറ്റ് അസിസ്റ്റന്റ്/ യു.ഡി ക്ലാർക്ക്
- മിലിറ്ററി എൻജിനീയറിങ് സർവീസിലെ സീനിയർ അട്മിന്സിട്രേറ്റീവ് അസിസ്റ്റന്റ്
- സി.ബി.ഡി.ടി, സി.ബി.ഐ.സി എന്നിവിടങ്ങളിൽ ടാക്സ് അസിസ്റ്റന്റ്

വിവിധ തസ്തികകളിലായി 17,727 ഒഴിവുകളാണ് ഇപ്പോൾ കണക്കാക്കപ്പെട്ടത്. പട്ടിക വിഭാഗങ്ങൾ, ഒ.ബി.സി, സാമ്പത്തിക പിന്നാക്ക വിഭാഗങ്ങൾ, വിമുക്ത ഭടന്മാർ, ഭിന്നശേഷിക്കാർ എന്നിവർക്ക് നിയമാനുസൃതമായ സംവരണമുണ്ടാവും.

### പരീക്ഷാരീതി എങ്ങനെ

കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷക്ക് ടയർ 1, ടയർ 2 എന്നിങ്ങനെ രണ്ട് ഘട്ടങ്ങളാണുണ്ടാവുക. ടയർ 1 പരീക്ഷക്ക് ഒബ്ജക്ടീവ് സ്വഭാവത്തിലുള്ള ചോദ്യങ്ങളാണുണ്ടാവുക. തെറ്റുത്തരങ്ങൾക്ക് നെഗറ്റീവ് മാർക്കുണ്ടാവും. കേരളത്തിലുള്ളവർക്ക് തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, ബംഗളുരു, മൈസൂർ, മംഗലാപുരം എന്നിവയടക്കം 14 പരീക്ഷാ കേന്ദ്രങ്ങളുണ്ട്. മുൻഗണനാടിസ്ഥാനത്തിൽ മൂന്ന് കേന്ദ്രങ്ങൾ തിരഞ്ഞെടുക്കണം.

ടയർ 2 പരീക്ഷയിൽ മൂന്ന് പേപ്പറുകളാണുണ്ടാവുക. പേപ്പർ 1 ഏത് തസ്തികയിലേക്കും അപേക്ഷിക്കുന്നവരുമെഴുതണം. പരീക്ഷകളുടെ രീതി, സിലബസ് എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ വെബ്സൈറ്റിലുണ്ട്. വിവിധ വകുപ്പുകളിലെ ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ,യുഡി ക്ലർക്ക് പദവികളിലേക്ക് അപേക്ഷിക്കുന്നവർക്ക് ശാരീരികക്ഷമത സംബന്ധിച്ച നിബന്ധനകളുണ്ട്.

സിലബസ്, ചോദ്യപേപ്പർ രീതി എന്നിവയെല്ലാം കൃത്യമായി പരിശോധിച്ച് പരീക്ഷക്ക് വേണ്ട മുന്നൊരുക്കങ്ങൾ നടത്താൻ ശ്രദ്ധിക്കണം. മാതൃകാ ചോദ്യപ്പേപ്പറുകൾ ഉപയോഗപ്പെടുത്തി തയ്യാറെടുക്കുന്നത് ഫലപ്രദമാവും.

# 7000 കോടി കടമെടുക്കാൻ നീക്കം

## വിരമിച്ച സർക്കാർ ജീവനക്കാരുടെ ആനുകൂല്യം ഉടനില്ല

തിരുവനന്തപുരം: സാമ്പത്തിക പ്രതിസന്ധിയിൽ നട്ടംതിരിയുന്ന സർക്കാർ, സെപ്തംബർ 30നുള്ളിൽ 7000 കോടി കടമെടുക്കാനുള്ള നീക്കത്തിലേക്ക്. ഈ പണം കിട്ടിയ ശേഷമാകും വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ അടക്കം നൽകുക. മെയ് മാസത്തിൽ 11,215 പേരാണ് സർക്കാർ സർവീസിൽ നിന്ന് വിരമിച്ചത്. ഇവരുടെ വിരമിക്കൽ ആനുകൂല്യം നൽകാൻ ഏകദേശം 4000 കോടിയോളം രൂപ വേണമെന്നാണ് ധനമന്ത്രി ബാലഗോപാൽ നിയമസഭയിൽ മറുപടി നൽകിയത്. മെയ് മാസം പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും വിരമിച്ചവരുടെ കണക്ക് ധനമന്ത്രിയുടെ കയ്യിലില്ല. വിവരം ശേഖരിച്ചു വരുന്നുവെന്നാണ് അതിനെ സംബന്ധിച്ച മറുപടി. ഡിസംബർ വരെ 21,253 കോടി കടമെടുക്കാനാണ് കേന്ദ്രാനുമതി. ഇതിൽ 8000 കോടി കേരളം കടമെടുത്ത് കഴിഞ്ഞു. സെപ്റ്റംബർ 30നുള്ളിൽ 7000 കോടി കൂടി കടമെടുക്കും. ഈ 7000 കോടിയിൽ നിന്ന് വിരമിക്കൽ ആനുകൂല്യമായ 4000 കോടി നൽകിയാൽ സാമ്പത്തികനില താളം തെറ്റും. ഇതിനാലാണ് വിരമിക്കൽ ആനുകൂല്യം വൈകിപ്പിക്കുന്നത്. സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ വിരമിക്കൽ ആനുകൂല്യം തടഞ്ഞു വയ്ക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് ധനമന്ത്രി പറയുന്നുണ്ടെങ്കിലും മെയ് മാസത്തിന് മുമ്പ് വിരമിച്ചവരിൽ ഭൂരിഭാഗം പേർക്കും വിരമിക്കൽ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്നതാണ് വാസ്തവം. ഗ്രാറ്റുവിറ്റി, ടെർമിനൽ സറണ്ടർ, പെൻഷൻ കമ്യൂട്ടേഷൻ പിഎഫ്, സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ്, ഗ്രൂപ്പ് ഇൻഷുറൻസ് എന്നിവയാണ് വിരമിക്കൽ ആനുകൂല്യങ്ങളായി ലഭിക്കേണ്ടത്. താഴ്ന്ന തസ്തികയിൽ എട്ടുലക്ഷം മുതൽ 15 ലക്ഷം വരെയാണ് വിരമിക്കൽ ആനുകൂലും. ഗസറ്റഡ് തസ്തികയിൽ 40 ലക്ഷം വരെ വിരമിക്കൽ ആനുകൂല്യം ലഭിക്കും. ഒരുകോടി വരെ വിരമിക്കൽ ആനുകൂല്യം ലഭിക്കുന്ന ഉയർന്ന തസ്തികകളും ഉണ്ട്.

വിരമിക്കൽ ആനുകൂല്യത്തിനുള്ള അപേക്ഷയിൽ അനാവശ്യ രേഖകൾ ആവശ്യപ്പെട്ട് വൈകിപ്പിക്കുന്നതായും പരാതിയുണ്ട്.



CLICK ഐ.എസ്.എം സംസ്ഥാന സമിതി സംഘടിപ്പിച്ച പ്രൊഫെക്സൽ പ്രൊഫഷണൽ സമ്മേളനം കെ.എൻ.എം സംസ്ഥാന പ്രസിഡന്റ് ടി.പി അബ്ദുല്ലക്കോയ മദനി ഉദ്ഘാടനം ചെയ്യുന്നു

## പ്രൊഫഷണൽ മത്സര പരീക്ഷകളിലെ സുതാര്യത ഉറപ്പുവരുത്തണം

തേഞ്ഞിപ്പലം: അഖിലേന്ത്യാതലത്തിൽ നടത്തുന്ന പ്രൊഫഷണൽ മത്സര പരീക്ഷകളിൽ ചോദ്യപേപ്പർ ചോർത്തുകയും അവ മാഫിയകൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രൊഫഷണൽ മത്സര പരീക്ഷകളുടെ സുതാര്യത ഉറപ്പുവരുത്തണമെന്ന് തേഞ്ഞിപ്പലത്ത് നടന്ന ഐ.എസ്.എം 'പ്രൊഫെക്സൽ' പ്രൊഫഷണൽ സമ്മേളനം ആവശ്യപ്പെട്ടു. യു.പി യിലെ മുറാദാബാദിൽ യുവ മുസ് ലിം ഡോക്ടറെ പേര് ചോദിച്ച് ക്രൂരമായി മർദ്ദിച്ച സംഭവം ഞെട്ടിപ്പിക്കുന്നതും ആശങ്കാജനകവുമാണ്. വർഗീയ ഫാഷിസത്തിന്റെ കിരാതമായ അക്രമ കൊലപാതകത്തുടർച്ചക്കെതിരെ മതേതര ജനാധിപത്യ ശക്തികൾ ചേർന്നുനിൽക്കണമെന്നും പ്രസ്തുത സംഭവത്തിൽ കേന്ദ്രഭരണ കൂടത്തിലെ സഖ്യകക്ഷികൾ നിലപാട് വ്യക്തമാക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. രാജ്യത്തിന്റെ അഭിവൃദ്ധിക്കും പുരോഗതിക്കും സമൂഹത്തിന്റെ നൻമക്കും വേണ്ടി പ്രൊഫഷണലുകൾ മുന്നിൽ നിൽക്കണം. വർഗീയ ധ്രുവീകരണ ശ്രമങ്ങൾക്കെതിരെ ധൈഷണികനേതൃത്വം നൽകുന്നതിൽ പ്രൊഫഷണലുകളുടെ പങ്ക് വലുതാണ്. അർപ്പണ മനസ്ഥിതിയും ഉന്നതമൂല്യങ്ങളുടെ പ്രസാരണവുമാവണം, വിവിധമേഖലകളിൽ വിജ്ഞാനം കൈമുതലാക്കിയവരുടെ സംഭാവനകളെന്നും സമ്മേളനം അഭിപ്രായപ്പെട്ടു. കെ.എൻ.എം സംസ്ഥാന പ്രസിഡണ്ട് ടി.പി അബ്ദുല്ലക്കോയ മദനി ഉദ്ഘാടനം ചെയ്തു. ഐ.എസ്.എം സംസ്ഥാന പ്രസിഡണ്ട് ശരീഫ് മേലേതിൽ അദ്ധ്യക്ഷത വഹിച്ചു.ശൈഖ് അബ്ദുർറഹീം മെക്കാർതെ മുഖ്യാതിഥിയായി.കെ.എൻ.എം സംസ്ഥാന ഭാരവാഹികളായ നൂർമുഹമ്മദ് നൂരിഷാ, പി.പി ഉണ്ണീൻ കുട്ടി മൗലവി,പ്രൊഫ: എൻ.വി അബ്ദുർറഹ്മാൻ, ഡോ:പി.പി മുഹമ്മദ് സംസാരിച്ചു. വിവിധ സെഷനുകളിൽ ഡോ: ഹുസൈൻ മടവൂർ, ഹനീഫ് കായക്കൊടി, എം.എം അക്ബർ,നൂർ സേട്ട്, ഡോ.പി.എ കബീർ, ഡോ: സുൽഫിക്കറലി, ഡോ:എ.ഐ അബ്ദുൽ മജീദ് സ്വലാഹി, ഡോ:പി. സരിൻ, അഡ്വ: പി.കെ ഫിറോസ്, അഡ്വ: ഫൈസൽ ബാബു , ഡോ: പി.പി മുസ്തഫ, മുസ്ഥഫാ ബാംഗ്ലൂർ, പി.എം.എ ഷമീർ, എൻ. കുഞ്ഞിപ്പ മാസ്റ്റർ, സുബൈർ പീടിയേക്കൽ, അഹ് മദ് അനസ് മൗലവി, മുസ്ഥഫാ തൻവീർ, ഡോ: മുനീർ മദനി, ജൗഹർ അയനിക്കോട്, അൻസാർ നൻമണ്ട, ഇൻസ്പെയർ കൺവീനർ സിറാജ് ചേലേമ്പ്ര, എം.എസ്.എം ജന സെക്രട്ടറി സുഹ്ഫി ഇംറാൻ ഡോ:നൗഫൽ ബഷീർ, നബീൽ മാഞ്ചേരി (ബെൽജിയം), ഡോ: കെ. നസറുദീൻ, പി.കെ. മുഹമ്മദ് ശാഫി മുനീർ കാക്കനാട് പ്രസംഗിച്ചു. കിഡ്സ് ഗാർഡനിൽ ജലീൽ പരപ്പനങ്ങാടി, സജീഷ് കൃഷ്ണ, ഡോ: ഹജ്ഫ, നാസർ ഫാറൂഖി, അബ്ദുസ്സലാം അൻസാരി, സി.എം ഷറീന എന്നിവർ കുട്ടികളുമായി സംവദിച്ചു. ഐ.എസ്.എം സംസ്ഥാന പ്രസിഡണ്ട് ശരീഫ് മേലേതിൽ അദ്ധ്യക്ഷത വഹിച്ചു. ജന സെക്രട്ടറി ശുക്കൂർ സ്വലാഹി മുഖ്യ പ്രഭാഷണം നടത്തി. ഭാരവാഹികളായ കെ.എം.എ അസീസ്, ബരീർ അസ്‌ലം, ഡോ: ജംഷീർ ഫാറൂഖി,നാസർ മുണ്ടക്കയം, ആദിൽ അതീഫ് സ്വലാഹി, ഷാഹിദ് മുസ് ലിം ഫാറൂഖി,റഹ് മത്തുല്ല സ്വലാഹി,ജലീൽ മാമാങ്കര, ശിഹാബ് തൊടുപുഴ, ജാസിർ രണ്ടത്താണി, യാസർ അറഫാത്ത്, സൈദ് മുഹമ്മദ് എന്നിവ പഠന സെഷനുകൾക്ക് നേതൃത്വം നൽകി.

## ഭാഗ്യക്കുറി ക്ഷേമനിധി: അംഗത്വം പുനസ്ഥാപിക്കാൻ അവസരം

തിരുവനന്തപുരം: അംശദായ കുടിശിക നിമിത്തം ക്ഷേമനിധി അംഗത്വം റദ്ദായത് പുനസ്ഥാപിക്കാൻ അവസരം. സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡിൽ 2022 മാർച്ച് മുതൽ ഇത്തരത്തിൽ അംഗത്വം റദ്ദായവർക്ക് അംഗത്വം പുനസ്ഥാപിക്കുന്ന മാസം വരെയുള്ള അംശദായ കുടിശിക പിഴ സഹിതം ഒടുക്കി അംഗത്വം പുതുക്കാവുന്നതാണ്. അദാലത്ത് വഴി അംഗത്വം പുതുക്കാനുള്ള അവസരം ഇതുവരെ വിനിയോഗിക്കാത്തവർക്കാണ് ഇത്തരത്തിൽ ഒരവസരം കൂടി നൽകുന്നത്. ഈ മാസം 10 മുതൽ ഓഗസ്റ്റ് 10 വരെ ഒരു മാസത്തേക്കാണ് അവസരം നൽകുന്നത്. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം തമ്പാനൂർ കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സ് മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ഹെഡ് ഓഫീസുമായി നേരിട്ടോ 0471 2325552, 83330010851 എന്നീ നമ്പരുകളിലോ ബന്ധപ്പെടാം.

വിവാദങ്ങൾക്കൊടുവിൽ

## തിരുവമ്പാടിയിയിൽ വിച്ഛേദിച്ച വൈദ്യുതി കണക്ഷൻ കെ.എസ്.ഇ.ബി പുനസ്ഥാപിച്ചു

കോഴിക്കോട്: തിരുവമ്പാടിയിൽ വിച്ഛേദിച്ച വൈദ്യുതി കണക്ഷൻ കെഎസ്ഇബി പുനസ്ഥാപിച്ചു. തിരുവമ്പാടിയിലെ യു.സി റസാഖിന്റെ വീട്ടിലെ കണക്ഷനാണ് പുനഃസ്ഥാപിച്ചത്. മകൻ കെഎസ്ഇബി ഓഫീസിൽ അതിക്രമം കാണിച്ചതാണ് റസാഖിന്റെ കണക്ഷൻ കെഎസ്ഇബി വിച്ഛേദിച്ചത്. 30 മണിക്കൂറിലേറെ സമയം റസാഖിനെയും കുടുംബത്തിനെയും ഇരുട്ടിലാക്കിയ ശേഷമാണ് കളക്ടറുടെ നിർദേശപ്രകാരം വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിച്ചത്. പോരാട്ടം വിജയം കണ്ടെന്നും എല്ലാവർക്കും നന്ദിയുണ്ടെന്നും അജ്മലിന്റെ പിതാവ് റസാഖും, മാതാവ് മറിയവും മാധ്യമങ്ങളോട് പ്രതികരിച്ചു. കെഎസ്ഇബി ജീവനക്കാർക്കെതിരായി നൽകിയ പരാതിയുമായി മുന്നോട്ട് പോകുമെന്നും നിയമ പോരാട്ടം തുടരുമെന്നും മറിയം പ്രതികരിച്ചു.

വൈദ്യുതിബിൽ കുടിശ്ശികവരുത്തിയതിനെത്തുടർന്ന് റസാഖിന്റെ വീട്ടിലെ കണക്ഷൻ വിച്ഛേദിച്ചിരുന്നു. ഇതിനു പിന്നാലെ റസാഖിന്റെ മകനും വൈദ്യുതി ഓഫീസിൽ അതിക്രമിച്ചുകയറി അക്രമം നടത്തി. അസി. എൻജിനിയർ പി. എസ്. പ്രശാന്തിനുനേരെ മാലിന്യ അഭിഷേകവുമുണ്ടായി. പ്രഷർ കുക്കറിൽ കൊണ്ടുവന്ന അടുക്കള അവശിഷ്ടങ്ങൾ തലകീഴെ ദേഹത്ത് ഒഴിക്കുകയായിരുന്നു. തിരുവമ്പാടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിൽ ശനിയാഴ്ച രാവിലെ എട്ടരയോടെയായിരുന്നു സംഭവം.

## അഭിഭാഷക ധനസഹായ പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: നീതിന്യായ രംഗത്ത് പിന്നാക്ക വിഭാഗങ്ങളുടെ മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കുന്ന അഭിഭാഷക ധനസഹായ പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ അധികരിക്കരുത്. കേരള ബാർ കൗൺസിലിൽ 2021 ജൂലൈ 1 നും 2024 ജൂൺ 30നും ഇടയിൽ എൻറോൾ ചെയ്ത് സംസ്ഥാനത്തിനകത്ത് പ്രാക്ടീസ് ചെയ്യുന്നവരായിരിക്കണം. www.egrantz.kerala.gov.in മുഖേന ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വിജ്ഞാപനം www.egrantz.kerala.gov.in, www.bcdd.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകളുമായി ബന്ധപ്പെടണം. അപേക്ഷ ജൂലൈ 31 വരെ സ്വീകരിക്കും.

പന്ത്രണ്ടു വയസുകാരനെ പ്രകൃതിവിരുദ്ധ പീഡനത്തിനിരയാക്കി

## പിതാവിന് 96 വർഷം തടവും 8.11 ലക്ഷം രൂപ പിഴയും

മഞ്ചേരി: പന്ത്രണ്ടു വയസുകാരനെ പ്രകൃതിവിരുദ്ധ ലൈംഗിക പീഡനത്തിന് വിധേയനാക്കിയ പിതാവിനെ മഞ്ചേരി സ്പെഷൽ പോക്സോ കോടതി 96 വർഷം കഠിന തടവിനും 8.11 ലക്ഷം രൂപ പിഴയടക്കാനും ശിക്ഷിച്ചു. കണ്ണൂർ കൂത്തുപറമ്പ് സ്വദേശിയായ 42 കാരനെയാണ് ജഡ്ജി എ.എം അഷ്റഫ് ശിക്ഷിച്ചത്.

അരീക്കോട് നിന്നും വിവാഹം കഴിച്ച പ്രതി കുടുംബത്തെ വെറ്റിലപ്പാറയിലെ വാടക ക്വാർട്ടേഴ്സിൽ താമസിപ്പിക്കുകയായിരുന്നു. വടകരയിൽ ഹോട്ടൽ ജോലി ചെയ്തു വരികയായിരുന്ന പ്രതി മാസത്തിൽ മൂന്നു ദിവസം അവധിയെടുത്ത് വെറ്റിലപ്പാറയിലെ വീട്ടിലെത്തുകയാണ് പതിവ്. വീട്ടുജോലി ചെയ്തുവരുന്ന ഭാര്യ ജോലിക്ക് പോകുന്ന സമയത്താണ് പീഡനം. വിവരം പുറത്തു പറഞ്ഞാൽ കൊല്ലുമെന്ന് ഭിഷണിപ്പെടുത്തുകയും ചെയ്തിരുന്നു. 2022 ഏപ്രിൽ 14ന് പ്രതി വീട്ടിലുള്ളപ്പോൾ ഭാര്യ ജോലി സ്ഥലത്തു നിന്നും ഉച്ചക്ക് വീട്ടിലെത്തി. ഈ സമയം കിടപ്പുമുറിയിൽ അവശനായി കിടക്കുന്ന മകനെ കണ്ടു. മകനോട് ചോദിച്ചതിലാണ് 2021 ഫെബ്രുവരി മാസം മുതൽ നടന്നു വരുന്ന പീഡന വിവരം അറിയുന്നത്. എന്നാൽ വീട്ടമ്മ ഇക്കാര്യം പുറത്തു പറഞ്ഞില്ല. രണ്ടു മാസം കഴിഞ്ഞപ്പോൾ മാനസികാസ്വാസ്ഥ്യം പ്രകടിപ്പിച്ച കുട്ടിയെ മാതാവ് മുക്കത്തുള്ള സൈക്കോളജിസ്റ്റിനെ കാണിച്ചു. കുട്ടിയിൽ നിന്നും വിവരമറിഞ്ഞ സൈക്കോളജിസ്റ്റ് അരീക്കോട് പൊലീസിന് വിവരം കൈമാറുകയായിരുന്നു. 2022 ജൂൺ 18ന് കേസ് രജിസ്റ്റർ ചെയ്ത പൊലീസ് പിറ്റേന്നു തന്നെ പ്രതിയെ അറസ്റ്റ് ചെയ്തു.

അരീക്കോട് പൊലീസ് ഇൻസ്പെക്ടർമാരായിരുന്ന സി.വി ലൈജുമോൻ, അബ്ബാസലി, സബ് ഇൻസ്പെക്ടർ എം. കബീർ എന്നിവരാണ് കേസന്വേഷണം നടത്തിയത്. വിചാരണ പൂർത്തിയാക്കും വരെ പ്രതിയെ ജുഡീഷ്യൽ കസ്റ്റഡിയിൽ നിർത്തണമെന്ന് പൊലീസ് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തനിക്ക് അടിയന്തരമായി ശസ്ത്രക്രിയ ആവശ്യമായി വന്നിരിക്കുന്നുവെന്ന് കാണിച്ച് പ്രതി നൽകിയ അപേക്ഷയിൽ കോടതി ജാമ്യം അനുവദിച്ചിരുന്നു.

പോക്സോ ആക്ടിലെ രണ്ടു വകുപ്പുകളിൽ 40 വർഷം വീതം തടവ്, മൂന്ന് ലക്ഷം രൂപ വീതം പിഴ എന്നിങ്ങനെയാണ് ശിക്ഷ. പിഴയടച്ചില്ലെങ്കിൽ ഇരു വകുപ്പുകളിലും നാല് മാസം വീതം അധിക തടവ് അനുഭവിക്കണം. ഇന്ത്യൻ ശിക്ഷാനിയമം 377 വകുപ്പ് പ്രകാരം പ്രകൃതി വിരുദ്ധ പീഡനം നടത്തിയതിന് 10 വർഷവും ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം മൂന്നു വർഷവും കഠിന തടവ് അനുഭവിക്കണം. ഇരു വകുപ്പുകളിലും ഒരു ലക്ഷം രൂപ വീതം പിഴയും പിഴയടക്കാത്ത പക്ഷം രണ്ടു മാസം വീതം അധിക തടവും അനുഭവിക്കണം. കുട്ടിയെ ഭീഷണിപ്പെടുത്തിയതിന് രണ്ട് വർഷം കഠിന തടവ് 10000 രൂപ പിഴ, പിഴയടച്ചില്ലെങ്കിൽ ഒരു മാസം അധിക തടവ്, തടഞ്ഞുവെച്ചതിന് ഒരു വർഷം കഠിന തടവ് 1000 രൂപ പിഴ, പിഴയടച്ചില്ലെങ്കിൽ 15 ദിവസത്തെ തടവ് എന്നിങ്ങനെയും ശിക്ഷയുണ്ട്. ശിക്ഷ ഒരുമിച്ചനുഭവിച്ചാൽ മതി. പ്രതി പിഴയടക്കുന്നപക്ഷം തുക പീഡനത്തിനിരയായ കുട്ടിക്ക് നൽകാനും കോടതി വിധിച്ചു. അതൊടൊപ്പം സർക്കാരിന്റെ വിക്ടിം കോമ്പൻസേഷൻ ഫണ്ടിൽ നിന്നും കുട്ടിക്ക് മതിയായ നഷ്ടപരിഹാരം ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് കോടതി ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിക്ക് നിർദേശവും നൽകി.

പ്രോസിക്യൂഷനുവേണ്ടി ഹാജരായ സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. എ. സോമസുന്ദരൻ 18 സാക്ഷികളെ കോടതി മുമ്പാകെ വിസ്തരിച്ചു. 19 രേഖകളും ഹാജരാക്കി. പ്രോസിക്യൂഷൻ ലൈസൺ വിങിലെ അസി.സബ് ഇൻസ്പെക്ടർമാരായ എൻ. സൽമ, പി. ഷാജിമോൾ എന്നിവർ പ്രോസിക്യൂഷനെ സഹായിച്ചു. പ്രതിയെ ശിക്ഷയനുഭവിക്കുന്നതിനായി കണ്ണൂർ സെൻട്രൽ ജയിലിലേക്കയച്ചു.

വാണിജ്യ ലോകം

## ഇന്ത്യൻ ഓഹരി വിപണിയിൽ ഉൽസവ പ്രതീതി

**സോണിയഭാനു**
കൊച്ചി

ആഭ്യന്തര വിദേശ നിഷേപം ഇന്ത്യൻ ഓഹരിവിപണിയിൽ ഉൽസവ പ്രതീതി ജനിപ്പിച്ചു. മുൻ നിര ടെക്നോളജി, ഫാർമസ്യൂട്ടിക്കൽ, ബാങ്കിംഗ് ഓഹരികൾ വാരിക്കൂട്ടാൻ ഫണ്ടുകൾ മൽസരിച്ചത് സെൻസെക്സും നിഫ്റ്റിയും സർവകാല റെക്കോർഡിലേക്ക് കുതിക്കാൻ അവസരമൊരുക്കി. ബോംബെ സൂചിക 963 പോയിന്റും നിഫ്റ്റി 313 പോയിന്റും കഴിഞ്ഞ വാരം വർധിച്ചു.

ഒരു മാസത്തിൽ സെൻസെക്സ് 5614 പോയിന്റും നിഫ്റ്റി 1703 പോയിന്റും മുന്നേറി. 2024 ൽ സെൻസെക്സ് 7756 പോയിന്റും നിഫ്റ്റി 2592 പോയിന്റും ഉയർന്നു. പത്ത് ശതമാനമാണ് ആറ് മാസം കൊണ്ട് രണ്ട് സൂചികയും ഉയർന്നത്.

ആഭ്യന്തര ധനകാര്യസ്ഥാപനങ്ങൾ 4565 കോടി വാങ്ങലും 4950 കോടി രൂപയുടെ വിൽപ്പനയും നടത്തി. വിദേശ ഫണ്ടുകൾ 2426 കോടി രൂപയുടെ ഓഹരികൾ രണ്ട് ദിവസങ്ങളിലായി വിൽപ്പന നടത്തി. മറ്റ് ദിവസങ്ങളിൽ അവർ 9300 കോടി രൂപയുടെ നിക്ഷേപത്തിന് ഉത്സാഹിച്ചു. വിദേശ നിക്ഷേപത്തിന്റെ മികവിനിടയിലും രൂപയ്ക്ക് മൂല്യതകർച്ച. രൂപ 83.39 ൽ നിന്നും 83.49ലേക്ക് ദുർബലമായി.അതേസമയം യുഎസ് ഡോളർ സൂചികക്ക് നേരിടുന്ന തളർച്ച കണക്കിലെടുത്താൽ രൂപയുടെ മൂല്യം 83.10 ലേക്ക് മെച്ചപ്പെടാം.

ബോംബെ സെൻസെക്സ് 70,000 ൽ നിന്നും 80,000 ലേക്ക് ഉയരാൻ 139 പ്രവർത്തി ദിവസം മാത്രം വേണ്ടിവന്നുള്ളു. റെക്കോർഡ് വേഗത്തിലാണ് 10,000 പോയിന്റ് ദൂരം സൂചിക സഞ്ചരിച്ചത്. വിപണി 10,000 പോയിന്റിൽ നിന്ന് 40,000പോയിന്റിലേക്ക് ഉയരാൻ 14 വർഷമെടുത്തു. അതേസമയം 40,000ൽ നിന്ന് 80,000 ലേക്ക് കയറാൻ വേണ്ടിവന്നത് അഞ്ച് വർഷവും.

സെൻസെക്സ് മുൻവാരത്തിലെ 79,032 ൽ നിന്നും 80,140 ലെ തടസം മറി കടന്ന് 80,392 പോയിന്റ് വരെ കയറിയ ശേഷം വാരാന്ത്യം 79,996 പോയിന്റിലാണ്. ഈ വാരം വിപണിക്ക് 80,521 –81,046 പ്രതിരോധവും 79,342– 78,688 താങ്ങുമുണ്ട്.

ദേശീയ ഓഹരി സൂചികയായ നിഫ്റ്റി 24,010 പോയിന്റിൽ നിന്നും 24,334 ലെ പ്രതിരോധം തകർത്ത് സർവകാല റെക്കോർഡായ 24,401 വരെ കുതിച്ചശേഷം വാരാന്ത്യം 24,323 ലാണ്. ഈ വാരം നിഫ്റ്റിക്ക് 24,485 24,647 റേഞ്ചിൽ പ്രതിരോധവും 24,076 23,829 ൽ താങ്ങുണ്ട്. വിപണി സാങ്കേതികമായി ഓവർ ബ്രോട്ടായതിനാൽ ഈ വാരം ഉയർന്ന നിലവാരത്തിൽ നിന്നും തിരുത്തലിന് നീക്കം നടത്താം.

നിഫ്റ്റി ജൂലൈ ഫ്യൂച്ചർ കൂടുതൽ മികവിലേക്ക്. ഓപ്പറേറ്റർമാർ പുതിയ വാങ്ങലിന് ഉൽസാഹിച്ചതോടെ 24,131 ൽ നിന്നും 24,419 വരെ ഉയർന്ന ശേഷം വാരാന്ത്യം 24,386 ലാണ്.

ഏപ്രിൽ, മെയ് മാസങ്ങളിൽ വിൽപ്പനക്കാരായി നിലകൊണ്ട് വിദേശ പോർട്ട്ഫോളിയോ നിക്ഷേപകർ ജൂണിൽ വീണ്ടും നിക്ഷേപത്തിന് ഉത്സാഹിച്ചു. ഈ വർഷം അവരുടെ നിക്ഷേപം 1,03,934 കോടി രൂപയിലെത്തി. ഇന്ത്യയിൽ മാത്രമല്ല, ഇന്തോനേഷ്യ, മലേഷ്യ, ഫിലിപൈൻസ്, ദക്ഷിണ കൊറിയയിലും അവർ പണമിറക്കുന്നുണ്ട്.

മുൻ നിര ഓഹരിയായ ഇൻഫോസീസ്, എച്ച് സി എൽ ടെക്, റ്റിസിഎസ്, ആർ ഐ എൽ, ഇൻഡസ് ബാങ്ക്, എസ് ബി ഐ, ആക്സിസ് ബാങ്ക്, ഐ സി ഐ സി ഐ ബാങ്ക്, എച്ച് ഡിഎഫ് സിബാങ്ക്, എം ആന്റ് എം, ടാറ്റ മോട്ടേഴ്സ്,എൽ ആന്റ് റ്റി,എച്ച് യു എൽ, എയർ ടെൽ ഓഹരി വിലകളിലും വാങ്ങലുകാർ താൽപര്യം കാണിച്ചു.

ഡോളറിന് തിളക്കം മങ്ങുന്നത് കണ്ട് വാരാന്ത്യം ഫണ്ടുകൾ ന്യൂയോർക്ക് എക്സ്ചേഞ്ചിൽ സ്വർണത്തിൽ നിക്ഷേപത്തിന് ഉൽസാഹിച്ചു. ഫണ്ടുകളുടെ വാങ്ങൽ താൽപര്യത്തിൽ സ്വർണ വില ഔൺസിന് 2326 ഡോളറിൽ നിന്നും 2392 വരെ മുന്നേറി, വ്യാപാരാന്ത്യംസ്വർണം 2388 ഡോളറിലാണ്.

## സൈൻ പ്രിൻറിങ് ഇൻഡസ്ട്രീസ് അസോസിയേഷൻ സമ്മേളനം

കൊച്ചി: സൈൻ പ്രിൻറിങ് ഇൻഡസ്ട്രീസ് അസോസിയേഷൻ (എസ്പിഐഎ)എറണാകുളം ജില്ലാ സമ്മേളനം കലൂർ ഐ എം എ ഹൗസിൽ നടന്നു. പൊതു സമ്മേളനം ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്തു. നഗരത്തിൻറെ വാണിജ്യ നിലവാരം ഉയർത്തുന്നതിൽ സാങ്കേതികവിദ്യകളുടെ അനന്തമായ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം.

ഡിജിറ്റൽ പ്രിൻറിങ് വന്നതിനു ശേഷം പരസ്യമേഖലയിൽ വലിയ മാറ്റമാണ് ഉണ്ടായതെന്ന് ഹൈബി ചൂണ്ടിക്കാട്ടി.

ടി.ജെ വിനോദ് എം എൽ എ, സംസ്ഥാന പ്രസിഡൻറ് ജോസഫ് പെരുമായൻ എന്നിവർ മുഖ്യപ്രഭാഷണം നടത്തി. എസ് പി ഐ എ ജില്ലാ പ്രസിഡൻറ് അലക്സ് മൈക്കിൾ അധ്യക്ഷത വഹിച്ചു. ജില്ലാ വൈസ് പ്രസിഡൻറ് അജോ മാത്യു, ജില്ലാ രക്ഷാധികാരി പി.നിസാർ, വ്യവാരി വ്യവസായി ഏകോപന സമിതി ജില്ലാ ജനറൽ സെക്രട്ടറി എ.ജെ റിയാസ്, കെ എ ഐ എ സംസ്ഥാന ജനറൽ സെക്രട്ടറി രാജേഷ് കുമാർ, ജില്ലാ പ്രസിഡൻറ് എം. ചിത്രപ്രകാശ്,കെ പി എ ജില്ലാ ട്രഷറർ എ.ആർ മനോജ്കുമാർ, എസ് പി ഐ എ സംസ്ഥാന ഉപാധ്യക്ഷൻ സ്റ്റീഫൻ മാടവന, സംസ്ഥാന ജനറൽ സെക്രട്ടറി ജെയ്സൽ പുല്ലാളൂർ, ജില്ലാ ജനറൽ സെക്രട്ടറി പി.വി. ലൈജു, ജില്ലാ ട്രഷറർ ഷെരീഫ് പി ഹസ്സൻ എന്നിവർ സംസാരിച്ചു.

## 'മികവ് 2024' എം.എൽ.എ അവാർഡ് വിതരണം

കൊച്ചി: എറണാകുളം നിയോജകമണ്ഡലത്തിലെ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എപ്ലസ് നേടിയ വിദ്യാർഥികൾക്ക് ടി ജെ വിനോദ് എം.എൽ.എ ഏർപ്പെടുത്തിയ എം.എൽ.എ അവാർഡ്സ് മികവ് 2024 ഐ.എസ്.ആർ.ഒ ചെയർമാൻ ഡോ.എസ്.സോമനാഥ് ഉദ്ഘാടനം ചെയ്തു. എറണാകുളം നിയോജകമണ്ഡലത്തിലെ സ്ഥിതി ചെയ്യുന്ന പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാലയങ്ങളിൽ 100% വിജയം കൈവരിച്ച വിദ്യാലയങ്ങൾക്കുള്ള ട്രോഫിയും ചടങ്ങിൽ ഡോ.എസ്. സോമനാഥ് നൽകി. പ്രശസ്ത മോട്ടിവേഷണൽ സ്പീക്കർ ജോസഫ് അന്നംക്കുട്ടി ജോസ് വിദ്യാർഥികൾക്ക് ക്ലാസ് എടുത്തു. ടി.ജെ വിനോദ് എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. ഹൈബി ഈഡൻ എം.പി, മേയർ അഡ്വ.അനിൽകുമാർ, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജേഷ് തുടങ്ങിയവർ പ്രസംഗിച്ചു.

# പൊതുവാർത്തകൾ

## അറിയിപ്പ്

കൊച്ചി: സ്വതന്ത്ര തൊഴിലാളി യൂണിയൻ (എസ്ടിയു ) എറണാകുളം ജില്ലാ സെക്രട്ടേറിയറ്റ് അംഗങ്ങളുടെയും ഫെഡറേഷൻ ജില്ലാ പ്രസിഡണ്ട് / ജനറൽ സെക്രട്ടറിമാരുടെയും സംയുക്ത യോഗം 10 ന് ഉച്ചയ്ക്ക് 2.30 ന് മുസ്‌ലിം ലീഗ് കളമശേരി ടൗൺ കമ്മിറ്റി ഓഫീസിൽ നടക്കും. സംസ്ഥാന പ്രസിഡന്റ് അഡ്വ. എം റഹമത്തുള്ള , ജനറൽ സെക്രട്ടറി മുഹമദ് അഷറഫ്, ട്രഷറർ മാഹിൻ അബൂബക്കർ തുടങ്ങിയവർ പങ്കെടുക്കുമെന്ന് ജനറൽ സെക്രട്ടറി ടി. എസ് അബൂബക്കർ അറിയിച്ചു.

## 3,000 മത്സരങ്ങൾക്ക് വിസിലൂതിയ നിർവൃതിയിൽ സലീം

മട്ടാഞ്ചേരി: പറക്കും റഫറി എന്നറിയപ്പെടുന്ന മട്ടാഞ്ചേരി സ്വദേശി എംഎം സലിം ഇതിനകം മൂവായിരം മത്സരങ്ങൾക്ക് വിസിലൂതിയതിന്റെ നിർവൃതിയിലാണിപ്പോൾ. 1979 സെപ്റ്റംബർ 15ന് ജില്ലാ ജിംനാസ്റ്റിക് മത്സരം നിയന്ത്രിച്ചു കൊണ്ടാണ് തന്റെ പ്രൊഫഷന് തുടക്കം കുറിക്കുന്നത്. നീണ്ട നാൽപ്പത്തിയഞ്ച് വർഷത്തിനിടെ വിവിധ കായീക ഇനങ്ങളിൽ പ്രാദേശികം , യൂണിവേഴ്സിറ്റി, സ്ക്കൂൾസ്, ജില്ല, സംസ്ഥാനം, സൗത്ത് സോൺ , ദേശീയ ,അന്തർ ദേശീയതല മത്സരങ്ങളടക്കം മൂവായിരം മത്സരങ്ങൾ നിയന്ത്രിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം ആലുവ എൻ.എ.ഡിയിൽ നടന്ന കേന്ദ്രീയ വിദ്യാലയ യോഗ മത്സരം നിയന്ത്രിച്ചതോടെയാണ് എണ്ണം മൂവായിരം തികഞ്ഞത്. ഇതുവരെ നിയന്ത്രിച്ച മത്സരങ്ങളുടെ വിവരം തിയ്യതി ,സ്ഥലം ,കായീക ഇനം എന്നിങ്ങനെ വ്യക്തമായി എഴുതി സൂക്ഷിച്ചിരിക്കയാണ് സലീം. ഇന്ത്യൻ സ്റ്റൈൽ ,ഫ്രീസ്റ്റൈൽ , ഗ്രീക്കോ റോമൻ സ്റ്റൈൽ, ഗാട്ടാ തുടങ്ങിയ ഗുസ്തി ഇനങ്ങളിൽ രണ്ട് ഇന്ത്യാ പാക് മത്സരം അടക്കം 896 മത്സരങ്ങൾക്ക് സലീം വിസിൽ ഊതിയിട്ടുണ്ട്. ജില്ലാ ,സംസ്ഥാന ,ദേശീയ ,സ്ക്കൂൾ തല യോഗാസന മത്സരങ്ങളടക്കം 378 മത്സരങ്ങൾ നിയന്ത്രിച്ചിട്ടുണ്ട്. 181 വെയിറ്റ് ലിഫ്റ്റിംഗ് മത്സരങ്ങൾ ,പവർലിഫ്റ്റിംഗ് 48 , ബോഡി ബിൽഡിംഗ് 418, ജിംനാറ്റിക്സ് 39 ,ബോക്സിംഗ് 146 , പഞ്ചഗുസ്തി ( പ്രാദേശികം ) 456 ,വടംവലി (പ്രാദേശികം ) 356 ,പില്ലോ ഫയറ്റ് (കോട്ടാ പോറ ) 82 .എന്നിങ്ങനെയാണ് വിവിധ മത്സരങ്ങളുടെ കണക്ക് .ഇതിനു പുറമെ കൊച്ചിയിൽ നടന്ന ആർച്ചറി ,ഫെൻസിംഗ് ,ടെന്നി കോയ്റ്റ് എന്നീ മത്സരങ്ങളിലും ,ഏഷ്യൻ കുറാഷ് മത്സരത്തിലും അനൗൺസറായും ഒഫി ഷ്യേറ്റിന്റെ ഭാഗമായിട്ടുണ്ട്. കേരളത്തിലേക്ക് ആദ്യമായി വനിത ഗുസ്തി മത്സരത്തിൽ മെഡൽ എത്തിയത് സലീമിന്റെ ശിഷ്യ എസ്.ദിവ്യ യിലൂടെയായിരുന്നു. വിവിധ കായീക ഇനങ്ങളിലായി അഞ്ച് അന്തർ ദേശീയ മെഡലുകളാണ് സലീമിന്റെ ശിഷ്യൻമാർ കേരളത്തിൽ എത്തിച്ചിട്ടുള്ളത്. യോഗാസന മത്സരത്തിൽ ദേശീയ മെഡൽ ജേതാവ് കുടിയാണ് സലീം . ഗുസ്തിക്കാരുടെ മുകളിലൂടെ ഡൈവ് ചെയ്ത് മത്സരം നിയന്ത്രിക്കുന്നതിനാൽ പറക്കും റഫറി എന്നറിയപ്പെടുന്ന സലീം എഴുത്തുകാരനുമാണ്.



## സ്മാരകം നിർമിക്കണം

ആലുവ : വൈക്കം മുഹമ്മദ് ബഷീറിന് അനുയോജ്യമായ സ്മാരകം നിർമ്മിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാവണമെന്ന് മുസ്‌ലിം ഇക്വാലിറ്റി എംപവർ മൂവ്മെന്റ് (മീം) സംസ്ഥാന കൗൺസിൽ യോഗം ആവശ്യപ്പെട്ടു. പ്രസിഡന്റ് എൻ കുഞ്ഞുമുഹമ്മദ് അധ്യക്ഷത വഹിച്ചു. എ അബ്ദുൽ ലത്തീഫ് മാമൂട് ഉൽഘാടനം ചെയ്തു. കെ. ബി ഷെമീർ, എ ആർ ഉബൈദ് ആലപ്പുഴ, ഷൗക്കത്തലി എടത്താനാട്ടുകര,എ അബ്ദുൽ ജലീൽ, ശിഹാബ് മുവാറ്റുപുഴ, ഡോ. അബൂബക്കർ സിദ്ധീഖ്,എം എസ് അബ്ദുള്ള, ഉമ്മർ കോയ മണ്ണാർക്കാട്, നവാസ് ബാബു, അബ്ദുൽ ലത്തീഫ് പാലക്കാട്, നജീബ് എ ജെ, സിയാദ് ചെമ്പറക്കി എന്നിവർ പ്രസംഗിച്ചു. ജനറൽ സെക്രട്ടറി കുഞ്ഞമ്മദ് പേരാമ്പ്ര സ്വാഗതവും നജീബ് ആലപ്പുഴ നന്ദിയും പറഞ്ഞു.

## ടാസ് എഴുപതാം വയസിൽ

ആലുവ : സാംസ്കാരിക രംഗത്ത് ഇന്നും തിലകകുറിയായി നിലകൊള്ളുന്ന ആലുവ സംഗീത സഭയെന്ന ടാസ് എഴുപതാം വയസിൽ. നഗരമധ്യത്തിൽ 23 സെന്റ് സ്ഥലത്ത് സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള ഒരിടമായി സ്ഥാപിച്ച ടാസ് 1954 സെപ്തംബർ 18 ന് തിരുകൊച്ചി രാജപ്രമുഖനായിരുന്ന ശ്രീ ചിത്തിരത്തിരുന്നാൾ ബാലരാമവർമ്മയാണ് ഉദ്ഘാടനം ചെയ്തത്. ഒരു കാലത്ത് സാംസ്കാരിക പരിപാടികൾക്കും വിവാഹാദി പരിപാടികൾക്കും വാടകക്ക് ലഭിച്ചിക്കുന്നത് ടാസ് ഹാൾ മാത്രമായിരുന്നു. ടാസ് ഹാൾ കേന്ദ്രീകരിച്ച് കഥകളി ആസ്വാദക ക്ലബ്ബും നാടകാസ്വാദകക്ലബ്ബും ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. നൃത്തം, മൃദംഗം, വായ് പാട്ട്, വയലിൻ ഇനങ്ങളിലായി മുന്നൂറിലേറെ വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തുന്നു. സെപ്തംബറിൽ അഞ്ച് ദിവസം നീളുന്ന എഴുപതാം വാർഷികാഘോഷവും നടക്കും.

## ബഷീർ അനുസ്മരണം

മട്ടാഞ്ചേരി: ഫോർട്ട്കൊച്ചി സെയ്ദ് അഹ്മദ് മെമ്മോറിയൽ ലൈബ്രറി ആൻഡ് റീഡിങ് റൂമിന്റെ ആഭിമുഖ്യത്തിൽ വായന പക്ഷാചരണത്തോടനുബന്ധിച്ചു വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം നടത്തി. ചടങ്ങിൽ ലൈബ്രറി പ്രസിഡന്റ് ഹാഷിം ഖാൻ അധ്യക്ഷത വഹിച്ചു.

ലൈബ്രറി സെക്രട്ടറി എ സ് എ ഷാനവാസ് സ്വാഗതം പറഞ്ഞു കെ ജെ ജെർളി മാസ്റ്റർ അനുസ്മരണ പ്രഭാഷണം നടത്തി. പെട്രിഷ്യ റോബിൻ, അസ്‌ലം ഖാൻ, ഷംല സലിം, ജോസഫ് ജോർജ് എന്നിവർ പ്രസംഗിച്ചു.

മട്ടാഞ്ചേരി: കരുവേലിപ്പടി ടാഗോർ ലൈബ്രറിയിൽ ബാലവേദിയുടെ ആഭിമുഖ്യത്തിൽ വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം നടത്തി. ബാലസാഹിത്യകാരൻ ഡോ. തോമസ് മാളിയേക്കൽ ഉദ്ഘാടനം ചെയ്തു. ബാലവേദി സെക്രട്ടറി പൂർണ്ണേന്ദു പി. കുമാർ അധ്യക്ഷത വഹിച്ചു. ബാലവേദി അംഗങ്ങളായ മാളവിക ദിനേശ്, സാരംഗ് കൃഷ്ണ, വി .ആർ. സ്വാലിഹ, ഇവ ടെല്ലസ്, പി .എഫ് .സാം, ജി. ദേവനന്ദന, നിഖിത സൂസൻ രാജീവ്, മേരി അൽഫിന, പി.പി.അർച്ചന , ആർ അനുരാജ് എന്നിവരും ലൈബ്രറി പ്രസിഡൻറ് എം .ആർ . ശശിയും പ്രസംഗിച്ചു..

ഇവ ടെല്ലസ് കവിത ആലപിച്ചു. സി .എസ് . ജോസഫ് സ്വാഗതവും ആർ .അനുരാജ് നന്ദിയും പറഞ്ഞു.

## ജ്വല്ലറി പാർക്കുകൾ സ്ഥാപിക്കും –നിതിൻ ഗഡ്കരി

അങ്കമാലി: ഇന്ത്യയിലെ സ്വർണ്ണാഭരണ ഇൻഡസ്ട്രി രാജ്യത്തിന്റെ പൊതുവായ വളർച്ചയ്ക്ക് വലിയ സംഭാവനകൾ ആണ് നൽകുന്നതെന്ന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. രാജ്യത്തെ ചെറുകിട സ്വർണ്ണ വ്യാപാരികൾ അടക്കമുള്ളവരെ സംരക്ഷിക്കുവാനുള്ള പൊതു പരിപാടികൾ ആവിഷ്കരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തെ സ്വർണ വ്യാപാരം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ ജ്വല്ലറി പാർക്കുകൾ സ്ഥാപിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഓൾ ഇന്ത്യ ജം ആൻഡ് ജ്വല്ലറി ഡൊമസ്റ്റിക് കൗൺസിൽ ദേശീയ സമ്മേളനം വീഡിയോ കോൺഫറൻസിംഗ് വഴി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ചെയർമാൻ സയ്യാം മെഹറ അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ രാജേഷ് റോക്കഡേ, ദേശീയ സമ്മേളന കൺവീനർ അഡ്വ എസ് അബ്ദുൽ നാസർ, സംസ്ഥാന പ്രസിഡൻറ് ഡോ. ബി. ഗോവിന്ദൻ, ജനറൽ സെക്രട്ടറി കെ. സുരേന്ദ്രൻ, ഡയറക്ടർമാരായ സുനിൽ പോധാർ, സമർ കുമാർ ദേ അശോക് കുമാർ ജയൻ, മോഹൻലാൽ ജയൻ, അമിത് കുമാർ സോണി, ദിനേശ് ജയ്ൻ മഥൻ കോത്താരി, നിതിൻ കണ്ടേൽവാൾ, റോയ് പാലത്തറ, പി. കെ. ആയമു ഹാജി, സി. വി. കൃഷ്ണദാസ് എന്നിവർ പ്രസംഗിച്ചു.

## പീഡന കേസിൽ 23 വർഷം കഠിന തടവ്!



പറവൂർ: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച കേസിൽ ശിക്ഷിച്ചു. ചെറിയ പല്ലംതുരുത്ത് നെടിയാറ വീട്ടിൽ സഞ്ജയ് (23) ആണ് 23 വർഷം കഠിന തടവിനും 2.5 ലക്ഷം രൂപ പിഴയടക്കാനും ശിക്ഷിക്കപ്പെട്ടത്. ഓട്ടോ ഡ്രൈവറായ ഇയാൾ ലഹരി വസ്തുക്കൾ കുട്ടിക്ക് ബലം പ്രയോഗിച്ച് നൽകിയ ശേഷം പീഡിപ്പിക്കുകയായിരുന്നു. വടക്കേക്കര പൊലീസ് 2020ൽ രജിസ്റ്റർ ചെയ്ത കേസിൽ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചത് അന്നത്തെ ഇൻസ്പെക്ടർ ആയിരുന്ന എം കെ മുരളിയാണ്. ആലുവ ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതി ജഡ്ജി ഷിബു ഡാനിയലാണ് ശിക്ഷ വിധിച്ചത്.

## വാർഷികം

ആലുവ : കുന്നുകര ഗവൺമെന്റ് ജെ.ബി സ്കൂൾ പി.ടി .എ വാർഷിക പൊതുയോഗവും തെരഞ്ഞെടുപ്പും നടത്തി . ഷൈജു കാവനത്തിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം കുന്നുകര ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.എ അബ്ദുൽ ജബ്ബാർ ഉദ്ഘാടനം നിർവഹിച്ചു. ഗ്രാമ പഞ്ചായത്ത് മെമ്പർ ബീന ജോസ്, സ്കൂൾ ഹെഡ്മിസ്ട്രസ് ഷിബിശങ്കർ, പ്രിയ പി.ജെ, ധനൂഷ വി.ഒ, എബിൻ മാധവ്, സി.എസ് സിദ്ധിക്ക് എന്നിവർ സംസാരിച്ചു. പുതിയ ഭാരവാഹികളായി ഷൈജു കാവനത്തിൽ ( പി ടി എ പ്രസിഡന്റ് ) മുജീബ് വയൽകര ( പി.ടി.എ വൈ: പ്രസിഡന്റ് ) പ്രദീപ് കുന്നുകര (എസ്.എം സി ചെയർമാൻ) ധനൂഷ വി.ഒ (എസ്.എം.സി. വൈസ് : ചെയർപേഴ്സൺ) മേഘ രഞ്ജിത്ത് (എം.പി.ടി.എ പ്രസിഡന്റ് )ദുർഗ്ഗ കെ.എൻ ( എം.പി.ടി എ വൈ: പ്രസിഡന്റ് ) എന്നിവരെ തെരെഞ്ഞെടുത്തു

## കുത്തകൾക്കെതിരായ സമരം ശക്തമാക്കും: രാജു അപ്സര

പറവൂർ: കുത്തകൾക്കെതിരായ സമരം ശക്തമാക്കുമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര. എറണാകുളം ജില്ലാ വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഏതാനും വരുന്ന കുത്തകകളെ സഹായിക്കുന്ന നിലപാടുകളാണ് തുടരുന്നത്. ഇതുമൂലം രാജ്യത്തെ ചെറുകിട വ്യാപാരരംഗത്തെ 4 കോടി സംരംഭകരും 16 കോടി വരുന്ന തൊഴിലാളികളടക്കം ഇരുപത് കോടി ജനങ്ങളുടെ ജീവിതം വഴിമുട്ടിയിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ജില്ലാ പ്രസിഡന്റ് പി സി ജേക്കബ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ദേവസ്യ മേച്ചേരി മുഖ്യപ്രഭാഷണം സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് കുഞ്ഞാവു ഹാജി മുഖ്യാതിഥിയായി.

ജില്ലാ ജനറൽ സെക്രട്ടറി അഡ്വ. എ ജെ റിയാസ് റിപ്പോർട്ടും, ട്രഷറർ സി. എസ് അജ്മൽ കണക്കും അവതരിപ്പിച്ചു. സംസ്ഥാന ട്രഷറർ എസ്.ദേവരാജൻ, വൈസ് പ്രസിഡന്റുമാരായ എം.കെ.തോമസ് കുട്ടി, കെ.വി.അബ്ദുൽ ഹമീദ്, എ.ജെ. ഷാജഹാൻ, അഹമ്മദ് ഷരീഫ്, സെക്രട്ടറിമാരായ സണ്ണി പൈമ്പിള്ളി, ബാപ്പു ഹാജി, സബിൽ രാജ്, ജോജിൻ. ടി. ജോയി തുടങ്ങിയവർ സംസാരിച്ചു.

ഭാരവാഹികളായി പി സി ജേക്കബ് (പ്രസിഡന്റ്), അഡ്വ. എ ജെ റിയാസ് (ജനറൽ സെക്രട്ടറി), സി. എസ് അജ്മൽ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

സംസ്ഥാന സെക്രട്ടറി വി എം ലത്തീഫ് തെരഞ്ഞെടുപ്പ് നിയന്ത്രിച്ചു.

## മുസ്‌ലിം ലീഗ് ജില്ലാ ലീഡേഴ്സ് ക്യാമ്പ്

## ഓൺലൈൻ രജിസ്ട്രേഷൻ 10ന് മുമ്പ് പൂർത്തിയാക്കണം




കൊച്ചി: ജൂലൈ 13ന് ആലുവ കുട്ടമശേരിയിലെ കോൺവെൻസിയ കൺവെൻഷൻ സെന്ററിൽ നടക്കുന്ന മുസ്‌ലിം ലീഗ് എറണാകുളം ജില്ല ലീഡേഴ്സ് ക്യാമ്പ് പ്രതിനിധികൾക്കായി ഓൺലൈൻ രജിസ്ട്രേഷൻ ഏർപ്പെടുത്താൻ മുസ്‌ലിം ലീഗ് എറണാകുളം ജില്ലാ ഭാരവാഹികളുടെ യോഗം തീരുമാനിച്ചു. ഗൂഗിൾ ഫോം ലിങ്കിലൂടെയുള്ള ഓൺലൈൻ രജിസ്ട്രേഷൻ ജൂലൈ 10 ന് പൂർത്തിയാക്കണമെന്ന് യോഗം നിർദ്ദേശിച്ചു.

മുസ്‌ലിം ലീഗ് നേതാക്കളായ എ പി ഉണ്ണികൃഷ്ണൻ, എം പി അബ്ദുൽ ഖാദർ, വി എ കാസിം എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

ആലുവ ലീഗ് ഹൗസിൽ ചേർന്ന യോഗത്തിൽ വൈസ് പ്രസിഡണ്ട് ഇബ്രാഹിം കവലഅധ്യക്ഷത വഹിച്ചു. ജില്ലാ ജനറൽ സെക്രട്ടറി അഡ്വ വി. ഇ അബ്ദുൽ ഗഫൂർ സംഘടന കാര്യങ്ങൾ വിശദീകരിച്ചു. ജില്ലാ ട്രഷറർ പി. എ. അഹമ്മദ് കബീർ, വൈസ് പ്രസിഡണ്ടുമാരായ പി. എ. മമ്മു, ടി. എം. അബ്ബാസ് സെക്രട്ടറിമാരായ കരീം പാടത്തിക്കര, എം. പി. അഷറഫ് മൂപ്പൻ, സുബൈർ ഓണമ്പിള്ളി, കെ. എ. മുഹമ്മദ് ആസിഫ്, അൻസാർ മുണ്ടാട്ട് എന്നിവർ സംബന്ധിച്ചു. രജിസ്ട്രേഷനായുള്ള ലിങ്ക്: https://surveyheart.com/form/668aaf51561e294876754bfb

## ബഷീർ ക്വിസ്

മട്ടാഞ്ചേരി: വൈക്കം മുഹമ്മദ് ബഷീറിന്റെ ജീവിതവും സാഹിത്യവും ആസ്പദമാക്കി മൗലാന ആസാദ് ലൈബ്രറി നടത്തിയ ക്വിസ് മത്സരത്തിൽ റിയ ഫാത്തിമ( ഒ. എൽ. സി.ജി.എച്.എസ്), ശാന്ത മരിയ പി.എസ്( സെന്റ് സെബാസ്റ്റ്യൻസ് എച്. എസ്), ഹെവ് ലിൻ നിക്കോൾ( ഒ. എൽ. സി.ജി.എച്.എസ്), റിഷികേഷ് എൻ. ആർ, (സെന്റ്.സെബാസ്റ്റ്യൻസ് എച്. എസ്), നവ്യ മരിയ ഫെർണാണ്ടസ്( ഫാത്തിമ ജി. എച്.എസ്) , അൽഫോൺസാ ദാരിയ റോസ്( ഒ. എൽ. സി.ജി.എച്.എസ്) എന്നിവർ വിജയിച്ചതായി അറിയിച്ചു.

## പൈങ്ങോട്ടൂർ പഞ്ചായത്ത് വൈസ് പ്രസിഡന്റിനെ അയോഗ്യനാക്കി

കോതമംഗലം :പൈങ്ങോട്ടൂർ പഞ്ചായത്ത് വൈസ് പ്രസിഡൻറ് നിസാർ മുഹമ്മദിനെ കൂറുമാറ്റ നിരോധന നിയമപ്രകാരം അയോഗ്യനാക്കി തെരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിട്ടു.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ യു.ഡി.എഫിൽ മുസ്‌ലിം ലീഗിന് അനുവദിച്ച 10ാം വാർഡിൽ സ്വതന്ത്രനായി മത്സരിച്ച് വിജയിച്ച നിസാർ യു.ഡി.എഫ് അംഗങ്ങളുടെ പിന്തുണയോടെ വൈസ് പ്രസിഡൻറ് ആയി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. പതിമൂന്നംഗ ഭരണസമിതിയിൽ ഇരു മുന്നണികളും 6 വീതം സീറ്റാണ് നേടിയിരുന്നത്. യു.ഡി.എഫിലെ 6 ആറംഗങ്ങളുടെ പിന്തുണയോടെ കോൺഗ്രസ് വിമതയായി മത്സരിച്ച് വിജയിച്ച സിസി ജെയ്സൺ പ്രസിഡൻറായും നിസാർ മുഹമ്മദ് വൈസ് പ്രസിഡൻറായും ചുമതലയേൽക്കുകയാരുന്നു.

എന്നാൽ സിസി ജെയ്സണുമായുള്ള അഭിപ്രായ വ്യത്യാസത്തെ തുടർന്ന് നിസാർ വൈസ് പ്രസിഡൻറ് സ്ഥാനം രാജി വയ്ക്കുകയും പ്രസിഡൻറിനുള്ള പിന്തുണ പിൻവലിക്കുകയും സിസിക്കെതിരെ ഇടതുപക്ഷം കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തെ യു.ഡി.എഫ് വിപ്പ് ലംഘിച്ച് പിന്തുണക്കുകയും ചെയ്തു.



ഇതോടെ സിസി ജെയ്സൺ പ്രസിഡൻറ് സ്ഥാനത്തു നിന്ന് പുറത്താവുകയും തുടർന്ന് നടന്ന പ്രസിഡൻറ് തെരഞ്ഞെടുപ്പിൽ നിസാർ എൽ .ഡി .എഫിനെ പിന്തുണയ്ക്കുകയും സീമ സിബി പ്രസിഡൻറായും നിസാർ മുഹമ്മദ് വൈസ് പ്രസിഡൻറായി വീണ്ടും തെരഞ്ഞെടുക്കപ്പെടുകയുമായിരുന്നു.തുടർന്ന് കൂറുമാറ്റ നിയമപ്രകാരം നിസാറിനെതിരെ നടപടി എടുക്കാൻ യുഡിഎഫ് തെരഞ്ഞെടുപ്പ് കമ്മീഷനെ സമീപിക്കുകയും നിസാറിനെ അയോഗ്യനാക്കി കമ്മീഷൻ ഉത്തരിവിടുകയും ആയിരുന്നു.

## ജനറൽ ആശുപത്രി കാന്റീനിലെ ഭക്ഷണ വിലകുറക്കണം: മുസ്‌ലിം ലീഗ്



*എറണാകുളം ജനറൽ ആശുപത്രി കാന്റീനിലെ ഭക്ഷണപദാർത്ഥങ്ങളുടെ വില കുറക്കണമെന്നാവശ്യപ്പെട്ട് മുസ്‌ലിംലീഗ് എറണാകുളം നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്തത്തിൽ സൂപ്രണ്ടിന് നിവേദനം നൽകുന്നു*

കൊച്ചി: എറണാകുളം ജനറൽ ആശുപത്രി കാന്റീനിലെ ഭക്ഷണപദാർത്ഥങ്ങളുടെ വില കുറക്കണമെന്നും നിർധനരായ രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും അന്ന കേന്ദ്രമായ ജനറൽ ആശുപത്രിയിലെ കാന്റീനിൽ ഭക്ഷണങ്ങൾക്ക് ന്യായവില മാത്രം ഈടാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ആശുപത്രി സൂപ്രണ്ടിന് മുസ്‌ലിംലീഗ് എറണാകുളം നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്തത്തിൽ നിവേദനം നൽകി. മണ്ഡലം പ്രസിഡന്റ് ടി. എ. മുറാറത്ത്, ജനറൽ സെക്രട്ടറി മുഹമ്മദ് കമ്റാൻ, ട്രഷറർ ടി. ഇ. അസീസ് , ജലീൽ ആർട്മെൻ, നാസർ മാഞ്ഞാലി, ജമീല, ബുറാഷിൻ, മുസ്തഫ എന്നിവർ പങ്കെടുത്തു.

## ജെ.ഡി. ഡിസൈൻ അവാർഡ് നാളെ

കൊച്ചി: രാജ്യത്തെ മുൻനിര ഫാഷൻ ഡിസൈൻ പഠന കേന്ദ്രമായ ജെ.ഡി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി സംഘടിപ്പിക്കുന്ന ജെ.ഡി. ഡിസൈൻ അവാർഡ് 2024 നാളെ (ചൊവ്വ) വൈകീട്ട് 3 മണിക്ക് ഹോളിഡേ ഇന്നിൽ ആരംഭിക്കും. ജെ.ഡി. ഇൻസ്റ്റിറ്റ്യൂട്ടിലെ യുവ ഫാഷൻ, ഇന്റീരിയർ ഡിസൈനർമാരൊരുക്കുന്ന വിസ്മയകരമായ ഇന്റീരിയർ, ഫാഷൻ എക്സിബിഷനോടെയാണ് പരിപാടികൾ ആരംഭിക്കുക. വൈകീട്ട് ആറ് മണിക്ക് നടക്കുന്ന ഫാഷൻ ഷോയിൽ ഡിസൈൻ വൈവിധ്യവും, നൂതന സൃഷ്ടികളുമായി മുൻനിര മോഡലുകൾ റാംപിലെത്തും. ഡിസൈനർ പ്രൊഫഷണലുകൾ, അക്കാദമിക് വിദഗ്ധർ, വ്യവസായികൾ, പ്രമുഖ ഫാഷൻ മാധ്യമ പ്രവർത്തകർ എന്നിവർ പങ്കെടുക്കും. മികച്ച ഡിസൈനർ, മികച്ച ആശയം, ഏറ്റവും നൂതനമായ ശേഖരം, മികച്ച ജൂറി ചോയ്സ് ഉൾപ്പെടെയുള്ള വിവിധ വിഭാഗങ്ങളിൽ മത്സരവും അവാർഡ് ദാനവും നടക്കും.

## സഹകരണ ദിനാഘോഷം

നെടുമ്പാശ്ശേരി : നെടുമ്പാശ്ശേരി സർവീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ അന്തർദ്ദേശീയ സഹകരണ ദിനാഘോഷം നടത്തി. ബാങ്ക് പ്രസിഡന്റ് സി വെ ശാബോർ പതാക ഉയർത്തി സഹകരണ ദിനാഘോഷം ഉത്ഘാടനം ചെയ്തു.ബാങ്ക് വൈസ് പ്രസിഡന്റ് എ കെ ധനേഷ്, ഭരണസമിതി അംഗങ്ങൾ ആയ ജിസ് തോമസ്, റ്റി എ ചന്ദ്രൻ, എ കെ വർഗീസ്, മേഴ്സി വർഗീസ്, സെക്രട്ടറി റ്റി എസ് പുഷ്പ എന്നിവർ പ്രസംഗിച്ചു

## പി ജി പ്രവേശനം

മൂവാറ്റുപുഴ: നിർമല കോളേജിൽ (ഓട്ടോണോമസ്)വിവിധ പി ജി പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സപ്ലിമെന്ററി പ്രവേശനത്തിനായുള്ള അലോട്മെന്റിന്റെ ഓപ്ഷൻ രജിസ്ട്രേഷൻ ആരംഭിച്ചു. നാളെ നാല് വരെ www.nirmalacollege.ac.in എന്ന കോളേജ് വെബ് സൈറ്റിലൂടെ രജിസ്റ്റർ ചെയ്യാം. നിലവിൽ അഡ്മിഷൻ എടുത്തിട്ടുള്ളവർക്ക് സപ്ലിമെന്ററി അലോട്മെന്റിൽ അപേക്ഷിക്കാൻ സാധിക്കില്ല. 10ന് അലോട്മെന്റ് പ്രസിദ്ധീകരിക്കും.

## ആറ് കിലോ കഞ്ചാവുമായി യുവാക്കൾ പിടിയിൽ

കൊച്ചി: വിശാഖപട്ടണത്ത് നിന്ന് കടത്തി കൊണ്ടുവന്ന ആറു കിലോയോളം കഞ്ചാവുമായി യുവാക്കൾ പിടിയിൽ. ഇടുക്കി, കട്ടപ്പന സ്വദേശികളായ ആൽബിൻ, അശോക് കുമാർ എന്നിവരെയാണ് വൈറ്റില ജംഗ്ഷന് സമീപത്തെ ബസ് സ്റ്റോപ്പിൽ നിന്നും എക്സൈസ് സംഘം പിടികൂടിയത്. സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ജി.കൃഷ്ണകുമാറിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് സ്ക്വാഡിലെ ഉദ്യോഗസ്ഥരും, എറണാകുളം സർക്കിൾ ഇൻസ്പെക്ടർ ജിനീഷും സംഘവും ചേർന്ന് നടത്തിയ അന്വേഷണത്തിലാണ് പ്രതികൾ പിടിയിലായത്. പ്രതികൾക്കെതിരെ എൻ.ഡി.പി.എസ് നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. ബസ് മാർഗം വിശാഖപട്ടണത്തു നിന്നും കഞ്ചാവ് കടത്തികൊണ്ടുവന്ന് ഇടുക്കി, കട്ടപ്പന ഭാഗങ്ങളിൽ വിൽപ്പന നടത്തിവന്നിരുന്നതായി ചോദ്യം ചെയ്യലിൽ പ്രതികൾ സമ്മതിച്ചു. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ജിനീഷ്, സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് അംഗങ്ങളായ പ്രിവന്റീവ് ഓഫിസർ ഗ്രേഡ് അരുൺ കുമാർ എം.എം, ബസന്ത് കുമാർ, രജിത്ത്. ആർ. നായർ, എറണാകുളം സർക്കിൾ ഓഫീസിലെ പ്രിവന്റീവ് ഓഫീസർമാരായ ജയകുമാർ, ധീരു.ജെ.അറക്കൽ, വിപിൻ ബാബു, സിവിൽ എക്സൈസ് ഓഫിസർമാരായ സെയ്ത്, അജിത് എന്നിവരും സംഘത്തിൽ ഉണ്ടായിരുന്നു.



*കഞ്ചാവുമായി പിടിയിലായ പ്രതികൾ*

## കുടുംബ സംഗമവും അവാർഡ് ദാനവും

ആലുവ: ദയ ഓർഫൻ കെയർ കുടുംബ സംഗമവും വിദ്യാഭ്യാസ അവാർഡ്ദാനവും സംഘടിപ്പിച്ചു. സംഗമം അൻവർ സാദത്ത് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. പ്രശസ്ത മോട്ടിവേറ്റർ നിസാം അഹമ്മദ് പാവറട്ടി 'ആരോഗ്യമുള്ള കുടുംബം ആരോഗ്യമുള്ള സമൂഹം ' എന്ന വിഷയത്തിൽ ക്ലാസെടുത്തു. കെ.എൻ.എം. (മർക്കസുദ്ദഅവ ) സൗത്ത് സോൺ പ്രസിഡന്റ് എം.കെ. ശാക്കിർ, ടി.വൈ. ഖാലിദ് മദനി, കെ.എം. ജാബിർ, കെ.കെ. ഹുസൈൻ സ്വലാഹി, പി.എസ്. ഷാജഹാൻ (കൺവീനർ ദയ കെയർ ഹോം) എന്നിവർ സംസാരിച്ചു. ചെയർമാൻ എം.ബി. കൊച്ചുണ്ണി അദ്ധ്യക്ഷനായിരുന്നു. വെളിച്ചം ഖുർആൻ പഠന പദ്ധതിയുടെ ഭാഗമായ പരീക്ഷയിൽ നൂറു ശതമാനം വിജയം നേടിയവർക്ക ഉപഹാരങ്ങൾ നൽകി.



*നവ നന്മ ചാരിറ്റബിൾ ട്രസ്റ്റിന് കീഴിലുള്ള ദയ ഓർഫൻ കെയർ കുടുംബ സംഗമവും അവാർഡ് ദാനവും അൻവർ സാദത്ത് എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു*



# ഡബിൾ മലയാളം

## ആശയും സജ്നയും

മുംബൈ: ഏഷ്യാ കപ്പ് വനിതാ ക്രിക്കറ്റിനുള്ള ഇന്ത്യൻ സംഘത്തിൽ പ്രതീക്ഷിക്കപ്പെട്ടത് പോലെ രണ്ട് മലയാളികൾ. ഹർമൻപ്രീത് കൗർ നയിക്കുന്ന സംഘത്തിൽ സജ്ന സജീവൻ, ആശാ ശോഭന എന്നിവർക്കാണ് ബെർത്ത്. ദക്ഷിണാഫ്രിക്കക്കെതിരായ പരമ്പരയിൽ തകർപ്പൻ പ്രകടനം നടത്തിയ 17 അംഗ ടീമിലെ പതിനഞ്ച് പേരെയും നിലനിർത്തി. ടീം ഇതാണ്: ഹർമൻപ്രീത് കൗർ (ക്യാപ്റ്റൻ), സ്മൃതി മന്ദാന, ഷഫാലി വർമ, ദിപ്തി ശർമ, ജെമീമാ റോഡ്രിഗസ്, റിച്ചാഘോഷ്, ഉമാ ചേത്രി, പൂജാ വട്സാർക്കർ, അരുന്ധതി റെഡ്ഡി, രേണുകാ സിംഗ്, ദയാലൻ ഹേമലത, ആശാ ശോഭന, രാധാ യാദവ്, ശ്രേയങ്ക പാട്ടിൽ, സജ്ന സജീവൻ. ശ്വേത ഷെറാവത്ത്, സൈക ഇഷാഖ്, തനുജ കൻവർ, മേഘ്നാ സിംഗ് എന്നിവർ റിസർവ് താരങ്ങളാണ്. ശ്രീലങ്കയിൽ നടക്കുന്ന ചാമ്പ്യൻഷിപ്പിൽ ഈ മാസം 19ന് ഇന്ത്യയുടെ ആദ്യ പ്രതിയോഗികൾ പരമ്പരാഗത വൈരികളായ പാക്കിസ്താനാണ്. ആദ്യ ഗ്രൂപ്പിൽ യു.എ.ഇ, നേപ്പാൾ എന്നിവരാണ് ഇന്ത്യയുടെ മറ്റ് പ്രതിയോഗികൾ. നിലവിൽ ഇന്ത്യ സ്വന്തം മണ്ണിൽ ദക്ഷിണാഫ്രിക്കയുമായി കളിക്കുകയാണ്. ഏക ടെസ്റ്റും ഏകദിന പരമ്പരയും ഇന്ത്യ തൂത്ത് വാരിയിരുന്നു.

## നാടകം



ഡുസൽഡോർഫ്: യൂറോയിൽ പെനാൽട്ടി ഷൂട്ടൗട്ടിൽ സ്വിറ്റ്സർലൻഡിനെ ഷൂട്ടൗട്ടിൽ മറികടന്ന് ഇംഗ്ലണ്ട് സെമിയിലെത്തിയെന്നത് സത്യം. പക്ഷേ അവരുടെ ഗോൾക്കീപ്പർ ജോനാഥൻ പിക്ഫോർഡിന് റഫറിയുടെ കനത്ത താക്കിതും കിട്ടി. സാധാരണ ഗതിയിൽ തന്നെ പിക്ഫോർഡ് മൈതാനത്തെ നാടകക്കാരനായി അറിയപ്പെടുന്നയാളാണ്. ഷൂട്ടൗട്ടിലേക്ക് കളി പോയപ്പോൾ തുടക്കത്തിൽ തന്നെ രണ്ട് ഗോൾക്കീപ്പർമാർക്കും റഫറി നിർദ്ദേശങ്ങൾ നൽകിയതാണ്. എന്നാൽ പിക്ഫോർഡ് ഷൂട്ടൗട്ട് പോസ്റ്റിന് അരികിൽ നിൽകാതെ ദൂരെ പോയി. സ്വിസ് താരം കിക്കെടുക്കാൻ റെഡിയായിട്ടും ഇംഗ്ലീഷ് ഗോൾക്കീപ്പർ ഗോൾമുഖത്തുണ്ടായിരുന്നില്ല. ഇതാദ്യമായല്ല ഇംഗ്ലീഷ് ഗോൾക്കീപ്പർ ഇത്തരത്തിൽ താക്കീത് വാങ്ങുന്നത്. കിക്കെടുക്കാൻ വരുന്ന പ്രതിയോഗിയെ മാനസിക സമ്മർദ്ദത്തിലാക്കാൻ പല അടവുകളും അദ്ദേഹം പുറത്തെടുക്കാറുണ്ട്. ഷൂട്ടൗട്ടിൽ ടീമിന്റെ രക്ഷകനായതും പിക്ഫോർഡ് തന്നെ. അദ്ദേഹം ഒരു ഷോട്ട് രക്ഷപ്പെടുത്തിയിരുന്നു.

# ചന്ദ്രിക സ്പോർട്സ്



*ഉത്തരവാദിത്വം എനിക്കാണ്. ഇതായിരുന്നില്ല ഞങ്ങൾ പ്രതീക്ഷിച്ചത്. ബ്രസീൽ സംഘം കിരീടമർഹിച്ചവരാണ്. പക്ഷേ കാർട്ടറിൽ പുറത്താവുമ്പോൾ അതിന്റെ ഉത്തരവാദി കോച്ച് എന്ന നിലയിൽ ഞാൻ തന്നെ. ജനുവരിയിലാണ് ഞാൻ ചുമതലയേറ്റത്. ഇത് വരെ എട്ട് കളികളിലാണ് ടീമിനെ നയിച്ചത്. കോപ്പയാണ് ആദ്യ മേജർ ചാമ്പ്യൻഷിപ്പ്. കൂടുതൽ സമയമാണ് ഞാൻ തേടുന്നത്. ബ്രസീൽ സംഘത്തിലെ എല്ലാവരും ചെറുപ്പമാണ്. അവർക്ക് വളരാനുള്ള അവസരവും സമയവും വേണം. ഇത് വളർന്നുവരുന്ന സംഘമാണ്. അൽപ്പം ക്ഷമയോടെ കാത്തിരിക്കുക*

**–ഡോറിവാൽ ജൂനിയർ**

www.chandrikadaily.com

**BREAKING** വിംബിൾഡൺ: തകർപ്പൻ പ്രകടനവുമായി സൂപ്പർ താരം കാർലോസ് അൽകറാസ് ക്വാർട്ടർ ഫൈനലിൽ



**ഇന്ന്**

വിംബിൾഡൺ ക്വാർട്ടർ ഫൈനലുകൾ (ഉച്ചക്ക് 3-00 മുതൽ) സ്റ്റാർ സ്പോർട്സ്, ഡിസ്നേ ഹോട്ട്സ്റ്റാർ ലൈവ്

# സങ്കടം  കാനറികൾ

## കോപ്പയിൽ സെമി: അർജന്റീന – കാനഡ, യുറഗ്വായി – കൊളംബിയ



*കോപ്പ അമേരിക്ക അവസാന കാർട്ടറിൽ പെനാൽട്ടി ഷൂട്ടൗട്ടിൽ ബ്രസീലിനെ തോൽപ്പിച്ചതിന് പിറകെ ഗ്യാലറിയിലെ സ്വന്തം ഫാൻസിനരികിലെത്തി ആഹ്ലാദം പ്രകടിപ്പിക്കുന്ന യുറഗ്വായി താരങ്ങൾ*

ലാസ്വെഗാസ്:അലിജിയൻഡ് സ്റ്റേഡിയം കണ്ടത് 41 ഫൗളുകൾ. ഒരു ചുവപ്പ് കാർഡ്. ഒരു വട്ടം തമ്മിൽത്തല്ല്. എന്നിട്ടും ഒരു ഗോൾ പോലും പിറന്നില്ല. അവസാനം ഷൂട്ടൗട്ട്. അവിടെ ആദ്യ കിക്കെടുത്ത അനുഭവ സമ്പന്നനായ ഇദർ മിലിഷ്യേയാക്ക് പിഴച്ചപ്പോൾ ഡഗ്ലസ് ലൂയിസിന്റെ കിക്ക് പുറത്തുമായി. അതോടെ കോപ്പ അമേരിക്കയിൽ ബ്രസീലിന്റെ നിരാശയാത്രക്ക് അന്ത്യം. ഷൂട്ടൗട്ടിൽ 4-2 ന് വിജയിച്ച് യുറഗ്വായി കോപ്പ അമേരിക്ക സെമിയിൽ കൊളംബിയക്കാരെ നേരിടാൻ യോഗ്യത നേടി. മൂന്നാം ക്വാർട്ടറിൽ പാനമക്കാരുടെ വലയിൽ മറുപടിയില്ലാത്ത അഞ്ച് ഗോളുകൾ നിക്ഷേപിച്ചായിരുന്നു കൊളംബിയക്കാർ അവസാന നാലിൽ ടിക്കറ്റ് നേടിയത്. നിശ്ചിത സമയ പോരാട്ടത്തിൽ കൂടുതൽ അവസരങ്ങൾ ബ്രസീലിനായിരുന്നു. പക്ഷേ ഒരു ഗോൾ പോലും സ്കോർ ചെയ്യാൻ മുൻ ചാമ്പ്യന്മാർക്കായില്ല. സസ്പെൻഷൻ കാരണം പുറത്തിരുന്ന വിനീഷ്യസ് ജൂനിയറിന് പകരം എൻഡ്രിക്കെ എന്ന യുവ സ്ട്രൈക്കറാണ് ഇറങ്ങിയത്. റോഡ്രിഗോയും റാഫിഞ്ഞയും മുൻനിരയിൽ വന്നപ്പോൾ മുന്നേറ്റങ്ങളിൽ മൂർച്ച കുറഞ്ഞില്ല. പക്ഷേ യുറഗ്വായി ഗോൾമുഖത്ത് എത്തിയപ്പോഴെല്ലാം ഗോളുകൽ മാത്രം അകന്നു. പ്രാഥമിക റൗണ്ടുകളിൽ മികവ് പ്രകടിപ്പിച്ച യുറഗ്വായിയാവട്ടെ ഇന്നലെ പൂർണമായും നിറം മങ്ങി. ആകെ ഒരു സുവർണാവസരമാണ് അവർ സൃഷ്ടിച്ചത്. ഇതാവട്ടെ ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ ലിവർപൂളിനായി കളിക്കുന്ന ഡാർവിൻ നൂനസ് പുറത്തേക്കാണ് ഹെഡ് ചെയ്തത്. തുടർന്നുള്ള പ്രത്യാക്രമണത്തിൽ ബ്രസീലിന് ലഭിച്ച നല്ല അവസരം റാഫിഞ്ഞയും പാഴാക്കി. എഴുപത്തിനാലാം മിനുട്ടിൽ ബ്രസീൽ മുൻനിരക്കാരൻ റോഡ്രിയോ മാരകമായി ഫൗൾ ചെയ്തതിന് നഹിതാൻ നാൻഡസിന് ആദ്യം മഞ്ഞ നൽകിയെങ്കിലും പിന്നിട് വീഡിയോ അസിസ്റ്റൻഡ് റഫറിയുടെ ഇടപെടലിൽ അത് ചുവപ്പായി മാറി. യുറഗ്വായിയുടെ അംഗബലം പത്തായി കുറഞ്ഞിട്ടും അത് ഉപയോഗപ്പെടുത്താൻ ബ്രസീലിനായില്ല. നിശ്ചിത സമയ പോരാട്ടം സമനിലയിൽ പിരിഞ്ഞപ്പോൾ ഷൂട്ടൗട്ട്. അവിടെ റയൽ മാഡ്രിഡ് പിൻനിരയിൽ കളിക്കുന്ന മിലിഷ്യേയാക്കാണ് കോച്ച് ഡാർവാൽ ജൂനിയർ ആദ്യാവസരം നൽകിയത്. എന്നാൽ ആ തീരുമാനം പാളി. അനുഭവ സമ്പന്നന്റെ ഷോട്ട് ഗോൾക്കീപ്പർ റാഷറ്റ് കുത്തിയകറ്റി. ഇതോടെ ബ്രസീൽ സമ്മർദ്ദത്തിലായി. ഡഗ്ലസ് ലൂയിസിന്റെ ഷോട്ട് പോസ്റ്റിൽ തട്ടി തെറിക്കുകയും ചെയ്തതോടെ യുറഗ്വായി മുന്നിലെത്തി. ബ്രസീൽ കാവൽക്കാരൻ അലിസൺ ബേക്കർ ഒരു ഷോട്ട് രക്ഷപ്പെടുത്തിയെങ്കിലും യുറഗ്വായിക്കായി നിർണായക അവസാന കിക്കെടുത്ത മാനുവൽ ഉഗ്രറ്റിന് പിഴച്ചില്ല. യുറഗ്വായിയെ പരിശീലിപ്പിക്കുന്ന അർജൻറീനക്കാരനായ കോച്ച് മാർസിലോ ബിയൽസക്കത് സന്തോഷ മുഹൂർത്തവുമായി. ആദ്യം നടന്ന ക്വാർട്ടറിൽ ജെയിംസ് റോഡ്രിഗസ് എന്ന സൂപ്പർ താരത്തിന്റെ മികവിലാണ് കൊളംബിയക്കാർ പാനമയെ തരിപ്പണമാക്കിയത്. ഒരു ഗോൾ സ്വന്തമാക്കിയ റോഡ്രിഗസ് രണ്ട് ഗോളുകൾക്ക് പന്തും നൽകി. അരിസോണയിൽ നടന്ന മൽസരത്തിൽ റോഡ്രിഗസ് പായിച്ച കോർണർ കിക്കിൽ നിന്നും ആദ്യം ഗോൾ നേടിയത് ജോൺ കോർദോബ. പെനാൽട്ടി കിക്കിൽ നിന്നായിരുന്നു റോഡ്രിഗസിന്റെ ഗോൾ. ആദ്യ പകുതിക്ക് മുമ്പ് റോഡ്രിഗസ് പായിച്ച ഫ്രീകിക്കിൽ നിന്നും ലുയിസ് ഡയസ് മൂന്നാം ഗോൾ നേടി. റിച്ചാർഡ് ഡയസിന്റെ ലോംഗ് റേഞ്ചർ നാലാം ഗോളായപ്പോൾ പെനാൽട്ടി കിക്കിൽ നിന്നും മിഖായേൽ ബോർജ അഞ്ചാം ഗോളും നേടി. ഇന്നും നാളെയും കോപ്പയിൽ മൽസരങ്ങളില്ല. ആദ്യ സെമിയിൽ ബുധനാഴ്ച്ച പുലർച്ചെ 5-30ന് അർജന്റീന കാനഡയെയും വ്യാഴം പുലർച്ചെ 5-30ന് യുറഗ്വായി കൊളംബിയയെയും നേരിടും.

## ജയിച്ചത് ഒരു മൽസരം മാത്രം

ലാസ്വെഗാസ്: കോപ്പയുടെ സെമിഫൈനൽ പോലും കാണാതെ ബ്രസീൽ പുറത്താവുമ്പോൾ പ്രതിക്കൂട്ടിലാവുന്നത് പുതിയ കോച്ച് ഡോറിവാൽ ജൂനിയർ. പരിശീലകന്റെ പല തന്ത്രങ്ങളും പാളിയതായി മുൻകാല ബ്രസീൽ താരങ്ങൾ തന്നെ കുറ്റപ്പെടുത്തുന്നു. കോപ്പയുടെ തുടക്കം മുതൽ തന്നെ നിരാശാജനകമായ പ്രകടനം തുടർന്ന ബ്രസീൽ ആകെ നാല് മൽസരങ്ങളിൽ നിന്ന് ഒരു വിജയം മാത്രം സമ്പാദിച്ചാണ് മടങ്ങുന്നത്. കോസ്റ്ററിക്കക്കെതിരായ മൽസരത്തിൽ സമനില വഴങ്ങിയ ബ്രസീൽ പാരഗ്വേക്കെതിരെ മാത്രമാണ് ജയിച്ചത്. അവസാന ഗ്രൂപ്പ് മൽസരത്തിൽ കൊളംബിയക്കെതിരെയും സമനില വഴങ്ങി. ഇന്നലെ നിർണായക ക്വാർട്ടർ പോരാട്ടത്തിൽ ഷൂട്ടൗട്ടിൽ വീഴുകയും ചെയ്തു. മൽസരത്തിന്റെ അവസാന ഘട്ടത്തിൽ യുറഗ്വായി പത്ത് കളിക്കാരായി കുറഞ്ഞിട്ടും അത് ഉപയോഗപ്പെടുത്താൻ ടീമിനായില്ല. ഷൂട്ടൗട്ട് വേളയിൽ ഇദർ മിലീഷ്യോയെ ആദ്യ കിക്കെടുക്കാൻ നിയോഗിച്ചത് തന്നെ പരിശീലകന്റെ വലിയ പിഴവായി വിലയിരുത്തപ്പെടുന്നു. ഷൂട്ടൗട്ടിൽ ടീമിന്റെ ആദ്യ കിക്കെടുക്കാൻ എല്ലാ പരിശീലകരും നിയോഗിക്കാറ് മുൻനിരയിലെ വിശ്വസ്തരെയാണ്. മിലിഷ്യേയാക്ക് പിഴച്ചതോടെ മൊത്തം സമ്മർദ്ദം എല്ലാവരിലുമെത്തി. അത് വലിയ ദുരന്തമായി മാറുകയും ചെയ്തു. തോൽവിയുടെ ഉത്തരവാദിത്വം മൽസര ശേഷം സംസാരിക്കവെ കോച്ച് ഏറ്റെടുത്തിട്ടുണ്ട്. തനിക്ക് കൂടുതൽ സമയം വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ജനുവരിയിലാണ് ഞാൻ ചുമതലേറ്റത്. എട്ട് മൽസരങ്ങളാണ് കളിച്ചത്. കോപ്പയാണ് ആദ്യ പങ്കെടുക്കുന്ന ചാമ്പ്യൻഷിപ്പ്. ടീമിന് കരുത്ത് നേടാൻ കൂടുതൽ സമയം വേണമെന്നും അദ്ദേഹം പറഞ്ഞു.

## കോച്ച് പീഢനവീരൻ

### മിണ്ടാട്ടമില്ലാതെ കേരളാ ക്രിക്കറ്റ് അസോസിയേഷൻ

തിരുവനന്തപുരം: പോക്സോ കേസിൽ ഉൾപ്പെടെ നിരവധി കേസുകളിൽ പ്രതിയായിരുന്ന വ്യക്തിയെ കേരളാ ക്രിക്കറ്റ് അസോസിയേഷൻ പരിശീലകനായി തുടരാൻ അനുവാദം നൽകിയത് കെ.സി.എയുടെ മൗനാനുവാദത്തോടെയെന്ന ആക്ഷേപം ശക്തമാകുന്നു. ഒരു കോക്കസിനുള്ളിൽ നിന്നു പ്രവർത്തിക്കുന്ന കേരളാ ക്രിക്കറ്റ് അസോസിയേഷൻ ഇത്തരം ദുഷ്ചെയ്തികൾ നടത്തിയവർക്കെതിരെ നടപടി കൈക്കൊള്ളാതെ അവരെ സംരക്ഷിക്കുന്നതിനു പിന്നിൽ ഉന്നത ലോബി തന്നെയാണെന്നാണ് സൂചന. കേസിൽ പ്രതിയായിട്ടും മനുവെന്ന പരിശീലകനെ കെ.സി.എ പുറത്താക്കിയിരുന്നില്ല. ഇയാളെ നിരീക്ഷിക്കാനോ കുട്ടികളുടെ സംരക്ഷണം ഉറപ്പുവരുത്താൻ വനിതകളെ പരിശീലന സ്ഥലത്ത് നിയോഗിക്കാനോ കെ.സി.എ തയ്യാറായതുമില്ല. ഏറ്റവുമൊടുവിൽ ആറു പെൺകുട്ടികളുടെ പരാതിയിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസ് എടുക്കേണ്ട അവസ്ഥയുണ്ടായി. ആറു പെൺകുട്ടികളെ പീഡിപ്പിച്ചുവെന്നാണ് പരാതി. സം വത്തിൽ കെ.എസി.എ വിശദീകരണം നൽകണമെന്ന് കാട്ടിയും മനുഷ്യാവകാശ കമ്മീഷൻ നോട്ടീസ് അയച്ചു. പോക്സോ കേസിൽ മുമ്പും പ്രതിയായ മനുവിനെ പരിശീലകസ്ഥാനത്തുനിന്നും മാറ്റാൻ കെ.സി.എ തയ്യാറായിരുന്നില്ല. കെ.സി.എ ആസ്ഥാനത്തുൾപ്പെടെ പീഡനം നടന്നുവെന്നാണ് കണ്ടെത്തൽ. ഇതിനെ തുടർന്നാണ് മനുഷ്യാവകാശ കമ്മീഷന്റെ നടപടി. അതേസമയം പോക്സോ കേസിലടക്കം പൊലീസ് അറസ്റ്റ് ചെയ്ത മനുവിനെതിരെ ഇപ്പോൾ കൂടുതൽ ആരോപണങ്ങൾ ഉയർന്നിട്ടുണ്ട്. അവസരം നിഷേധിക്കുമെന്ന് വരെ ഭീഷണിപ്പെടുത്തി മനു പീഡിപ്പിച്ചിരുന്നതായി പൊലീസിന് പെൺകുട്ടികൾ മൊഴി നൽകി. പരാതിക്കാരിയായ പെൺകുട്ടികളുടെ മൊഴി കേട്ട് അന്വേഷണ സംഘം തന്നെ ഞെട്ടിയിരിക്കുകയാണ്. രണ്ടു വർഷം മുമ്പ് പരിശീലനത്തിനിടെ ഒരു കുട്ടിയെ മനു പീഡിപ്പിച്ചിരുന്നു. വീണ്ടും പെൺകുട്ടി ഒരു മാച്ചിൽ പങ്കെടുക്കാനെത്തിയപ്പോൾ ഇതേ കോച്ച് കെ.സി.എയിൽ തുടരുന്നത് കണ്ട കുട്ടി മാനസികമായി തളർന്നു. തനിക്കുണ്ടായ ദുരനുഭവം കുട്ടി പൊലിസിനോട് പറയാൻ ധൈര്യം കാണിച്ചതോടെയാണ് മറ്റ് അഞ്ചു കുട്ടികൾ കൂടി രംഗത്ത് വന്നത്. കെ.സി.എ ആസ്ഥാനത്തെ വിശ്രമമുറിയിലും ശുചിമുറിയിലും വച്ചാണ് കുട്ടികളെ ഉപദ്രവിച്ചത്. തെങ്കാശിയിൽ മാച്ചിനുകൊണ്ടുപോയപ്പോഴും കുട്ടികളെ ഉപദ്രവിച്ചുവെന്നാണ് ഗുരുതര പരാതി

# ഡച്ചുകാരും കയറി

## യൂറോ സെമി: നെതർലൻഡ്സ് – ഇംഗ്ലണ്ട്



ബെർലിൻ: ഗംഭീരമായി കളിച്ചു തുർക്കിയേ. ആദ്യ പകുതിയിൽ ലീഡും സ്വന്തമാക്കി. പക്ഷേ രണ്ടാം പകുതിയിലെ ആറ് മിനുട്ടിനിടെ കിട്ടിയ രണ്ടവസരങ്ങളെ ഉപയോഗപ്പെടുത്തിയ ഡച്ചുകാർ അനുഭവ സമ്പത്ത് ആയുധമാക്കി. യൂറോയിൽ സെമി ഫൈനൽ ടിക്കറ്റും സ്വന്തമാക്കി. ഇംഗ്ലണ്ടാണ് അവരുടെ പ്രതിയോഗികൾ. ആദ്യ സെമിയിൽ സ്പെയിനും ഫ്രാൻസും നേർക്കുനേർ വരും. ബെർലിനിലെ ഒളിംപിക് സ്റ്റേഡിയത്തിൽ കളം നിറഞ്ഞത് തുർക്കിയേയായിരുന്നു. തുർക്കിയേ മെസി എന്ന പേരിൽ അറിയപ്പെടുന്ന യുവതാരം ആർദ ഗുലാർ നൽകിയ സുന്ദരമായ പന്ത് ഉപയോഗപ്പെടുത്തി സെന്റർ ബാക് സാമറ്റ് അകാദിൻ തുർക്കിയേയെ മുന്നിലെത്തിച്ചിരുന്നു. ക്വാർട്ടർ ഫൈനൽ കണ്ട അതിമനോഹര ഗോൾ. എന്നാൽ രണ്ടാം പകുതിയിൽ ഡച്ചുകാർ അനുഭവക്കരുത്തിൽ തിരികെ വന്നു. സ്റ്റെഫാൻ ഡി വർജിയുടെ ഹെഡ്ഡറിൽ ഡച്ചുകാർ ഒപ്പമെത്തി. തൊട്ട് പിറകെ തുർക്കിയേ ലീഡ് നേടുമായിരുന്നു. കാൻ അഹ്യാന്റെ ഷോട്ട് ഡച്ച താരം വെഗ് ഹോസ്റ്റ് അവസാന നിമിഷം രക്ഷപ്പെടുത്തുകയായിരുന്നു. സ്ട്രൈക്കർ കോഡി ഗാക്പോയുടെ സമ്മർദ്ദത്തിൽ പിറന്ന സെൽഫ് ഗോളാണ് ഡച്ചുകാർക്ക് നിർണായക വിജയം സമ്മാനിച്ചത്. അതിന് ശേഷം ഗുലാറിന്റെ അതിമനോഹര ഫ്രീകിക്ക് ക്രോസ് ബാറിൽ തട്ടി പുറത്താവുകയും ചെയ്തു. പ്രീക്വാർട്ടറിൽ റുമേനിയക്കെതിരെ മൂന്ന് ഗോളിന്റെ തകർപ്പൻ വിജയം സ്വന്തമാക്കി വന്ന ഡച്ചുകാരെ തുടക്കം മുതൽ വിറപ്പിക്കുകയായിരുന്നു തുർക്കി യുവനിര. ആദ്യ 45 മിനുട്ടിൽ ഡച്ചുകാർ ചിത്രത്തിൽ പോലുമുണ്ടായിരുന്നില്ല. രണ്ടാം പകുതിയിൽ കോച്ച് റൊണാൾഡ് കൂമാൻ നടത്തിയ മാറ്റങ്ങൾ ഫലപ്രദമായി. സ്റ്റീവൻ ബെർജവിനെ മാറ്റി വെഗ്ഹോസ്റ്റിനെ രംഗത്തിറക്കിയതോടെ കളി മാറി.



*നെതർലൻഡ്സിനെതിരെ ആദ്യ ഗോളിലേക്ക് പന്ത് നൽകിയ ഗുലാറിനെ അഭിനന്ദിക്കുന്ന കോച്ച്*

### താരമായി ഗുലാർ

ബെർലിൻ: തുർക്കിയേ യൂറോയിൽ നിന്ന് സെമി ഫൈനൽ കാണാതെ പുറത്തായെങ്കിലും അവർ വൻകരാ ഫുട്ബോളിൽ ശക്തമായ അടയാളപ്പെടുത്തലാണ് ജർമനിയിൽ നടത്തിയത്. പ്രാഥമിക റൗണ്ടിലും പ്രീക്വാർട്ടറിലും ക്വാർട്ടറിലും ഗംഭീര പ്രകടനങ്ങൾ. ക്വാർട്ടറിൽ എല്ലാവരും ഡച്ചുകാർക്കൊപ്പമായിരുന്നു. പക്ഷേ ആദ്യാവസാനം അവരെ വിറപ്പിച്ചാണ് തുർക്കിയേ മടങ്ങുന്നത്. സ്വന്തം വഴിക്ക് വന്ന അവസരങ്ങൾ ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ അവർ സെമിയിലും കളിക്കുമായിരുന്നു. ഓസ്ട്രിയക്കാരെ പ്രീക്വാർട്ടറിൽ രണ്ട് ഗോളിന് വീഴ്ത്തി വന്ന തുർക്കിയേ ക്വാർട്ടറിൽ നടത്തിയ മിന്നലാക്രമണങ്ങൾ പലവട്ടം ഡച്ച് ഡിഫൻസിൽ പരിഭ്രാന്തി പരത്തി. പലപ്പോഴും ഡച്ചുകാർ ഭാഗ്യത്തിനാണ് രക്ഷപ്പെട്ടത്. ആർദർ ഗുലാർ എന്ന യുവതാരമാണ് കാണികളുടെ മനം കവർന്നത്. സ്പാനിഷ് ലാലീഗ ഫുട്ബോളിൽ റയൽ മാഡ്രിഡിനായി കളിക്കുന്ന 21-കാരൻ ആദ്യ ഗോളിന് അവസരമൊരുക്കിയതിന് പിറകെ പായിച്ച ഫ്രീകിക്ക് ക്രോസ് ബാറിൽ തട്ടി മടങ്ങുകയായിരുന്നു. കളിയിലെ കേമനും ഈ താരമായിരുന്നു.

## ഇന്ത്യൻ റിവഞ്ച്

### അഭിഷേകിന് സെഞ്ച്വറി



*സെഞ്ചറി ആഹ്ലാദത്തിൽ അഭിഷേക് ശർമ*

ഹരാരേ: ആദ്യ മൽസരത്തിലെ കനത്ത തോൽവിക്ക് അത്യുഗ്രൻ മറുപടിയുമായി ഇന്ത്യൻ യുവ സംഘം. 46 പന്തിൽ സെഞ്ചറി സ്വന്തമാക്കിയ ഓപ്പണർ അഭിഷേക് ശർമയുടെ കരുത്തിൽ പഞ്ചമൽസര ടി-20 പരമ്പരയിലെ രണ്ടാം മൽസരത്തിൽ ഇന്ത്യ ജയിച്ചത് 100 റൺസിന്. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ രണ്ട് വിക്കറ്റ് മാത്രം നഷ്ടത്തിൽ 234 റൺസ് നേടിയപ്പോൾ സിംബാബ്‌വേ 134 റൺസിന് എല്ലാവരും പുറത്തായി. 15 റൺസ് മാത്രം നൽകി മൂന്ന് വിക്കറ്റ് നേടിയ ആവേശ് ഖാനും 11 റൺസിന് രണ്ട് പേരെ പുറത്താക്കിയ സ്പിന്നർ രവി ബിഷ്ണോയിയുമാണ് ഇന്ത്യൻ ബൗളിംഗിൽ മിന്നിയത്.

ഒരു ദിവസം മുമ്പ് നടന്ന ആദ്യ മൽസരത്തിൽ സമ്പൂർണ നിരാശ സമ്മാനിച്ചവരായിരുന്നു ഇന്ത്യൻ ബാറ്റർമാർ. സിക്കന്ദർ റാസ നയിച്ച സിംബാബ്‌വേക്കാർ ആദ്യ മൽസരത്തിൽ വൻജയം ആഘോഷമാക്കിയപ്പോൾ ഇന്നലെ ഇന്ത്യയുടെ റിവഞ്ചായിരുന്നു. ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദിനെ ഫൈനൽ വരെ എത്തിച്ചതിൽ വലിയ പങ്ക് വഹിച്ച അഭിഷേക് ടി-20 ക്രിക്കറ്റിൽ ഒരു ഇന്ത്യക്കാരന്റെ ഏറ്റവും വേഗതയേറിയ മൂന്നാം സെഞ്ചറിയാണ് സ്വന്തമാക്കിയത്. ഇന്ത്യയുടെ തുടക്കം മോശമായിരുന്നു. രണ്ടാം ഓവറിൽ തന്നെ നായകൻ ശുഭ്മാൻ ഗിൽ (2) പുറത്തായി. പക്ഷേ റിഥുരാജ് ഗെയിക്‌വാദ് (77 നോട്ടൗട്ട്), റിങ്കുസിംഗ് (48 നോട്ടൗട്ട്) എന്നിവർ ഉറച്ച പിന്തുണ നൽകി. മറുപടി ബാറ്റിംഗിൽ രണ്ടാം വിക്കറ്റിൽ വെസ്‌ലേ മദിവേര (43) ബ്രയൻ ബെനറ്റ് (26) സഖ്യം ഗംഭീരമായി കളിച്ചെങ്കിലും മധ്യനിര പാടെ തകർന്നു. ഡിയോൺ മേയേഴ്സ് (0), സിക്കന്ദർ റാസ (4) ജോനാഥൻ കാംപെൽ (10), ക്ലൈവ് മദാനേ (0), വെല്ലിംഗ്ടൺ മസ്കദാസ (1) എന്നിവരെല്ലാം വേഗം പുറത്തായി. വാലറ്റത്തിൽ ലുക് ജോൺഗ്‌വെ (33) പൊരുതിയെങ്കിലും 18.4 ഓവറിൽ ഇന്നിംഗ്സ് അവസാനിച്ചു.

## ക്വട്ടേഷൻ ക്ഷണിച്ചു

കാഞ്ഞങ്ങാട്: പടന്നക്കാട് കാർഷിക കോളജ് ലേഡീസ് ഹോസ്റ്റലിലെ വിദ്യാർഥിനികൾക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ഭക്ഷണം പാചകം ചെയ്തു വിതരണം ചെയ്യുന്നതിനായി താൽപര്യമുള്ള വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ 17.07.2024ന് മൂന്നു മണിവരെ സ്വീകരിക്കും. അന്നേ ദിവസം 3.30മണിക്ക് ക്വട്ടേഷനുകൾ തുറക്കുന്നതും തീരുമാനമെടുക്കുന്നതുമാണ്. നിബന്ധനകൾക്കും വിശദവിവരങ്ങൾക്കുമായി അസിസ്റ്റന്റ് വാർഡൻ, ലേഡിസ് ഹോസ്റ്റൽ ഓഫീസുമായി ബന്ധപ്പെടുക.

## പ്രൊജക്റ്റ് അസി. നിയമനം

തൃക്കരിപ്പൂർ: തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്തിൽ നിവിലുള്ള പ്രൊജക്റ്റ് അസിസ്റ്റന്റ് ഒഴിവിലേക്ക് 17ന് രാവിലെ 11ന് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ഇന്റർവ്യൂ നടത്തും. 0467 2210236.

## മലയോര പട്ടയം വിവരശേഖരണം: 25 വരെ അപേക്ഷിക്കാം

കാസർകോട്: 1977 ജനുവരി ഒന്നിന് മുമ്പ് വനഭൂമിയിൽ കുടിയേറി താമസിക്കുന്നവർക്ക് അതാത് പ്രദേശത്ത് ബാധകമായ ഭൂപതിവ് ചട്ടങ്ങൾ അനുസരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി മാർച്ച് ഒന്നു മുതൽ 30 വരെ നടത്തിയ വിവര ശേഖരണ പ്രക്രിയയിൽ അപേക്ഷ നൽകാൻ കഴിയാത്തവർക്ക്, ജൂലൈ 10 മുതൽ 25 വരെ അപേക്ഷ നൽകാൻ അവസരം. അർഹരായ ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ അപേക്ഷ നൽകാം.

പൊതുവാർത്തകൾ

# സൈബർ കേസുകൾ കൂടുന്നു

## ജില്ലയിൽ പ്രതിദിനം റിപ്പോർട്ട് ചെയ്യുന്നത് ആറു കേസുകൾ

കാഞ്ഞങ്ങാട്: ജില്ലയിൽ സൈബർ കേസുകളിൽ വൻ വർധന. പ്രതിദിനം ആറു സൈബർ കേസുകൾ റിപ്പോർട്ട് ചെയ്യുന്നതായി ജില്ലാ പൊലിസ് ചീഫ് പി. ബിജോയ് പറഞ്ഞു. സംസ്ഥാനത്ത് ഇതു 150ആയി ഉയരും. സൈബർ കേസുകൾ കുറയ്ക്കാനുള്ള ശ്രമത്തിനായി ഒരാഴ്ചത്തെ കാമ്പയിൻ ജില്ലയിൽ നടക്കുകയാണ്. കാസർ കോട് മർച്ചന്റ് അസോസിയേഷനിലും കലക്ട്രേറ്റിലും ഐ.എം.എ പ്രതിനിധികൾക്കും കാഞ്ഞങ്ങാട് മർച്ചന്റ് അസോസിയേഷനിലും ഇതു സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തിക്കഴിഞ്ഞു.

വിവിധ തരം കുറ്റകൃത്യങ്ങളാണ് ഓൺലൈൻ ലോകത്ത് നടക്കുന്നത്. മൊബൈൽ ഫോണിൽ വരുന്ന ലിങ്കുകൾ വഴി ആപ്പുകളും ഉപയോഗിച്ച് രഹസ്യങ്ങൾ ചോർത്തി നടക്കുന്ന കുറ്റകൃത്യങ്ങൾ. പുതുതായി സ്പെടക്സ് എന്ന പേരിൽ പാർസലുകൾ എത്തിച്ച് അവയിൽ നിരോധിത സാധനങ്ങൾ അയച്ച് ആളുകളെ കുടുക്കി ശേഷം പൊലിസ് ആണെന്ന് പറഞ്ഞ് ബ്ലാക്ക് മെയിൽ ചെയ്യുന്ന രീതിയിലുള്ള തട്ടിപ്പുകൾ. ഇതിനു പുറമെ ഹോട്ടലുകൾക്ക് റിവ്യു ചെയ്ത് പണം അക്കൗണ്ടിൽ അയച്ച് കൊണ്ട് അവസാനം കൂടുതൽ പണം അയക്കാൻ ടാക്സുണ്ടാവുമെന്ന് പറഞ്ഞ് പണം അയച്ച് കബളിപ്പിക്കുന്ന തട്ടിപ്പുകളും സൈബർ കുറ്റകൃത്യമായി നടക്കുന്നു. ഇങ്ങനെ ജില്ലയിലെ ഒരു ഡോക്ടർക്ക് നഷ്ടപ്പെട്ടത് രണ്ടു കോടി ഇരുപത് ലക്ഷം രൂപയാണ്. ഇതുപോലെ നിരവധി ക്രൈമുകൾ നടക്കുന്നതായും എസ്.പി പറഞ്ഞു.

വ്യാജ ഫേസ്ബുക്ക് ഉപയോഗിച്ച് പണം തട്ടുന്നവരും സൈബറിടത്തുണ്ട്. അനാവശ്യമായ ലോൺ ആപ്പുകളിൽ നിന്നും പണം കടമെടുത്താലും ഭീഷണിയുടെ രൂപത്തിൽ ക്രൈം നടക്കുന്നു. എല്ലാത്തിൽ നിന്നും രക്ഷനേടാൻ കൃത്യമായ ബോധവൽക്കരണമാണ് പൊലിസ് ലക്ഷ്യമിടുന്നത്. ഏതെങ്കിലും തട്ടിപ്പ് നടന്നാൽ ഒരു മണിക്കൂറിനുള്ളിൽ പൊലിസിനെ അറിയിക്കണം. 1930 എന്ന നമ്പറിൽ അറിയിക്കണം. അതിനു ശേഷമാണ് അറിയിക്കുന്നതെങ്കിൽ പണം അക്കൗണ്ടിൽ നിന്നും പിൻവലിക്കപ്പെടുമെന്നും പൊലിസ് ചീഫ് അറിയിച്ചു. പത്രസമ്മേളനത്തിൽ സി.ഐ ആസാദും സംബന്ധിച്ചു.

### ജാഗ്രത വേണം

> നിങ്ങളുടെ ഫോണിൽ വരുന്ന ലിങ്കുകളിൽ ക്ലിക്ക് ചെയ്യുന്നതിന് മുമ്പ് പരിശോധിക്കുക. ഓൺലൈൻ ഇടപാടിൽ പണം നഷ്ടപ്പെട്ടാൽ ഉടൻ തന്നെ 1930 എന്ന നമ്പറിൽ വിളിച്ച് പരാതി രജിസ്റ്റർ ചെയ്യുക.

> സംശയാസ്പദമായ കോളുകൾ അറ്റന്റ് ചെയ്യരുത് ഒ.ടി.പി നമ്പർ ആർക്കും കൈമാറരുത്.

> ഓൺലൈൻ പാർടൈം ജോലി വാഗ്ദാനങ്ങളിൽ വീണു പോവരുത്.

> അനാവശ്യ ലിങ്കുകൾ ഫോണിൽ ഡൗൺലോഡ് ചെയ്യരുത്. സുരക്ഷിതമായ പാസ് വേർഡ്പയോഗിക്കുക.

> വ്യക്തിഗത വിവരങ്ങൾ സ്വകാര്യമായി സൂക്ഷിക്കുക.

> ഐ.എം.ഇ.ഐ നമ്പർ സൂക്ഷിച്ചുവെക്കുക.

> ഫോണിലൂടെ അനാവശ്യ ഗെയിമുകളിൽ ഏർപ്പെടാതിരിക്കുക.

> ലോൺ ആപ്പുകളിലെ ചതിക്കുഴികളിൽ ജാഗ്രത പാലിക്കുക ഓർക്കുക.



ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾക്കെതിരെ ജില്ലാ പൊലിസിന്റെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് വ്യാപാരഭവനിൽ നടന്ന സൈബർ ബോധവൽക്കണ സെമിനാർ ജില്ലാ പൊലിസ് മേധാവി പി.ബി ജോയ് ഉദ്ഘാടനം ചെയ്യുന്നു

## സൈബർ സാമ്പത്തിക തട്ടിപ്പുകൾക്കെതിരെ ബോധവൽക്കരണം നടത്തി

കാഞ്ഞങ്ങാട്: ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ കൂടി വരുന്ന കാലഘട്ടത്തിൽ സൈബർ ചതിക്കുഴിയിൽ അകപ്പെട്ട് ലക്ഷങ്ങൾ നഷ്ടപ്പെടുന്നവരുടെ എണ്ണം കൂടി സാഹചര്യത്തിൽ ജില്ലാ പൊലീസിന്റെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് വ്യാപാര ഭവനിൽ സൈബർ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. ജില്ലാ പൊലീസ് മേധാവി പി. ബിജോയ് ഉദ്ഘാടനം ചെയ്തു. പൊതുജനങ്ങളോടൊപ്പം എസ്.പി.സി, എൻ.എസ്.എസ് വിദ്യാർഥികൾ, കുടുംബശ്രീ പ്രവർത്തകർ, യുവജന ക്ലബ് പ്രതിനിധികൾ, കൊളവയൽ ലഹരി മുക്ത ജാഗ്രതാ സമിതി അംഗങ്ങൾ, കാഞ്ഞങ്ങാട് നന്മമരം പ്രവർത്തകർ, റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ, മാധ്യമ പ്രവർത്തകർ, ഡോക്ടർമാർ, സന്നദ്ധ പ്രവർത്തകർ, സിവിൽ ഡിഫൻസ് അംഗങ്ങൾ, വ്യാപാരി പ്രതിനിധികൾ തുടങ്ങി വിവിധ മേഖലയിൽപെടുന്നവർ പങ്കെടുത്തു. കാസർകോട് സൈബർ പൊലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ പി.കെ അജിത്ത് ബോധവൽക്കരണ ക്ലാസെടുത്തു. ഡിവൈഎസ്പി എവി ജോൺ, ഇൻസ്പെക്ടർ എംപി ആസാദ്, സബ് ഇൻസ്പെക്ടർ ടി. തമ്പാൻ, ജനമൈത്രി ബീറ്റ് ഓഫീസർ കെ. രഞ്ജിത്ത് കുമാർ സംസാരിച്ചു



തൃക്കരിപ്പൂർ ആയിറ്റിയിൽ ചെണ്ട് മല്ലി കൃഷിയുടെ ഉദ്ഘാടനം ആയിറ്റി വാർഡിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശംസുദ്ദീൻ ആയിറ്റി നിർവഹിക്കുന്നു

## ചെണ്ട് മല്ലി കൃഷിക്ക് തുടക്കം

തൃക്കരിപ്പൂർ: ഓണത്തിന് പൂക്കളമൊരുക്കാൻ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് ആയിറ്റി കോളനിയിൽ ഹരിത ജെൽജി ഗ്രൂപ്പ് ഒരുങ്ങി. ചെണ്ട് മല്ലിയും വാടാർമല്ലി കൃഷിയുമാണ് ആരംഭിച്ചത്. കൃഷിയുടെ ഉദ്ഘാടനം ആയിറ്റി വാർഡിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശംസുദ്ദീൻ ആയിറ്റി നിർവഹിച്ചു. ഗ്രൂപ്പ് അംഗങ്ങളായ സി. യശോദ, ടി. ശാന്ത എന്നിവരും ഹരിത കർമസേനാഗങ്ങളായ പി. സരസ്വതി, ടി. തുഷാര, ഇ. ലഷ്മണൻ, എം. ലക്ഷ്മണൻ പങ്കെടുത്തു.

## ശക്തമായ കാറ്റിനെ നേരിടാൻ ജാഗ്രതാ നിർദേശങ്ങൾ



കാസർകോട്: ശക്തമായ കാറ്റിനെ നേരിടാൻ ജാഗ്രതാ നിർദേശങ്ങളുമായി അധികൃതർ. ശക്തമായ കാറ്റിൽ മരങ്ങൾ കടപുഴകിയും ചില്ലകൾ ഒടിഞ്ഞു വീണും അപകടങ്ങൾ ഉണ്ടാകാനുള്ള സാധ്യതയുണ്ട്. കാറ്റും മഴയും ഉണ്ടാകുമ്പോൾ ഒരു കാരണവശാലും മരങ്ങളുടെ ചുവട്ടിൽ നിൽക്കാൻ പാടുള്ളതല്ല. മരച്ചുവട്ടിൽ വാഹനങ്ങളും പാർക്ക് ചെയ്യരുത്. വീട്ടുവളപ്പിലെ മരങ്ങളുടെ അപകടകരമായ രീതിയിലുള്ള ചില്ലകൾ വെട്ടിയൊതുക്കണം. അപകടാവസ്ഥയിലുള്ള മരങ്ങൾ പൊതുവിടങ്ങളിൽ ശ്രദ്ധയിൽ പെട്ടാൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളെ അറിയിക്കുക.

ഉറപ്പില്ലാത്ത പരസ്യ ബോർഡുകൾ, ഇലക്ട്രിക് പോസ്റ്റുകൾ, കൊടിമരങ്ങൾ തുടങ്ങിയവയും കാറ്റിൽ വീഴാൻ സാധ്യതയുള്ളതിനാൽ കാറ്റും മഴയും ഇല്ലാത്ത സമയത്ത് അവ ശരിയായ രീതിയിൽ ബലപ്പെടുത്തുകയോ അഴിച്ചു വയ്ക്കുകയോ ചെയ്യുക. മഴയും കാറ്റുമുള്ളപ്പോൾ ഇതിൻറെ ചുവട്ടിലും സമീപത്തും നിൽക്കുകയോ വാഹനങ്ങൾ പാർക്ക് ചെയ്യുകയോ അരുത് . ചുമരിലോ മറ്റോ ചാരി വച്ചിട്ടുള്ള കോണി പോലെയുള്ള കാറ്റിൽ വീണുപോകാൻ സാധ്യതയുള്ള ഉപകരണങ്ങളും മറ്റ് വസ്തുക്കളും കയറുപയോഗിച്ച് കെട്ടി വെക്കേണ്ടതാണ്. കാറ്റ് വീശി തുടങ്ങുമ്പോൾ തന്നെ വീടുകളിലെ ജനലുകളും വാതിലുകളും അടച്ചിടേണ്ടതാണ്. ജനലുകളുടെയും വാതിലുകളുടെയും സമീപത്ത് നിൽക്കാതിരിക്കുക. വീടിൻറെ ടെറസിലും നിൽക്കുന്നത് ഒഴിവാക്കുക.

ഓല മേഞ്ഞതോ, ഷീറ്റ് പാകിയതോ, അടച്ചുറപ്പില്ലാത്തതോ ആയ വീടുകളിൽ താമസിക്കുന്നവർ അധികൃതരുമായി (1077 എന്ന നമ്പറിൽ) മുൻകൂട്ടി തന്നെ ബന്ധപ്പെടുകയും മുന്നറിയിപ്പ് വരുന്ന ഘട്ടങ്ങളിൽ അവർ ആവശ്യപ്പെടുന്ന മുറക്ക് സുരക്ഷിതമായ കെട്ടിടങ്ങളിലേയ്ക്ക് മാറിത്താമസിക്കേണ്ടതുമാണ്. തദ്ദേശ സ്ഥാപനതല ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം കണ്ടെത്തിയിട്ടുള്ള ഇത്തരം ആളുകളെ റിലീഫ് ക്യാമ്പുകളിലേക്ക് ആവശ്യമുള്ള ഘട്ടങ്ങളിൽ മാറ്റാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും റവന്യൂ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും മുൻകൈ എടുക്കേണ്ടതാണ്.

കാറ്റും മഴയും ശക്തമാകുമ്പോൾ വൈദ്യുതി കമ്പികളും പോസ്റ്റുകളും പൊട്ടിവീഴാനുള്ള സാധ്യത കൂടുതലാണ്. ഇത്തരത്തിൽ ഏതെങ്കിലും അപകടം ശ്രദ്ധയിൽ പെട്ടാൽ ഉടനെ തന്നെ കെഎസ്ഇബിയുടെ 1912 എന്ന കൺട്രോൾ റൂമിലോ 1077 എന്ന നമ്പറിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ കൺട്രോൾ റൂമിലോ വിവരം അറിയിക്കുക. തകരാർ പരിഹരിക്കുന്ന പ്രവർത്തികൾ കാറ്റ് തുടരുന്ന ഘട്ടത്തിൽ ഒഴിവാക്കുകയും കാറ്റും മഴയും അവസാനിച്ച ശേഷം മാത്രം നടത്തുകയും ചെയ്യുക. കെ എസ് ഇ ബി ജീവനക്കാരുമായി പൊതുജനങ്ങൾ ക്ഷമയോടെ സഹകരിക്കുക. പൊതുജനങ്ങൾ നേരിട്ടിറങ്ങി ഇത്തരം റിപ്പയർ വർക്കുകൾ ചെയ്യാതിരിക്കുക.

പത്രം-പാൽ വിതരണക്കാർ പോലെയുള്ള അതിരാവിലെ ജോലിക്ക് ഇറങ്ങുന്നവർ പ്രത്യേക ജാഗ്രത പാലിക്കണം. വഴികളിലെ വെള്ളക്കെട്ടുകളിലും മറ്റും വൈദ്യുതി ലൈൻ പൊട്ടിവീണിട്ടില്ലെന്ന് ഉറപ്പാക്കാൻ ശ്രമിക്കണം. എന്തെങ്കിലും അപകടം സംശയിക്കുന്നപക്ഷം കൺട്രോൾ റൂമിൽ അറിയിച്ച് അപകടം ഇല്ലെന്ന് ഉറപ്പ് വരുത്തി മാത്രം മുന്നോട്ട് പോകണം. കൃഷിയിടങ്ങളിൽ കൂടി കടന്ന് പോകുന്ന വൈദ്യുത ലൈനുകളും സുരക്ഷിതമാണെന്ന് പാടത്ത് ഇറങ്ങുന്നതിന് മുൻപ് ഉറപ്പ് വരുത്തുക. നിർമാണ ജോലികളിൽ ഏർപ്പെടുന്നവർ കാറ്റും മഴയും ശക്തമാകുമ്പോൾ ജോലി നിർത്തി വച്ച് സുരക്ഷിതമായ ഇടത്തേക്ക് മാറി നിൽക്കണം.



എം.ടി.പി ഫാമിലി ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ചന്തേരയിൽ സംഘടിപ്പിച്ച പരിപാടിയിൽ എസ്.എസ്.എൽ.സി- പ്ലസ്ടു പരീക്ഷകളിലെ സമ്പൂർണ എ പ്ലസ് നേടിയവരെ അനുമോദിച്ചപ്പോൾ

## ടാലന്റ് മീറ്റ് സംഘടിപ്പിച്ചു

ചന്തേര: എം.ടി.പി ഫാമിലി ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ചന്തേരയിൽ ടാലന്റ് മീറ്റും അനുമോദന ചടങ്ങും സംഘടിപ്പിച്ചു. ഫൗണ്ടേഷൻ ചെയർമാൻ എം.ടി.പി ഷാഹുൽ ഹമീദ് ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി സൈനുദ്ദീൻ കരിവെള്ളൂർ അധ്യക്ഷത വഹിച്ചു. പ്രോഗ്രാം കമ്മിറ്റി കൺവീനർ അഡ്വ. എം.ടി.പി അബ്ദുൽ കരീം സ്വാഗതം പറഞ്ഞു. ചീഫ് അഡ്വൈസർ കൂക്കാനം റഹ്മാൻ മുഖ്യപ്രഭാഷണം നടത്തി. ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി- പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർഥികളെ അനുമോദിച്ചു. ഇഖ്ബാൽ വെള്ളൂർ, എം.ടി.പി മുഹമ്മദ് കുഞ്ഞി പാലിയേറ്റീവ്, സൗദത്ത് മാണിയാട്ട്, മുജീബ് റഹ്മാൻ, സൈഫുദ്ധീൻ, അബ്ദുൽ റഹ്മാൻ കാങ്കോൽ, അബ്ദുൽ ഖാദർ ജംബ്വോ, ഷക്കീർ മാണിയാട്ട്, സാജിദ മുറക്കാട്ട്, റംല ഹസി, ഷാഹിന മെട്ടമ്മൽ, മിസ്രിയ, അബ്ദുൽ റഹിമാൻ പാലത്തര, മറിയം കരിവെള്ളൂർ സംസാരിച്ചു.

## അലിഫ് ടാലന്റ് ടെസ്റ്റ് സ്കൂൾതല മത്സരം 10ന്

കാസർകോട്: പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അനുമതിയോടു കൂടി കേരള അറബി ടീച്ചേഴ്സ് ഫെഡറേഷൻ സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന അലിഫ് അറബിക് ടാലന്റ് ടെസ്റ്റിന്റെ സ്കൂൾതല മത്സരം പത്തിന് രണ്ടുമണിക്ക് സ്കൂളുകളിൽ നടക്കും. സ്കൂൾതല വിജയികൾക്ക് വേണ്ടിയുള്ള ഉപജില്ലാ മത്സരം ജൂലൈ 13ന് വിവിധ കേന്ദ്രങ്ങളിൽ നടക്കും. 21നാണ് ജില്ലാ മത്സരം. പരിപാടികളുടെ വിജയത്തിനായി എ.ജി മുസ്തഫ ചെയർമാനും ബി.എച്ച് നൗഷാദ് കൺവീനറുമായി ജില്ലാ സമിതിയെ തിരഞ്ഞെടുത്തു. യോഗത്തിൽ കെ.എ.ടി.എഫ് ജില്ലാ പ്രസിഡന്റ് ഷഹീദ് എം.ടി.പി അധ്യക്ഷത വഹിച്ചു. ഒ.എം യഹിയ ഖാൻ ഉദ്ഘാടനം ചെയ്തു. യൂസുഫ് ആമത്തല, ടി.കെ ബഷീർ, താജുദ്ധീൻ തൃക്കരിപ്പൂർ, സുലൈമാൻ തളങ്കര, ഇബ്രാഹിം കരീം, സിറാജ് ഉപ്പള. ജലീൽ ഏൽക്കാന, യൂസുഫ്. ബി. ഐ, അബു ഹനീഫ ബേക്കൽ, അബ്ദുറഷീദ് ഹോസ്ദുർഗ്, അസൈനാർ ചെറുവത്തൂർ, ദാവൂദ് കാലിക്കടവ്, അബ്ദുൽ സലാം പാടലഡുക്ക, സൈദലവി മൊഗ്രാൽ പുത്തൂർ, സത്താർ ആതവനാട്, ജില്ലാ സെക്രട്ടറി യൂസുഫ് വി.പി, എൻ അലി അക്ബർ പ്രസംഗിച്ചു.



ഈജിപ്തിലെ അൽഅസ്ഹറിൽ നിന്നും അഷര ഖിറാഅത്ത് പൂർത്തിയാക്കിയ അൽ ഹാഫിള് മുഹമ്മദ് സവാദിനെ മുക്കൂട് സെൻട്രൽ ഹിദായത്തുൽ ഇസ്ലാം ജമാഅത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ മഹല്ലിലെ മുതിർന്ന അംഗം സി എം മുഹമ്മദ് ഹാജി കാരയിൽ ഉപഹാരം നൽകി അനുമോദിക്കുന്നു

## അനുമോദിച്ചു

കാഞ്ഞങ്ങാട്: ഈജിപ്തിലെ അൽഅസ്ഹറിൽ നിന്നും അഷര ഖിറാഅത്ത് പൂർത്തിയാക്കിയ അൽ ഹാഫിള് മുഹമ്മദ് സവാദിനെ മുക്കൂട് സെൻട്രൽ ഹിദായത്തുൽ ഇസ്ലാം ജമാഅത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ അനുമോദിച്ചു. മുക്കൂട് ജുമാമസ്ജിദിൽ നടന്ന ചടങ്ങിൽ ജമാഅത്തിൽ മുതിർന്ന അംഗം സി.എം മുഹമ്മദ് ഹാജി കാരയിൽ, ഉപഹാരവും ജമാഅത്ത് കമ്മിറ്റി പ്രസിഡന്റ് യൂസുഫ് ഹാജി തായൽ കോട്ടണിയിച്ചും അനുമോദിച്ചു. ഹാഫിള് ബാസിത്ത് നിസാമി ഉദ്ഘാടനം ചെയ്തു. ജമാഅത്ത് കമ്മിറ്റി പ്രസിഡന്റ് യൂസുഫ് ഹാജി തായൽ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി കെ.കെ മുഹമ്മദ് കുഞ്ഞി സ്വാഗതം പറഞ്ഞു. മദ്രസ മുഅല്ലിം മുഹമ്മദലി യമാനി, ജമാഅത്ത് വൈസ് പ്രസിഡന്റുമാരായ അസീസ് ഹാജി, ചിത്താരി അബ്ദുല്ല, സെക്രട്ടറിമാർ റിയാസ് മുക്കൂട് സലാം നടുക്കേപുര, അബ്ബാസ് കെ.ഇ, യു.എ.ഇ കമ്മിറ്റി പ്രസിഡന്റ് ഹനീഫ ഒ.കെ, സെക്രട്ടറി മുനീർ ബേങ്ങച്ചേരി, അന്ത തായൽ സംസാരിച്ചു

# പോക്സോ നിയമം ദുരുപയോഗം ചെയ്യുന്നത് ഗൗരവമായി കാണണം

തൃക്കരിപ്പൂർ: പോക്സോ നിയമത്തിന്റെ ഉദ്ദേശശുദ്ധിയെ പോലും ചോദ്യം ചെയ്യുന്ന രൂപത്തിൽ നിയമം ദുരുപയോഗം ചെയ്തതിന്റെ ക്രൂര ഇരയാണ് തൃക്കരിപ്പൂരിലെ പ്രമുഖ ഡോക്ടർ സി.കെ.പി കുഞ്ഞബ്ദുല്ലയെന്ന് മുസ്ലിം ലീഗ് തൃക്കരിപ്പൂർ മണ്ഡലം മുസ്ലിം ലീഗ് ജനറൽ സെക്രട്ടറി സത്താർ വടക്കുമ്പാട് ജില്ലാ പൊലീസ് ചീഫിനും, കേരള പൊലീസ് ഡി.ഐ.ജിക്കും അയച്ച കത്തിൽ പരാതിപ്പെട്ടു. കാൽനൂറ്റാണ്ടിലേറെക്കാലം സർക്കാർ സർവീസിൽ പ്രവർത്തിച്ച ഡോ: സി.കെ.പി കുഞ്ഞബ്ദുല്ല പോക്സോ കേസിൽ ശിക്ഷിക്കുന്നതിനേക്കാൾ വലിയ മാധ്യമവിചാരണയാണ് നേരിടേണ്ടി വന്നത്. ദൃശ്യമാധ്യമങ്ങളിലൂടെ ഈവാർത്ത പ്രചരിക്കുമ്പോൾ ഡോക്ടറെ അറിയാവുന്ന പൊതുസമൂഹം ഞെട്ടലോടെയാണ് ഈവാർത്ത ശ്രവിച്ചത്. കാൽ നൂറ്റാണ്ടിലേറെക്കാലം ചികിത്സാ രംഗത്തും സേവന രംഗത്തും പ്രവർത്തിച്ചുവരുന്ന ഡോക്ടറുടെ ഭാഗത്ത് ഇത്തരത്തിലുള്ള സ്വഭാവത്തിന്റെ ലാഞ്ചന പോലും ഒരാൾക്ക് പോലും അനുഭവിക്കേണ്ടി വന്നിട്ടില്ല. എന്നിരിക്കേ ഇപ്പോൾ വന്നിരിക്കുന്ന പരാതിയുടെ നിജസ്ഥിതി പുറത്തുകൊണ്ടു വരണമെന്നും ധൃതിപിടിച്ച നിയമനടപടി തുടരുന്നതിന് മുമ്പേ സത്യസന്ധവും മനുഷത്വപരവുമായ അന്വേഷണം നടത്താൻ പൊലീസ് ജാഗ്രത കാട്ടണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടു.



ചെമ്മനാട് ജമാഅത്ത് ഹയർസെക്കന്ററി സ്കൂളിന്റെ ആഭിമുഖ്യത്തിൽ നിർമിക്കുന്ന സി.ജെ ഹോം ഭവനനിർമാണ പദ്ധതിയിലേക്ക് സ്കൂൾ പൂർവ വിദ്യാർഥി സംഘടന നിർമാണ ഫണ്ടിലേക്ക് സ്വരൂപിച്ച തുക ഭാരവാഹികൾ സ്കൂൾ ഹെഡ്മാസ്റ്റർ വിജയന് കൈമാറുന്നു

## സി.ജെ ഹോം പദ്ധതിയിലേക്ക് ഒ.എസ്.എയുടെ കൈത്താങ്ങ്

ചെമ്മനാട്: ചെമ്മനാട് ജമാഅത്ത് ഹയർസെക്കന്ററി സ്കൂളിന്റെ ആഭിമുഖ്യത്തിൽ നിർമിക്കുന്ന സി.ജെ ഹോം ഭവന നിർമാണ പദ്ധതിയിലേക്ക് സ്കൂൾ പൂർവ വിദ്യാർഥി സംഘടനയുടെ കൈത്താങ്ങ്. നിർമാണ ഫണ്ടിലേക്ക് സ്വരൂപിച്ച തുക ഭാരവാഹികൾ സി.ജെ ഹോംസ് ജനറൽ കൺവീനറും സ്കൂൾ ഹെഡ്മാസ്റ്ററുമായ വിജയന് കൈമാറി. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി ജനറൽ സെക്രട്ടറി ബദ്റുൽ മുനീർ മുഖ്യാതിഥിയായി. പ്രസിഡന്റ് മുജീബ് അഹമ്മദ് അധ്യക്ഷത വഹിച്ചു. മുൻ പ്രസിഡന്റ് മുഹമ്മദ് അലി മുണ്ടാംകുലം, എക്സിക്യൂട്ടിവ് കമ്മിറ്റി അംഗങ്ങളായ മൻസൂർ കുരിക്കൾ, അമീർ പാലോത്ത്, യാസർ സി.എൽ, റൗഫ് ചെമ്മനാട്, ഷാഹിദ് സി.എൽ, ശാമിൽ കെ.ടി, സജ്ജാദ് ചൂരി, സമീൽ അഹമ്മദ്, സഹീദ് എസ്.എ, സാജു സി.എച്ച്, നാസർ കുരിക്കൾ, ഹാഫിസ് അബ്ദുല്ല, നൗഷാദ് ടി.എ, റിട്ടാസ് സി.ടി, അബ്ദുല്ല പി.എം, ജനറൽ സെക്രട്ടറി ഷംസുദ്ദീൻ ചിറാക്കൽ, ട്രഷറർ കെ.വി സുൽവാൻ സംബന്ധിച്ചു.

## പുതുക്കൈ ചേടി റോഡിൽ മാവേലി സ്റ്റോർ തുറന്നു

നീലേശ്വരം: പുതുക്കൈ ചേടി റോഡ് മാവേലി സ്റ്റോറിന്റെ ഉദ്ഘാടനം ഭക്ഷ്യ സിവിൽ സപ്ലൈസ് ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി ജി.ആർ അനിൽ നിർവഹിച്ചു. ഇ. ചന്ദ്രശേഖരൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. രാജ്മോഹൻ ഉണ്ണിത്താൻ എം.പി മുഖ്യാതിഥിയായി. കാഞ്ഞങ്ങാട് നഗരസഭ ചെയർപേഴ്സൺ കെവി സുജാത ആദ്യ വിൽപ്പന കെ.വി അമ്പുഞ്ഞിയ്ക്ക് നൽകി നിർവഹിച്ചു. നഗരസഭാ വൈസ് ചെയർമാൻ ബിൽടെക് അബ്ദുല്ല, സ്ഥിരം സമിതി ചെയർപേഴ്സൺ കെവി പ്രഭാവതി, കൗൺസിലർമാരായ എൻ.വി രാജൻ, പള്ളിക്കൈ രാധാകൃഷ്ണൻ, പി.വി മോഹനൻ, കെ.രവീന്ദ്രൻ വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികളായ അഡ്വക്കേറ്റ് കെ.രാജ്മോഹൻ, കെ.പി ബാലകൃഷ്ണൻ, സി.കെ ബാബുരാജ്, അബ്ദുൽ റസാക്ക് തായലക്കണ്ടി, കെ പി ടോമി, അഡ്വ നിസാം ,വി വെങ്കിടേഷ്, പി പത്മനാഭൻ, പനങ്കാവ് കൃഷ്ണൻ, ഉദിനൂർ സുകുമാരൻ പ്രമോദ് കരുവളം പി.കെ നാസർ, രതീഷ്പുതിയ പുരയിൽ സുരേഷ് പുതിയേടത്ത് ആന്റക്സ് ജോസഫ് എന്നിവർ സംസാരിച്ചു. സപ്ലൈകോ റീജണൽ മാനേജർ പി.സി അനൂപ് സ്വാഗതവും ജില്ലാ സപ്ലൈ ഓഫീസർ കെഎൻ ബിന്ദു നന്ദിയും പറഞ്ഞു.



പുതുക്കൈ ചേടി റോഡ് മാവേലി സ്റ്റോറിന്റെ ഉദ്ഘാടനം മന്ത്രി ജി.ആർ അനിൽ നിർവഹിക്കുന്നു



ആറങ്ങാടി നുറുൽ മദ്രസാ ഹാളിൽ മുഅല്ലിം ദിനാചരണം എം.കെ അബ്ദുള്ള ആറങ്ങാടി ഉദ്ഘാടനം ചെയ്യുന്നു

## മുഅല്ലിം ഡേ ആചരിച്ചു

പള്ളിക്കര: പള്ളിക്കര റെയിഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ റെയിഞ്ച്തല മുഅല്ലിം ഡേ പരിപാടിയുടെ ഭാഗമായി മുക്കൂട് സൗത്ത് രിഫാഇയ്യ മദ്രസയിൽ മഹല്ല് പ്രസിഡന്റ് ടി.പി മുഹമ്മദ് കുഞ്ഞി ഹാജി പതാക ഉയർത്തി. റെയിഞ്ച് ജനറൽ സെക്രട്ടറി യൂനുസ് ഫൈസി കാക്കടവ് അധ്യക്ഷത വഹിച്ചു. അബ്ദുസലാം ലത്തീഫി പ്രാർഥന നടത്തി. പ്രസിഡന്റ് മുഹമ്മദലി മൗലവി കോട്ടപ്പുറം ഉദ്ഘാടനം നിർവഹിച്ചു. സയ്യിദ് സാരി കാവുംപടി മുഅല്ലിം ഡേ സന്ദേശം നൽകി. മുഹിയുദ്ധീൻ ദാരിമി, മൂസാൻ എം, ഹനീഫ ഓട്രക്കാൽ, മുഹമ്മദ് ഫൈസി എൻഎ, സുലൈമാൻ സിഎം, ഷംസുദ്ദീൻ വാഫി, ഇർഫാൻ ദാഇ ദാരിമി സംസാരിച്ചു.

കാഞ്ഞങ്ങാട്: ആറങ്ങാടി ജമാഅത്ത് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ മുഅല്ലിം ഡേ ആറങ്ങാടി നുറുൽ മദ്രസാ ഹാളിൽ സംഘടിപ്പിച്ചു. ദുബായ് കെ എം സി സി നേതാവ് എം.കെ. അബ്ദുള്ള ആറങ്ങാടി ഉദ്ഘാടനം നിർവ്വഹിച്ചു. ജമാഅത്ത് പ്രസിഡന്റ് ഇ. കെ.അബ്ദുൾ റഹ്മാൻ അധ്യക്ഷത വഹിച്ചു.ആറങ്ങാടി ഖത്തീബ് അബ്ദുൽ ഹക്കിം അൽഖാസ്മി മുഖ്യപ്രഭാഷണം നടത്തി. റഷീദ് ഫൈസി, സി.എച്ച് അബ്ദുൽ ഹമീദ് ഹാജി, പി.വി അസി, കെ.കെ സിറാജ്, സി.എച്ച് അസീസ്, പി.വി അസ്ലാം, മുബാറക്ക് പൂക്കളം, ഷരീഫ് പാലക്കി, ടി. അഷ്റഫ്, അബ്ദുൽ റഹീം, ഷരീഫ്, ഇസ്മായിൽ, സത്താർ, സദർ മുഅല്ലിം യൂസുഫ് മദനി, ജമാഅത്ത് സെക്രട്ടറി എം.കെ അഷ്റഫ്, എം.കെ ഷഫീർ പ്രസംഗിച്ചു.

അണങ്കൂർ: തുരുത്തി മുഅമ്മദിയ്യ മദ്രസയിൽ സമസ്ത ജില്ലാ മുശാവറ അംഗം ടി.കെ അഹമ്മദ് ഫൈസി ഉദ്ഘാടനം ചെയ്തു.പിടിഎ പ്രസിഡന്റ് ടിപി അൻവർ സാദത്ത് അധ്യക്ഷത വഹിച്ചു. അണങ്കൂർ റെയ്ഞ്ച് സെക്രട്ടറി ഉസാം മൗലവി പള്ളങ്കോട് വിഷയാവതരണം നടത്തി. ടിഎ ഷാഫി ഹാജി, ടിഎ മുഹമ്മദ് കുഞ്ഞി, ബി.എസ് ശംസുദ്ധീൻ, അഷ്റഫ് ഓതുന്നപുരം, സലിം ഗാലക്സി, ബി.എസ് സൈനുദ്ധിൻ, ടിഎച്ച് മുഹമ്മദ്, ടിഎച്ച് അബൂബക്കർ, ഇബ്രാഹിം ബാദുഷ മിസ്ബാഹി, സുബൈർ അസ്നവി പരപ്പ, സഫ്വാൻ അസ്നവി, സാബിത്ത് അസ്നവി, ടിഎം അബ്ദുൽ അസീസ്, ടിഎച്ച് ഹാരിസ്, ടിഎ അമീർ, അഷ്ഫാഖ് അബൂബക്കർ, അബൂബക്കർ മെഡിക്കൽ, ടികെ ഹബീബ്, ടിഎം ഷഫീഖ്, ശരീഫ് ടിഇ, റഷീദ് ഗ്രീൻ, ഖലീൽ അബൂബക്കർ പ്രസംഗിച്ചു.



മുഅല്ലിംഡേ ഫണ്ട് ശേഖരണം അജാനൂർ കടപ്പുറം മഹല്ലുതല ഉദ്ഘാടനം ജമാഅത്ത് പ്രസിഡന്റ് എ. ഹമീദ് ഹാജി നിർവഹിക്കുന്നു

## തെങ്ങ്, കവുങ്ങ് തൈകൾ വിൽപനക്ക്

കാസർകോട്: കേരള കാർഷിക സർവകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോടിൽ ഉത്പാദിപ്പിച്ച സങ്കരയിനം തെങ്ങിൻ തൈകളും നാടൻ തെങ്ങിൻ തൈകളും കവുങ്ങിൻ തൈകളും പൊതു വില്പന നടത്തിയതിനു ശേഷം കുറച്ചു കൂടി ശേഷിക്കുന്നുണ്ട്. ആവശ്യക്കാർ കേന്ദ്രത്തിലെ സെയിൽസ് കൗണ്ടറിൽ എത്തിച്ചേരുക. 0467 2260632, 8547891632.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 08 തിങ്കൾ
ഗൾഫ് ചന്ദ്രിക

## വനിതാലീഗ് കാമ്പയിൻ കാസർകോട് മണ്ഡലംതല ഉദ്ഘാടനം ഇന്ന്

കാസർകോട്: റൈസ് ആന്റ് ത്രൈവ് വനിതാ ലീഗ് കാമ്പയിൻ കാസർകോട് നിയോജക മണ്ഡലംതല ഉദ്ഘാടനം ഇന്ന് 11 മണിക്ക് കാസർകോട് ജില്ലാ ലീഗ് ഓഫീസിൽ നടക്കും. സംസ്ഥാന, ജില്ലാ, മണ്ഡലം നേതാക്കൾ സംബന്ധിക്കുമെന്ന് പ്രസിഡന്റ് ഷക്കീല മജീദ്, ജനറൽ സെക്രട്ടറി സാഹിറ മജീദ് അറിയിച്ചു.

## അധ്യാപക നിയമനം

മുള്ളേരിയ: ബജ മോഡൽ കോളജ് ഓഫ് ആർട്സ് ആന്റ് സയൻസ് (എയ്ഡഡ്) കോളജിൽ കമ്പ്യൂട്ടർ അപ്ലിക്കേഷൻ, പൊളിറ്റിക്കൽ സയൻസ്, കന്നഡ, ഹിന്ദി, ഹിസ്റ്ററി അധ്യാപക ഒഴിവുണ്ട്. യു.ജി.സി നിഷ്കർഷിക്കുന്ന യോഗ്യത ഉണ്ടായിരിക്കണം. നെറ്റ് ഇല്ലാത്തവരെയും പരിഗണിക്കും. 8281734105, 8075721300.

## എം.ഐ.സി മേഖല സംഗമം ഇന്ന്

മാഹിനാബാദ്: മലബാർ ഇസ്‌ലാമിക് കോംപ്ലക്സ് ചട്ടഞ്ചാൽ സ്ഥാപനത്തിന്റെ 12 മേഖലാ കമ്മിറ്റികളുടെ സംഗമം ഇന്ന് രാവിലെ 10:30ന് എം.ഐ.സി ചട്ടഞ്ചാൽ ക്യാമ്പസിൽ നടക്കും. പരിപാടിയിൽ എം.ഐ.സി. വർക്കിംഗ് കമ്മിറ്റി മെമ്പർമാരും മുഴുവൻ മേഖലാ കമ്മിറ്റികളുടെയും കമ്മിറ്റി മെമ്പർമാരും പങ്കെടുക്കും. മേഖലകൾ കേന്ദ്രീകരിച്ച് എം.ഐ.സിയുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന് വേണ്ടിയുള്ള സംഗമമാണ്. മുഴുവൻ ആളുകളും എത്തിച്ചേരണമെന്ന് എം.ഐ.സി ജനറൽ സെക്രട്ടറി യു.എം അബ്ദുൽ റഹ്മാൻ മുസ്‌ലിയാൽ, വർക്കിംഗ് സെക്രട്ടറി ഹുസൈൻ തങ്ങൾ അറിയിച്ചു.

## കാസർകോട് വാർത്തകൾ

### നാണംകെട്ട് എന്തിനു തുടരണം

# ഐ.എൻ.എല്ലിനും എൽ.ഡി.എഫിനെ വേണ്ട

കാഞ്ഞങ്ങാട്: തദ്ദേശ തിരഞ്ഞെടുപ്പിന് മുമ്പ് ഐ.എൻ.എൽ എൽ.ഡി.എഫ് മുന്നണി വിടണമെന്ന് കാഞ്ഞങ്ങാട്ട് ചേർന്ന ജില്ലാ കമ്മിറ്റി യോഗത്തിൽ പൊതുവികാരം. ഘടകകക്ഷി എന്ന നിലയിൽ യാതൊരു പരിഗണനയും ഐ.എൻ.എലിന് നൽകുന്നില്ലെന്നും ഇങ്ങനെ നാണംകെട്ട് മുന്നണിയിൽ തുടരേണ്ട ആവശ്യമില്ലെന്നും അസ്ഥിത്വം നിലനിർത്താൻ ഒറ്റയ്ക്ക് തദ്ദേശ തിരഞ്ഞെടുപ്പിനെ നേരിടാമെന്നുമാണ് പൊതുവികാരം ഉയരുന്നത്.

നേതാക്കൾ ഇതുപുറത്തുപറയാൻ തയാറാകുന്നില്ലെങ്കിലും ഇതാണ് ഐ.എൻ.എല്ലിലെ പൊതുവികാരമെന്നാണ് വിലയിരുത്തൽ. ഐ.എൻ.എൽ ജില്ലാ കമ്മിറ്റി അംഗങ്ങൾ, മുനിസിപ്പൽ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറിമാർ, പോഷക സംഘടനയുടെ പ്രസിഡന്റ്, സെക്രട്ടറിമാർ എന്നിവർ ഉൾക്കൊള്ളുന്ന ജില്ലാ കമ്മിറ്റി യോഗമാണ് യോഗത്തിൽ ആവശ്യമുയർന്നത്. ലോക്സഭാ തിരഞ്ഞെടുപ്പ് ഫലം വിലയിരുത്താൻ ചേർന്ന യോഗത്തിലാണ് എൽഡിഎഫ് നേതൃത്വത്തിനും സർക്കാറിനെതിരെ രൂക്ഷവിമർശനം ഉയർന്നത്.

മുന്നണിയിലെ ചെറിയ കക്ഷികൾക്ക് പോലും ഘടകക്ഷി എന്ന നിലയിലുള്ള പരിഗണന നൽകുമ്പോൾ ഐ.എൻ.എല്ലിനെ മാത്രം വഹാബ് അടക്കമുള്ള ചിലർ മറ്റൊരു സംഘടന രൂപീകരിച്ചതിന്റെ പേരിൽ മാറ്റിനിർത്തുകയാണ്. കാസർകോട് ഒഴികെ മറ്റു പല ജില്ലകളിലൊന്നും ഐ.എൻ.എല്ലിനെ എൽ.ഡി.എഫ് യോഗത്തിൽ വിളിക്കുന്നില്ല. കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഐ.എൻ.എല്ലിനെയും വഹാബ് പക്ഷത്തേയും തരംപോലെ ഉപയോഗിക്കുന്നുവെന്നും വിമർശനമുയർന്നു. എൽ.ഡി.എഫിൽ കടിച്ചു തൂങ്ങേണ്ടെന്നാണ് പൊതുവികാരം. ഐ.എൻ.എല്ലിന്റെ വിമത വിഭാഗത്തിലെ വിരലിലെണ്ണാവുന്നവർ കാസർകോട്ട് സുലൈമാൻ സേട്ട് അനുസ്മരണ പരിപാടി സംഘടിപ്പിച്ചപ്പോൾ എൽ.ഡി.എഫ് കൺവീനറായ കെ.പി സതീഷ് ചന്ദ്രനോട് പരിപാടിയിൽ പങ്കെടുക്കരുതെന്ന് ഐ.എൻ.എൽ ജില്ലാ നേതൃത്വം ആവശ്യപ്പെട്ടിട്ടും എൽ.ഡി.എഫ് സംസ്ഥാന കൺവീനർ ഇ.പി ജയരാജന്റെ പ്രത്യേക നിർദേശ പ്രകാരം ഒടുവിൽ കെ.പി സതീഷ് ചന്ദ്രൻ പങ്കെടുത്തതും യോഗത്തിൽ കടുത്ത വിമർശത്തിനിടയാക്കി.




കാസർകോട്- കാഞ്ഞങ്ങാട് തീരദേശ പാതയിൽ ഉദുമ ഗ്രാമപഞ്ചായത്ത് ഓഫീസിനു മുന്നിൽ റോഡ് ഇടിഞ്ഞുതാഴ്ന്ന നിലയിൽ

## പള്ളത്ത് റോഡിൽ ഗർത്തം; യൂത്ത് ലീഗ് കലക്റ്റർക്ക് പരാതി നൽകി

ഉദുമ: കാസർകോട്- കാഞ്ഞങ്ങാട് തീരദേശ റോഡിൽ ഉദുമ ഗ്രാമപഞ്ചായത്ത് ഓഫീസിനു മുന്നിൽ പാലക്കുന്ന് പള്ളത്ത് റോഡിന്റെ മധ്യഭാഗം ഇടിഞ്ഞു താഴ്ന്നു ദിവസങ്ങൾ കഴിഞ്ഞിട്ടും കുഴി നികത്താൻ അധികൃതർ തയാറാത്ത സാഹചര്യത്തിൽ യൂത്ത് ലീഗ് ഉദുമ പഞ്ചായത്ത് കമ്മിറ്റി കലകൂർക്ക് പരാതി നൽകി. മംഗളൂരു മുതൽ കണ്ണൂർ വരെ പോകുന്ന വാഹനങ്ങൾക്ക് രാത്രികാലത്ത് അപകടങ്ങൾ സംഭവിക്കാൻ സാധ്യതയുണ്ട്. എത്രയും പെട്ടെന്ന് റോഡ് യാത്ര യോഗ്യമാക്കണമെന്നും ഇല്ലെങ്കിൽ ശക്തമായ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കുമെന്നും ജില്ലാ കലകൂർക്ക് നൽകിയ പരാതിയിൽ നേതാക്കൾ അറിയിച്ചു.

## വിടവാങ്ങിയത് ജീവകാരുണ്യ രംഗത്തെ നിറസാന്നിധ്യം

ബേക്കൽ: പ്രമുഖ വ്യവസായിയും ജീവകാരുണ്യ പ്രവർത്തന മേഖലയിലെ നിറസാന്നിധ്യവുമായ ബേക്കൽ മുഹമ്മദ് സാലിഹ് ഹാജിയുടെ നിര്യാണത്തിൽ പള്ളിക്കര സി.എച്ച് സെന്റർ ചെയർമാൻ പി.എ അബൂബക്കർ ഹാജി, കൺവീനർ പി.കെ അബ്ദുല്ല അനുശോചിച്ചു. പള്ളിക്കര സി.എച്ച് സെന്റർ രക്ഷാധികാരി, ട്രഷറർ എന്നീ നിലകളിൽ പ്രവർത്തിച്ച സാലിഹ് ഹാജി സി.എച്ച് സെന്റർ വഴി നിരവധി പാവപ്പെട്ടവർക്ക് സഹായം നൽകിയിരുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെ അനുശോചനമറിയിച്ചു.

മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് കല്ലട്ര മാഹിൻ ഹാജി, ജനറൽ സെക്രട്ടറി എ. അബ്ദുൽ റഹിമാൻ, സെക്രട്ടറി അബ്ദുല്ലക്കുഞ്ഞി ചെർക്കള തുടങ്ങിയവർ അനുശോചനമറിയിച്ചു.




എസ്.ടി.യു തൃക്കരിപ്പൂർ മണ്ഡലത്തിലെ ഫെഡറേഷനുകളുടെ അവലോകന യോഗം ബാഫക്കി സൗധത്തിൽ എസ്.ടി.യു സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി മുഹമ്മദ് അഷ്റഫ് ഉദ്ഘാടനം ചെയ്യുന്നു

## സർവീസ് സ്റ്റോറി മത്സരം; വിജയികളെ പ്രഖ്യാപിച്ചു

കാസർകോട്: ജില്ല ഇൻഫർമേഷൻ ഓഫീസ് വായന പക്ഷാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സർക്കാർ ജീവനക്കാർക്ക് വേണ്ടിയുള്ള സർവീസ് സ്റ്റോറി മത്സരത്തിൽ കാസർകോട് ജനറൽ ആശുപത്രിയിലെ ശ്വാസകോശ രോഗ വിദഗ്ധൻ ഡോക്ടർ അബ്ദുൽ സത്താർ ഒന്നാം സ്ഥാനം നേടി. കോവിഡ് കാലത്ത് കാസർകോട് ജനറൽ ആശുപത്രിയിലെ ചികിത്സാ അന്തരീക്ഷവും അതിനിടയിൽ വിവാദമായ പൂച്ചകളുടെ മരണവും സംബന്ധിച്ച സർവീസ് അനുഭവ കുറിപ്പ് അവതരിപ്പിച്ചാണ് ഡോക്ടർ ഒന്നാമതെത്തിയത്. കുഞ്ചത്തൂർ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ കമ്പ്യൂട്ടർ സയൻസ് അധ്യാപകൻ കെ. ശിശുപാലനാണ് രണ്ടാം സ്ഥാനം. പാക്കം ജിഎച്ച്എസ്എസിലെ അധ്യാപിക പി.പി ജയശ്രീ, വനം വകുപ്പ് ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ (ഗ്രേഡ്) എൻവി സത്യൻ, കാസർകോട് സ്പെഷ്യൽ ബ്രാഞ്ച് പൊലീസ് ഓഫീസിലെ ടൈപ്പിസ്റ്റ് എം പ്രവീണ പ്രത്യേക പരാമർശത്തിനും അർഹരായി.


## സംസ്ഥാന ജൂനിയർ ഗേൾസ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ്; ജില്ലാ ടീമിനെ ആയിഷ നയിക്കും



തൃക്കരിപ്പൂർ: കോഴിക്കോട് നടക്കുന്ന സംസ്ഥാന ജൂനിയർ ഗേൾസ് ഇന്റർ ഡിസ്ട്രിക്റ്റ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ജില്ലാ ടീമിനെ ഐ.പി ആയിഷ മിർഹാന നയിക്കും. ശിവനന്ദ തമ്പാനാണ് ഉപനായിക. മറ്റു ടീമംഗങ്ങൾ: ടി. ശ്രിയ സായി, കെ.ആർ പ്രിയ രഞ്ജിനി (ഗോൾ കീപ്പർ), കെ.പി ആദിലക്ഷ്മി, പി.വി അഷിമ, കെ അമൃത, പി അനുശ്രീ, പി.ടി സുധാലക്ഷ്മി,എ എസ് അഷ്ന അനിൽ കുമാർ,കെ വി മീനാക്ഷി (ഡിഫന്റേഴ്സ്).ടി റിയ,എം എസ് ശ്രേയ,

നിതിന രാജ്,പി വി അഭിന,പി വി അളകനന്ദ, നിയഗണേശ് (മിഡ് ഫീൽഡർ), കെ. ശ്രേയ, ലക്ഷ്മി ഷൈജു, നിവേദ്യ വിനോദ് (ഫോർവേഡ്), എ.കെ സുമേഷ് ടീമിന്റെ കോച്ചും വി.വി ഷീബ അസി. കോച്ചുമാണ്. ഡോ.വി രാജീവനാണ് ടീ മാനേജർ. നടക്കാവ് സിന്തറ്റിക് സ്റ്റേഡിയത്തിൽ രണ്ടാഴ്ചയോളമായി നടന്ന സെലക്ഷൻ കേമ്പിലാണ് 20 അംഗ ടീമിനെയും അഞ്ചംഗ റിസർവ് ടീം അംഗങ്ങളെയും സെലക്ട് ചെയ്തത്. ഏഴിന് നടക്കുന്ന മത്സരത്തിൽ കാസർകോട് ജില്ല ആലപ്പുഴയെ നേരിടും.

# ജന്തുജന്യ രോഗങ്ങൾക്കെതിരേ ജാഗ്രത വേണം



കാസർകോട്: ജന്തുജന്യ രോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യവകുപ്പ് നിർദേശം. മൃഗങ്ങളുമായി നേരിട്ടും അല്ലാതെയുമുള്ള സമ്പർക്കം, അവയുടെ ശരീര സ്രവങ്ങളുമായുള്ള സമ്പർക്കം, മൃഗങ്ങളുടെ വാസസ്ഥലം, തൊഴുത്ത്, ഫാമുകൾ എന്നിവിടങ്ങളിലുള്ള ഇടപെടലുകൾ, വളർത്തുമൃഗങ്ങളുടെ പരിപാലനം ഇവയിലെല്ലാം ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കണം. മൃഗങ്ങളുമായി ഇടപെട്ട് കഴിഞ്ഞാൽ ഉടൻ തന്നെ കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് വൃത്തിയാക്കണം. മുഖത്തോട് ചേർത്ത് മൃഗങ്ങളെ ഓമനിക്കരുത്. മുഖത്തോ ചുണ്ടിലോ നക്കാൻ അവയെ അനുവദിക്കരുത്. അഞ്ച് വയസിൽ താഴെയും 65 വയസിന് മുകളിലും പ്രായമുള്ളവർ, രോഗപ്രതിരോധശേഷി കുറഞ്ഞവർ, ഗർഭിണികൾ എന്നിവർ മൃഗങ്ങളോട് അടുത്ത് പെരുമാറുമ്പോൾ ശ്രദ്ധ പുലർത്തണം. മൃഗങ്ങളിൽ നിന്ന് മുറിവോ പോറലുകളോ ഉണ്ടായാൽ ഉടൻ തന്നെ സോപ്പും വെള്ളവും ഉപയോഗിച്ച് വൃത്തിയായി കഴുകുകയും വൈദ്യസഹായം തേടുകയും വേണം. വളർത്തുമൃഗങ്ങൾക്കുള്ള പ്രതിരോധ കുത്തിവയ്പുകൾ കൃത്യമായി എടുക്കണം. വനമേഖലയിൽ തൊഴിലിനും വിനോദത്തിനുമായി പോകുമ്പോൾ ആവശ്യമായ വ്യക്തിഗത സുരക്ഷാ മാർഗങ്ങൾ സ്വീകരിക്കണം.

### ജന്തുജന്യ രോഗങ്ങൾ

ജന്തുക്കളിൽ നിന്നും മനുഷ്യരിലേക്ക് പകരുന്ന രോഗങ്ങളാണ് ജന്തുജന്യ രോഗങ്ങൾ. എബോള, മങ്കി പോക്സ് തുടങ്ങിയവയും ലോകത്തിന് ഭീഷണിയായ ജന്തുജന്യ രോഗങ്ങളാണ്. 200 ലധികം ജന്തുജന്യ രോഗങ്ങളുണ്ട്. മനുഷ്യരിൽ ഉണ്ടാകുന്ന പകർച്ചവ്യാധികളിൽ 60 ശതമാനവും ജന്തുക്കളിൽ നിന്നും പകരുന്നവയാണ്.

പുതുതായി ഉണ്ടാകുന്ന രോഗങ്ങളുടെ 70 ശതമാനവും ജന്തുക്കളിൽ നിന്നുമാണ് ഉണ്ടാകുന്നത്. നേരിട്ടുള്ള സമ്പർക്കം, ആഹാരം, വെള്ളം, പരിസ്ഥിതി എന്നിവയിലൂടെയാണ് രോഗാണു മനുഷ്യരിലേക്ക് പകരുന്നത്. മൃഗങ്ങളുമായുള്ള സ്വാഭാവിക സഹവാസം, വിനോദം, ലാളന, കൃഷി, ഭക്ഷണം എന്നിവയ്ക്കായി വളർത്തുക തുടങ്ങിയ സാഹചര്യങ്ങളിലൂടെ രോഗാണു മനുഷ്യരിലേക്ക് പകരുന്നത്. അന്തർദേശീയ യാത്രക്കാർ കൂടുതലുള്ളതിനാൽ മറ്റ് രാജ്യങ്ങളിൽ നിന്നുള്ള രോഗങ്ങൾ ഇവിടെ റിപ്പോർട്ട് ചെയ്യാൻ സാധ്യത കൂടുതലാണ്. അഞ്ചു വയസിൽ താഴെയുള്ള കുട്ടികൾ, 65 വയസിന് മുകളിൽ പ്രായമുള്ളവർ, രോഗപ്രതിരോധ ശേഷി കുറഞ്ഞവർ, ഗർഭിണികൾ എന്നിവർ രോഗ സാധ്യത കൂടുതലുള്ളവരാണ്.

### പ്രതിരോധം

കാർഷിക മേഖലയിലുള്ള മൃഗപരിപാലന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിലൂടെ ഇറച്ചി, മുട്ട, പാൽ, പച്ചക്കറികൾ എന്നിവയിൽ നിന്നും രോഗം ഉണ്ടാകുന്നതും പടരുന്നതും തടയാം. ശുദ്ധമായ കുടിവെള്ളം, മാലിന്യ സംസ്കരണം, ജലാശയങ്ങളുടെയും കുടിവെള്ള സ്രോതസുകളുടെയും വൃത്തിയാക്കൽ എന്നിവയും രോഗപ്രതിരോധത്തിൽ പ്രധാനമാണ്. മൃഗങ്ങളുമായി ഇടപഴകുകയോ അവയുടെ സമീപത്ത് പോകുകയോ ചെയ്തിട്ടുണ്ടെങ്കിൽ കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകണം. സോപ്പും വെള്ളവും ലഭ്യമല്ലെങ്കിൽ ആൽക്കഹോൾ അടങ്ങിയ സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ വൃത്തിയാക്കണം. എലിപ്പനിയ്ക്കെതിരെ പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ കഴിയ്ക്കുക. പട്ടിയോ പൂച്ചയോ മറ്റ് മൃഗങ്ങളോ കടിക്കുകയോ മാന്തുകയോ ചെയ്താൽ പേവിഷബാധയ്ക്ക് എതിരെയുള്ള വാകസിൻ എടുക്കണം. കൊതുക്, ചെള്ള്, പ്രാണികൾ തുടങ്ങിയവയുടെ കടി ഒഴിവാക്കുക. ഭക്ഷണം സുരക്ഷിതമായി കൈകാര്യം ചെയ്യുക. നന്നായി വേവിച്ച് മാത്രം കഴിക്കുക.



ഗിഫ്റ്റഡ് ചിൽഡ്രൻ പ്രോഗ്രാം പദ്ധതി കാസറകോട് വിദ്യാഭ്യാസ ജില്ലാതല ഉദ്ഘാടനം മുൻ വിദ്യാഭ്യാസ ഉപജയറക്ടർ എൻ. നന്ദികേശൻ നിർവഹിക്കുന്നു

## ഗിഫ്റ്റഡ് ചിൽഡ്രൻ പ്രോഗ്രാം പദ്ധതിക്ക് തുടക്കമായി

കാസർകോട്: കാസർകോട് വിദ്യാഭ്യാസ ജില്ലയിലെ ഇത്തവണത്തെ ഗിഫ്റ്റഡ് ചിൽഡ്രൻ പ്രോഗ്രാം പദ്ധതിക്ക് തുടക്കമായി. പ്രതിഭാധനരായ വിദ്യാർഥികളെ സമൂഹത്തിൽ നേതൃപരമായ പ്രവർത്തനങ്ങളിലേക്ക് എത്തിക്കുന്നതിനായി വൈവിധ്യമാർന്ന അനുഭവങ്ങൾ ഒരുക്കുകയെന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പദ്ധതിയാണിത്. കാസർകോട് ഗവ. യു.പി സ്കൂൾ അനക്സ് ഹാളിൽ മുൻ വിദ്യാഭ്യാസ ഉപജയറക്ടർ എൻ. നന്ദികേശൻ ഉദ്ഘാടനം ചെയ്തു. ജില്ലാ വിദ്യാഭ്യാസ ഓഫീസർ വി. ദിനേശ അധ്യക്ഷത വഹിച്ചു. പുഷ്പാകരൻ ബെണ്ടിച്ചാൽ, എം മോഹനൻ ക്ലാസെടുത്തു. എ.ഇ.ഒ അഗസ്റ്റ്യൻ ബർണാഡ്, ഡോ. എം. ജയരാജ്, കോർഡിനേറ്റർ മിനീഷ് ബാബു, കെ. സതീശ സംസാരിച്ചു.




ജില്ലാ സ്പോർട്സ് കൗൺസിൽ നേതൃത്വത്തിലുള്ള ടെക്നിക്കൽ കമ്മിറ്റി കാഞ്ഞങ്ങാട് സംഘടിപ്പിച്ച ജില്ലാ സീനിയർ ചെസ് ചാമ്പ്യൻഷിപ്പിൽ ജേതാവായ ശ്രീരാമൻ നമ്പൂതിരിക്ക് ജില്ലാ സ്പോർട്സ് കൗൺസിൽ എക്സിക്യൂട്ടിവ് അംഗം അനിൽ ബങ്കളം ട്രോഫി സമ്മാനിക്കുന്നു



കഴിഞ്ഞ ദിവസം വൈകിട്ടുണ്ടായ ശക്തമായ കാറ്റിൽ പെരുമ്പട്ട പാലത്തിന് സമീപം തെങ്ങ് വീണ നിലയിൽ

## കാറ്റിലും മഴയിലും തെങ്ങ് വീണ് വൈദ്യുതി കമ്പി പൊട്ടി

പെരുമ്പട്ട: കഴിഞ്ഞ ദിവസം വൈകിട്ടുണ്ടായ കനത്ത മഴയിലും ശക്തമായ കാറ്റിലും പെരുമ്പട്ട പാലത്തിൽ റോഡിന് സമീപമുണ്ടായിരുന്ന തെങ്ങു വീണ് വൈദ്യുതി കമ്പി പൊട്ടി വീണു. ഇതേതുടർന്ന് ഗതാഗതം മുടങ്ങി. നിരവധി വാഹനങ്ങൾ കടന്നുപോകുന്ന പ്രധാന റോഡിലേക്കാണ് വീണത്. മാത്രമല്ല വീഴ്ച അൽപം തെറ്റിയിരുന്നെങ്കിൽ സമീപത്തുള്ള ചായക്കടയിലേക്ക് വീണ് വൻ അപകടമുണ്ടാകുമായിരുന്നു.

സംഭവസമയം, റോഡിൽ യാത്രക്കാരില്ലാത്തതിനാൽ വൻ ദുരന്തമൊഴിവായി. വിവരമറിഞ്ഞെത്തിയ നാട്ടുകാർ തെങ്ങ് മുറിച്ചുമാറ്റി ഗതാഗതയോഗ്യമാക്കി. വൈദ്യുതി മുടങ്ങിയതിനാൽ ഗ്രാമം ഇരുട്ടിലായി. അപകട ഭീഷണിയുള്ള മരങ്ങളും തെങ്ങുകളും മലയോര ഭാഗത്ത് ധാരളമുണ്ട്. അതൊക്കെ മുറിച്ചുമാറ്റണമെന്ന് മഴക്കാലം തുടങ്ങിയപ്പോൾ തന്നെ പഞ്ചായത്ത് മുന്നറിയിപ്പ് നൽകിയിരുന്നു.

### ഡിജിറ്റൽ സർവേ

## ജില്ലയിൽ ഇതുവരെ അളന്നത് 20,000 ഹെക്ടർ ഭൂമി



കാസർകോട്: എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഡിജിറ്റൽ സർവേ പ്രവർത്തനങ്ങൾ ജില്ലയിൽ അതിവേഗം പുരോഗമിക്കുന്നു. ആദ്യഘട്ടത്തിലെ 18 വില്ലേജുകളും സർവേ പൂർത്തിയാക്കി സർവേ അതിരടയാള നിയമ പ്രകാരം 9 (2) പ്രഖ്യാപിച്ചു. ഇതിൽ 17 വില്ലേജുകളിലും റെവന്യൂ ഭരണത്തിനു കൈമാറാനുള്ള ഒരുക്കത്തിലാണ്. ഒന്നാം ഘട്ടത്തിലെ കാസർകോട് വില്ലേജിലും രണ്ടാം ഘട്ടത്തിലെ പേരോൽ, കുഞ്ചത്തൂർ, ബാര ഇച്ചിലങ്കോട്, ഉദ്യാവർ, ബേക്കൂർ, ചീമേനി-2 എന്നീ വില്ലേജുകളിലും സർവ്വേ പൂർത്തിയാക്കി 9 (2) പ്രസിദ്ധീകരിച്ചതിന് ശേഷം പൊതുജനങ്ങൾ റക്കോഡുകൾ പരിശോധിച്ച് പരാതിയുണ്ടെങ്കിൽ പരിഹാരം കാണുന്ന പ്രവർത്തനം നടന്നുവരികയാണ്.

ഭൂവുടമസ്ഥർ പരിശോധിച്ച് വ്യക്തത വരുത്തി പൂർണമായും കുറ്റമറ്റ രീതിയിൽ റെക്കോഡുകൾ റവന്യൂ ഭരണത്തിന് കൈമാറാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് തന്നെ കൂടുതൽ വില്ലേജുകൾ ആദ്യ ഘട്ടത്തിൽ റവന്യൂ ഭരണത്തിന് കൈമാറാൻ തയ്യാറാകുന്നത് ജില്ലയിലാണ്. അതിനു ശേഷം എല്ലാ ഭൂമി സംബന്ധമായ സേവനങ്ങളും തുടർന്ന് ഓൺലൈൻ വഴി മാത്രമേ ലഭ്യമാവുകയുള്ളൂ. ജില്ലയിൽ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട 14വില്ലേജുകളിൽ ഡിജിറ്റൽ സർവേ ആരംഭിച്ചിട്ടുണ്ട്. പാടി, കിനാനൂർ, ചീമേനി, പെരിയ, കിദൂർ, നെക്രജെ, മടിക്കൈ വില്ലേജുകളിൽ പ്രവർത്തനം പുരോഗതിയിലാണ്. ഈവില്ലേജുകളിലെയും ഭൂവുടമകൾക്ക് 'എന്റെ ഭൂമി' പോർട്ടലിലൂടെ സിറ്റിസൺ ലോഗിൻ ചെയ്ത് സർവ്വെ വിവരങ്ങൾ പരിശോധിക്കാം. കേമ്പ് ഓഫീസിൽ സന്ദർശിച്ചോ, ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥരെ ബന്ധപ്പെട്ടോ പരിശോധിക്കാം. എന്റെ ഭൂമി പോർട്ടൽ ലോഗിൻ ചെയ്യാനുള്ള വിലാസം- വ്ഗ്ഗ്::/ലിലേയവീാശ.സല്യമഹമ.ഴീ. ഇനി ഡിജിറ്റൽ സർവേ നടക്കുന്ന വില്ലേജുകളിലെ ഭൂവുടമകൾ കൈവശ അതിർത്തി കാണിച്ചു കൊടുത്തും പട്ടയം രേഖകൾ എന്നിവ നൽകിയും മൊബൈൽ നമ്പർ, പാസ് കോഡ് എന്നിവ നൽകിയും സഹകരിക്കണം.

## കലാമണ്ഡലം മഹേന്ദ്രനെ ആദരിച്ചു

കൂത്തുപറമ്പ്: കഥകളി, ഓട്ടൻതുള്ളൽ കലാകാരൻ കലാമണ്ഡലം മഹേന്ദ്രനെ 50ാം പിറന്നാൾ ദിനത്തിൽ സൗഹൃദ കൂട്ടായ്മ ആദരിച്ചു. വിടി മുരളി ഉദ്ഘാടനം ചെയ്തു.നഗരസഭ ചെയർപേഴ്സൺ വി സുജാത അധ്യക്ഷയായി. കലാമണ്ഡലം പ്രഭാകരൻ വിശിഷ്ടാതിഥിയായി. പവിത്രൻ കൂത്തുപറമ്പ് ഉപഹാരസമർപ്പണം നടത്തി. ടികെ അനിൽ കുമാർ , പിഎം മധുസൂദനൻ, എ കൃഷ്ണൻ, വിനോദ് നരോത്ത്, കലാമണ്ഡലം മഹേന്ദ്രൻ, കെ ഗീതസംസാരിച്ചു.



കെ.എൻ.എം മർകസുദ്ദഅവ ഫാമിലി മീറ്റ് സംസ്ഥാന വൈസ് പ്രസിഡന്റ് ശംസുദ്ദീൻ പാലക്കോട് ഉദ്ഘാടനം ചെയ്യുന്നു

## കെ.എൻ.എം മർകസുദ്ദഅവ ഫാമിലി മീറ്റ്

വളപട്ടണം: കെ.എൻ.എം മർകസുദ്ദഅവ വളപട്ടണം മണ്ഡലം മവദ്ദ ഫാമിലി മീറ്റ് സംസ്ഥാന വൈസ് പ്രസിഡന്റ് ശംസുദ്ദീൻ പാലക്കോട് ഉദ്ഘാടനം ചെയ്തു. അബ്ദുല്ലത്തീഫ് പുതപ്പാറ അധ്യക്ഷനായി.ശിയാസ് സലഫി, അമീർ അൻസാരി, ഹുമയൂൺ കബീർ ഫാറൂഖി വിഷയങ്ങൾ അവതരിപ്പിച്ചു. അബ്ദുൽ ജബ്ബാർ മൗലവി, കെ.പി. ഹസീന, ഷിസിൻ, നൗഷാദ് കൊല്ലറത്തിക്കൽ സംസാരിച്ചു.



# പഴശ്ശി പദ്ധതി പ്രദേശത്തെ അക്കേഷ്യ മരങ്ങൾ മുറിച്ചു മാറ്റിത്തുടങ്ങി

## മുറിച്ചുമാറ്റിയത് 1300 മരങ്ങൾ


പഴശ്ശിപദ്ധതി പ്രദേശത്തെ അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റിയ നിലയിൽ

ഇരിട്ടി: സാമൂഹ്യ വനവത്കരണത്തിന്റെ ഭാഗമായി പഴശ്ശി പദ്ധതി പ്രദേശത്ത് വനംവകുപ്പ് വെച്ചുപിടിപ്പിച്ച അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റൽ ആരംഭിച്ചു. ആദ്യഘട്ടത്തിൽ കോളിക്കടവിലെ ഫുട്ബോൾ ഗ്രൗണ്ടിന് സമീപത്തെ 1300 ഓളം മരങ്ങൾ മുറിച്ച് മാറ്റി. രണ്ടാംഘട്ടം കോളിക്കടവ് അങ്കണവാടി പരിസരത്തെ 1278 മരങ്ങൾ മുറിച്ച് മാറ്റും.

പഴശ്ശി പദ്ധതി പ്രദേശത്ത് വനംവകുപ്പിന്റെ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ നേതൃത്വത്തിലാണ് അക്കേഷ്യ മരങ്ങൾ വെച്ചുപിടിപ്പിച്ചത്. ഇവ മുറിച്ചുമാറ്റുന്നതിന്റെ ഭാഗമായി നേരത്തെ തന്നെ വനംവകുപ്പ് കണക്കെടുപ്പുകൾ പൂർത്തീകരിച്ചിരുന്നു. മലപ്പുറത്തുള്ള കരാറുകാരനാണ് മുറിച്ചുമാറ്റുന്നത്. ഇവിടെ നിന്നു മുറിച്ച മരങ്ങൾ തമിഴ്നാട്ടിലേക്കാണ് കൊണ്ടുപോകുന്നത്. പേപ്പർ പൾപ്പ് നിർമ്മാണത്തിനായാണ് മുഖ്യമായും ഉപയോഗിക്കുക. കേരളത്തിൽ അക്കേഷ്യ, മാഞ്ചിയം മരങ്ങൾ ഇനി നട്ടുവളർത്തേണ്ടതില്ലെന്നാണ് തീരുമാനം. ഇവ മുറിച്ചു മാറ്റുന്നതോടെ ഈ സ്ഥലങ്ങളിൽ മറ്റു വൃക്ഷങ്ങൾ നട്ടുവളർത്താനാണ് ഉദ്ദേശിക്കുന്നത്.



പാലിയേറ്റീവ് ഉപകരണങ്ങൾ ത്വയ്യിബിൽ നിന്ന് പുല്ലൂപ്പി ശാഖാ ലീഗ് പ്രസിഡന്റ് കബീർ കണ്ണാടിപ്പറമ്പ് ഏറ്റുവാങ്ങുന്നു

## സമ്മാനത്തുക പാലിയേറ്റീവ് കെയറിന് നൽകി മാതൃകയായി

കണ്ണൂർ: പ്രവചന മത്സരത്തിലെ സമ്മാനത്തുക കൊണ്ട് പെയിൻ ആന്റ് പാലിയേറ്റീവ് കെയറിന് ഉപകരണങ്ങൾ വാങ്ങിനൽകി ത്വയ്യിബ് പുലൂപ്പി മാതൃകയായി. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സംസ്ഥാന മുസ്‌ലിം ലീഗ് സൈബർ വിംഗ് നടത്തിയ പ്രവചന മത്സരത്തിൽ ത്വയ്യിബിന് ഒന്നാം സ്ഥാനം ലഭിച്ചിരുന്നു. ഇതുപയോഗിച്ച് കണ്ണാടിപ്പറമ്പ് പുലൂപ്പി ശാഖാ മുസ്‌ലിം ലീഗിന് കീഴിലുള്ള പെയിൻ ആന്റ് പാലിയേറ്റീവ് കെയറിനാണ് ഉപകരണങ്ങൾ നൽകിയത്. ഉപകരണങ്ങൾ ത്വയ്യിബിൽ നിന്ന് ശാഖാ ലീഗ് പ്രസിഡന്റ് കബീർ കണ്ണാടിപ്പറമ്പ് ഏറ്റുവാങ്ങി. സെക്രട്ടറി നൗഫൽ പുലൂപ്പി, വർക്കിംഗ് പ്രസിഡന്റ് സി.എൻ അബ്ദുറഹ്മാൻ, ട്രഷറർ പി.സി മുഹമ്മദ്, യൂത്ത് ലീഗ് സെക്രട്ടറി സി ജുനൈസ് പുല്ലൂപ്പി, പി.സി സുഹൈൽ, കെ.ടി സുബൈർ, കെ.കെ സിനാൻ, ടി ദിൽഷാദ്, പിപി മുഹമ്മദ് പങ്കെടുത്തു.

## വീടിനു മുകളിൽ മരം വീണു

കൂത്തുപറമ്പ്: കനത്ത കാറ്റിലും മഴയിലും വീടിനു മുകളിൽ മരം വീണ് നാശനഷ്ടം. പൂക്കോട് ചമ്പളോൻ വാസു റോഡിൽ തൃക്കണ്ണാപുരത്തെ നെല്ലാച്ചേരി സുരേഷിന്റെ വീടിനു മുകളിലാണ് തെങ്ങ് മുറിഞ്ഞു വീണത്. കഴിഞ്ഞ ദിവസം വൈകിട്ടുണ്ടായ കാറ്റിലാണ് അപകടം.

## ചന്ദ്രികയെയും ലീഗിനെയും നെഞ്ചേറ്റിയ ഉസ്മാനിക്ക

തലശ്ശേരി: സൈദാർപള്ളി പരിസരത്തും മറ്റും മുസ്‌ലിം ലീഗിനെ വളർത്തിയ പ്രമുഖകരിലൊരാളാണ് കഴിഞ്ഞ ദിവസം വിട പറഞ്ഞ ഉസ്മാൻ സാഹിബ് ഇ. അഹമ്മദിന്റെ വലൻകൈയെന്ന് വിശേഷിക്കുന്ന ആദ്യ കാല പാർട്ടി പ്രവർത്തകനാണ് ഉസ്മാൻ. തലശ്ശേരിയിൽ ഇ.അഹമ്മദ് എത്തുമ്പോൾ എന്നും നിഴലായി കൂടെയുണ്ടാവും. ചന്ദ്രികയുടെ ദീർഘകാല വരിക്കാരനും പ്രചാരകനുമാണ്.

വാർദ്ധക്യത്തെ തുടർന്ന് വീട്ടിൽ വിശ്രമിക്കുന്ന ഉസ്മാന് പതിറ്റാണ്ടുകളുടെ ബന്ധമാണ് ചന്ദ്രികയുമായുള്ളത്. മുമ്പ് പത്രം ലഭിക്കാത്ത ദിവസങ്ങളിൽ തലശ്ശേരി നഗരത്തിലെത്തി പത്രം വാങ്ങുന്ന ഉസ്മാൻ ഈ മേഖലയിൽ മുസ്‌ലിം ലീഗ് പ്രസ്ഥാനം വളർത്തുന്നതിൽ മുഖ്യ പങ്ക് വഹിച്ചിരുന്നു. ചന്ദ്രികയുടെ നവതിയാഘോഷത്തിന്റെ ഭാഗമായി തലശ്ശേരിയിൽ നടത്തിയ ആഘോഷ പരിപാടിയുടെ ഭാഗമായി യൂത്ത് ലീഗ് നിയോജക മണ്ഡലം കമ്മിറ്റി ഉസ്മാൻ സാഹിബിനെ ഉൾപ്പെടെ ആദരിച്ചിരുന്നു. ചന്ദ്രികയെ ഹൃദയത്തോട് ചേർത്ത ഉസ്മാൻ പുതിയ തലമുറയ്ക്ക് ആവേശവും വഴികാട്ടിയുമാണ്. ജില്ലാ ലീഗ് സെക്രട്ടറി അഡ്വ. കെ.എ ലത്തീഫ്, മണ്ഡലം പ്രസിഡന്റ് എ.കെ ആബൂട്ടി ഹാജി, മുനിസിപ്പൽ ലീഗ് പ്രസിഡന്റ് സി.കെ.പി മാമു, യൂത്ത്ലീഗ് മണ്ഡലം പ്രസിഡന്റ് റഷീദ് തലായി, ജനറൽ സെക്രട്ടറി തസ്‌ലിം മാണിയാട്ട്, മുബാറക് സ്കൂൾ മാനേജർ സി.ഹാരിസ് ഹാജി, സൈദാർപള്ളി മഹല്ല് ജനറൽ സെക്രട്ടറി എ.കെ സക്കറിയ തുടങ്ങിയവർ വസതിയിലെത്തി അനുശോചിച്ചു.

## ആദം മുസ്‌ലിയാർ മത വിജ്ഞാന മേഖലയിലെ നിറസാന്നിധ്യം

മട്ടന്നൂർ:എടയന്നൂർ പ്രദേശത്തെ മത വിജ്ഞാന മേഖലയിൽ വ്യക്തി മുദ്ര പതിപ്പിച്ച വ്യക്തിയാണ് കഴിഞ്ഞ ദിവസം നിര്യാതനായ ആദം മുസ്‌ലിയാർ.53 വർഷം എടയന്നൂർ മഹല്ല് ജമാഅത്തിന് കീഴിലുള്ള തർബിയത്തുൽ ഉലൂം മദ്രസയിൽ അധ്യാപകനായി സേവനം ചെയ്തിട്ടുണ്ട്. 35 വർഷക്കാലം സ്ഥാപന മേധാവികൂടെയായിരുന്നു.എല്ലാ വർഷവും മദ്രസ അധ്യാപക ദിനാഘോഷത്തിന് നേതൃത്വം നൽകുന്ന വ്യക്തി യാദൃശ്ചികമായി മദ്രസ അധ്യാപക ദിനത്തിൽ തന്നെ വിടവാങ്ങി.നൂഞ്ഞേരി സ്വദേശിയായ അദ്ദേഹം ദർസ് പഠനത്തിനായാണ് ആദ്യം എത്തിയത്.തുടർന്ന് എടയന്നൂർ മദ്രസയിൽ അധ്യാപക ജോലിയിൽ പ്രവേശിക്കുകയായിരുന്നു.എടയന്നൂർ തെരൂർ സ്വദേശിനിയെ വിവാഹം കഴിച്ച് പ്രദേശത്ത് താമസമാക്കി. വാർദ്ധക്യസഹജമായ അസുഖത്തെ തുടർന്ന് വിശ്രമത്തിലായിരുന്നു.

ചന്ദ്രികയെ ഹൃദയത്തോട് ചേർത്ത ആദം മുസ്‌ലിയാർക്ക് പതിറ്റാണ്ടുകളുടെ ബന്ധമാണ് ചന്ദ്രികയുമായിട്ടുള്ളത്. സമസ്ത കേരള ജം ഇയ്യത്തുൽ മുഅല്ലിമീൻ,ജംഇയ്യത്തുൽ ഇസ്‌ലാംസഭ മഹല്ല് കമ്മിറ്റി അനുശോചിച്ചു.

## തദ്ദേശീയം ശിൽപശാല 11ന് ഇരിട്ടിയിൽ

ഇരിട്ടി:തദ്ദേശ തെരഞ്ഞെടുപ്പിന്റെ ഒരുക്കങ്ങളുടെ ഭാഗമായി പേരാവൂർ മണ്ഡലം മുസ്‌ലിം ലീഗ് 'തദ്ദേശീയം' ശിൽപശാല 11ന് രാവിലെ പത്ത് മുതൽ പയഞ്ചേരിമുക്ക് എംടുഎച്ച് ഓഡിറ്റോറിയത്തിൽ നടക്കും. മണ്ഡലം ലീഗ് പ്രവർത്തകസമിതി അംഗങ്ങളും വാർഡുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുമായിരിക്കും അംഗങ്ങൾ. ഇത് സംബന്ധിച്ച മണ്ഡലം പ്രവർത്തകസമിതി യോഗം ജില്ലാ വൈസ് പ്രസിഡന്റ് ഇബ്രാഹിം മുണ്ടേരി ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് എംഎം മജീദ് അധ്യക്ഷനായി. ഒമ്പാൻ ഹംസ, പി.വി ഇബ്രാഹിം, എം.കെ ഹാരിസ്, യു പി മുഹമ്മദ്, കെ.വി റഷീദ്, ഖാദർ ഉളിയിൽ, സി. അബ്ദുല്ല , സമീർ പുന്നാട്, സി.കെ യഹ്കൂബ്, മൊയ്തീൻ മുല്ലപ്പള്ളി, പി.എച്ച് കബീർ, റസാക്ക് കീഴ്പ്പള്ളി, വി പി റഷീദ്, കെ.വി ബഷീർ, എം.ബഷീർ, ടി.കെ. മായിൻ, വിഎം മുഹമ്മദ്, ബി.കെ സക്കറിയ, അബ്ദുല്ല ഹാജി, മുനീർ കരിക്കോട്ടക്കരി, തറാൽ ഈസ,വി അഷ്റഫ്, അബ്ദുൽ സലാം പെരുന്തയിൽ, കെ.പി. റംഷാദ്, ഇ.കെ ഷഫാഫ്, ഷമൽ വമ്പൻ, പി.കെ ബൽക്കീസ്, എം.എം നൂർജഹാൻ സംസാരിച്ചു.

## തെങ്ങ്, കവുങ്ങ് തൈകൾ വിൽപനക്ക്

കാസർകോട്: കേരള കാർഷിക സർവകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോടിൽ ഉത്പാദിപ്പിച്ച സങ്കരയിനം തെങ്ങിൻ തൈകളും നാടൻ തെങ്ങിൻ തൈകളും കവുങ്ങിൻ തൈകളും പൊതുവില്പന നടത്തിയതിനു ശേഷം കുറച്ചു കൂടി ശേഷിക്കുന്നുണ്ട്. ആവശ്യക്കാർ കേന്ദ്രത്തിലെ സെയിൽസ് കൗണ്ടറിൽ എത്തിച്ചേരുക. 0467 2260632, 8547891632.

## പ്രൊജക്റ്റ് അസി.

തൃക്കരിപ്പൂർ: തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്തിൽ നിവിലുള്ള പ്രൊജക്റ്റ് അസിസ്റ്റന്റ് ഒഴിവിലേക്ക് 17ന് രാവിലെ 11ന് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ഇന്റർവ്യൂ നടത്തും. 0467 2210236.

## കെസി കുഞ്ഞബ്ദുല്ല ഹാജി അനുസ്മരണം ഇന്ന്

പേരാവൂർ: പ്രവാസി ലീഗ് ജില്ലാ ട്രഷറർ കെസി കുഞ്ഞബ്ദുല്ല ഹാജി അനുസ്മരണ പ്രഭാഷണവും പ്രാർത്ഥനാ സദസ്സും ഇന്ന് വൈകീട്ട് നാലിന് ഇരിട്ടി പയഞ്ചേരി മുക്ക് ഇയ്യോട്ട് റസ്റ്റോറന്റിൽ നടക്കും. മുസ്‌ലിം ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് ഇബ്രാഹിം മുണ്ടേരി ഉദ്ഘാടനം ചെയ്യും.ജില്ലാ സെക്രട്ടറി അൻസാരി തില്ലങ്കേരി അനുസ്മരണ പ്രഭാഷണം നടത്തും.

## ജുമാമസ്ജിദിലെ ഭണ്ഡാരം മോഷണം പോയി

മട്ടന്നൂർ: മണ്ണൂർ ജുമാമസ്ജിദിലെ സ്വലാത്ത് ഭണ്ഡാരം മോഷണം പോയി.അപരിചിതൻ പള്ളിയിൽ കയറി മോഷണം നടത്തുകയായിരുന്നു.ഏകദേശം 8000 രൂപ നഷ്ടപ്പെട്ടിട്ടുണ്ട്. ഹിദായത്തുൽ ഇസ്‌ലാം മസ്ജിദ് കമ്മിറ്റി സെക്രട്ടറി കെ.ജംഷീറിന്റെ പരാതിയിൽ മട്ടന്നൂർ പൊലിസ് സ്ഥലത്തെത്തി പരിശോധന നടത്തി.

# ആറളം ഫാമിൽ കാട്ടാന ശല്യം തുടരുന്നു

## നിരവധി റബർ മരങ്ങളുടെ തൊലിയുരിഞ്ഞു


ആറളം ഫാമിലെ റബർ കാട്ടാനകൾ നശിപ്പിച്ച നിലയിൽ

ഇരിട്ടി: ആറളം ഫാമിലെ റബർ മരങ്ങൾക്ക് നേരെ കാട്ടാന കൂട്ടത്തിന്റെ അക്രമം. മരങ്ങളുടെ തൊലിയുരിഞ്ഞാണ് ആനകൾ മരങ്ങൾ നശിപ്പിക്കുന്നത്. ഇങ്ങിനെ ആയിരത്തിലധികം റബർമരങ്ങളുടെ തൊലിയാണ് ആനക്കൂട്ടം നശിപ്പിച്ചത്.

ഫാമിന്റെ പ്രധാന വരുമാന മാർഗങ്ങളായ കാർഷിക വിളകൾ ഒന്നൊന്നായി ആനക്കൂട്ടങ്ങൾ നശിപ്പിച്ചു കൊണ്ടിരിക്കയാണ്. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ഇവിടുത്തെ അത്യുത്പാദന ശേഷിയുള്ള 5000ത്തോളം തെങ്ങുകൾ ആനക്കൂട്ടം നശിപ്പിച്ചു. കമുങ്ങും, കൊക്കോയും, കുരുമുളകുമെല്ലാം ഫാമിൽ നിന്നും ഇല്ലാതായി. ഏക്കർ കണക്കിന് കശുമാവും വ്യാപകമായി നശിപ്പിക്കപ്പെട്ടു. എന്നാൽ ഇതിനിടയിൽ റബറിന് കാര്യമായ ഭീഷണി ആനക്കൂട്ടം ഉണ്ടാക്കിയിരുന്നില്ല. റബർ മരത്തിന്റെ കടയ്ക്കൽ കൊമ്പുകൊണ്ട് കുത്തിയും കടിച്ചും തൊലി അടിവശത്തുനിന്നും മുകളിലോട്ട് പൊളിച്ചാണ് നശിപ്പിക്കുന്നത്.

തൊലി ചെത്തിയാണ് പാൽ ശേഖരിക്കുന്നത് എന്നതുകൊണ്ടുതന്നെ തൊലി ഇല്ലാതാകുന്നതോടെ റബർ പാഴ്മരമായി മാറി ഉണങ്ങി നശിക്കുകയും ചെയ്യും. ഫാമിന്റെ മറ്റ് ബ്ലോക്കുകളിലെ കൃഷിയിടങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് അടുത്തിടെ തൂക്കു വേലി സ്ഥാപിച്ചിരുന്നു. കൃഷിയിടത്തിൽ നിന്നുള്ള ആനകളെ മുഴുവൻ തുരത്തിയതിന് ശേഷമായിരുന്നു വേലി ചാർജ്ജ് ചെയ്ത് പരിപാലിക്കാൻ തുടങ്ങിയത്. ഇതോടെ ആനകൾക്ക് പ്രധാന ഭക്ഷണം ലഭിക്കുന്ന മേഖലകളിലേക്ക് പ്രവേശിക്കാൻ കഴിയാതെയായി. എന്നാൽ റബറിന് ആന ഭീഷണിയാകുന്നില്ലെന്ന് കരുതി വേലി സ്ഥാപിച്ചില്ല. ബ്ലോക്ക് ഏഴിലെ റബർ മേഖലയിലാണ് ഇപ്പോൾ ആനകൾ തമ്പടിക്കുന്നത് . 304ഹെക്ടർ ആണ് ഫാമിലെ റബർ പ്ലാന്റേഷൻ ഏരിയ. ഇതിൽ ഇപ്പോൾ 200ഹെക്ടറോളം മാത്രമെ ചെറുതും ഉത്പാദനവുമുള്ള റബർ മരങ്ങൾ ഉള്ളു. മൂന്ന് വർഷം മുമ്പ് ഉത്പാദനം തുടങ്ങിയ 18000ത്തോളം വരുന്ന റബർത്തോട്ടത്തിലാണ് തൊലിയുരിച്ച് നശിപ്പിക്കുന്നത്.

# ഇരിക്കൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് കെട്ടിട നിർമാണം

## എം.എൽ.എ സ്ഥലം സന്ദർശിച്ചു


ഇരിക്കൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസ് കെട്ടിട നിർമാണത്തിന് മുന്നോടിയായി സജീവ് ജോസഫ് എംഎൽഎ യുടെ നേതൃത്വത്തിൽ സ്ഥലം സന്ദർശിക്കുന്നു

ഇരിക്കൂർ:സ്വന്തമായി കെട്ടിടമില്ലാത്ത ഇരിക്കൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് കെട്ടിടം നിർമിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് അനുവദിച്ച സ്ഥലം സജീവ് ജോസഫ് എം.എൽ.എയുടെ നേതൃത്വത്തിൽ സന്ദർശിച്ചു. ഇരിക്കൂർ -ബ്ലാത്തൂർ റോഡിൽ ഗവ.ഹയർ സെക്കന്ററി സ്കൂൾ പരിസരത്തെ 35സെന്റ് സ്ഥലമാണ് ഓഫീസ് നിർമാണത്തിന് അനുവദിച്ചത്. സജീവ് ജോസഫ് എംഎൽഎ സർക്കാരിൽ നൽകിയ നിവേദനത്തെ തുടർന്നാണ് നടപടി. അധ്യാപകരുടെയും ജീവനക്കാരുടെയും ദീർഘകാലമായുള്ള ആവശ്യമായിരുന്നു ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് സ്വന്തം കെട്ടിടമെന്നത്. അസൗകര്യങ്ങളിൽ വീർപ്പുമുട്ടി വാടകക്കെട്ടിടത്തിൽ കടമുറികളുടെ മുകളിലായാണ് ഓഫീസ് പ്രവർത്തിക്കുന്നത്.




പഞ്ചായത്ത് പ്രസിഡന്റ് ടി.പി ഫാത്തിമ, വൈസ് പ്രസിഡന്റ് ആർ.കെ വിനിൽ കുമാർ, സ്ഥിരംസമിതി അധ്യക്ഷരായ കെ.ടി നസീർ, എൻ.കെ.സുലേഖ, എൻ.കെ.കെ മുഫീദ, അംഗങ്ങളായ ടി.സി നസിയത്ത്, ബി.പി. നലീഫ,സി.രാജീവൻ, എം.വി മിഥുൻ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പി.കെ. ഗിരീഷ് മോഹൻ, പിടിഎ പ്രസിഡന്റ് കെകെ അബ്ദുല്ല ഹാജി, രാജേഷ് ബാബു,

ഉപജില്ലാ ഹെഡ്മാസ്റ്റേഴ്സ് ഫോറം സെക്രട്ടറി സോജൻ ജോർജ്, വൈസ് പ്രസിഡന്റ് കെ.പി വേണുഗോപാലൻ, സ്കൂൾ പ്രതിനിധി കെ.പി സുനിൽകുമാർ, സി.പി.ചന്ദ്രൻ, അരവിന്ദ് സജി, ബിജു കുറുമുട്ടം, എം.രമേശൻ, ടി.വത്സലൻ, ആർ.കെ. ഹരീന്ദ്രനാഥൻ, കെ.ബി.ബാബു, കെ.കെ ഷഫീഖ്, സത്താർ ഹാജി, കെ.ടി അയൂബ് എന്നിവരും എം.എൽ.എക്കൊപ്പമുണ്ടായിരുന്നു. കെട്ടിട നിർമാണത്തിനാവശ്യമായ ഫണ്ട് സർക്കാറിൽ നിന്നുംലഭ്യമാക്കുമെന്ന് സജീവ് ജോസഫ് എംഎൽഎ പറഞ്ഞു


'മഹാഭാഗന്മാർ' പുസ്തകത്തിന്റെ പ്രകാശനം കെ.പി മോഹനൻ എം.എൽ.എ നിർവഹിക്കുന്നു

## പുസ്തക പ്രകാശനം

തലശേരി: വി.സി ബാലൻ മാസ്റ്ററുടെ 'മഹാഭാഗന്മാർ' പുസ്തകത്തിന്റെ പ്രകാശനം കെ.പി മോഹനൻ എം.എൽ.എ നിർവഹിച്ചു. എഐസിസി മെംബർ വിഎ നാരായണൻ ഏറ്റുവാങ്ങി. പി.ജനാർദ്ദനൻ അധ്യക്ഷനായി. വി.ഇ കുഞ്ഞനന്തൻ പുസ്തകപരിചയം നടത്തി. പിണറായി പഞ്ചായത്ത് പ്രസിഡന്റ് കെ.കെ രാജീവൻ, ചൂരായി ചന്ദ്രൻ, മമ്പറം ദിവാകരൻ, സി.എൻ ഗംഗാധരൻ, അഡ്വ.പി.കെ രവീന്ദ്രൻ. അഡ്വ.പ്രശാന്ത് കതിരൂർ, ടി.കെ ദിലീപ് കുമാർ, അഡ്വ.മുഹമ്മദ് സബീർ സംസാരിച്ചു.

## ടി.പി കുട്ടിയമ്മു അനുസ്മണം 12ന്

തലശ്ശേരി: കേരളത്തിന്റെ പ്രഥമ ചീഫ് എഞ്ചിനീയർ ടി.പി കുട്ടിയമ്മു സാഹിബ് അനുസ്മരണം 12ന് വൈകിട്ട് അഞ്ചിന് നാരങ്ങാപ്പുറം കുട്ട്യമ്മു സെന്ററിൽ നടക്കും. തലശ്ശേരി മുസ് ലിം അസോസിയേഷന്റെ നേതൃത്വത്തിൽ നടക്കുന്ന അനുസ്മരണ സദസിൽ വിദ്യാഭ്യാസ, സാമൂഹിക രംഗത്തെ പ്രമുഖർ പങ്കെടുക്കും.

## പഴയങ്ങാടി റെയിൽവെ അടിപ്പാത സർക്കാർ വാക്ക് പാലിക്കണം: മുസ്‌ലിംലീഗ്

പഴയങ്ങാടി: മാടായി പഞ്ചായത്തിലെ പഴയങ്ങാടി റെയിൽവെ അടിപ്പാതയിൽ യാത്രക്കാർ അനുഭവിക്കുന്ന ഗതാഗതക്കുരുക്കും മഴക്കാലത്തെ വെള്ളക്കെട്ടുമായി ബന്ധപ്പെട്ട ദുരിതത്തിനും അറുതിവരുത്താൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് മുസ്‌ലിംലീഗ്. അടിപ്പാത വികസനത്തിന് രണ്ട് വർഷം മുമ്പ് ബജറ്റിൽ അനുവദിച്ചെന്ന് പറയുന്ന തുക ഉപയോഗിച്ച് പ്രവൃത്തി നടപ്പാക്കി വാക്ക്പാലിക്കണമെന്നും പഞ്ചായത്ത് കൗൺസിൽ ആവശ്യപ്പെട്ടു. പതിറ്റാണ്ടുകളായുള്ള ദുരിതം പരിഹരിച്ചില്ലെങ്കിൽ മുസ്‌ലിം ലീഗ് പ്രക്ഷോഭ രംഗത്തിറങ്ങും.ഗതാഗതക്കുരുക്ക് പരിഹരിക്കാൻ പാലത്തിന്റെ ഇരുഭാഗത്തും ട്രാഫിക് സിഗ്നൽ സ്ഥാപിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.മുഖ്യമന്ത്രിക്കും വകുപ്പ് മന്ത്രിക്കും നിവേദനം നൽകും. തദ്ദേശ സ്ഥാപനങ്ങൾക്ക് അർഹമായ ഫണ്ട് അനുവദിക്കാത്ത നടപടിയിലും യോഗം പ്രതിഷേധിച്ചു. മണ്ഡലം പ്രസിഡന്റ് എസ്.കെ.പി സകരിയ്യ ഉദ്ഘാടനം ചെയ്തു.പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് എസ്.യു റഫീഖ് അധ്യക്ഷനായി.പി.വി ഇബ്രാഹിം, ബി.സി കാസിം ഹാജി, സഹീദ് കായിക്കാരൻ, എ.പി ബദറുദ്ദീൻ, ഹമീദ് മഞ്ഞ, ഒ ബഷീർ, കെ.നസീർ സംസാരിച്ചു. കെ മുസ്തഫ ഹാജി, എം.പി കുഞ്ഞിക്കാതിരി, സി.എച്ച് മുസ്തഫ ഹാജി, എ.വി നാസർ, ടി.പി ഇബ്രാഹിം ഹാജി, പി.സി മൊയിതു ഹാജി, ടി ശുഹൈൽ, ബി മുഹമ്മദ് അഷ്റഫ് പങ്കെടുത്തു.

## കൂടോത്ര വിവാദം സാക്ഷര കേരളത്തിന് നാണക്കേട്: കെ.എൻ.എം മർകസുദ്ദഅവ

കണ്ണൂർ: തെരഞ്ഞെടുപ്പിൽ മികച്ച വിജയം നേടിയ ഒരു പ്രമുഖ രാഷ്ട്രീയ നേതാവിന് പലവിധ അസുഖവുമുണ്ടാകുന്നത് ശത്രുക്കൾ അദ്ദേഹത്തിനെതിരെ കൂടോത്രം ചെയ്തത് കൊണ്ടാണെന്ന പ്രചാരണവും വിശ്വാസവും സാക്ഷരതയുടെയും നവോത്ഥാനത്തിന്റെയും പേരിൽ മേനി പറയുന്ന കേരളത്തിന് നാണക്കേടും അപമാനവുമാണെന്നു കെ.എൻ.എം മർകസുദ്ദഅവ ജില്ലാ സെക്രട്ടറിയേറ്റ്. കൂടോത്രവിശ്വാസം മതപരമായോ ശാസ്ത്രീയമായോ അടിസ്ഥാനമില്ലാത്ത അന്ധവിശ്വാസമാണ്. കെ.എൻ.എം ഉയർത്തിയ പരസ്യ വെല്ലുവിളി സ്വീകരിച്ച് കൂടോത്ര ഫലസിദ്ധിയുണ്ടെന്ന് സ്ഥാപിക്കാൻ ഒരു കൂടോത്രക്കാരനും മുന്നോട്ട് വന്നിട്ടില്ല. ശരിയായ മതാവബോധവും ശാസ്ത്രാവബോധവുമില്ലാത്ത ദുർബല മനസ്കരായ അന്ധവിശ്വാസികളാണ് കൂടോത്രത്തിന് ഫലസിദ്ധിയുണ്ടെന്ന് വിശ്വസിക്കുകയെന്നും സെക്രട്ടറിയേറ്റ് ചൂണ്ടിക്കാട്ടി. ജില്ലാ പ്രസിഡന്റ് സി.സി ശക്കീർ ഫാറൂഖി അധ്യക്ഷനായി.സംസ്ഥാന വൈസ് പ്രസിഡന്റ് ശംസുദ്ദീൻ പാലക്കോട്, സെക്രട്ടറി കെ.എൽ.പി ഹാരിസ്, ജില്ലാ സെക്രട്ടറി ഡോ.അബ്ദുൽ ജലീൽ ഒതായി, ടി.മുഹമ്മദ് നജീബ്, വി.വി മഹമൂദ്, ആർ.അബ്ദുൽ ഖാദർ സുല്ലമി, പി.വി അബ്ദുൽ സത്താർ ഫാറൂഖി, സാദിഖ് മാട്ടൂൽ, സഹദ് ഇരിക്കൂർ, പി.ടി.പി മുസ്തഫ, അതാഉള്ള ഇരിക്കൂർ, നാസർ ധർമ്മടം, സൈദ് കൊളേക്കര സംസാരിച്ചു.

## അനുസ്മരണം

തളിപ്പറമ്പ്: തളിപ്പറമ്പ് നാഷണൽ കോളജിന്റെ സ്ഥാപകൻ എംവി പുരുഷോത്തമൻ മാസ്റ്റർ അനുസ്മരണ സമ്മേളനം മുൻ എംഎൽഎ ജെയിംസ് മാത്യു ഉദ്ഘാടനം ചെയ്തു.കോളജ് എംഡി പികെ ബിജോയ് അധ്യക്ഷനായി.നാരായണൻ കാവുമ്പായി, അഡ്വ.എ.വി കേശവൻ അനുസ്മരണ പ്രഭാഷണം നടത്തി.എൻ.വി പ്രസാദ്, ഷിജിത്ത് കാട്ടൂർ സംസാരിച്ചു.ഉന്നത വിജയികളെ അനുമോദിച്ചു.

## സാംസ്കാരിക വേദി ഉദ്ഘാടനം

ബാലുശ്ശേരി: കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂനിയൻ ബാലുശ്ശേരി ബ്ലോക്ക് കമ്മിറ്റിയുടെ തുടങ്ങിയ സാംസ്ക്കാരിക വേദി കഥാകൃത്ത് വി.പി ഏലിയാസ് ഉദ്ഘാടനം ചെയ്തു. ദേവസ്യ കെ.വർഗീസ് അദ്ധ്യക്ഷത വഹിച്ചു. എൻ.എച്ച്.ഗോപിയുടെ കവിത സമാഹാരമായ കോക്കല്ലൂരിലെ കച്ചേരിക്കുന്ന് കവിത ചർച്ച നടത്തി. വി.കെ സുകുമാരൻ, പി.സുധാകരൻ, വി.കെ വേണുഗോപാലൻ, ഉണ്ണി നാണു നായർ, ഗംഗൻ ബാലുശ്ശേരി, ഒ.ഗോപിനാഥൻ, രാധാകൃഷ്ണൻ ഉണ്ണികുളം, മങ്കയം രാഘവൻ, എൻ.എച്ച് ഗോപി , എം. സുധാകരൻ , പി.കെ ശശിധരൻ സംസാരിച്ചു.

## ഉള്ളിയേരി ഉപതിരഞ്ഞെടുപ്പ്: റംല ഗഫൂർ യു.ഡി.എഫ് സ്ഥാനാർത്ഥി

അത്തോളി : ഉള്ളിയേരി പഞ്ചായത്ത് മൂന്നാം വാർഡിൽ 30 ന് നടക്കുന്ന ഉപതിരഞ്ഞെടുപ്പിൽ റംല ഗഫൂർ യു.ഡി.എഫ് സ്ഥാനാർത്ഥിയാകും. വാർഡ് കോൺഗ്രസ് കമ്മിറ്റി പേര് നിർദ്ദേശിച്ചതോടെ മണ്ഡലം കമ്മിറ്റിയും പഞ്ചായത്ത് യു.ഡി.എഫ് കമ്മിയും അംഗീകരിക്കുകയായിരുന്നു.സി.പി.എം മെമ്പറായിരുന്ന ഷിനി കക്കട്ടിലിന്റെ രാജിയെ തുടർന്നാണ് ഉപതിരഞ്ഞെടുപ്പു വരുന്നത്. അതേ സമയം സി പി എമ്മിന് വിജയ സാധ്യതയുള്ള സ്ഥാനാർത്ഥിയെ കിട്ടാത്തത് പ്രതിസന്ധിയായിരിക്കുകയാണെന്നാണ് പറയപ്പെടുന്നത്. ലോകസഭ തിരഞ്ഞെടുപ്പിൽ മൂന്നാം വാർഡ് ഉൾപെടുന്ന ബൂത്തടക്കം 23 ൽ 12 ബൂത്തുകളിലായി176 വോട്ട് യു.ഡി എഫ് ലീഡ് നേടിയിരുന്നു. ലോക്കൽ സമ്മേളനത്തിന് ശേഷം ജനകീയരായ ഒരു വിഭാഗം നേതാക്കളെ ജോലിതിരക്കും അനാരോഗ്യവും പറഞ്ഞ് കമ്മറ്റികളിൽ നിന്നു മാറ്റി നിർത്തിയത് അണികളിൽ കടുത്ത അതൃപ്തി ഉണ്ടായിട്ടുണ്ട്. പാർട്ടി മെമ്പർമാർ വരെ തിരഞ്ഞെടുപ്പിൽ വോട്ടുമാറ്റി ചെയ്തതാകാം സി.പി.എം ശക്തികേന്ദ്രങ്ങളായ ബൂത്തുകളിൽ പോലും യു.ഡി.എഫിന് ലീഡ് നേടാൻ കാരണമെന്ന് അഭിപ്രായമുണ്ട്.

# പ്രാദേശിക വാർത്തകൾ

## തെങ്ങിന് വളം പെർമിറ്റ് വിതരണം

അത്തോളി :അത്തോളി പഞ്ചായത്ത് തെങ്ങ് കൃഷി വികസനം പദ്ധതിയുടെ ഭാഗമായി തെങ്ങിന് വളം വാങ്ങുന്നതിന് സബ്സിഡി നൽകുന്നു. 2023-24 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട കർഷകർക്കാണ് സബ്സിഡി അനുവദിക്കുന്നത്. ലിസ്റ്റിൽ ഉൾപ്പെടാത്ത കർഷകർ നേരത്തെ നൽകിയ അറിയിപ്പ് പ്രകാരം കൃഷിഭവനിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. കർഷകർക്ക് വളം വാങ്ങുന്നതിനുള്ള പെർമിറ്റ് വിവിധ വാർഡുകളിലായി 9 മുതൽ 17 വരെ വിതരണം ചെയ്യും. പെർമിറ്റ് വാങ്ങാൻ വരുന്ന കർഷകർ നികുതി രസീത് കോപ്പി,ബാങ്ക് പാസ് ബുക്ക് കോപ്പി, ആധാർ കാർഡ് കോപ്പി രേഖകൾ കൊണ്ടുവരണം.അപേക്ഷ ഫോറം പെർമിറ്റ് വാങ്ങാൻ വരുമ്പോൾ പൂരിപ്പിച്ചു നൽകണം

## എൻ. എൻ നല്ലൂർ അനുശോചനം

പേരാമ്പ്ര: കെ. എ. പി. ടി യൂനിയൻ സംസ്ഥാന വൈസ് പ്രസിഡന്റും കാൻഫെഡ് ജില്ലാ സെക്രട്ടറിയും, ഗ്രന്ഥശാല സംഘം പ്രവർത്തകനുമായ എൻ. എൻ നല്ലൂരിന്റെ നിര്യാണത്തിൽ ആവളയിൽ സർവ്വ കക്ഷി അനുശോചന യോഗം നടന്നു. വിജയൻ ആവള അദ്ധ്യക്ഷത വഹിച്ചു. കെ. പി രാമചന്ദ്രൻ മാസ്റ്റർ, എം.കുഞ്ഞമ്മദ് മാസ്റ്റർ, എം. എം രഘുനാഥ്, ആർ. പി ഷോബിഷ്, കൊയിലോത്ത് ഗംഗാധരൻ, ഒ. മമ്മു, ഇ. പ്രദീപ് കുമാർ, കെ. പി മനോജ് കുമാർ, ഗോവിന്ദൻ കുട്ടി മാസ്റ്റർ, രജീഷ് ടി. കെ, കൃഷ്ണ കുമാർ കീഴന, ഷാജി കോറോത്ത്, രാജൻ അരീക്കൽ, കെ. കുമാരൻ, ഷാഫി ഇ, കുനീമ്മൽ കണാരൻ സംസാരിച്ചു

## പുലർകാലം ലീഡേഴ്സ് ക്യാമ്പ്

അത്തോളി: പുലർകാലംപദ്ധതിയിലെ വിദ്യാർത്ഥികളുടെ ലീഡേഴ്സ് ക്യാമ്പിന്റെ ജില്ലാതല ഉദ്ഘാടനം അത്തോളി ജിവിഎച്ച്എസ്എസിൽ ജില്ലാ പഞ്ചായത്ത് അംഗം സിന്ധു സുരേഷ് നിർവ്വഹിച്ചു. സന്ദീപ് നാലു പുരക്കൽ അധ്യക്ഷനായി. ജില്ലാ കോഡിനേറ്റർ പ്രവീൺകുമാർ പദ്ധതി വിശദീകരിച്ചു. വിഎച്ച്എസ്ഇ പ്രിൻസിപ്പൽ കെ.പി ഫൈസൽ കെ.എം മണി , വ ടി.പി ബിജേഷ് , അനുപമ, സുവൈബ ,പി. റഫീഖ് സംസാരിച്ചു. ഡോ. അഖിൽ ക്ലാസെടുത്തു. പുലർകാലം ലീഡർമാരായ അൽസാബിത്ത് ഫാത്തിമ, മിൻഹ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## തൊഴിലധിഷ്ഠിത കോഴ്സ് അപേക്ഷ ക്ഷണിച്ചു

കടിയങ്ങാട്:റിക്കവറി ഫെസിലിന്റേഷൻ യുണിറ്റിന്റെയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോസയൻസസ് സ്കിൽ ഡവോലപ്മെന്റ് സെന്ററും സംയുക്തമായി മാനസിക വെല്ലുവിളി നേരിടുന്നവർക്കായി നൈപുണ്ണ്യ പരിശീലന ത്തോടൊപ്പം നടത്തുന്ന തൊഴിലധിഷ്ഠിത കോഴ്സ് ഹോം അപ്ലൈൻസ് റിപഴയറിങ് കോഴിസിന്റെ ആദ്യ ബാച്ച് ഈ മാസം ആരംഭിക്കും. പ്രായ പരിധി 18 മുതൽ 50 വരെഅവസാന തിയ്യതി 15 ന് വിവരങ്ങൾക്ക്6238996063,0495 2359352




*ഹിന്ദുസ്ഥാൻ സ്കൗട്ട് ആന്റ് ഗൈഡ്സിന്റെ രാജ്യപുരസ്കാർ അവാർഡ് ഗവർണർ മുഹമ്മദ് ആരിഫ് ഖാനിൽ നിന്നു പേരാമ്പ്ര ഒലീവ് പബ്ലിക് സ്കൂൾ ഏറ്റുവാങ്ങുന്നു. ഇഷാൻ എഫ്. എം, ഐഷ നിയ കെ.കെ, മിൻഹ ഷെറിൻ, സഫാനത്ത് യു.കെ എന്നീ വിദ്യാർത്ഥികൾക്കാണ് രാജ്യപുരസ്കാർ ലഭിച്ചത്. സ്റ്റേറ്റ് ഹെഡ്ക്വാർട്ടേഴ്സ് കമ്മീഷണറുമായ മിനി ചന്ദ്രൻ , ട്രയിനർ ലീന ഇ. എം സമീപം*

## സുരേഷ് മണ്ടകശ്ശേരിയെ ആദരിച്ചു

അത്തോളി : മൊടക്കല്ലൂരിൽ പേയിളകി ആക്രമണം നടത്തിയ കുറുക്കനിൻ നിന്നു കടിയേറ്റ് പരിക്കേൽക്കുകയും മറ്റുള്ളവരെ കടിയേൽക്കാതിരിക്കാൻ തടഞ്ഞ് കീഴ്പ്പെടുത്തുകയും ചെയ്ത സുരേഷ് മണ്ടകശ്ശേരിയെ ചിറപ്പുറത്തു വയൽ പ്രദേശത്തെ പൗരാവലി ആദരിച്ചു. വാർഡ് മെമ്പർ രേഖ വെള്ളത്തോട്ടത്തിൽ ഷാളണിയിച്ചു. ഗണേശൻ തെക്കേടത്ത് അധ്യക്ഷനായി. എം സുമേഷൻ മാസ്റ്റർ, ഗിരീഷ് മൊടക്കല്ലൂർ, മോഹനൻ കോഴിക്കോട്ടയിൽ, ടി. കെ രാജൻ, സുധി മൊടക്കല്ലൂർ, എൻ. എം ബാലൻ, സുരേഷ് മണ്ടക ശേരി സംസാരിച്ചു.

## സിനിമ

**കോഴിക്കോട്**

**രാധ:** GHAJINI (Tamil) (11.00 A.M., 9.00 P.M)
GURUVAYOOR AMBALANADAYIL (Mal)
(2.30 P.M., 6.00 P.M.)

**ARC കോറണേഷൻ**
**ONLINE BOOKING THROUGH Bookmyshow**
KALKI - 2898 AD (3D-MAL)
11:30 AM, 01:00 PM, 03:00 PM, 06:30 PM, 10.00 PM
KANAKARAJYAM (MAL)
(10:00 AM, 05:00 PM, 10:00 PM)
GAGANACHARI (MAL) (07:30 PM)
MAHARAJA (TAMIL) (04:30 PM)
PARADISE (MAL) (12:30 PM)
PARTNERS (MAL) (10:30 AM, 07:30 PM, 10:00 PM)
ULLOZHUKKU (MAL) (02:30 PM)

**ശ്രീ: A/C 4K Dolby:**
PARADISE-(11.00AM,09.00PM)
ULLOZHUKKU- (02.30PM,06.00PM)

**വടകര**

**അശോക് CNC: A/C 4K Dolby 7.1**
KALKI 2898 AD 3D (Malayalam) (10.45, 02.00, 05.15, 08.30)
NADANNA SAMBHAVAM (Malayalam) (07:00PM)
EZHUTHOLA (Malayalam) (10:30, 05:00)
DANDUPALAYAM (Tamil) (02:45, 09:15)
ORU SMARTPHONE PRENAYAM (Malayalam) (12:30 PM)

**കുന്ദമംഗലം**

**MAGIC FRAMES 4K RGB LASER/3D DOLBY ATMOS**
GAGANACHARI - MAL(8:15 PM)
KALKI 2898 AD (U/A) - MAL
(11:00 AM, 2:30 PM, 6:00 PM, 9:20 PM)
KALKI 2898 AD (U/A) - MAL 3D (10:15 PM)
ULLOZHUKKU - MAL (1:30 PM, 7:15 PM, 9:30 PM)
GUNAA (A) - TAM (11:15 AM, 2:15 PM, 5:15 PM)

## കോട്ടൂർ പഞ്ചായത്ത് ഭരണസമിതിക്കെതിരെ

# യു.ഡി.എഫ് പ്രതിഷേധ ധർണ്ണ

നടുവണ്ണൂർ: ജനകീയ പങ്കാളിത്തതോടെ നടപ്പിലാക്കുന്ന പരിപാടികളുടെ വരവ് ചെലവ് കണക്ക് വെളിപ്പെടുത്താത് ജനങ്ങളോടുള്ള വെല്ലുവിളിയാണെന്ന് ഡി സി സി സെക്രട്ടറി നിജേഷ് അരവിന്ദ് പറഞ്ഞു. കോട്ടൂർ പഞ്ചായത്ത് ഭരണസമിതിക്കെതിരെ വികസന മുരടിപ്പിനും സ്വജന പക്ഷപാതവും ആരോപിച്ച് യു ഡി എഫ് പഞ്ചായത്ത് കമ്മിറ്റി കൂട്ടാലിട അങ്ങാടിയിൽ നടത്തിയ പ്രതിഷേധ ധർണ്ണ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിൽന്നു അദ്ദേഹം. കുടുംബാരോഗ്യ കേന്ദ്രത്തിനും ആയുർവേദ ആശുപത്രിക്കും പൊതു ജനങ്ങളിനിന്ന് നടത്തിയ പണപ്പിരിവിന്റെ കണക്ക് അവതരിക്കാത്തതിലും ജലജീവൻ പൈപ്പിടാൻ വെട്ടി മുറിച്ച ഗ്രാമീണ റോഡുകൾ പുന:സ്ഥാപിച്ചിട്ടില്ല .കൂട്ടാലിട ടൗണിലെ പൊതു ശുചിമുറി ഉപയോഗിക്കാൻ കഴിയാതവിധം വൃത്തിഹീനമായിരിക്കുകയാണ്. അംഗൻവാടി ഉൾപ്പെടെയുള്ള തസ്തികളിൽ സ്വന്തക്കാരെ തിരുകി കയറ്റി തുടങ്ങിയ വിഷയങ്ങൾ ഉന്നയിച്ചാണ് ധർണ്ണ നടത്തിയത് .പഞ്ചായത്ത് അംഗം ഇ .അരവിന്ദാക്ഷൻ വിഷയം അവതരിപ്പിച്ചു. കെ .കെ അബൂബക്കർ അദ്ധ്യക്ഷത വഹിച്ചു.സി .രാജൻ നിസാർ ചേലേരി ,കെ .അഹമ്മദ് കോയ , ടി.കെ .ചന്ദ്രൻ ,എം.പി .ഹസൻകോയ ,എം.കെ .അബ്ദുൽ സമദ് ,സി .എച്ച് സുരേന്ദ്രൻ ,പി .മുരളീധരൻ നമ്പൂതിരി ,ചന്ദ്രൻ പൂക്കിണാറമ്പത്ത് ,കെ .അബ്ദുൽ മജീദ് സംസാരിച്ചു.



*യു .ഡി .എഫ് കോട്ടൂർ പഞ്ചായത്ത് കമ്മിറ്റി കൂട്ടാലിടയിൽ നടത്തിയ പ്രതിഷേധ ധർണ്ണ നിജേഷ് അരവിന്ദ് ഉദ്ഘാടനം ചെയ്യുന്നു*

## സ്കൂളിൽ അധ്യാപകരില്ല
## യു.ഡി.എസ്.എഫ് ഇന്ന് പഠിപ്പ് മുടക്കും

ഉള്ളിയേരി: പാലോറ ഹയർ സെക്കൻഡറി സ്കൂളിൽ നിലവിലുള്ള അധ്യാപക തസ്തികൾ നികത്തി അധ്യായം ഉറപ്പുവരുത്തണമെന്ന് യുഡിഎസ് എഫ് ആവശ്യപ്പെട്ടു. ഹയർ സെക്കൻഡറി വിഭാഗത്തിൽ രസതന്ത്രം ഗണിത വിഭാഗങ്ങളിൽ വർഷങ്ങളായി ഒഴിവുള്ള തസ്തികളിൽ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് സ്ഥിരം നിയമനം നടത്താതെ വിദ്യാർത്ഥി കളുടെ ഭാവി തകർക്കുന്ന മാനേജ്മെന്റ് നിലപാട് പ്രതിഷേധാർഹമാണെന്ന് കുറ്റപ്പെടുത്തി.

പ്ലസ് വൺ അഡ്മിഷനുമായി ബന്ധപ്പെട്ട് മാനേജ്മെന്റ് സീറ്റുകളിൽ വൻ തുക കോഴ വാങ്ങുന്നതിലും സ്ഥിരം നിയമനം നടത്താത്തതിലും യുഡിഎസ്എഫി ന്റെ നേതൃത്വത്തിൽ സ്കൂളിൽ അനിശ്ചിതകാല പഠപ്പുമുടക്ക് ഉൾപ്പെടെയുള്ള സമര പരിപാടികൾ ആരംഭിക്കുമെന്ന് കെ എസ് യു സംസ്ഥാന സെക്രട്ടറി റനീഫ് മുണ്ടോത്ത്, എം എസ് എഫ് മണ്ഡലം ജനറൽ സെക്രട്ടറി ഷാബിൽ എടത്തിൽ, പഞ്ചായത്ത് എം എസ് എഫ് വൈസ് പ്രസിഡന്റ് മുഹമ്മദ് ഫാറൂഖ് അറിയിച്ചു.അനിശ്ചിത കാല സമരത്തിന്റെ ഭാഗമായി ഇന്ന് പഠിപ്പുമുടക്കും.

## ബഷീർ ദിനാചരണം

അത്തോളി: ഗവ. മാപ്പിള യു.പി സ്കൂളിൽ നീലാംബരി മലയാളം ക്ലബ്ബ് ബഷീർ ദിനാചരണത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.ജ്യോതിക എസ്.ആർ അനുസ്മരണ പ്രഭാഷണം നടത്തി.എസ്.ജിത, എൻ. എം നഷീദ, എൻ.എം അഞ്ചു, കെ.പ്രസീജ, കെ.അമൃത, കെ.സുഖിൽ,ബബീഷ് കുമാർ, കെ. രാജു നേതൃത്വം നൽകി.



*കോട്ടക്കലിൽ യു.ഡി.എഫ് കമ്മിറ്റി നൽകിയ സ്വീകരണത്തിന് ഷാഫി പറമ്പിൽ എം.പി സംസാരിക്കുന്നു*

## ഷാഫിക്ക് പയ്യോളിയിൽ ഉജ്ജ്വല സ്വീകരണം

പയ്യോളി: പാർലമെൻ തിരഞ്ഞെടുപ്പിൽ വടകര മണ്ഡലത്തിൽ നിന്ന് വൻ വിജയം നേടിയ യു.ഡി.എഫ് സാരഥി ഷാഫി പറമ്പിൽ എം.പിക്ക് പയ്യോളിയിൽ ഉജ്വല സ്വീകരണം നൽകി. തച്ചൻ കുന്നിൽ നിന്ന് അനേകം വാഹനങ്ങളുടെ അകമ്പടിയോടെ ആരംഭിച്ച യാത്ര കോട്ടക്കലിൽ സമാപിച്ചു. കിഴൂർ,അയനിക്കാട്,ഇരിങ്ങൽ എന്നിവിടങ്ങളിലെ സ്വീകരണ കേന്ദ്രങ്ങളിൽ നിരവധി പേർ എത്തിച്ചേന്നു. കോട്ടക്കലിലെ സ്വീകരണ കേന്ദ്രമായ ബീച്ച് റോഡിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടെ വൻ ജനാവലി ഷാഫിയെ സ്വീകരിക്കാൻ എത്തിയിരുന്നു. സി.കെ.വി യൂസുഫ് സ്വീകരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. ബി.എം ഷംസുദ്ദീൻഅധ്യക്ഷത വഹിച്ചു.യൂത്ത് ലീഗ് ദേശീയ വൈസ് പ്രസിഡണ്ട് ഷിബു മീരാൻ മുഖ്യ പ്രഭാഷണം നടത്തി. മഠത്തിൽ അബ്ദുറഹിമാൻ,മഠത്തിൽ നാണു മാസ്റ്റർ,മുനിസിപ്പൽ ചെയർമാൻ വി.കെ അബ്ദുറഹിമാൻ,എ.പി കുഞ്ഞബ്ദുള്ള,കെ.ടി വി നോദൻ,കുന്നങ്ങോത്ത് സബീഷ്,അഡ്വ.എ.കെ ജാനിബ്, നജാഫ് പ്രസംഗിച്ചു.രാധാകൃഷ്ണൻ സ്വാഗതവും ടി. പി മുനീർ നന്ദിയും പറഞ്ഞു.

## വീട്ടിൽ കയറി അക്രമം

# പ്രതികളെ പിടികൂടണം സർവ്വകക്ഷി യോഗം

മേപ്പയൂർ: അരിക്കുളം കുനിക്കാട്ടിൽ കുഞ്ഞമ്മദിനെ വീട്ടിൽ കയറി ക്രൂരമായി മർദ്ദിക്കുകയും ഇരുകാലുകളും അടിച്ചു തകർക്കുകയും ചെയ്ത അക്രമകാരികളെ പിടി കൂടണമെന്നും പൊലീസ് അന്വേഷണം ത്വരിതപ്പെടുത്തണമെന്നും അരിക്കുളത്ത് ചേർന്ന സർവ്വകക്ഷി യോഗം ആവശ്യപ്പെട്ടു. ബുധനാഴ്ച രാത്രി 9 മണിയോടെയാണ് പുറത്ത് നിന്നെത്തിയ ക്വട്ടേഷൻ സംഘം വീട്ടിലെത്തി കുഞ്ഞമ്മദിന്റെ വായ പൊത്തിപ്പിടിച്ച് ഇരുമ്പ് ദണ്ഡ് ഉപയോഗിച്ച് കാലുകൾ അടിച്ചുതകർത്തത്. നാലിൽ കൂടുതൽ ആളുകൾ അക്രമി സംഘത്തിലുണ്ടായിരുന്നതായി പറയപ്പെടുന്നു.കുഞ്ഞമ്മദ് കോഴിക്കോട് ഗവ:മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണിപ്പോൾ.സങ്കീർണമായ ശസ്ത്രക്രിയയിലൂടെ മാത്രമേ കാലുകളുടെ ചലന ശേഷി വീണ്ടെടുക്കാൻ കഴിയൂ എന്നാണ് ഡോക്ടർമാരുടെ അഭിപ്രായം. സർവ്വകക്ഷിയോഗം പഞ്ചായത്ത് പ്രസിഡണ്ട് എ.എം സുഗതൻ ഉദ്ഘാടനം ചെയ്തു.സി പ്രഭാകരൻ,രാമചന്ദ്രൻ നീലാംബരി,വി.വി.എം ബഷീർ,എടവന രാധാകൃഷ്ണൻ,എം കുഞ്ഞായൻ കുട്ടി,കെ രവി,ബ്ളോക്ക് പഞ്ചായത്തംഗം രജില,ഗ്രാമപഞ്ചായത്ത് അംഗങ്ങളായ എ ഇന്ദിര,എം പ്രകാശൻ,നിജീഷ്,കെ.എം അമ്മത് എന്നിവർ സംസാരിച്ചു.ആക്ഷൻകമ്മറ്റി ഭാരവാഹികൾ:ചെയർമാൻ എ.എം സുഗതൻ,കൺവീനർ എം കുഞ്ഞായൻ കുട്ടി.



*പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന കുനിക്കാട്ടിൽ കുഞ്ഞമ്മദ്*

## ഹസ്ത സ്നേഹവീടിന് തറക്കല്ലിട്ടു

പേരാമ്പ്ര: ഹസ്ത ചാരിറ്റബിൾ ട്രസ്റ്റ് പേരാമ്പ്ര നിയോജക മണ്ഡലത്തിൽ നിർമിക്കുന്ന ഭവനപദ്ധതിയിലെ ആദ്യത്തെ സ്നേഹവീടിന്റെ തറക്കല്ലിടൽ ഷാഫി പറമ്പിൽ എം.പി നിർവഹിച്ചു .പേരാമ്പ്ര പഞ്ചായത്തിലെ മീറങ്ങാട്ട് മീത്തൽ ചന്ദ്രനാണ് ആദ്യ വീട് നിർമിച്ചു നൽകുന്നത്. ചെയർമാൻ മുനീർ എരവത്ത് അധ്യക്ഷത വഹിച്ചു. മലബാർ ഗോൾഡ് ഡയരക്ടർ കെ. ഇമ്പിച്ചാലി മുഖ്യാഥിതിയായി. എസ്. പി കുഞ്ഞമ്മദ് മുഖ്യ പ്രഭാഷണം നടത്തി. വിനോദൻ തിരുവോത്ത്, കെ. മധുകൃഷ്ണൻ, രാജൻ മരുതേരി, സി. സൂപ്പി, ടി. എം കൃഷ്ണൻ ,അശോകൻ സി.കെ ,ഇ. ഷാഹി ,പി.എസ് സുനിൽ കുമാർ ,കെ.പി റസാഖ്, ഒ.എം രാജൻ മാസ്റ്റർ, കെ.സി രവീന്ദ്രൻ, സുനിൽ നെല്യാടികണ്ടി, രാജീവൻ പാറാട്ടുപാറ, വി.ആലീസ് ടീച്ചർ, രതി രാജീവ്, കെ. പ്രദീപൻ, ആർ.പി രവീന്ദ്രൻ, അഷ്റഫ് വി.കെ സംസാരിച്ചു.



*ഹസ്ത സ്നേഹ വീടിന്റെ തറക്കല്ലിടൽ നിർവഹിച്ച് ഷാഫി പറമ്പിൽ എം.പി സംസാരിക്കുന്നു.*

## സർഗ സംവാദം

ബാലുശ്ശേരി: അറപ്പീടിക ഇ.എം.എസ് ഗ്രന്ഥാലയത്തിന്റെയും സർഗവേദി ബാലുശ്ശേരിയുടെയും സംയുക്താഭിമുഖ്യത്തിൽ 'വായനയുടെ പുതു വസന്തം' എന്ന വിഷയത്തിൽ സർഗ സംവാദം സംഘടിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് അംഗം കെ.പി സഹീർ ഉദ്ഘാടനം ചെയ്തു. ഇ. എൻ പത്മനാഭൻ അദ്ധ്യക്ഷത വഹിച്ചു. വി.ബി നായർ വിഷയാവതരണം നടത്തി. പി.പി ബാലൻ, ഷംസ് ബാലുശ്ശേരി, പൃഥിരാജ് മൊടക്കല്ലൂർ, കെ.പി വിജയൻ, രാജൻ ബാലുശ്ശേരി, യശോദ നിർമ്മല്ലൂർ, ജ്യോതി അനൂപ്,സജിത രഘുനാഥ്,ആർ.കെ ബിജു,പ്രദീഷ് , ആർ.കെ ബിജു സംസാരിച്ചു

## അത്തോളി സഹകരണ ആശുപത്രിക്ക് പുരസ്കാരം

അത്തോളി: ആരോഗ്യമേഖലയിൽ സഹകരണ ആശുപത്രികൾ നടത്തുന്ന പ്രവർത്തനം വിലയിരുത്തി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ പുരസ്കാരത്തിൽ മൂന്നാം സ്ഥാനം നേടി അത്തോളി സഹകരണ ആശുപത്രി. ഓഹരി ഉടമകൾക്ക് ഉയർന്ന ഡിവിഡന്റ് നിരക്കിൽ ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കി, ചികിത്സക്കെത്തുന്നവരിലെ എണ്ണത്തിലെ വർദ്ധനവ്, പാലിയേറ്റീവ് ഹോം കെയർ പ്രവർത്തനം, ഹൃദ്രോഗമുൾപ്പെടെ സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനം,സാമ്പത്തിക അച്ചടക്കം തുടങ്ങി ഒട്ടേറെ മേഖലകളിലെ പ്രവർത്തനം വിലയിരുത്തിയാണ് സംസ്ഥാന സഹകരണ രജിസ്ട്രാർ ടി.വി സുഭാഷ് നേതൃത്വം നൽകിയ ജൂറിയാണ് പുരസ്കാരത്തിന് തിരഞ്ഞെടുത്തത്. അന്താരാഷ്ട്ര സഹകരണ ദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടന വേദിയിൽ പ്രശസ്തിപത്രവും ഫലകവും 25,000 രൂപയും മന്ത്രി വി എൻ. വാസവനിൽ നിന്നു പ്രസിഡന്റ് വി.പി ബാലകൃഷ്ണൻ,സെക്രട്ടറി സാദിഖ് എം.കെ വൈസ് പ്രസിഡന്റ് എൻ.കെ രാധാകൃഷ്ണൻ,ഡയരക്ടർ ബോർഡ് അംഗങ്ങളായ സത്യൻ മാസ്റ്റർ, മനോജ് പനങ്കുറ, എം.നൗഷാദ് എന്നിവർ ചേർന്ന് ഏറ്റുവാങ്ങി.

## ഓറിയന്റേഷൻ ക്യാമ്പ്

കൊയിലാണ്ടി: ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ എൻ എസ് എസ് ത്തിൽഎംപവർ ഏകദിന ഓറിയന്റേഷൻ ക്യാമ്പ് സംഘടിപ്പിച്ചു.നഗരസഭ കൗൺസിലർ ലളിതാ ഉദ്ഘാടനം നിർവഹിച്ചു. ശ്രീജിത്ത് എടത്തുക്കുളങ്ങര ഓറിയന്റേഷൻ ക്ലാസ് നൽകി.സിന്ധു ടീച്ചർ ഇഷ ടീച്ചർ ശ്രീധന്യഭായ് ടീച്ചർ സംഗീത ടീച്ചർ സുമേഷ് മാഷ് നേതൃത്വം നൽകി

## ട്യൂഷൻ സെന്റർ

അത്തോളി: കൊടശ്ശേരിയിൽ എഡ്യൂ സ്മാർട്ട് ട്യൂഷൻ സെന്റർ പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു രാജൻ ഉദ്ഘാടനം ചെയ്തു. സുനീഷ് നാടുവിലയിൽ, വാസവൻ പൊയിലിൽ,നസീറ ഹബീബ്, അബുമാസ്റ്റർ, മുസ്തഫ ആലയാട്ട്, ആർ.പി ഇബ്രാഹിം അഷിതാ അജ്നാസ്, ഷോണി ടീച്ചർ സംബന്ധിച്ചു.



*പേരാമ്പ്ര സിൽവർ കോളജ് കെട്ടിടത്തിന്റെ ഉദ്ഘാടനം മന്ത്രി പി.എ മുഹമ്മദ് റിയാസ് നിർവഹിക്കുന്നു.*

## സിൽവർ കോളജ് കെട്ടിടം ഉദ്ഘാടനം

പേരാമ്പ്ര: പേരാമ്പ്ര സിൽവർ ആർട്സ് ആന്റ് സയൻസ് കോളജിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം മന്ത്രി പി.എ മുഹമ്മദ് റിയാസ് നിർവഹിച്ചു. ടി.പി രാമകൃഷ്ണൻ എം.എൽ.എ അധ്യക്ഷനായി. ഷാഫി പറമ്പിൽ എം.പി മുഖ്യാതിഥിയായിരുന്നു. പ്രിൻസിപ്പൽ ഡോ.സി.വിനോദ് കുമാർ ,ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി, ബ്ലോക്ക് പ്രസിഡന്റ് എൻ.പി ബാബു, പഞ്ചായത്ത് പ്രസിഡന്റ് വി.കെ പ്രമോദ്, ജോന പി., ഡോ.പീയുഷ് എം.നമ്പൂതിരിപ്പാട്, എസ്.പി കുഞ്ഞമ്മദ്, എം.കുഞ്ഞമ്മദ് മാസ്റ്റർ, കെ.ബാല നാരായണൻ, കല്ലൂർ മുഹമ്മദലി, രാഗേഷ് തറമ്മൽ, അഡ്വ.രാജീവൻ മല്ലിശ്ശേരി, എ.വി അബ്ദുള്ള, കെ. ഇമ്പിച്ചാലി, ടി.സലീം, ഇബ്രാഹീം പുതുശ്ശേരി, ടി.പി അബ്ദുൽ മജീദ്, എ.അമ്മദ് മാസ്റ്റർ, എഞ്ചിനീയർ മുഹമ്മദ് റഫീഖ്, ടി.ഷിജു കുമാർ, ടി.പി അബ്ദുറഹിമാൻ, പി.ടി അഷ്റഫ് ,അശ്വിൻ ശശി ,എ.കെ തറുവയ് ,ഡോ. പി.ടി അബ്ദുൽ അസീസ് സംസാരിച്ചു

## യൂത്ത് കോൺഗ്രസ് ലീഡേഴ്സ് മീറ്റ്

പേരാമ്പ്ര: യൂത്ത് കോൺഗ്രസ് യങ് ഇന്ത്യ പേരാമ്പ്രയിൽ സംസ്ഥാന യൂത്ത് കോൺഗ്രസ് പ്രസിഡന്റ് രാഹുൽ മാങ്കൂട്ടത്തിൽ ഉദ്ഘാടനം ചെയ്തു. സായൂജ് അമ്പലക്കണ്ടി അധ്യക്ഷത വഹിച്ചു. അബിൻ വർക്കി , ഒ.ജെ. ജനീഷ് കുമാർ, ആർ.ഷഹീൻ, അരുൺദേവ് , നിമേഷ് തന്ത്ര, എ.കെ ഷാനിദ്,ഷഫീർ ജാൻ, ബവിത് മാലോൽ, മിഥുൻ മോഹൻ,സംസാരിച്ചു.

## കർഷക കോൺഗ്രസ്

ബാലുശ്ശേരി: കർഷക കോൺഗ്രസ് നന്മണ്ട മണ്ഡലം കമ്മിറ്റി ശ്രീ രാജ് ഉദ്ഘാടനം ചെയ്തു.ഒ.പി.വാസു അധ്യക്ഷനായി. മണ്ഡലം ഭാരവാഹികൾ ഒ പി. വാസു (പ്രസി) കോട്ടാടി പറമ്പത്ത് ശ്രീധരൻ നായർ (വൈസ് പ്രസ്)ഷൈജു പുറ്റാരം കോട്ടുമ്മൽ (സെക്രട്ട) ശിവാനന്ദൻ കണ്ണൻകണ്ടി (ജോ: സെക്ര) ജമാൽ കോളിക്കൽ (ട്രഷ)



*കൂവപ്പൊയിൽ പിണ്ഡപാറ സരോജിനിയുടെ വീടിനു മേൽ ഭിത്തി തകർന്നു വീണപ്പോൾ.*

## ഭിത്തി തകർന്ന് വീടിനു നാശം

പേരാമ്പ്ര: ചക്കിട്ടപാറ പഞ്ചായത്ത് 15ാം വാർഡിലെ കൂവപ്പൊയിൽ പിണ്ഡപ്പാറ സരോജിനിയുടെ വീടിനു മേൽ കനത്ത മഴയിൽ ഭിത്തി തകർന്നു വീണ് നാശനഷ്ടമുണ്ടായി. വീടിന്റെ പിറകുവശത്തെ ഭിത്തിയാണ് തകർന്നത്. മൊത്തം 75000 രൂപയുടെ നഷ്ടം കണക്കാക്കുന്നു.



## സിംസ് ഗാർഡനിലെ ഫീസ് വർദ്ധിപ്പിച്ചു

ഊട്ടി: നീലഗിരിയിലെ പ്രശസ്തവിനോദ സഞ്ചാര കേന്ദ്രമായ കുന്നൂരിലെ സിംസ് ഗാർഡനിലേക്കു പ്രവേശനഫീസ് വർദ്ധിപ്പിച്ചു. സിംസ് ഗാർഡനിൽ വർഷം തോറും നടന്നു വരാറുള്ള ഫലവർഗ്ഗങ്ങളുടെ പ്രദർശനം കാണാൻ തമിഴ്നാടിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും, കേരള, കർണാടക സംസ്ഥാനങ്ങളിൽ നിന്നും ആയിരങ്ങൾ എത്തിച്ചേരാറുണ്ട്. ഇതിനു പുറമെ ഗാർഡ നിൽ വെച്ചു പിടിച്ച നൂറ്റാണ്ട് പിന്നിട്ട മരങ്ങളും, ഔഷധച്ചെടികളും പൂന്തോട്ടവും പ്രധാന കാഴ്ചവസ്തുക്കളാണ്.ഈ സാഹചര്യത്തിൽ വിനോദസഞ്ചാര വകുപ്പ് വിനോദ സഞ്ചാരികൾക്കുള്ള പ്രവേശന ഫീസ് പതിമടങ്ങ് വർദ്ധിപ്പിച്ചിരിക്കയാണ്. മുതിർന്നവരിൽ നിന്ന് 40 രൂപ ഈടാക്കിയിരുന്ന സ്ഥാന 75 രൂപയായും കുട്ടികൾക്ക് 20 രൂപയിൽ നിന്ന് 40 രൂപയായും ഉയർത്തി.

## ഡി.എൽ.എഡ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു

കൽപ്പറ്റ: സർക്കാർ/എയ്ഡഡ് സ്വാശ്രയ സ്ഥാപനങ്ങളിലേക്ക് ഡി.എൽ.എഡ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ഗവ/എയ്ഡഡ്, സ്വാശ്രയം എന്നിവക്ക് വേറെ വേറെ അപേക്ഷ നൽകണം. യോഗ്യരായവർ ജൂലൈ 18നകം വിദ്യാഭ്യാസ ഉപഡയറക്ട്രേറ്റിൽ അപേക്ഷനൽകണം. അപേക്ഷ ഫോറവും മറ്റ് വിവരങ്ങളും www.education.kerala.gov.in epw http-s://ddewyd.blogspot.com ലും ലഭിക്കും. ഫോൺ- 04936202593, 8594067545.

# വയനാട് വാർത്തകൾ

## സുഗന്ധഗിരിയിലെ കൈവശകാർക്ക് പട്ടയം അനുവദിക്കണം



സുഗന്ധഗിരി കാർഡമം പദ്ധതി പ്രദേശം

കൽപ്പറ്റ: കാർഡമം പ്രൊജക്ട് പ്രകാരം സുഗന്ധഗിരിയിൽ ഭൂമി അനുവദിച്ച പട്ടികജാതി-പട്ടികവർഗ കുടുംബങ്ങൾക്ക് കൈവശാവകാശ രേഖ കൈമാറാനും, ഭൂമി മാതാപിതാക്കളിൽ നിന്നും മക്കളിലേക്ക് കൈമാറാനും, സ്ഥായിയായ പട്ടയം അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് കൽപ്പറ്റ നിയോജകമണ്ഡലം എം.എൽ.എ അഡ്വ.ടി.സിദ്ധിഖ് റവന്യു മന്ത്രി കെ. രാജന് അടിയന്തിര കത്ത് കൈമാറി. ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന സമയത്ത് 1977ൽ ആരംഭിച്ച പദ്ധതിയാണ് സുഗന്ധഗിരി കാർഡമം പദ്ധതി. ഇതിന്റെ ഭാഗമായി ഭൂമിയും, പാർപ്പിടവും ഇല്ലാത്തതായിട്ടുള്ള പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളെ പുനരധിവാസിപ്പിക്കാൻ വേണ്ടി ആരംഭിച്ച പദ്ധതിയാണ്. ഇതിൽ 850 ഓളം വരുന്ന തൊഴിലാളികളിൽ പട്ടികവർഗക്കാർക്ക് 5 ഏക്കറും, പട്ടികജാതികാർക്ക് 2 ഏക്കർ ഭൂമി വീതവും വനാവകാശ പ്രകാരമാണ് ഭൂമി നൽകിയത്. ഈ ഭൂമിക്ക് കൈവശ രേഖ മാത്രമാണ് നൽകിയിട്ടുള്ളത്.

കൈവശ രേഖ കൈമാറ്റം ചെയ്യാൻ പറ്റാത്തത് കൊണ്ട് അച്ഛനും, അമ്മയും മരണപ്പെട്ട് കഴിഞ്ഞാൽ അവരുടെ മക്കളുടെ പേരിലേക്ക് പകർന്ന് നൽകാൻ യാതൊരു രീതിയിലുള്ള അവകാശവുമില്ല.

അതിനാൽ തന്നെ പ്രസ്തുത കൈവശരേഖ ഉപയോഗിച്ച് വിദ്യാഭ്യാസം, വിവാഹം, ഭവന നിർമ്മാണം, മറ്റ് ആവശ്യങ്ങൾ ഉൾപ്പെടെയുള്ളവയ്ക്ക് ലോൺ എടുക്കുന്നതിന് സാധിക്കാത്ത സ്ഥിതിയാണ്. കൂടാതെ രേഖകൾ കൈമാറ്റം ചെയ്യാൻ പറ്റാത്തത് കൊണ്ട് അനധികൃതരായ നിരവധിയാളുകളുടെ മക്കൾ താമസക്കാരായുണ്ട്. അതുകൊണ്ട് മക്കളിലേക്കും, അവകാശികളിലേക്കും ഈ അവകാശം പകർന്ന് നൽകാനുള്ള നടപടിയും, ഇവർക്ക് സമ്പൂർണ്ണ പട്ടയം നൽകാനുള്ള നടപടിയും സ്വീകരിക്കണമെന്ന് കാണിച്ച് നേരത്തെ നിയമസഭയിൽ എം. എൽ.എ സബ്മിഷൻ അവതരിപ്പിക്കുകയും, കൂടാതെ റവന്യു അസംബ്ലിയിലും ഈ വിഷയം ഉന്നയിച്ചിരുന്നു.

തുടർന്ന് മന്ത്രി അടിയന്തിര യോഗം വിളിക്കാമെന്ന് പ്രശ്നം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാമെന്നും ഉറപ്പ് നൽകിയിരുന്നു. ഈ ഉറപ്പിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടിയാണ് കത്ത് നൽകിയിട്ടുള്ളതെന്ന് എം.എൽ.എ പറഞ്ഞു.

# കെ.എസ്.ആർ.ടി.സി ഡിപ്പോ പരിസരം ഇരുട്ടിൽ

**ഡിപ്പോയിൽ നിന്ന് ബസ്സുകൾ പുറത്തേക്ക് കടക്കുന്ന വഴിയോട് ചേർന്ന് നഗരസഭ സ്ഥാപിച്ച് സ്ട്രീറ്റ് ലൈറ്റ് കൂടി കണ്ണടച്ചതോടെ സന്ധ്യമയങ്ങിയാൽ പ്രദേശം ഇരിട്ടിലാവുകയാണ്.**

സുൽത്താൻ ബത്തേരി: ഹൈമാസ് ലൈറ്റും സ്ട്രീറ്റ് ലൈറ്റും പ്രകാശിക്കാതായതോടെ സുൽത്താൻ ബത്തേരിയിലെ ജില്ലാ കെ.എസ്.ആർ.ടി.സി ഡിപ്പോ പരിസരം സന്ധ്യമയങ്ങിയാൽ ഇരുട്ടിൽ. വർഷങ്ങളായി ഇതു തുടർന്നിട്ടും നന്നാക്കാൻ നടപടിയില്ലാത്തതിനെതിരെ ശക്തമായ പ്രതിഷേധമാണ് ഉയരുന്നത്. 2017ലാണ് അന്നത്തെ എം.പിയായിരുന്ന എം.ഐ ഷാനിവാസിന്റെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് കെ എസ് ആർ ടി സി പരിസരത്ത് ഹൈമാസ് ലൈറ്റ് സ്ഥാപിച്ചത്. തുടക്കകാലത്ത് കുറച്ചുനാൾ പ്രവർത്തിച്ചുവെങ്കിലും പിന്നീട് ഇത് കണ്ണടച്ചു. ഇതോടെ പ്രദേശം ഇരുട്ടിലിയി. പിന്നീട് ഇത് നന്നാക്കാൻ അധികൃതർ ശ്രമിച്ചിട്ടില്ല. ഇതിനുപുറമെ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്ന് ബസ്സുകൾ പുറത്തേക്ക് കടക്കുന്ന വഴിയോട് ചേർന്ന് നഗരസഭ സ്ഥാപിച്ച് സ്ട്രീറ്റ് ലൈറ്റ് കൂടി കണ്ണടച്ചതോടെ സന്ധ്യമയങ്ങിയാൽ പ്രദേശം പൂർണമായും ഇരിട്ടിലാവുകയാണ്. നിരവധി തവണ ഇതിനുപരിഹാരം കാണണമെന്ന് പ്രദേശത്തെ ഓട്ടോ ഡ്രൈവർമാരും കച്ചവടക്കാരും സമീപവാസികളും അധികൃതരോട് ആവശ്യപ്പെട്ടെങ്കിലും ഇതുവരെ നടപടിയായിട്ടില്ല.

വയനാട് വന്യജീവിസങ്കേതത്തോട് ചേർന്നാണ് കെ എസ് ആർ ടി സി പരിസരം. അതിനാൽതന്നെ സന്ധ്യമയങ്ങിയാൽ കാട്ടാനയും കടുവയുമടക്കമുള്ള വന്യമൃഗഭീഷണിയും പ്രദേശത്ത് നിലനിൽക്കുന്നുണ്ട്.

രാത്രികാലങ്ങളിൽ ദൂരസ്ഥലങ്ങളിൽ നിന്നും ഡിപ്പോയിലെത്തുന്ന യാത്രക്കാരും വെളിച്ചമില്ലാത്തിനാൽ ദുരിതമനുഭവിക്കുകയാണ്.

രാത്രികാലങ്ങളിൽ പ്രദേശത്ത് വെട്ടമില്ലാതായതോടെ സമൂഹവിരുദ്ധരും ഇവിടം താവളമാക്കി തുടങ്ങിയിട്ടുണ്ട്.



സുൽത്താൻ ബത്തേരി കെ എസ് ആർ ടി സി പരിസരത്ത് പ്രവർത്തന രഹിതമായ ഹൈമാസ്റ്റ് ലൈറ്റ്

## തൊഴിലാളികൾക്ക് ഭീഷണിയായി കാട്ടുപോത്തുകൾ

ഊട്ടി: നീലഗിരി ജില്ലയിൽ വനങ്ങളോട് ചേർന്ന തേയിലത്തോട്ടങ്ങളിൽ കാട്ടുപോത്തുകൾ ഇറങ്ങുന്നത് തൊഴിലാളികൾക്ക് ഭീഷണിയായി. ഊട്ടിയുടെ സമീപ പ്രദേശങ്ങളായ സാംരാജ്, കൈകാട്ടി, ബംഗാൾ മട്ടം, ദേവർശോല,ദേവപെട്ട, മേരിലാന്റ് തുടങ്ങിയ പ്രദേങ്ങളിലെ തേയിലത്തോട്ടങ്ങളിലാണ് കാട്ടുപോത്തുകൾ കൂട്ടമായി എത്തുന്നത്. തേയിലത്തോട്ടങ്ങളിൽ വളർന്നു നിൽക്കുന്ന ചെടികളും, പുൽക്കൊടികളും ഭക്ഷിക്കാനെത്തുന്ന കാട്ടുപോത്തുകൾ മണിക്കൂറുകളോളം അവിടെ തമ്പടിക്കുന്നതോടെ തോട്ടങ്ങളിൽ ജോലിക്കെത്തുന്ന സ്ത്രീ തൊഴിലാളികൾ അടക്കുന്നവർക്ക് ഭീഷണിയായിരിക്കുകയാണ്. തോട്ടങ്ങളിൽ കാട്ടുപോത്തുകൾ എത്തുന്നത് നിയന്ത്രിക്കാൻ വനംവകുപ്പ് നടപടിയെുക്കണമെന്ന ആവശ്യം ശക്തമായിരിക്കയാണ്.

## ചാമപ്പാറയിൽ കാട്ടാന ആക്രമണം രൂക്ഷമാകുന്നു

പുൽപ്പള്ളി: കർണാടക വനാതിർത്തിയിൽ നിന്ന് കബനി പ്പുഴ കടന്നെത്തുന്ന കാട്ടാനകളുടെ അക്രമണം വ്യാപിച്ചിട്ടും വനം വകുപ്പ് നടപടികൾ എടുക്കുന്നില്ലെന്ന് പരാതി. കഴിഞ്ഞ രാത്രിയിൽ പ്രദേശത്തെ ശ്യാമള , നെടുങ്കാനത്ത് ഫ്രാൻസീസ് തുടങ്ങി നിരവധി പേരുടെ കൃഷികളാണ് നശിപ്പിച്ചിട്ടുള്ളത്.

കഴിഞ്ഞ ഒരാഴ്ചയായി പ്രദേശത്ത് നിത്യേന ആനകളെത്തി കൃഷി നശിപ്പിക്കുന്നുണ്ട്. കർണാടക അതിർത്തി കടന്ന് കൊളവള്ളി പ്രദേശത്താണ് സന്ധ്യ മയങ്ങുന്നതോടെ കാട്ടാനകളെത്തി കൃഷി നശിപ്പിക്കുന്നത്.

പുലർച്ചെയോടെയാണ് മടങ്ങി പോകുന്നത്. സ്ഥലത്തെ തൂക്കു വേലി സംരക്ഷിക്കാനാളില്ലാത്തതും വാച്ചർമ്മാരെ നിയമിക്കാത്തതുമെല്ലാം കാട്ടാനകളുടെ കടന്നാക്രമത്തിന് കാരണമാകുന്നുണ്ട്. പ്രദേശത്തെ മനുഷ്യജീവനുകൾക്ക് അധികൃതർ വില കൽപിക്കുന്നില്ലെന്ന് നാട്ടുകാർ പറയുന്നു. അടിയന്തരമായി പ്രശ്നത്തിൽ നടപടി വേണമെന്നവർ ആവശ്യപ്പെട്ടു.



കാട്ടാന നശിപ്പിച്ച കാർഷിക വിളകൾ

## വിമുക്തഭടനെ തടഞ്ഞുനിർത്തി പണം തട്ടിയതായി പരാതി

സുൽത്താൻ ബത്തേരി: വിമുക്ത ഭടനെ തടഞ്ഞു നിർത്തി പണംതട്ടിയതായി പരാതി. സുൽത്താൻ ബത്തേരി കോട്ടക്കുന്നിൽ ഔഷധി ആയ്യൂർവേദ ഷോപ്പ് നടത്തുന്ന കട്ടയാട് സ്വദേശി രാമകൃഷ്ണനെയാണ് കഴിഞ്ഞ ദിവസം രാത്രിയിൽ കോട്ടക്കുന്നിൽ റോഡിൽ തടഞ്ഞുവെച്ച് സ്കൂട്ടറിലെത്തിയ അജ്ഞാതൻ പണം തട്ടിയത്. ഇക്കഴിഞ്ഞ വെള്ളിയാഴ്ച രാത്രി ഏഴുമണിയോടെയാണ് സംഭവമെന്നാണ് രാമകൃഷ്ണൻ പറയുന്ന്.

ഷോപ്പ് അടച്ച് വീട്ടിലേക്ക് സ്കൂട്ടിയിൽ പോകുംവഴി വയോജനപാർക്കിന് സമീപമെത്തിയപ്പോൾ മറ്റൊരു സ്കൂട്ടിയിൽ എത്തിയ അജ്ഞാതൻ വാഹനം തടഞ്ഞു നിർത്തി പരിചയമുള്ളതായി തോന്നിപ്പിക്കുംവിധം പേര് വിളിച്ച് സംസാരിച്ചു. തുടർന്ന് പോക്കറ്റിൽ കയ്യിട്ട് പണവും മറ്റ് രേഖകളും എടുത്തു. ഇത് ചോദ്യം ചെയ്തപ്പോൾ രേഖകൾ മാത്രം പോക്കറ്റിൽ തിരിച്ചിടുകയും പണം കവർന്ന് അജ്ഞാതൻ മുങ്ങുകയുമായിരുന്നുവെന്നുമാണ് രാമകൃഷ്ണൻ പറയുന്നത്. പണം നഷ്ടപെട്ട വിവരം ടൗണിലെ ബാർബർ ഷോപ്പിലെത്തിയപ്പോഴാണ് ഇദ്ദേഹം അറിയുന്നത്. ഇതിനു മുമ്പ് ഷോപ്പിൽ മരുന്ന് വാങ്ങാനെന്ന പേരിൽ എത്തിയവ്യക്തി മരുന്നെടുക്കുന്നതിനിടെ ഷോപ്പിൽ കയറി മേശവലിപ്പിൽ നിന്നും പണം അപഹരിച്ചതായും ഇദ്ദേഹം പറഞ്ഞു. ഈ രണ്ട് സംഭവത്തിനുപിന്നിലും ഒരാളാണെന്നാണ് സംശയിക്കുന്നതെന്നും രണ്ട് തവണയായി 7000 രൂപ നഷ്ടപെട്ടതായുമാണ് രാമകൃഷ്ണൻ പറയുന്നത്. സംഭവത്തിൽ പോലിസിൽ പരാതി നൽകാനൊരുങ്ങുകയാണ് ഇദ്ദേഹം.

### ചതുപ്പിൽ കുടുങ്ങിയ കാട്ടാന ചെരിഞ്ഞു

ഗൂഡല്ലൂർ: മുതുമല കടുവ സങ്കേത പരിധിയിൽപ്പെട്ട തേൻവയൽ ഗ്രാമത്തിൽ കാട്ടാന ചതുപ്പിൽ കുടുങ്ങി ചെരിഞ്ഞു. സങ്കേത പരിധിയിൽപ്പെട്ട ഗ്രാമങ്ങളിൽ എത്തുന്ന മോഴയാനയാണ് ചെരിഞ്ഞതെന്നു പറയപ്പെടുന്നു. തേൻവയൽ ഗ്രാമത്തിലെ വാഴത്തോട്ടത്തിലിറങ്ങിയ കാട്ടാന ചതുപ്പ് നിലത്തിൽ കുടുങ്ങിയാണ് ചെരിഞ്ഞത്. ആനയുടെ തലയുടെ ഭാഗം ചതുപ്പിൽ കുടുങ്ങിയ നിലയിലാണ് കാണപ്പെട്ടത്. നാട്ടുകാർ വനം വകുപ്പിനെ വിവരമറീച്ചതിനെ തുടർന്നു മുതുമലയിൽ നിന്നും വനംവകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി പരിശോധിച്ച ശേഷം വെറ്ററിനറി ഡോക്ടറെ കൊണ്ട് വന്നു പോസ്റ്റ്മോർട്ടം നടത്തി.



പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തിന്റെയും കൃഷിഭവന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ കർഷകസഭയും ഞാറ്റുവേല ചന്തയും ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് പി.ബാലൻ ഉദ്ഘാടനം ചെയ്യുന്നു

## ഞാറ്റുവേല ചന്തയും കർഷക സഭയും

പടിഞ്ഞാറത്തറ: പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തിന്റെയും കൃഷിഭവന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ കർഷകസഭയും ഞാറ്റുവേല ചന്തയും ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് പി.ബാലൻ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്തു വികസന കാര്യ ചെയർമാൻ പി.എ. ജോസ് അദ്ധ്യക്ഷം വഹിച്ചു. അസിസ്റ്റന്റ് കൃഷി ഓഫിസർ വിനോദ് സ്വാഗതം പറഞ്ഞു. പഞ്ചയത്ത് മെമ്പർ ബുഷ്റ വൈശ്യൻ കൃഷി അസിസ്റ്റന്റ് മരായ സുഭാഷ്, ഷാജി, കർഷിക നേഴ്സറി ഉടമകളായ ബന്നി മാണിക്കോത്ത്, സാജൻ തുണ്ടിയിൽ ഇ.യു.പൈലി, റസാഖ്, ബാലകൃഷ്ണൻ, മമ്മൂട്ടി കളത്തിൽ, ഉലഹന്നാൻ പി. ജെ.പി.ജെ സെബാസ്റ്റ്യൻ ,സന്തോഷ് കുരുമുളക് സമിതി ഭാരവാഹികൾ, പാടശേഖര സമിതി ഭാരവാഹികൾ, കൃഷി വകുപ്പ് ജീവനക്കാർ എന്നിവർ പങ്കെടുത്തു. വിവിധ തരം കാർഷിക നടീൽ വസ്തുക്കളുടെയും പഴവർഗ്ഗങ്ങളുടെയും വിൽപനയും പ്രദർശനവും ഉണ്ടായിരുന്നു.

### കലുങ്ക് തകർന്ന് റോഡിൽ വെള്ളക്കെട്ട്

പുൽപ്പള്ളി: പുൽപ്പള്ളി-സുൽത്താൻ ബത്തേരി ഹൈവേയിൽ എരിയപ്പള്ളി ഭാഗത്ത് വെള്ളം പോകാതെ കലുങ്ക് തകർന്ന് കിടക്കാൻ തുടങ്ങിയിട്ട് കാലങ്ങളായി, ഒരു ചെറിയ മഴ പെയ്താൽ പോലും അവിടെ വെള്ളക്കെട്ട് രൂപപെടും ചെറിയ വാഹനങ്ങൾക്കും കാൽനട യാത്രക്കാർക്കും കടന്നു പോകാൻ പറ്റാത്ത സ്ഥ്തിയാണ്.

## പാത്തിവയൽ നഗറിൽ എൻ.എസ്.എസ് വിദ്യാർത്ഥികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് തുടക്കം

മാനന്തവാടി: ജി വി എച്ച് എസ് എസ് മാനന്തവാടി വി എച്ച് എസ് ഇ വിഭാഗം എൻ എസ് എസ് യൂനിറ്റ് പങ്കാളിത്ത ഗ്രാമമായ പാത്തിവയൽ നഗറിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ആദ്യപടിയായി മാനന്തവാടി നഗരസഭ, ട്രൈബൽ ഡിപ്പാർട്ട്മെന്റ്, ഹെൽത്ത് ഡിപ്പാർട്ട്മെന്റ്, ക്ലീൻ സിറ്റി മാനേജ്മെന്റ് എന്നിവരുമായി സഹകരിച്ച് മഴക്കാല അനുബന്ധ ശുചീകരണം നടത്തുകയും അവശ്യ സാധനങ്ങളുടെ വിതരണം സംഘടിപ്പിക്കുകയുമുണ്ടായി. ലഹരി വിരുദ്ധ ബോധവത്കരണ സദസ്സുകൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, അക്ഷരക്കളരി തുടങ്ങി ഒരു വർഷം നീണ്ടുനില്ക്കുന്ന പ്രവർത്തനങ്ങൾ പാത്തിവയൽ നഗറിൽ നടപ്പിലാക്കുമെന്ന് വളണ്ടിയർ സെക്രട്ടറി അൽന മരിയ സിബി പറഞ്ഞു. ശുചീകരണ പ്രവർത്തനങ്ങൾക്ക് മാനന്തവാടി നഗരസഭ ചെയർ പേഴ്സൺ സി കെ രത്നവല്ലി തുടക്കം കുറിച്ചു.

ഭക്ഷണക്കിറ്റ്, ടാർ പാളിൻഷീറ്റ് , ശുചീകരണ സാമഗ്രികൾ, വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ എന്നിവ വളണ്ടിയർ സെക്രട്ടറി ആർഷ് അനീഷ് പാത്തിവയൽ നഗർ നിവാസികളായ കെ കെ ശശി, സന്തോഷ്, ബിന്ദു എന്നിവർക്ക് കൈമാറി. രോഗ പ്രതിരോധ കലണ്ടർ ക്ലീൻ സിറ്റി മാനേജർ പി എസ് സന്തോഷ് കുമാർ അനാച്ഛാദനം ചെയ്തു. പ്രദേശവാസികളായ ഗ്ലാഡിസ് ചെറിയാൻ, എം പി ശശികുമാർ എന്നിവർ വളണ്ടിയർമാർക്ക് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകി. ആശാ വർക്കർ കെ എസ് പ്രസീത, മാനന്തവാടി മെഡിക്കൽ കോളജ് പി പി യൂനിറ്റ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എം ജെ സജോയ്, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ഒ നൗഷാദ്, എസ് റ്റി പ്രമോട്ടർമാരായ എൻ അഭിലാഷ്, കെ എം മനു, മുനിസിപ്പാലിറ്റി കണ്ടിജന്റ് സ്റ്റാഫ് ലൈല എന്നിവർ പങ്കെടുത്തു.



പാത്തിവയൽ നഗറിൽ എൻഎസ്എസിന്റെ ശുചീകരണം

## വായനാ പക്ഷാചരണം സമാപിച്ചു

കൽപ്പറ്റ: ഗൗരവമേറിയ വായനക്ക് പ്രചോദനം നൽകികൊണ്ട് ജില്ലയിൽ വിപുലമായ വായനാ വാരാചരണ പരിപാടികൾ നടന്നു. വായിച്ചു വളരുക ചിന്തിച്ചു വിവേകം നേടുക എന്ന സന്ദേശവുമായി വൈത്തിരി താലൂക്ക് ലൈബ്രറി കൗൺസിൽ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് സമിതി, സംസ്കാര ഗ്രന്ഥശാല എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പടിഞ്ഞാറത്തറ ഗവ ഹൈസ്കൂളിൽ നടന്ന വായന പക്ഷാചരണ സമാപനം ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ മുഹമ്മദ് ബഷീർ ഉദ്ഘാടനം ചെയ്തു. എഴുത്തുകാരനും പത്രപ്രവർത്തകനുമായ കുഞ്ഞിക്കണ്ണൻ വാണിമേൽ മുഖ്യപ്രഭാഷണം നടത്തി. കേരളത്തിന്റെ നവോത്ഥാനത്തിൽ വായനാ സംസ്കാരത്തിന് വലിയ പങ്ക് വഹിക്കാനായെന്ന് കുഞ്ഞിക്കണ്ണൻ വാണിമേൽ പറഞ്ഞു. പരിപാടിയോടനുബന്ധിച്ച് ഐ.വി ദാസ് അനുസ്മരണവും നടന്നു. വൈത്തിരി താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസിഡന്റ് സി.കെ രവീന്ദ്രൻ അധ്യക്ഷനായിരുന്നു. പഞ്ചായത്ത് സമിതിയുടെ കീഴിൽ വിവിധ മേഖലയിലെ മികച്ച പ്രതിഭകളെ പരിപാടിയിൽ ആദരിച്ചു. ജില്ലാ ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് അംഗങ്ങളായ എം ദിവാകരൻ, കെ.എം രാഘവൻ, പടിഞ്ഞാറത്തറ പഞ്ചായത്ത് സമിതി കൺവീനർ എ അബ്ദുറഹ്മാൻ, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ സൗമ്യ മത്തായി, പടിഞ്ഞാറത്തറ ഗവ ഹയർ സെക്കൻഡറി സ്കൂൾ പിടിഎ പ്രസിഡന്റ് ടി. നാസർ, എച്ച്.എം ടി.ബാബു, ഹയർ സെക്കൻഡറി വിഭാഗം മലയാളം അധ്യാപകൻ പി. ബിജു കുമാർ, വൈത്തിരി താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി സി.എം സുമേഷ് എന്നിവർ സംസാരിച്ചു. ലൈബ്രറി കൗൺസിൽ പ്രതിനിധികൾ, പഞ്ചായത്ത് സമിതി പ്രതിനിധികൾ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.



പടിഞ്ഞാറത്തറ ഗവ.ഹൈസ്കൂളിൽ നടന്ന വായന പക്ഷാചരണ സമാപനം ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എം.മുഹമ്മദ് ബഷീർ ഉദ്ഘാടനം ചെയ്യുന്നു.

ഗൾഫ് ചന്ദ്രിക

gulfchandrikanews@gmail.com

2024 ജൂലൈ 08 തിങ്കൾ







പയ്യോളി നഗരസഭയിലെ കോട്ടക്കൽ വഴി സാന്റ് ബാങ്ക്സിന്റെ മറുകരയിൽ മീൻ പിടിക്കുന്നതിനിടെ ഒഴുക്കിൽപ്പെട്ട് കാണാതായ ചേളാരി സ്വദേശി മുഹമ്മദ് ഷാഫി (42) ക്കായി തിരച്ചിൽ നടത്തുന്ന കോസ്റ്റ് ഗാർഡിന്റെ ബോട്ട്. വെളിച്ച കുറവും പ്രതികൂല കാലാവസ്ഥയുമായതിനാൽ ഇന്നലെ രാത്രി തിരച്ചിൽ നിർത്തിവെച്ചു. ഇന്ന് രാവിലെ പുനരാരംഭിക്കും

## ഇന്ന് യെല്ലോ അലേർട്ട്

കോഴിക്കോട്: കേന്ദ്ര കാലാവസ്ഥാവകുപ്പ് ജില്ലയിൽ ഇന്ന് മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു. മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് മഞ്ഞ അലർട്ട് പ്രഖ്യാപിച്ചിട്ടുള്ളത്. ഒറ്റപ്പെട്ട ശക്തമായ മഴക്കാണ് സാധ്യതയുള്ളത്.

## നൂറുകണക്കിന് ബസുകളിൽ നിയമലംഘനം
# ആറെണ്ണത്തിന്റെ ഫിറ്റ്നസ് റദ്ദാക്കി

കോഴിക്കോട്: കോഴിക്കോട് നഗരത്തിലെ സ്വകാര്യ ബസുകളിൽ മോട്ടോർ വാഹന വകുപ്പിന്റെ പരിശോധന. ജില്ലയിൽ പതിവായി ഉണ്ടാകുന്ന ബസ് അപകടങ്ങളുടെ പശ്ചാത്തലത്തിലാണ് പരിശോധന നടന്നത്. 164 ബസുകൾ നിയമലംഘനം നടത്തിയെന്ന് കണ്ടെത്തി. എലത്തൂരിൽ സ്വകാര്യ ബസ്, ടിപ്പർ ലോറിയിലിടിച്ച് അപകടത്തിൽ പെട്ട പശ്ചാത്തലത്തിലാണ് മോട്ടോർ വാഹന വകുപ്പിന്റെ കർശന പരിശോധന. രണ്ടു ലക്ഷത്തിലേറെ രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.

450 ബസുകൾ പരിശോധിച്ചതിൽ 164 എണ്ണത്തിൽ നിയമലംഘനം നടത്തിയതായി കണ്ടെത്തി. ഇതിൽ 48 എണ്ണം വേഗപ്പൂട്ട് വിച്ഛേദിച്ചാണ് സർവീസ് നടത്തിയത്. 74 ബസുകളിൽ നിന്ന് നിരോധിത ഹോണുകളും ലൈറ്റുകളും അഴിച്ചുമാറ്റി. എമർജൻസി വാതിലുകൾ തടസ്സപ്പെടുത്തികൊണ്ട് സീറ്റുകൾ പിടിപ്പിച്ച 27 വാഹനങ്ങൾക്കെതിരെയും ഫിറ്റ്നസ് ഇല്ലാതെ സർവീസ് നടത്തിയ അഞ്ച് വാഹനങ്ങൾക്കെതിരെയും നടപടിയെടുത്തു. ഗുരുതരമായ തകരാറുകൾ കണ്ടെത്തിയ ആറ് ബസുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് റദ്ദു ചെയ്തു. ഒരു മാസത്തിനകം നിയമലംഘനങ്ങൾ മാറ്റിയില്ലെങ്കിൽ കുറ്റക്കാർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുമെന്നും, വരും ദിവസങ്ങളിൽ പരിശോധന തുടരുമെന്നും എംവിഡിയും വ്യക്തമാക്കി. എൻഫോഴ്സ്മെന്റ് ആർടിഒ ബി ഷെഫീക്കിന്റെ നേതൃത്വത്തിലാണ് ബസ് സ്റ്റാന്റിലും വിവിധ കേന്ദ്രങ്ങളിലും പരിശോധന നടന്നത്.

## വയോധികയെ അക്രമിച്ച് മാല മോഷണം
## സിസിടിവി ദൃശ്യങ്ങൾക്ക് തെളിച്ചമില്ല; മറ്റു തെളിവുകൾ തേടി പൊലീസ്

കോഴിക്കോട്: മോഷണശ്രമത്തിന്റെ ഭാഗമായി യാത്രക്കാരിയെ ഓട്ടോയിൽ നിന്ന് പുറത്തേക്ക് തള്ളിയിട്ട് പരിക്കേൽപിക്കുകയും രണ്ടര പവൻ മാലയുമായി കടന്നുകളയുകയും ചെയ്ത സംഭവത്തിൽ കൂടുതൽ സി.സി.ടി.വി ദൃശ്യങ്ങൾ ശേഖരിക്കാനൊരുങ്ങി പോലീസ്. വയോധിക ഓട്ടോയിൽ കയറിയ കോഴിക്കോട് പാളയം ഭാഗത്തെ സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചെങ്കിലും മഴയുള്ള സമയത്തേതായതിനാൽ വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പറോ ഡ്രൈവറെയോ കൃത്യമായി മനസ്സിലാക്കാനായിട്ടില്ല.

മിഠായി തെരുവ്, ടൗൺഹാൾ പരിസരം, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സിസിടിവി ദൃശ്യങ്ങൾ കൂടി ശേഖരിക്കാനാണ് ശ്രമിക്കുന്നതെന്ന് അന്വേഷണ ഉദ്യോഗസ്ഥനായ ടൗൺ സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞു. കഴിഞ്ഞ ബുധനാഴ്ച പുലർച്ചെയാണ് കായംകുളത്തുള്ള മകനെ സന്ദർശിച്ച് വരികയായിരുന്ന വയനാട് സ്വദേശിനി ജോസഫൈൻ (68) കോഴിക്കോട് നഗരത്തിൽ അജ്ഞാതനായ ഓട്ടോ ഡ്രൈവറുടെ ആക്രമണത്തിന് ഇരയായത്.

കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ മലബാർ എക്സ്പ്രസിൽ വന്നിറങ്ങിയ ജോസഫൈൻ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിലേക്ക് പോകാനായി പാളയത്ത് നിന്ന് ഓട്ടോയിൽ കയറിയതായിരുന്നു. യാത്രക്കിടെ ഡ്രൈവർ ഇവരുടെ മാല പൊട്ടിച്ചെടുക്കുകയും പുറത്തേക്ക് തള്ളിയിടുകയുമായിരുന്നു. സാരമായി പരിക്കേറ്റ വയോധിക സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്.

# ജില്ലാ സി.പി.എമ്മിനെ പിടിച്ചുലച്ച് കോഴ, കോക്കസ്...

കോഴിക്കോട്: കോക്കസും കോഴയും ലോക്സഭാ തെരഞ്ഞെടുപ്പിലെ കനത്ത പരാജയത്തിനൊപ്പം സിപിഎം ജില്ലാ ഘടകത്തെ പിടിച്ചുലക്കുന്നു. ജില്ല കേന്ദ്രീകരിച്ച് ഉൾപ്പാർട്ടി കോക്കസ് പ്രവർത്തിക്കുന്നതായി പരാതിപ്പെട്ടിരിക്കുന്നത് പാർട്ടിയിൽ കിരീടാവകാശിയുടെ റോളിൽ മുന്നേറുന്ന മുഖ്യമന്ത്രിയുടെ മരുമകനും ജില്ലയുടെ ചുമതലയുള്ള മന്ത്രിയുമായ മുഹമ്മദ് റിയാസ്. നേരത്തെ തെരഞ്ഞെടുപ്പ് വേളയിൽ തന്നെ എളമരം കരീമും സി.ഐ.ടി.യുമായി ബന്ധപ്പെട്ട് ജില്ലയിൽ പല തരം പ്രശ്നങ്ങൾ ചർച്ചയായിരുന്നെങ്കിലും തെരഞ്ഞെടുപ്പിലെ കനത്ത ആഘാതമാണ് പാർട്ടിയിൽ വിഭാഗീയമായ പ്രവർത്തനങ്ങൾക്ക് കൂടുതൽ സംശയം ജനിപ്പിക്കുന്ന സാഹചര്യമുണ്ടാക്കിയത്.

സിപിഎമ്മിന്റെ ഉറച്ച മണ്ഡലമായ മന്ത്രി റിയാസിന്റെ സ്വന്തം തട്ടകം ബേപ്പൂരിൽ പോലും എളമരം കരീം പരാജയമേറ്റുവാങ്ങിയത് വലിയ ചർച്ചയായി. ഉൾപ്പാർട്ടി കോക്കസിനെ കുറിച്ച മന്ത്രിയുടെ പരാതി ആഭ്യന്തര പ്രശ്നങ്ങളെ കുറിച്ച വ്യക്തമായ ഒരു തെളിവ് എന്ന് മാത്രമേയുള്ളൂ. ശരിക്കും പാർട്ടിക്കകത്ത് നടക്കുന്നതിന്റെ പ്രകടമായ സൂചനകളായിരുന്നു തെരഞ്ഞെടുപ്പ് ഫലം. തെരഞ്ഞെടുപ്പ് ഫലം വന്നതോടെ അസംതൃപ്തർ ഇളകിയതാണ് പുതിയ പരാതിക്കും പിറകിലുള്ളത്. വിഷയത്തിൽ യുവജന നേതാവിനു നേരെയുള്ള കോഴ ആരോപണം കൂടി വന്നതോടെ പാർട്ടി പ്രതിക്കൂട്ടിലായതാണ് ഇന്ന് വിഷയം ചർച്ച ചെയ്യാൻ ജില്ലാ കമ്മിറ്റി അടിയന്തിരമായി വിളിച്ചുചേർക്കേണ്ട സ്ഥിതി വിശേഷം വരെ കാര്യങ്ങളെത്തിച്ചത്.

ലോക്സഭാ തെരഞ്ഞെടുപ്പിൽ എളമരം കരീമിനെ നിയമസഭയിലേക്ക് വിജയിപ്പിച്ച ബേപ്പൂരിലും, സിപിഎം സ്വാധീന മേഖലയായ ബാലുശേരിയിലും എലത്തൂരിലും ഇടതുമുന്നണിക്ക് കാര്യമായ നേട്ടമുണ്ടാക്കാനായില്ല. ആദ്യ മൂന്ന് റൗണ്ട് വോട്ടെണ്ണി കഴിഞ്ഞപ്പോൾ 2019 ൽ നേടിയതിനേക്കാൾ ഭൂരിപക്ഷമാണ് എംകെ രാഘവന് ലഭിച്ചത്. ഒരു നിയോജക മണ്ഡലത്തിൽ പോലും ആദ്യ മൂന്ന് റൗണ്ടിൽ എളമരം കരീമിന് മുന്നിലെത്താനായില്ല.

വടകര, കോഴിക്കോട് പാർലമെന്റ് മണ്ഡലങ്ങളിലെ 14 നിയമസഭ മണ്ഡലങ്ങളിൽ 12 എണ്ണവും കയ്യിലിരിക്കെ ലോക്സഭാ തിരഞ്ഞെടുപ്പിലേറ്റ ഞെട്ടിക്കുന്ന തോൽവി പരിശോധിക്കാൻ സിപിഎം. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ ഈ മണ്ഡലങ്ങളിൽ നിന്നായി നേടിയ 11.20 ലക്ഷം വോട്ടുകൾ 3 വർഷത്തിനിപ്പുറം 8.43 ലക്ഷമായി ചുരുങ്ങി.

## ലോഞ്ചിങ് ക്രെയിൻ തെന്നിമാറി

കോഴിക്കോട്: രാമനാട്ടുകര-വെങ്ങളം ആറുവരി ദേശീയ പാത ബൈപാസിൽ റാവീസ് കടവ് റിസോർട്ടിന് പുതുതായി നിർമിക്കുന്ന അറപ്പുഴ പാലത്തിന് ഗർഡറുകൾ സ്ഥാപിക്കുന്നതിനിടെ ലോഞ്ചിങ് ക്രെയിൻ തെന്നിമാറി. ഗാൻട്രി ഗർഡർ യന്ത്രം റെയിലിൽ നിന്നു പുറത്തേക്ക് നീങ്ങിയതോടെ ജനറേറ്റർ ഉൾപ്പെടെയുള്ള ഭാഗം ഒരു വശത്തേക്ക് ചെരിയുകയായിരുന്നു.

തൂണുകളിൽ പിയർ ക്യാപ് നിർമാണം പൂർത്തിയായതോടെയാണ് പാലത്തിന്റെ ഗർഡറുകൾ സ്ഥാപിച്ചു തുടങ്ങിയത്. 3 സ്പാനുകൾക്കുള്ള 15 ഗർഡറുകൾ സ്ഥാപിച്ച ശേഷം നാലാമത്തെ സ്പാനിന്റെ കോൺക്രീറ്റ് ഗർഡർ എടുക്കാൻ ശ്രമിക്കുന്നതിനിടെയാണ് ലോഞ്ചിങ് ക്രെയിൻ സംവിധാനം നില തെറ്റിയത്.ഇതോടെ താൽക്കാലികമായി പണികൾ നിർത്തിവച്ച ശേഷം ലോഞ്ചിങ് ക്രെയിനിന്റെ അറ്റകുറ്റപ്പണികൾ തുടങ്ങി.

ബൈപാസിൽ സേവാമന്ദിരം ഭാഗത്ത് നേരത്തേ നിർമിച്ചു വച്ച കോൺക്രീറ്റ് ഗർഡറുകൾ ലോറിയിൽ എത്തിച്ചാണ് കൂറ്റൻ ക്രെയിൻ ഉപയോഗിച്ച് പാലത്തിന്റെ തൂണുകളിലേക്കു നീക്കുന്നത്. ചാലിയാറിനു കുറുകെ നിലവിലെ പാലത്തിന്റെ പടിഞ്ഞാറു ഭാഗത്താണ് അറപ്പുഴയിൽ പുതിയ പാലം നിർമിക്കുന്നത്. 8 സ്പാനുകളോടെ 296 മീറ്റർ നീളത്തിലാണ് പാലം. 15.5 മീറ്ററാണ് വീതി. 3 മാസം കൊണ്ടു പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നതാണ് ഈ പ്രവൃത്തി.



ഷാഫി പറമ്പിൽ എം.പി.യുടെ വടകരയിലെ ഓഫീസ് മുല്ലപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

## ഷാഫി പറമ്പിലിന്റെ എം.പി. ഓഫീസ് വടകരയിൽ പ്രവർത്തനം തുടങ്ങി

വടകര: പാർലമെന്റ്അംഗം ഷാഫി പറമ്പിലിന്റെ ഓഫീസ് വടകര പുതിയ സ്റ്റാൻഡിന് സമീപം പ്രവർത്തനം തുടങ്ങി. വടകര പാർലമെൻറ് അംഗം ഷാഫി പറമ്പിലിന്റെ ഓഫീസ് വടകര പുതിയ സ്റ്റാൻഡിന് സമീപം പ്രവർത്തനം തുടങ്ങി,മുൻ കേന്ദ്രമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ ഓഫീസ് ഉദ്ഘാടനം ചെയ്തു. മണ്ഡലത്തിലെ ജനങ്ങൾക്ക് ഓഫീസിൽ വരാതെ തന്നെ പരാതി പരിഹരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമെന്ന് ഷാഫി പറമ്പിൽ പറഞ്ഞു. വിവിധ വിഷയങ്ങളിൽ ജനങ്ങളിൽ നിന്നുള്ള പരാതികൾ ഏറ്റുവാങ്ങി. കെ.കെ രമ എംഎൽഎ, പാറക്കൽ അബ്ദുല്ല, അഡ്വ.കെ.പ്രവീൺകുമാർ, എൻ വേണു, അഡ്വ.ഐ മൂസ, അഹമ്മദ് പുന്നക്കൽ, കെ ബാലനാരായണൻ, പ്രദീപ് ചോമ്പാല, ഒ.കെ കുഞ്ഞബ്ദുള്ള, സുനിൽ മടപ്പള്ളി, കാവിൽ രാധാകൃഷ്ണൻ, പൊട്ടങ്കണ്ടി അബ്ദുള്ള, വി.എം ചന്ദ്രൻ, രാജേഷ് കിഴരിയൂർ, എൻപി അബുള്ള ഹാജി, കുരിയാടി സതീശൻ, കെ.പി സാജു, അഡ്വ.ഇ നാരായണൻ നായർ, അഡ്വ.സി വത്സലൻ എന്നിവർ പങ്കെടുത്തു.

## അഡ്വ.ഹാരിസ് ബീരാൻ എം.പിക്ക് പൗര സ്വീകരണം 13 ന്
### ടാൺ ഹാളിൽ സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും

കോഴിക്കോട്. രാജ്യ സഭ എം.പിയായി തിരഞ്ഞെടുക്കപ്പെട്ട അഡ്വ.ഹാരിസ് ബീരാൻ എം.പിക്ക് മുസ്‌ലിം ലീഗ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ 13 ന് പൗര സ്വീകരണം നൽകും. കോഴിക്കോട് ടൗൺഹാളിൽ വെച്ച് വൈകീട്ട് മൂന്നിന് നടക്കുന്ന സ്വീകരണം മുസ്‌ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി പങ്കെടുക്കും. മുസ്‌ലിം ലീഗ് ദേശീയ, സംസ്ഥാന നേതാക്കൾ, മറ്റു രാഷ്ട്രീയ മത സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രമുഖർ സംബന്ധിക്കും.

മുസ് ലീഗ് പ്രതിനിധിയായി രാജ്യസഭ അംഗമായി തിരഞ്ഞെടുക്കപ്പെട്ട ഹാരിസ് ബീരാൻ എം.പിയുടെ പ്രഥമ സ്വീകരണമാണ് കോഴിക്കോട് വെച്ച് നടക്കാൻ പോവുന്നത്. സ്വീകരണത്തിന്റെ വിജയത്തിനായി നാളെ നിയോജക മണ്ഡലം യോഗങ്ങളും, 10 ന് പഞ്ചായത്ത്, മുനിസിപ്പൽ, മേഖല യോഗങ്ങളും, 11 ന് വാർഡ്/ശാഖ യോഗങ്ങളും ചേരും. ജില്ലാ കമ്മിറ്റി ഓഫീസിൽ ചേർന്ന ജില്ലയിൽ നിന്നുള്ള മുസ്‌ലിം ലീഗ് സംസ്ഥാന ഭാരവാഹികളുടെയും, ജില്ലാ ഭാരവാഹികളുടേയും യോഗം മുസ്‌ലിം ലീഗ് പാർലിമെൻററി പാർട്ടി ഡെപ്യൂട്ടി ലീഡർ ഡോ.എം.കെ മുനീർ എം.എൽ.എ ഉദ്ഘാടനം ചെയ്തു.



മുസ്‌ലിം ലീഗ് ജില്ലാ നേതൃ യോഗം നിയമസഭാ പാർട്ടി ഉപ നേതാവ് ഡോ.എം.കെ മുനീർ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

സംസ്ഥാന വൈസ് പ്രസിഡന്റ് എം.സി മായിൻ ഹാജി പരിപാടിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിച്ചു. ജില്ലാ പ്രസിഡന്റ് എം.എ റസാഖ് മാസ്റ്റർ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ടി.ടി ഇസ്മായിൽ സ്വാഗതവും ട്രഷറർ സൂപ്പി നരിക്കാട്ടേരി നന്ദിയും പറഞ്ഞു. സംസ്ഥാന സെക്രട്ടറിമാരായ പാറക്കൽ അബ്ദുള്ള, ഷാഫി ചാലിയം, യു.സി രാമൻ, ജില്ലാ ഭാരവാഹികളായ കെ.എ ഖാദർ മാസ്റ്റർ, അഹമ്മദ് പുന്നക്കൽ, എൻ.സി അബൂബക്കർ, എസ്.പി കുഞ്ഞഹമ്മദ്, പി ഇസ്മായിൽ, കെ.ടി അബ്ദുറഹിമാൻ, വി.കെ ഹുസൈൻ കുട്ടി, ഒ.പി നസീർ, അഡ്വ.എ.വി അൻവർ, എ.പി മജീദ് മാസ്റ്റർ, എം കുഞ്ഞാമുട്ടി, കെ.കെ നവാസ്, റഷീദ് വെങ്ങളം സംസാരിച്ചു.

## മുസ്‌ലിം യൂത്ത് ലീഗ് ജില്ലാ യോഗങ്ങൾ

കോഴിക്കോട്: മുസ്‌ലിം യൂത്ത് ലീഗ് ജില്ലാ ഭാരവാഹി യോഗം 10 ന് വൈകിട്ട് നാലിനും പ്രവർത്തക സമിതി യോഗം 14 ന് വൈകിട്ട് നാലിനും സംസ്ഥാന കമ്മിറ്റി ഓഫിസിൽ ചേരുമെന്ന് ജനറൽ സെക്രട്ടറി ടി മൊയ്തീൻ കോയ അറിയിച്ചു.



വൈദ്യുതി ബോർഡിന്റെ അതിക്രമത്തിൽ പ്രതിഷേധിച്ച് തിരുവമ്പാടിയിൽ കർഷക കോൺഗ്രസ് സംസ്ഥാന സെക്രട്ടറി ബോസ് ജേക്കബ് നടത്തിയ നിരാഹാര സമരം മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി സി.പി ചെറിയ മുഹമ്മദ് നാരങ്ങാനീര് നൽകി അവസാനിപ്പിച്ചപ്പോൾ

## ഫ്യൂസ് ഊരിയ ധിക്കാരം കേട്ടുകേൾവിയില്ലാത്തത്: സി.പി

തിരുവമ്പാടി: പണമടച്ചിട്ടും വൈദ്യത ബന്ധം പുന:സ്ഥാപിക്കാതെ രോഗിയായ ഗൃഹനാഥനുൾപ്പെടെ കുടുംബത്തെ ദ്രോഹിക്കുകയും കള്ളക്കേസുണ്ടാക്കി രണ്ടു മക്കളെ ജയിലിലടക്കുകയും ചെയ്ത സംഭവം നാട്ടിൽ കേട്ടുകേൾവി പോലുമില്ലാത്തതാണെന്നു മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി സി.പി ചെറിയ മുഹമ്മദ്. വൈദ്യുതി എം.ഡിയുടെ നിർദ്ദേശപ്രകാരം വിച്ഛേദിച്ച വൈദ്യുതി പുന:സ്ഥാപിക്കണമെന്നാവശ്യപ്പെട്ടതോടെ, കർഷക കോൺഗ്രസ് സംസ്ഥാന സെക്രട്ടറി ബോസ് ജേക്കബിന്റെ നിരാഹാര സമരം നാരങ്ങനീര് നൽകി അവസാനിപ്പിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. മകൻ തെറ്റു ചെയ്തുവെന്നു പറഞ്ഞു ഒരു കുടുബത്തെ രണ്ടു ദിവസം ഇരുട്ടിലാക്കിയ നടപടി അത്യന്തം ലജ്ജാകരമാണെന്നും സി.പി പറഞ്ഞു.

# കോഴിക്കോട് ആർക്കും വരാം; ഓട്ടോയോടിക്കാം...

## പെർമിറ്റില്ലാത്തവരും ഓടുന്നു

കോഴിക്കോട്: നഗരത്തിൽ സർവീസ് നടത്തുന്ന ഓട്ടോകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്ന് ആവശ്യം. ഏതൊക്കെ ഓട്ടോകളാണ് നഗരത്തിൽ സർവീസ് നടത്തുന്നതെന്ന് യൂണിയനുകൾക്കോ പൊലീസിനോ ഇപ്പോൾ യാതൊരു പിടിപാടുമില്ല. സമീപ ജില്ലയിൽ നിന്ന് വരെയുള്ള ഓട്ടോക്കാർ കോഴിക്കോട് നഗരത്തിൽ ഓടുന്നുണ്ട്. പെർമിറ്റുള്ളവരും പെർമിറ്റാത്തവരുമൊക്കെ സർവീസ് നടത്തുന്നു. ആകെ ഏഴായിരത്തോളം ഓട്ടോകൾക്കാണ് കോഴിക്കോട് നഗരത്തിൽ പെർമിറ്റുള്ളത്. രാത്രിയിലും മറ്റും ഇഷ്ടം പോലെ പെർമിറ്റില്ലാത്തവരും ഓടുന്നു. മുമ്പ് ഓട്ടോ തൊഴിലാളികൾക്ക് പൊലീസ് ഐഡന്റിറ്റി കാർഡ് ഉൾപ്പെടെ നൽകിയിരുന്നു. യൂണിയനുകളുടെ ആഭിമുഖ്യത്തിൽ പൊലീസ് ആയിരുന്നു ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്തിരുന്നത്. എന്നാൽ അടുത്ത കാലത്തായി ഐഡന്റിറ്റി കാർഡ് വിതരണമൊന്നും മുറയ്ക്ക് നടക്കുന്നില്ല. ഒരു മാനദണ്ഡവും പാലിക്കാതെ പെർമിറ്റ് വിതരണം ചെയ്യുന്നതും വലിയ പ്രശ്നമാണ് സൃഷ്ടിക്കുന്നതെന്ന് ഓട്ടോ തൊഴിലാളികൾ പറയുന്നു.നിലവിൽ സർവീസ് നടത്തുന്നവരുടെ തൊഴിൽ കുറയാൻ പുതിയ പെർമിറ്റ് നൽകുന്നത് കാരണമാകുന്നുണ്ട്. അതേസമയം ഓട്ടോക്കാർക്കിടയിൽ ക്രിമിനലുകൾ പോലുമുണ്ടെന്ന് വ്യക്തമായ സാഹചര്യത്തിൽ നിയന്ത്രണം പെട്ടെന്ന് തന്നെ ഏർപ്പെടുത്തണമെന്നാണ് യൂണിയനുകൾ തന്നെ ആവശ്യപ്പെടുന്നത്. കഴിഞ്ഞ ദിവസം വയോധിക ഓട്ടോ ഡ്രൈവറുടെ ആക്രമണത്തിനിരയായിരുന്നു. വയനാട് സ്വദേശിയായ വയോധികയെ അക്രമിച്ച് ഓട്ടോ ഡ്രൈവർ മാല കവരുകയായിരുന്നു. കഴിഞ്ഞ ദിവസം പുലർച്ചെ അഞ്ച് മണിയോടെയാണ് വയോധിക അക്രമത്തിനിരയായത്. കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ നിന്നും രാവിലെ 5 മണിക്ക് ട്രെയിൻ ഇറങ്ങി കെഎസ്ആർടിസി സ്റ്റാൻഡിലേക്ക് പോകും വഴി ഓട്ടോ ഡ്രൈവർ വണ്ടിയിൽ വെച്ച് വയോധികയെ അക്രമിക്കുകയായിരുന്നു. അക്രമത്തിനിടയിൽ ഇവർക്ക് ഓട്ടോയിൽ നിന്ന് വീണ് പരിക്കേൽക്കുകയായിരുന്നു.



അക്രമം നടത്തിയ ഓട്ടോ ഡ്രൈവറെ കുറിച്ച് പൊലീസിന് വിവരമൊന്നും ലഭിച്ചിട്ടില്ല. സി.സി.ടി.വിയിലെ ദൃശ്യങ്ങൾ ശേഖരിച്ചാണ് പൊലീസ് അന്വേഷണം നടത്തന്നത്.

## വയോധികക്ക് നേരെയുള്ള അതിക്രമം; ഓട്ടോ ഡ്രൈവറെ പിടികൂടി ശിക്ഷിക്കണം

കോഴിക്കോട്: വയോധികയെ അക്രമിച്ച് മാല തട്ടിപ്പറിച്ച ഓട്ടോ ഡ്രൈവറെ പിടികൂടി നിയമനടപടിക്ക് വിധേയനാക്കണമെന്ന് സ്മാർട്ട് - ഐഎൻയുസി സിറ്റി ഓട്ടോ കമ്മിറ്റി ആവശ്യപ്പെട്ടു. പുൽപ്പള്ളി സ്വദേശി ജോസഫിനയാണ് കവർച്ചക്ക് ഇരയായത്. കോഴിക്കോട് നഗരത്തിലെ ഓട്ടോ ഡ്രൈവർക്കിടയിൽ ഇത്തരം ക്രിമിനലുകൾ കടന്നു വന്നിട്ടുണ്ടെങ്കിൽ അത്തരക്കാരെ തൊഴിലാളികൾ ഒറ്റകെട്ടായി ചെറുക്കണം. യാതൊരു നിയന്ത്രണവുമില്ലാതെ സി.സി പെർമിറ്റ് കൊടുക്കുന്നത് കാരണം നഗരത്തിലെ ഓട്ടോ ഓടിക്കുന്നവരുടെ വിവരങ്ങൾ കൃത്യമായി പോലീസിനോ യൂണിയനുകൾക്ക് പോലും കിട്ടുന്നില്ല.

മുഴുവൻ ആളുകൾക്കും പോലീസ് ഐഡി കാർഡ് നിർബന്ധമാക്കണമെന്നും യോഗം ആവശ്യപ്പെട്ടു. മോട്ടോർ തൊഴിലാളി ജില്ലാ പ്രസിഡണ്ട് കെ.ഷാജി അധ്യക്ഷത വഹിച്ചു. സിറ്റി പ്രസിഡന്റ് കെ സി ശശികുമാർ ,പി വി അബ്ദുൽ മനാഫ് ,റെയ്നോൾട്ട് ജയ്സൺ, തളിയിൽ മോഹനൻ,ഫൈഹാസ് എംതുടങ്ങിയവർ സംസാരിച്ചു.

## രാത്രിയായാൽ പിടിച്ചു പറി

കോഴിക്കോട്: രാത്രി ഓടുന്നതിന് നഗരത്തിൽ സർവീസ് നടത്തുന്ന ചില ഓട്ടോക്കാർ തോന്നും പോലെ ചാർജ്ജ് ഈടാക്കുന്നതായി പരാതി. രാത്രി ഇരട്ടി ചാർജ്ജ് വാങ്ങാമെങ്കിലും മൂന്നിരട്ടി വാങ്ങുന്നതായാണ് പരാതി. റിട്ടേൺ കിട്ടില്ലെന്നാണ് പലപ്പോഴും മറുപടി. അതേസമയം കയറുന്നതിന് മുമ്പുള്ള ഓട്ടോക്കാരുടെ ഇന്റർവ്യൂ എന്നത്തേതിനേക്കാളും വർധിച്ചതായും പരാതികളുണ്ട്. മഴ പെയ്യുമ്പോഴും മറ്റും എവിടേക്കാണെന്ന് ചോദിച്ച് മാത്രമെ ഓട്ടോക്കാർ ആളെ കയറ്റൂ. എന്നാൽ ചെറിയൊരു ശതമാനം ഓട്ടോക്കാർ മാത്രമെ ഇങ്ങനെയൊക്കെ ചെയ്യുന്നുള്ളൂവെന്നാണ് യൂണിയൻ നേതാക്കൾ പറയുന്നത്.

## തവനൂർ ഗേൾസ് എൻട്രി ഹോമിൽ വിവിധ തസ്തികകളിൽ താത്കാലിക നിയമനം

തവനൂർ: വനിതാ ശിശുവികസന വകുപ്പിന്റെ ഭാഗമായ നിർഭയ സെല്ലിന് കീഴിലുള്ളതും രണ്ടത്താണി യുവത കൾച്ചറൽ ഓർഗനൈസേഷന്റെ മേൽനോട്ട ചുമതലയിലുള്ളതുമായ തവനൂർ എൻട്രി ഹോം ഫോർ ഗേൾസ്' എന്ന സ്ഥാപനത്തിലെ വിവിധ തസ്തികകളിലേക്ക് താത്കാലിക നിയമനം നടത്തുന്നു. എല്ലാ തസ്തികകളിലും ഓരോ ഒഴിവ് വീതമാണുള്ളത്.

തസ്തികകളും യോഗ്യതകളും. 1. ഹോം മാനേജർ. യോഗ്യത: എം.എസ്.ഡബ്ല്യു/ സൈക്കോളജി/ സോഷ്യോളജിയിലോ ഉള്ള ബിരുദാനന്തര ബിരുദം. പ്രതിമാസം 22500 രൂപയാണ് വേതനം. 2. ഫീൽഡ് വർക്കർ കം കേസ് വർക്കർ. യോഗ്യത: എം.എസ്.ഡബ്ല്യു/ സൈക്കോളജി/ സോഷ്യോളജിയിലോ ഉള്ള ബിരുദാനന്തര ബിരുദം. പ്രതിമാസം 16,000 രൂപ. 3. കെയർടേക്കർ. യോഗ്യത: പ്ലസ്ടു. പ്രായം 25 വയസ്സ് പൂർത്തിയായിരിക്കണം. 30-45 വയസ്സിനിടയിൽ പ്രായമുള്ളവർക്ക് മുൻഗണന ലഭിക്കും. പ്രതിമാസം 12,000 രൂപയാണ് വേതനം. 4. പാർട് ടൈം സൈക്കോളജിസ്റ്റ്. യോഗ്യത: സൈക്കോളജിയിൽ ബിരുദാനന്തരബിരുദവും ഒരു വർഷത്തെ പ്രവൃത്തി പരിചയവും. പ്രതിമാസം 12,000 രൂപയാണ് വേതനം. 5. കുക്ക്. യോഗ്യത: അഞ്ചാം ക്ലാസ്. പ്രായം 25 വയസ്സിന് മുകളിൽ. വേതനം പ്രതിമാസം 12,000 രൂപ. 6. പാർട് ടൈം ലീഗൽ കൗൺസിലർ. യോഗ്യത: എൽ.എൽ.ബി. വേതനം പ്രതിമാസം 10,000 രൂപ. 7. സെക്യൂരിറ്റി. യോഗ്യത: എസ്.എസ്.എൽ.സി, വേതനം പ്രതിമാസം 10,000 രൂപ. 8. ക്ലീനിങ് സ്റ്റാഫ്, യോഗ്യത: അഞ്ചാം ക്ലാസ്. പ്രായം 25 വയസ്സിന് മുകളിൽ. വേതനം പ്രതിമാസം 9,000 രൂപ. പ്രവൃത്തി പരിചയമുള്ളവർക്ക് എല്ലാ തസ്തികകളിലും മുൻഗണന ലഭിക്കും.

അപേക്ഷ സമർപ്പിക്കുന്നവർ വെള്ള പേപ്പറിൽ ഫോട്ടോ സഹിതം തയ്യാറാക്കിയ അപേക്ഷയോടൊപ്പം യോഗ്യത, വയസ്സ്, പ്രവൃത്തിപരിചയം, എന്നിവ തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ, ആധാറിന്റെ പകർപ്പ് എന്നിവ സഹിതം സെക്രട്ടറി, ശാന്തിഭവനം, പൂവൻചിന, രണ്ടത്താണി പി.ഒ 676510 എന്ന വിലാസത്തിലോ ജൂലൈ 12 വൈകുന്നേരം അഞ്ചു മണിക്ക് മുമ്പായി അയക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9446296126, 8891141277

## മലപ്പുറം വാർത്തകൾ



സംസ്ഥാന ജൂനിയർ അന്തർജില്ലാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ മലപ്പുറം

### സംസ്ഥാന ജൂനിയർ അന്തർജില്ലാ ഫുട്ബോൾ ചാമ്പ്യന്മാർക്ക് മലപ്പുറത്ത് സ്വീകരണം

മലപ്പുറം: സംസ്ഥാന ജൂനിയർ അന്തർജില്ലാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കിരീടം നേടിയ മലപ്പുറം ജില്ലാ ടീമിന് മലപ്പുറത്ത് സ്വീകരണം നൽകി. ഇന്നലെ ഉച്ചക്കാണ് കെ.എസ്.ആർ.ടി.സി പരിസരത്ത് ടീമിനും ഒഫീഷ്യൽസിനും സ്വീകരണം നൽകിയത്. ജില്ലാ ഫുട്ബോൾ അസോസിയേഷൻ നേതൃത്വം നൽകി. കുന്നംകുളത്ത് നടന്ന ചാമ്പ്യൻഷിപ്പിൽ എറണാംകുളത്തിനെ തോൽപ്പിച്ചാണ് മലപ്പുറം കിരീടം നിലനിർത്തിയത്. ഒന്നിനെതിരെ രണ്ടു ഗോളുകൾക്കായിരുന്നു മലപ്പുറത്തിന്റെ വിജയം. മലപ്പുറത്തിനായി ജിജിൻ, അമൻ മുഹമ്മദ് എന്നിവരാണ് ഗോൾ നേടിയത്. ലൂസേഴ്സ് ഫൈനലിൽ തൃശൂരിനെ തോൽപ്പിച്ച പാലക്കാട് മൂന്നാം സ്ഥാനം നേടി. നിശ്ചിത സമയം സമനിലയായതോടെ ഷൂട്ടൗട്ടിലായിരുന്നു പാലക്കാടൻ വിജയം. ടൂർണമെന്റിലെ മികച്ച കളിക്കാരനായി മലപ്പുറത്തിന്റെ അമൻ മുഹമ്മദ് തിരഞ്ഞെടുക്കപ്പെട്ടു. ടൂർണമെന്റിൽ അഞ്ചു ഗോളുകൾ നേടിയ മലപ്പുറത്തിന്റെ ജിജിൻ ടോപ് സ്കോററായി. മികച്ച പ്രതിരോധ താരം മലപ്പുറത്തിന്റെ ഷഹീബ് അലിയാണ്. തുടർച്ചയായി നാലാം തവണയാണ് മലപ്പുറം കിരീടത്തിൽ മുത്തമിടുന്നത്. ഈ നാല് തവണയും ടീമിനെ പരിശീലിപ്പിച്ചത് കായികാധ്യാപകൻ കൂടിയായ അരീക്കോട് സ്വദേശി ഷാനിൽ ചെമ്പകത്താണ്.

ടീം അംഗങ്ങൾ: മുഹമ്മദ് റിസ്വാൻ കെടി, ഷഹീബ് അലി കാരയിൽ, അലൻ ബിനു, അജ്സൽ ടി.എം, സഈദ് അജ്മൽ, വാസിം മുസ്തഫ കെ, അമൻ മുഹമ്മദ് പി, ഷാദിൻ എൻ, ഹാഷ്മിൽ.വി, അമൽ മുഹമ്മദ് പി.പി, ജിജിൻ പി.പി, മുഹമ്മദ് സിനാൻ പി.സി, മുഹമ്മദ് റാഹ്ദിൽ റഹീം, സ്യുജാൽ ചന്ദ്രൻ, മുഹമ്മദ് അൻഷാദ് കെ, ദിയാബ് പി, മുഹമ്മദ് നിഷാദ് സിനാൻ, അഫ്രാദ് നിഹാൽ എം, മുഹമ്മദ് ഫർഹാൻ, ജസ്വിൻ, അൻവാറുൽ ഹഖാണ് സഹ പരിശീലകൻ.

### നാലിൽ നാലും കിരീടം; ഷാനിൽ ആശാൻ പൊളിയാണ്

സംസ്ഥാന ജൂനിയർ അന്തർ ജില്ലാ ചാമ്പ്യൻഷിപ്പിൽ തുടർച്ചയായി നാലാം തവണയും മലപ്പുറം കിരീടം നേടിയപ്പോൾ ആശാന്റെ റോളിൽ തിളങ്ങി അരീക്കോട് സ്വദേശി ഷാനിൽ ചെമ്പകത്ത്. ഷാനിൽ ചുമതലയേറ്റതിന് ശേഷം ജൂനിയർ ടീമിന് തിരിഞ്ഞുനോക്കേണ്ടി വന്നിട്ടില്ല. സുല്ലമുസലാം ഒറിയന്റൽ ഹയർസെക്കന്ററി സ്കൂളിലെ കായികാധ്യാപകനായ ഷനിൽ 2018 മുതലാണ് ജൂനിയർ ടീമിന്റെ ചുമതല ഏൽക്കുന്നത്. ആ വർഷം തന്നെ കാസർകോഡ് നടന്ന ടൂർണമെന്റിൽ കിരീടം മലപ്പുറത്ത് എത്തിച്ചാണ് വരവറിയിച്ചത്. തുടർന്ന് 2019ൽ മലപ്പുറത്തും 2023ൽ എറണാംകുളത്തും നടന്ന ടൂർണമെന്റുകളിൽ കിരീടം നിലനിർത്തി ഹാട്രിക്ക് കിരീട നേട്ടം സ്വന്തം പേരിൽ കുറിച്ചു. കുന്നംകുളം ഗവ.മോഡൽ ബോയ്സ് സ്കൂളിൽ നടന്ന ചാമ്പ്യൻഷിപ്പിൽ കൂടി കിരീടം ചൂടിയതോടെ നേട്ടം നാലായി ഉയർന്നു.



ഷാനിൽ ചെമ്പകത്ത്

ഫിസിക്കൽ എജുക്കേഷനിൽ എം.ഫിൽ നേടിയ ഷാനിൽ കോട്ടയം എം.ജി യൂണിവേഴ്സിറ്റി പി.എച്ച്.ഡി വിദ്യാർഥിയാണ്. 2016,2017 വർഷങ്ങളിൽ കേരള യൂണിവേഴ്സിറ്റി ഹെൽത്ത് സയൻസിന്റെ മുഖ്യപരിശീലകനായിട്ടുണ്ട്. പോണ്ടിച്ചേരി യൂണിവേഴ്സിറ്റി താരമായിരുന്ന ഷാനിൽ പോണ്ടിച്ചേരിക്കായി സന്തോഷ് ട്രോഫിയിലും കളിച്ചിട്ടുണ്ട്.

### സ്വന്തം കേസ് നടത്തിയതിന് സർവകലാശാല ഫണ്ട് തട്ടിയെടുക്കൽ

# പണം തിരിച്ചടപ്പിക്കണമെന്നാവശ്യപ്പെട്ട് ചാൻസലർക്ക് പരാതി

തേഞ്ഞിപ്പലം : കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ ഗവർണർക്കെതിരെ സ്വന്തം കേസ് നടത്തിയതിന് സർവകലാശാല ഫണ്ടിൽ നിന്ന് നാലേ കാൽ ലക്ഷം രൂപ കൈപ്പറ്റിയത് തിരിച്ചടപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സെനറ്റംഗം വി.കെ.എം ഷാഫി ചാൻസലർക്ക് പരാതി നൽകി. സിപിഎമ്മുകാരായ ആറ് നോമിനേറ്റഡ് സിൻഡിക്കേറ്റ് അംഗങ്ങളും വൈസ് ചാൻസലറും ഒത്തു കളിച്ചായിരുന്നു ആരുടെയും എതിർപ്പില്ലാതെ ഗവർണർക്കെതിരെയുള്ള കേസിൽ കേസ് നടത്തിപ്പിന്റെ ചെലവായ നാലേ കാൽ ലക്ഷം രൂപ സർവകലാശാല ഫണ്ടിൽ നിന്ന് കൈപ്പറ്റിയിരിക്കുന്നത്.

വൈസ് ചാൻസലർ ഡോ. എം.കെ ജയരാജിനെ പിരിച്ച് വിട്ടുകൊണ്ടുള്ള ചാൻസലറുടെ ഉത്തരവ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന് യൂണിവേഴ്സിറ്റി ഫണ്ട് വി.സി ഉപയോഗിച്ചതിനെതിരെയായിരുന്നു സെനറ്റ് അംഗം വി.കെ എം ശാഫി ഗവർണർക്ക് പരാതി നൽകിയത്. വിവിധ സർവകലാശാലകളിലെ വൈസ് ചാൻസലർമാർ അയോഗ്യരാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഉൾപ്പെടെയുള്ളവരെ ചാൻസലർ തൽസ്ഥാനത്തുനിന്ന് പുറത്താക്കാൻ ഉത്തരവിട്ടത്.

പ്രഫ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ, എൽദോസ് കുന്നപ്പള്ളി എം.എൽ.എ എന്നിവരുടെ ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി നിയമസഭയിൽ നൽകിയ മറുപടിയിൽ കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ നാലേ കാൽ ലക്ഷം രൂപ വ്യക്തിപരമായ കോടതി ചെലവിനത്തിൽ സർവകലാശാലയിൽ നിന്ന് കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരുന്നു.

സിൻഡിക്കേറ്റ് തീരുമാനപ്രകാരമാണ് വൈസ് ചാൻസലർ ഈ തുക കൈപ്പറ്റിയതെന്നും മന്ത്രിയുടെ മറുപടിയിൽ സൂചിപ്പിച്ചിരുന്നു. 2024 മാർച്ചിലാണ് സിൻഡിക്കേറ്റ് ഇത്തരമൊരു തീരുമാനം കൈക്കൊണ്ടത്.

വ്യക്തിപരമായ കേസ് നടത്തിപ്പിന് സർവകലാശാല ഫണ്ട് വിനിയോഗിക്കാൻ അനുവാദം നൽകിയ സിൻഡിക്കേറ്റ് അംഗങ്ങൾക്കെതിരെയും കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെയും നടപടി വേണമെന്നും വൈസ് ചാൻസലറിൽ നിന്ന് തുക തിരിച്ചുപിടിക്കണമെന്നും ചാൻസലർക്ക് നൽകിയ കത്തിൽ സെനറ്റ് അംഗം വി.കെ.എം ശാഫി ആവശ്യപ്പെട്ടു. വി.സി ഈ മാസം 13ന് സർവകലാശാലയിൽ നിന്ന് പടിയിറങ്ങിയാലും ഗവർണർ ഉത്തരവിട്ടാൽ കേസ് നടത്തിപ്പിന്റെ പേരിൽ കൈക്കലാക്കിയ ലക്ഷങ്ങൾ തിരിച്ചടക്കേണ്ടിവരുമെന്നുറപ്പാണ്.

സ്വാശ്രയ കോളജുകളിലെ 12% ഫീസ് വർധനക്കെതിരെ കെ.എസ്.യു കാലിക്കറ്റ് സർവകലാശാല ഭരണകാര്യാലയം ഉപരോധിച്ചപ്പോൾ



### എസ്.എഫ്.ഐ കേരളത്തിലെ വിദ്യാർഥികളെ പരിഹസിക്കുന്നു

തേഞ്ഞിപ്പലം: സംസ്ഥാനത്തെ കലാലയങ്ങളിൽ ഇടിമുറികൾ ഇല്ലെന്ന എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറിയുടെ വാദം കേരളത്തിലെ വിദ്യാർഥികളെ പരിഹസിക്കുന്നതാണെന്ന് കെ.എസ്.യു സംസ്ഥാന ജനറൽ സെക്രട്ടറി അർജുൻ കറ്റയാട്ട് അഭിപ്രായപ്പെട്ടു. കാര്യവട്ടം ക്യാമ്പസിലെ എസ്.എഫ്.ഐയുടെ ഇടിമുറിയേക്കാൾ ഏറിയും കുറഞ്ഞുമുള്ള ഇടിമുറികൾ പല കലാലയങ്ങളിലും ഇന്നും നിലനിൽക്കുന്നുണ്ട്. യു.ഡി.എസ്.എഫ് വർഷങ്ങൾക്ക് ശേഷം തിരിച്ചു പിടിച്ച കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ സർവകലാശാല കാമ്പസിലെ സ്റ്റുഡൻസ് ട്രാപ്പിലുള്ള ഡി.എസ്.യു ഓഫീസ് എസ്.എഫ്.ഐ ഗുണ്ടാ പ്രവർത്തനത്തിന്റെ താവളമാണ്.ഒരു കെട്ടിടമൊന്നാകെ എസ്.എഫ്.ഐയുടെ നിയന്ത്രണത്തിലുള്ള ഡിപ്പാർട്ടുമെന്റ് സ്റ്റുഡൻസ് യൂണിയന് വിട്ടുകൊടുത്തുകൊണ്ടാണ് സർവകലാശാലയും ഇതിന് സൗകര്യമൊരുക്കുന്നത്. ഈ കെട്ടിടത്തിന്റെ ഒരു ഭാഗം ബുക്ക് ഷോപ്പ്, രണ്ടാമത്തെ ഭാഗം വിദ്യാർഥികൾക്ക് ചുരുങ്ങിയ ഫീസിൽ ഉപയോഗിക്കാവുന്ന ഇരുപതിലധികം കമ്പ്യൂട്ടർ നെറ്റ് വർക്കുള്ള വെബ് സെന്റർ, മൂന്നാമത്തെ ഭാഗം ഡി.എസ്.യു ഓഫീസ് എന്നിവയായിരുന്നു. ബുക്ക് ഷോപ്പും, വെബ് സെന്ററും നശിപ്പിച്ച് കെട്ടിടമൊന്നാകെ കയ്യടക്കി എസ്.എഫ്.ഐയുടെ പാർട്ടി ഓഫീസും ഇടിമുറിയുമാക്കിയാണ് ഡി.എസ്.യു ഓഫീസ് നിലവിൽ മുന്നോട്ട് പോവുന്നത്. സർവകലാശാലാ നീന്തൽ കുളത്തിൽ ദുരൂഹ സാഹചര്യത്തിൽ വിദ്യാർഥി മരിക്കാൻ ഇടയായ സാഹചര്യം ഇന്നും എസ്.എഫ്.ഐ നേതൃത്വത്തെ സംശയത്തിന്റെ നിഴലിൽ നിർത്തുന്നതാണ്. കെട്ടിടം പിടിച്ചടക്കിയതിന്റെ അടയാളപ്പെടുത്തലെന്നോണം അഭിമന്യുവിന്റെയും സർവകലാശാല നീന്തൽകുളത്തിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ചതായി കണ്ടെത്തിയ ഇന്റഗ്രേറ്റഡ് പി.ജി വിദ്യാർഥിയുടെ ചിത്രവും ഈ കെട്ടിടത്തിൽ വരച്ചു വെച്ചാണ് എസ്.എഫ്.ഐക്കാർ അധികാരം സ്ഥാപിച്ചിരിക്കുന്നത്. പൊലീസിന്റെയും സെക്യൂരിറ്റി ജീവനക്കാരുടെയും ഒത്താശയോടെ ആണിതറച്ച പട്ടികകളും മുട്ടൻ വടികളും ആക്രമിക്കാൻ ഉപയോഗിക്കുന്ന മറ്റു സാമഗ്രഹികളും ഡി.എസ്.യു ഓഫീസിൽ സൂക്ഷിച്ചും എതിർ സംഘടന പ്രവർത്തകരെ ആക്രമിക്കാൻ ഉള്ള കോച്ചിങ് കാമ്പുകൾ ആക്കി മാറ്റുകയാണ് എസ്.എഫ്.ഐ കലാലയങ്ങളിൽ ഇടിമുറി ഇല്ല എന്ന് അഭിപ്രായപ്പെടുന്നത് വഴി എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറി സംസ്ഥാന തലത്തിൽ തന്റെ അറിവോടെ ആണ് ഈ ക്രിമിനൽ പ്രവർത്തനം എന്ന് പറയാതെ പറയുകയാണ് എന്നും കെ.എസ്.യു അഭിപ്രായപ്പെട്ടു.

### പ്ലസ് വൺ സപ്ലിമെന്ററി അലോട്ട്മെന്റ് ഫലം ഇന്ന്;

# കാത്തിരിക്കുന്നത്16881 വിദ്യാർഥികൾ

മലപ്പുറം: പ്ലസ് വൺ സപ്ലിമെന്ററി അലോട്ട്മെന്റ് ഫലം ഇന്ന് പുറത്ത് വരാനിരിക്കെ അവശേഷിക്കുന്ന 8916 സീറ്റുകളിലേക്ക് പ്രതീക്ഷയോടെ കണ്ണുനട്ട് 16881 വിദ്യാർഥികൾ. 16881 വിദ്യാർഥികളായിരുന്നു പ്രവേശനത്തിന് അപേക്ഷ നൽകിയിരുന്നത്. ഇനി ബാക്കിയുള്ള മുഴുവൻ സീറ്റുകളിലേക്കുമുള്ള പ്രവേശനം പൂർത്തിയായാലും 7965 വിദ്യാർഥികൾക്ക് പഠിക്കാൻ സീറ്റുണ്ടാകില്ല. വ്യക്തമായ കണക്ക് ഉണ്ടെന്നിരിക്കെ കൂടുതൽ ബാച്ചുകൾ അനുവദിക്കാൻ സപ്ലിമെന്ററി അലോട്ട്മെന്റുകളും പൂർത്തിയാകാൻ കാത്തിരിക്കുകയാണ് സർക്കാർ. ജില്ലക്ക് കൂടുതൽ ബാച്ചുകൾ വേണമെന്നും നിരവധി കുട്ടികൾ പുറത്താണെന്നും സർക്കാർ നിയോഗിച്ച രണ്ടംഗ സമിതി റിപ്പോർട്ട് നൽകിയിട്ടും കാര്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. അഞ്ചാം തിയതിയാണ് റിപ്പോർട്ട് നിയമസഭയിൽ വെച്ചത്. ജില്ലയിലെ സീറ്റ് ക്ഷാമം പരിഹരിക്കാൻ നൂറിലധികം ബാച്ചുകൾ വേണമെന്നായിരുന്നു മലപ്പുറം ആർ.ഡി.ഡി., വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ എന്നിവരടങ്ങിയ സമിതി ശുപാർശ ചെയ്തിരുന്നത്. എന്നാൽ പരിഹരിക്കാൻ എത്രയും പെട്ടെന്ന് ബാച്ചുകൾ അനുവദിക്കുന്നതിന് പകരം നടപടി വൈകിപ്പിക്കുകയാണ് സർക്കാർ ചെയ്യുന്നത്.

സപ്ലിമെന്ററി അപേക്ഷ നോക്കിയാൽ ഇനിയും എത്ര കുട്ടികൾ അഡ്മിഷന് വേണ്ടി കാത്തിരിക്കുന്നുണ്ടെന്നും അവർ ഏതെല്ലാം കോമ്പിനേഷനുകൾക്കാണ് പഠിക്കാൻ ആഗ്രഹിക്കുന്നതെന്നും വ്യക്തമാകും. സപ്ലിമെന്ററി അലോട്ട്മെന്റ് പൂർത്തിയായാലും, എത്ര കുട്ടികൾക്ക് അവസരം ലഭിക്കില്ലെന്നുള്ള കണക്കുകൾ വ്യക്തമാണ് എന്നിരിക്കെ എത്രയും പെട്ടെന്ന് കൂടുതൽ ബാച്ചുകൾ നൽകി അവരെ കൂടി എത്രയും പെട്ടെന്ന് സ്കൂളുകളിലേക്ക് പ്രവേശിപ്പിക്കാനുള്ള നടപടിയെടുക്കുകയായിരുന്നു സർക്കാർ ചെയ്യേണ്ടിയിരുന്നത്. സഹപാഠികൾ സ്കൂളുകളിലേക്ക് പോകുമ്പോൾ വീട്ടിലിരിക്കുന്ന നിരാശ ബാധിച്ച അനേകം വിദ്യാർഥികൾക്ക് ആശ്വാസം പകരുമായിരുന്നു സർക്കാരിന്റെ ദ്രുതഗതിയിലുള്ള നടപടി. എന്നാൽ ഇതുവരെയും സർക്കാർ അതിന് തയ്യാറായിട്ടില്ല. എസ്.എസ്.എൽ.സി ഫലം വന്നതുമുതൽ തന്നെ പ്രതിപക്ഷ കക്ഷികളും, വിദ്യാർഥി സംഘടനകളും കൃത്യമായ കണക്കുകൾ ഉയർത്തി ആവശ്യം മുന്നോട്ട് വെച്ചിരുന്നു.

എന്നാൽ കള്ളക്കണക്കുകൾ നിരത്തി കബളിപ്പിക്കാനായിരുന്നു സർക്കാർ ശ്രമം. തുടർന്ന് എം.എസ്.എഫ് ഉൾപ്പെടെയുള്ള വിദ്യാർഥി സംഘടനകൾ സമരം ശക്തമാക്കുകയും നിരവധി പേർ അറസ്റ്റ് വരിക്കുകയും ചെയ്തതോടെ മാത്രമാണ് സർക്കാർ ചർച്ചക്ക് തയ്യാറായതും സമിതിയെ നിശ്ചയിച്ചതും. സർക്കാരിനെതിരെ വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും അതൃപ്തി പുകയുന്നതിനിടെ എസ്.എഫ്.ഐയും സമരനാടകവുമായി രംഗത്തുവന്നിരുന്നു. ഇന്ന് പുറത്തുവരുന്ന സപ്ലിമെന്ററി അലോട്ട്മെന്റിൽ സീറ്റ് ലഭിച്ചവർക്ക് നാളെ വൈകീട്ട് നാല് വരെയാണ് പ്രവേശനം നേടാൻ കഴിയുക. തുടർന്നുള്ള അലോട്ട്മെന്റ് വിവരങ്ങൾ പിന്നീട് അറിയിക്കുമെന്നാണ് വിദ്യാഭ്യാസ വകുപ്പ് പറയുന്നത്. ഇതുൾപ്പെടെ പൂർത്തിയായാൽ മാത്രമാണ് വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും ആശങ്കകൾക്ക് കൃത്യമായ മറുപടി ലഭിക്കുക.

### നോക്കുകൂലി: അഞ്ച് സി.ഐ.ടി.യുക്കാരെ അറസ്റ്റ് ചെയ്തു

#### പൊലീസിന്റെ ഒത്തുകളിയിൽ ശക്തമായ പ്രതിഷേധം

എടപ്പാൾ: എടപ്പാളിൽ നോക്കുകൂലി ആവശ്യപ്പെട്ടു സി. ഐ.ടി.യു നടത്തിയ അക്രമത്തിൽ പ്രതികളായ 5 സി.ഐ. ടിയുക്കാരെ ചങ്ങരംകുളം പൊലീസ് അറസ്റ്റ് ചെയ്തു. ട്യൂബ് ലൈറ്റ് കൊണ്ടും വടി കൊണ്ടും ആക്രമിച്ച പ്രതികൾക്കെതിരെ ദുർബല വകുപ്പുകൾ ചേർത്ത് കേസ് എടുക്കുകയും സ്റ്റേഷൻ ജാമ്യം കൊടുക്കുകയും ചെയ്ത ചങ്ങരംകുളം പൊലീസിന്റെ നടപടിയിൽ പ്രതിഷേധിച്ചു കോൺഗ്രസ് നേതാക്കൾ പൊലീസ് സ്റ്റേഷനിൽ കുത്തിയിരുപ്പ് സമരം നടത്തി.

അക്രമത്തിൽ ഗുരുതര പരിക്ക് പറ്റി തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലുള്ള ഫയാസ് ഷാജഹാന്റെ മൊഴി രേഖപ്പെടുത്തുന്നതിൽ പൊലീസിനു വലിയ വീഴ്ച സംഭവിച്ചു. സംഭവം നടന്നു ദിവസങ്ങൾ കഴിഞ്ഞിട്ടും സി.സി.ടി.വി ദൃശ്യങ്ങൾ പരിശോധിക്കാനോ മുഴുവൻ പ്രതികളെ കുറിച്ച് അന്വേഷിക്കാനോ, അറസ്റ്റ് ചെയ്യുവാനോ പൊലീസ് തയാറായിട്ടില്ല. സി.പി.എം സമർദ്ദത്തിനു വഴങ്ങി പ്രതികളെ സംരക്ഷിക്കുന്ന നിലപാടാണ് പൊലീസ് സ്വീകരിച്ചിട്ടുള്ളത് എന്ന് കോൺഗ്രസ് നേതൃത്വം ആരോപിച്ചു. തുടർന്ന് ജില്ലാ പൊലീസ് ചീഫ് ഉൾപ്പെടെയുള്ള പൊലീസ് ഉദ്യോഗസ്ഥരോട് കോൺഗ്രസ് നേതാക്കൾ ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പരിക്ക് പറ്റിയ ഫയാസ് ഷാജഹാന്റെ മൊഴി വീണ്ടും എടുക്കുമെന്നും മുഴുവൻ പ്രതികളെ എത്രയും പെട്ടന്ന് പിടികൂടാമെന്നുമുള്ള ഉറപ്പിന്മേൽ സമരം അവസാനിപ്പിച്ചു. നിഷ്പക്ഷമായ നടപടികൾ ഉണ്ടായില്ലെങ്കിൽ പോലീസ് സ്റ്റേഷൻ മാർച്ച് ഉൾപ്പെടെയുള്ള സമരപരിപാടികൾ സംഘടിപ്പിക്കുമെന്ന് നേതാക്കൾ അറിയിച്ചു. കുത്തിയിരുപ്പ് സമരത്തിന് കെ.പി.സി.സി മെമ്പർ എ.എം രോഹിത്, ഡി.സി.സി ജനറൽ സെക്രട്ടറി ഇ.പി രാജീവ്, സി രവീന്ദ്രൻ, എസ് സുധീർ, നെട്ടത്തു അഷറഫ്, സി.ആർ മനോഹരൻ, കെ രാജീവ്, കണ്ണൻ നമ്പിയർ, യാസിൻ എടപ്പാൾ, കണ്ണയിൽ ബാവ എന്നിവർ നേതൃത്വം നൽകി.



തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ഫയാസ് ഷാജഹാൻ



186-ാമത് മമ്പുറം ആണ്ടു നേർച്ചക്ക് തുടക്കം കുറിച്ച് മമ്പുറം സയ്യിദ് അഹ്മദ് ജിഫ്രി തങ്ങൾ പതാക ഉയർത്തുന്നു. പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ, യു. ശാഫി ഹാജി ചെമ്മാട് തുടങ്ങിയവർ സമീപം.

### വടിവാൾ വീശി പരിഭ്രാന്തി സൃഷ്ടിച്ച സംഭവത്തിൽ ഓട്ടോ ഡ്രൈവർ അറസ്റ്റിലായി

കൊണ്ടോട്ടി:ഓടിക്കൊണ്ടിരിക്കുന്ന സ്വകാര്യ ബസിനു മുന്നിൽ ഓട്ടോറിക്ഷ ഡ്രൈവർ വടിവാൾ വീശി പരിഭ്രാന്തി സൃഷ്ടിച്ച സംഭവത്തിൽ ഓട്ടോ ഡ്രൈവർ പിടിയിലായി. പുളിക്കൽ,വലിയപറമ്പ്, മലയിൽ ഷംസുദ്ദീൻ (27) നെയാണ് കൊണ്ടോട്ടി പൊലീസ് അറസ്റ്റ് ചെയ്തത്. സംഭവം വിവാദമായതോടെ ഇയാൾ ഒളിവിലായിരുന്നു.



ഷംസുദ്ദീൻ

പിന്നീട് പുളിക്കൽ സിയാംകണ്ടത്തെ ബന്ധുവിട്ടിൽ നിന്ന് സി.ഐ എ. ദീപകുമാറിന്റെ നേതൃത്വ ത്തിൽ പിടികൂടുകയായിരുന്നു. ബസ് ജീവനക്കാരുടെ പരാതിയെ തുടർന്നാണ് അറസ്റ്റ്. ലഹരി കേസുമായി ബന്ധപ്പെട്ട് നേരത്തെ അറസ്റ്റിലായിരുന്ന ആളാണ് ഷംസുദ്ദീൻ. ഓട്ടോയും വടിവാളും പൊലീസ് പിടിച്ചെടുത്തിട്ടുണ്ട്. ഓട്ടോയിൽ ഷംസുദ്ദീനൊപ്പമുണ്ടായിരുന്ന യാത്രക്കാരൻ പുളിക്കൽ തയ്യിൽ ഹൗസിൽ ജാസിറിനെയും പിടികൂടിയിട്ടുണ്ട്.

ദേശീയപാതയിൽ വെള്ളിയാഴ്ച വൈകിട്ട് അഞ്ചോടെയായിരുന്നു ഇവർ സഞ്ചരിച്ച ഓട്ടോ സ്വകാര്യ ബസിനു മുന്നിൽ തടസം സൃഷ്ടിച്ച് വടിവാൾ വീശി ഭീഷണി ഉയർത്തിയത്.പുളിക്കൽ മുതൽ കൊളത്തൂർ വിമാനത്താവള ജങ്ഷൻ വരെയായിരുന്നു നിറയെ യാത്രക്കാരുള്ള ബസിനു നേരെ പരാക്രമം കാണിച്ചത്.

വടിവാൾ വീശുന്ന ദൃശ്യം ബസ് യാത്രക്കാർ പകർത്തിയത് പുറത്തു വന്നിരുന്നു. സംഭവ ദിവസം കൊണ്ടോട്ടി ബസ് സ്റ്റാന്റിലെ പൊലീസ് എയ്ഡ് പോസ്റ്റിൽ പരാതി നൽകിയതിനെ തുടർന്ന് ബസ് ജീവനക്കാരെ വിളിച്ചു വരുത്തി പൊലീസ് മൊഴിയെടുക്കുകയായിരുന്നു.



കോട്ടക്കൽ ആര്യവൈദ്യശാലയിൽ ചികിത്സക്കെത്തിയ എ.ഐ.സി.സി പ്രസിഡന്റ് മല്ലികാർജ്ജുൻ ഖാർഗെയെ ഡോ. എം.പി അബ്ദുസ്സമദ് സമദാനി എം.പി സന്ദർശിക്കുന്നു

### മല്ലികാർജ്ജുൻ ഖാർഗയെ സമദാനി സന്ദർശിച്ചു

കോട്ടക്കൽ: കോട്ടക്കൽ ആര്യവൈദ്യശാലയിൽ ചികിത്സക്കെത്തിയ എ.ഐ.സി.സി പ്രസിഡന്റ് മല്ലികാർജ്ജുൻ ഖാർഗെയെ മുസ്‌ലിം ലീഗ് ദേശീയ സീനിയർ വൈസ് പ്രസിഡന്റ് ഡോ. എം.പി അബ്ദുസ്സമദ് സമദാനി എം.പി സന്ദർശിച്ചു. ചികിത്സാ സംബന്ധമായ കാര്യങ്ങൾ വിശദമായി ചോദിച്ചറിഞ്ഞ സമദാനി ഖാർഗെയുമായി രാഷ്ട്രീയ കാര്യങ്ങളും ചർച്ച ചെയ്തു. കഴിഞ്ഞ പാർലമെന്റ് സമ്മേളനവും അതിൽ ഇന്ത്യാ അലയൻസിന്റെ പ്രകടനവും ചർച്ചക്ക് വിഷയമായി. രാജ്യസഭയിൽ മല്ലികാർജ്ജുൻ ഖാർഗെ നടത്തിയ പ്രസംഗവും പാർലമെന്ററി ജനാധിപത്യത്തിന് അതെല്ലാം നൽകിയ നവീനമായ ഊർജ്ജവും സമദാനി എടുത്തുപറഞ്ഞു. ബഷീർ രണ്ടത്താണി, കെ.കെ നാസർ, കെ ഫൈസൽ മുനീർ എന്നിവരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

### സീറ്റ് ഒഴിവ്

മലപ്പുറം: മലപ്പുറം ഗവ. കോളേജിൽ അഞ്ചാം സെമസ്റ്റർ ബിരുദ ക്ലാസുകളിൽ സീറ്റ് ഒഴിവുണ്ട്. ബി.എസ്.സി കെമിസ്ട്രി (മുസ്‌ലിം-1, എസ്.സി-1, ഇ.ഡബ്ല്യു.എസ്- 1, ഇ.ടി.ബി -1), ബി.എ അറബിക് (ഓപ്പൺ -1, മുസ്‌ലിം-1, എസ്.സി-1, ഇ.ടി.ബി-1) എന്നീ കോഴ്സുകളിലാണ് ഒഴിവുകൾ. താൽപര്യമുള്ളവർ ജൂലൈ 10 ന് വൈകീട്ട് നാലു മണിക്ക് മുമ്പായി രേഖകൾ സഹിതം കോളജിൽ അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9061 734 918.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 08 തിങ്കൾ
ഗൾഫ് ചന്ദ്രിക

## വായന പക്ഷാചരണം: ഉപന്യാസ മത്സരം

കൽപ്പറ്റ: വായന പക്ഷാചരണത്തിന്റെ ഭാഗമായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ജില്ലയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന ഉപന്യാസ മത്സരം ജൂലൈ 10 ന് രാവിലെ 10.30 ന് കളക്ട്രേറ്റിലെ ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ നടക്കും. എട്ടാം തരം മുതൽ പത്താം തരം വരെയുള്ള വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ പേര് രജിസ്റ്റർ ചെയ്യണം. ഫോൺ 04936 202529, 7510809531.

## ഹിന്ദി പഠിക്കാൻ പ്യാരീ ഹിന്ദി

കാട്ടിക്കുളം: കാട്ടിക്കുളം ഗവൺമെൻറ് ഹയർ സെക്കന്ററി സ്കൂളിലെ ഹിന്ദി ക്ലബ്ബും സ്റ്റുഡൻസ് പൊലീസ് കേഡറ്റ് യൂണിറ്റും സംയുക്തമായി പ്യാരീ ഹിന്ദി: ഹിന്ദി പഠന ക്യാമ്പ് സംഘടിപ്പിച്ചു.

വിദ്യാർത്ഥികളിൽ ഹിന്ദി ഭാഷയോടുള്ള താൽപര്യം വർദ്ധിപ്പിക്കുക, ഹിന്ദി ഭാഷാ പഠനം എളുപ്പമാക്കുക, ഹിന്ദിയിൽ ആശയവിനിമയം ചെയ്യാനുള്ള ശേഷി വർധിപ്പിക്കുക മുതലായ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഹിന്ദി ക്യാമ്പ് സംഘടിപ്പിച്ചത്. ക്യാമ്പിന്റെ തുടർ പ്രവർത്തനങ്ങളും ഹിന്ദി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നു. സ്കൂളിലെ സീനിയർ ഹിന്ദി അധ്യാപിക രശ്മി വി എസ് ക്യാമ്പിന് നേതൃത്വം നൽകി.



# പൊതുവാർത്തകൾ

## വിലക്കയറ്റത്തിനും വന്യമൃഗശല്യത്തിനും നടപടി വേണം

ചീരാൽ: അവശ്യവസ്തുക്കളുടെ വിലക്കയറ്റത്തിനും വന്യമൃഗശല്യത്തിനും സർക്കാർ അടിയന്തര പരിഹാരം കാണണമെന്ന് യുഡിഎഫ് ചീരാൽ മണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു. വായ്പ കുടിശികയുടെ പേരിൽ കർഷകരുടെ സ്വത്ത് കരസ്ഥപ്പെടുത്തുന്നത് ബാങ്കുകൾ നിർത്തിവയ്ക്കണമെന്ന ആവശ്യവും ഉന്നയിച്ചു. ബത്തേരി കാർഷിക വികസന ബാങ്ക് ഭരണസമിതി തെരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർഥികളെ വിജയിപ്പിക്കാൻ തീരുമാനിച്ചു. ഐ.സി. ബാലകൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. കെ. മുസ്തഫ ഹാജി അധ്യക്ഷത വഹിച്ചു. ഡിസിസി പ്രസിഡണ്ട് എൻ.ഡി. അപ്പച്ചൻ മുഖ്യപ്രഭാഷണം നടത്തി.

## വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം

ചേനംകൊല്ലി: കെ.ബി.സി.ടി. വായനശാല ആന്റ് ക്ലബ്ബ് വായനപക്ഷാചരത്തിന്റെ ഭാഗമായി വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം സംഘടിപ്പിച്ചു. മലയാളം ഐക്യ വേദി ജില്ലാ സെക്രട്ടറി കെ. എ. അഭിജിത്ത് ഉദ്ഘാടനം ചെയ്തു. വായനശാല പ്രസിഡണ്ട് സി.എം. സുമേഷ് അധ്യക്ഷത വഹിച്ചു. ബാലവേദി അംഗങ്ങൾക്കായി ബഷീർ പുസ്തക ആസ്വാദന കുറിപ്പ് മത്സരവും,പുസ്തക പരിചയവും നടത്തി. വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. കെ. പി. സരുൺ, എം. കെ. സൈനുദ്ധീൻ,റഷീന നൗഷാദ്, കെ. സബീന എന്നിവർ സംസാരിച്ചു.വനിതാ വേദി സെക്രട്ടറി മുബഷിറ ഷഫീഖ് സ്വാഗതവും, ബാലവേദി സെക്രട്ടറി അനുശ്രീ അനിൽകുമാർ നന്ദിയും പറഞ്ഞു.

മേപ്പാടി: മേപ്പാടി ഡബ്ല്യു.എം.ഒ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ബശീർ ഡേ സമുചിതമായി ആഘോഷിച്ചു. സ്പെഷ്യൽ അസംബ്ലിയിൽ ബശീർ അനുസ്മരണ പ്രഭാഷണം നടത്തി. ഒന്നും ഒന്നും ഇമ്മിണി ബല്യ ഒന്ന് എന്ന കഥയുടെ ദൃശ്യാവിശ്കാരം ഏറെ ശ്രദ്ധേയമായി. സ്കൂളിലെ എൽ.പി വിദ്യാർത്ഥികൾ കഥയിലെ വിവിധ വേഷങ്ങളിൽ അസാമാന്യ മെയ് വയക്കത്തോടെയാണ് അഭിനയം കാഴ്ചവെച്ചത്. പ്രിൻസിപ്പാൾ എസ് ഉമർ, സിൽവർസ്റ്റർ ആൽബർട്ട്, റിജി, സഫിയ തുടങ്ങിയവർ നേതൃത്വം നൽകി.

## വിരമിച്ച ജീവനക്കാർക്ക് പെൻഷൻ സുരക്ഷ ഉറപ്പാക്കണം

കൽപ്പറ്റ: വൈദ്യുതി ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ സുരക്ഷ ഉറപ്പാക്കണമെന്ന് കെ.എസ്. ഇ.ബി.പെൻഷനേഴ്സ് അസോസിയേഷൻ കൽപ്പറ്റ ഡിവിഷൻ സമ്മേളനം ആവശ്യപ്പെട്ടു. സംഘടനയുടെ സംസ്ഥാന വൈസ് പ്രസിഡണ്ട് പി.എ.സന്ദീപ് ഉദ്ഘാടനം ചെയ്തു. കൽപ്പറ്റ ഡിവിഷൻ പ്രസിഡണ്ട് സി.എം.സുനിൽ അദ്ധ്യക്ഷത വഹിച്ചു.വി. സ്റ്റീഫൺസൺ അനുശോചനപ്രമേയവും, സെക്രട്ടറി കെ.വി സജയകുമാർ റിപ്പോർട്ടും അവതരിപ്പിച്ചു. കെ.വേലായുധൻ (ട്രഷറർ) വരവ് ചെലവ് കണക്ക് അവതരിപ്പിച്ചു. സംസ്ഥാന സെക്രട്ടറി സഹദേവൻ എം.ആർ,വിൻസെൻറ് പി.ജെ, സംസാരിച്ചു.

## പ്രകൃതി പഠനയാത്ര

വെള്ളമുണ്ട: ഗവ. മോഡൽ ഹയർ സെക്കൻഡറി സ്കൂൾ പ്രകൃതി കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ 'മഴ നനഞ്ഞു മലകയറാം' പ്രകൃതി പഠന യാത്ര സംഘടിപ്പിച്ചു. വാളാരം കുന്ന് മലമുകളിലേക്ക് നടത്തിയ യാത്ര ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ജുനൈദ് കൈപ്പാണി ഫ്ലാഗ് ഓഫ് ചെയ്തു. എച്ച്എം കെ കെ സന്തോഷ്അധ്യക്ഷത വഹിച്ചു.അബ്ദുൾ സലാം, സി ടി നാസർ, ഡോ.ഗോവിന്ദ് രാജ് പ്രസംഗിച്ചു. നൂറോളം വിദ്യാർഥികൾ യാത്രയിൽ പങ്കെടുത്തു. പ്രകൃതിയേയും ഗോത്ര സംസ്കൃതിയേയും തൊട്ടുതലോടിയുള്ള മഴയാത്ര വിദ്യാർത്ഥികൾക്ക് വേറിട്ട അനുഭവമായി മാറി.

## മകന്റെ ആത്മഹത്യ; പിതാവ് പൊലീസിൽ പരാതി നൽകി

കൽപ്പറ്റ . മേപ്പാടി കടൂർ അമ്പലക്കുന്ന് തച്ചർതൊടിക ഹർഷാദ് (24)ആത്മഹത്യ ചെയ്ത സംഭവത്തിൽ പിതാവ് പൊലീസിൽ പരാതി നൽകി. ഹർഷാദ് ജീവനൊടുക്കിയതിനു കാരണം കണ്ടെത്തി ഉത്തരവാദികൾക്കെതിരേ നടപടിയെടുക്കണമെന്നാണ് മേപ്പാടി പൊലീസിൽ നൽകിയ പരാതിയിലെന്ന് പിതാവ് ആലിയും ജ്യേഷ്ഠൻ അഷ്കറും വാർത്താസമ്മേളനത്തിൽ പറഞ്ഞു. കഴിഞ്ഞ 26ന് വൈകുന്നേരമാണ് ഹർഷാദിനെ വീട്ടിലെ കിടപ്പുമുറിയിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടത്. തൊഴിൽ ആവശ്യത്തിനു എറണാകുളത്തുപോയി തിരിച്ചുവന്നതിന്റെ പിറ്റേന്നായിരുന്നു മരണം. മേപ്പാടിയിലുള്ള യുവതിയുമായി ഹർഷാദിന്റെ വിവാഹം നേരത്തേ പറഞ്ഞുവച്ചിരുന്നു. കണ്ണൂരിൽ നഴ്സിംഗ് പഠനത്തിനുപോയ യുവതി കാസർഗോഡ് സ്വദേശിയായ യുവാവുമായി സൗഹൃദത്തിലായി. ഇവരും ഒന്നിച്ചുള്ള ഫോട്ടോ യുവാവ് സമൂഹമാധ്യമത്തിലൂടെ ഹർഷാദിന് അയച്ചുകൊടുത്തു. ഇത് ഹർഷാദിനെ അസ്വസ്ഥനാക്കിയിരുന്നു. ഇതിനിടെ യുവതി കണ്ണൂർ ടൗൺ പൊലീസ് സ്റ്റേഷനിൽ ഹർഷാദിനെതിരേ പരാതി നൽകി. ഫോണിൽ ബന്ധപ്പെട്ട് ശല്യം ചെയ്യുന്നുവെന്നായിരുന്നു പരാതി. ഇതുമായി ബന്ധപ്പെട്ട് സ്റ്റേഷനിൽ ഹാജരാകാൻ കണ്ണൂർ ടൗൺ പൊലീസ് ഹർഷാദിനു നിർദേശം നൽകിയിരുന്നു. എറണാകുളം യാത്ര കഴിഞ്ഞ് ഹാജരാകാമെന്നാണ് ഹർഷാദ് പോലീസിനെ അറിയിച്ചത്. കടുത്ത മാനസിക സമ്മർദമാണ് ഹർഷാദിനെ മരത്തിലേക്ക് നയിച്ചതെന്നും ഇതിനുത്തരവാദികളെ നിയമത്തിനു മുന്നിൽ നിർത്തണമെന്നും ആലിയും അഷ്കറും ആവശ്യപ്പെട്ടു.

## വനയോരത്തെ മരങ്ങൾ തടസ്സം

# വയോധികയുടെ വീട് നിർമ്മാണം പാതിവഴിയിൽ നിലച്ചു

സുൽത്താൻ ബത്തേരി: ഗോത്ര വീട്ടമ്മയുടെ വീട് നിർമ്മാണത്തിന് വനയോരത്തെ മരങ്ങൾ തടസമാകുന്നു. കല്ലൂർ പണപ്പാടി കാട്ടുനായ്ക്ക കോളനിയിലെ കല്യാണിയുടെ വീട്നിർമ്മാണമാണ് മരങ്ങൾ ഭീഷണിയായതോടെ തറയിൽ ഒതുങ്ങിയത്. ഒരു വർഷം മുമ്പാണ് നൂൽപ്പുഴ പഞ്ചായത്ത് കല്യാണിക്ക് കാലപഴക്കം ചെന്ന വീടിന് പകരം പുതിയത് അനുവദിച്ചത്. തുടർന്ന് കരാർ നൽകി പഴയവീട് പൊളിച്ചുനീക്കി പുതിയവീടിനായി തറയും കെട്ടി. എന്നാൽ തുടർ നിർമ്മാണ പ്രവർത്തികൾ മുന്നോട്ട് പോകണമെങ്കിൽ സമീപത്ത് ഭീഷണിയായി നിൽക്കുന്ന വൻവെണ്ടേക്ക് മരവും സമീപത്തെ മറ്റ് മരങ്ങളുടെ വൻശിഖരങ്ങളും മുറിച്ചുനീക്കണം. വന്യജീവിസങ്കേതത്തിന്റെ അതിർത്തിയിലാണ് ഈ മരം നിൽക്കുന്നത്. മരം മുറിക്കാൻ വൈകുന്നതിനാൽ വീട് നിർമ്മാണവും അനന്തമായി നീളുകയാണ്. വനംവകുപ്പിനോട് ഇക്കാര്യം അറിയിച്ചപ്പോൾ സ്വന്തം നിലക്കോ, കരാറുകാരനോടോ മുറിച്ച് നീക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. വനംവകുപ്പിന് തന്നെ മുറിച്ച് നീക്കാമെന്നിരിക്കെയാണ് വീട് നിർമ്മാണത്തിന് അനുവദിച്ച തുകയിൽ നിന്ന് പണം ചെലവഴിച്ച് മരം മുറിക്കാൻ ഇവരോട് ആവശ്യപ്പെട്ടിരിക്കുന്നത്. കല്യാണിയും കരാറുകാരനും ഇതോടെ പ്രതിസന്ധിയിലായിരിക്കുകയാണ്. നിലവിലുണ്ടായിരുന്നു വീടുപൊളിച്ചതോടെ കുറച്ചുനാൾ സമീപത്ത് ഷെഡ് കെട്ടി അതിലായിരുന്നു കല്യാണിയുടെ താമസം. ഭീഷണിയായ മരം മുറിച്ചുനീക്കി കാലതാമസിമില്ലാതെ കല്യാണിക്ക് വീട് നിർമ്മിക്കാനുള്ള സൗകര്യം ഒരുക്കാൻ ജില്ലാഭരണകൂടം ഇടപെടണമെന്നാണ് ആവശ്യമുയരുന്നത്.



കല്യാണിയുടെ വീട് നിർമ്മാണം തറയിൽ നിലച്ച നിലയിൽ

## മീറ്റ് വർക്കേഴ്സ് യൂണിയൻ മെമ്പർഷിപ്പ് വിതരണം

മാനന്തവാടി: സംസ്ഥാനത്തെ പ്രധാനപ്പെട്ട ഭക്ഷ്യവിഭവമായ മാട് വിഭവങ്ങൾ ലഭ്യമാക്കുന്നതിന് കേരളവും അയൽ സംസ്ഥാന സർക്കാരുകളും നടപടി സ്വീകരിക്കണമെന്ന് മീറ്റ് വർക്കേഴ്സ് യൂണിയൻ (എസ് ടി യു ) മാനന്തവാടി ഏരിയ കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. മാംസ വിൽപ്പനക്കാർക്കുള്ള ലൈസൻസ് പുതുക്കി നൽകണമെന്നും യോഗം ആവശ്യപ്പെട്ടു. ലൈസൻസ് പുതുക്കി നൽകാത്തത് കൊണ്ട് നിരവധി കച്ചവടക്കാർക്ക് ലോൺ പോലുള്ള സഹായങ്ങൾ കിട്ടുന്നതിന് പ്രയാസം നേരിടുന്നു. മാനന്തവാടി താലൂക്കിലെ മീറ്റ് വർക്കേഴ്സ് യൂണിയൻ മാനന്തവാടി ഏരിയ തല മെമ്പർഷിപ്പ് വിതരണോദ്ഘാടനം മുസ്ലിം ലീഗ് ജില്ലാ സെക്രട്ടറി സി. കുഞ്ഞബ്ദുള്ള നിർവഹിച്ചു.

എസ് ടി യു ജില്ലാ സെക്രട്ടറി ഇബ്രാഹിം തൈത്തൊടി അധ്യക്ഷത വഹിച്ചു. മീറ്റ് വർക്കേഴ്സ് ജില്ലാ ജനറൽ സെക്രട്ടറി അലവി വടക്കേതിൽ, പി.വി. എസ്. മൂസ, ഷംസുദ്ദീൻ പി. മുസ്തഫ കെ.എം, സഫീർ കെ.കെ, മുഹമ്മദ് അലി ബായ്, സിദ്ദീഖ് ഉമ്മത്തൂർ സംസാരിച്ചു. ഇ.ബഷീർ സ്വാഗതം പറഞ്ഞു.



മീറ്റ് വർക്കേഴ്സ് യൂണിയൻ (എസ്.ടി.യു) മാനന്തവാടി ഏരിയാതല മെമ്പർഷിപ്പ് വിതരണോദ്ഘാടനം മുസ്‌ലിംലീഗ് ജില്ലാ സെക്രട്ടറി സി.കുഞ്ഞബ്ദുള്ള നിർവഹിക്കുന്നു



എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷയിൽ ഫുൾ എ പ്ലസ് വിദ്യാർത്ഥികളെ മുസ്‌ലിംലീഗ് ആദരിച്ചപ്പോൾ

## ഉന്നത വിജയികൾക്ക് മുസ്‌ലിംലീഗിന്റെ ആദരം

വാകേരി: മുസ്‌ലിംലീഗ് ശാഖാ കമ്മിറ്റി വാകേരി മേഖലയിലെ അഭിമാന താരങ്ങളെ ആദരം 2024 എന്ന പേരിൽ ആദരിച്ചു. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷയിൽ ഫുൾ എ പ്ലസ് നേടിയ വിദ്യാർത്ഥികളെയാണ് മുസ്‌ലിംലീഗ് ആദരിച്ചത്.സംഗമം മുസ്‌ലിം യൂത്ത് ലീഗ് ദേശീയ വൈസ് പ്രസിഡണ്ട് മുഫീദ തസ്നി ഉദ്ഘാടനം ചെയ്തു. മുസ്‌ലിംലീഗ് ശാഖാ ജനറൽ സെക്രട്ടറി കെ കെ അബൂബക്കർ അധ്യക്ഷത വഹിച്ചു. പരിപാടിയിൽ വിദ്യാർഥികളുടെ രക്ഷിതാക്കൾ അടക്കം നിരവധി പേര് പങ്കെടുത്തു. ഗ്ലോബൽ കെ.എം.സി.സി നിയോജക മണ്ഡലം പ്രസിഡണ്ട് നാസർ പി എ വാകേരി മുഖ്യ പ്രഭാഷണം നടത്തി. ജലീൽ ഇ പി, മനാഫ് കുനിമൽ,ശിഹാബുദ്ദീൻ എ എസ്,അബു കുനിമൽ,മുഹമ്മദലി മുക്കിൽ,കരീം മുണ്ടകോട്ടിൽ,മുജീബ് മലയിൽ എന്നിവർ സംസാരിച്ചു.

## എം.എസ്.എഫ് വിജയാരവം

റിപ്പൺ: തലക്കൽ ശാഖ എം എസ് എഫ് കമ്മിറ്റിനടത്തിയ വിജയാരവം പരിപാടി മൂപ്പൈനാട് പഞ്ചായത്ത് യുഡിഎഫ് ചെയർമാൻ യാഹ്യാഖാൻ തലക്കൽ ഉദ്ഘാടനം ചെയ്തു. ഹരിത ജനറൽ സെക്രട്ടറി ഹനീനാ ജാൻ അധ്യക്ഷത വഹിച്ചു. എസ്എസ്എൽസി,പ്ലസ് ടു,ബിരുദ വിജയികളായ അൻപതിൽപരം വിദ്യാർത്ഥികളെ ശാഖാ എം എസ് എഫ് കമ്മിറ്റി അനുമോദിച്ചു. എം എസ് എഫ് പ്രസിഡണ്ട് പി കെ റിസ്‌വാൻ സ്വാഗതം പറഞ്ഞു.എംഎസ്എഫ് ജില്ലാ ജനറൽ സെക്രട്ടറി ഫായിസ് തലക്കൽ പതാക ഉയർത്തി. നിയോജക മണ്ഡലം എംഎസ്എഫ് പ്രസിഡൻറ് മുബഷിർ പി,വൈസ് പ്രസിഡണ്ട് അഫ്സൽ വട്ടത്തുവയൽ,പഞ്ചായത്ത് ലീഗ് ഉപാധ്യക്ഷൻ കെ കെ കുഞ്ഞുമുഹമ്മദ് ശാഖാ ലീഗ് ജനറൽ സെക്രട്ടറി അഷ്റഫ് കാരാടൻ യൂത്ത് ലീഗ് പ്രസിഡണ്ട് പി കെ ഷറഫുദ്ദീൻ,അജ്മിലാ ഷെറിൻ,അമൽ റിദ,ഇർഫാൻ കെ സി,അജ്സൽ,റഫ്സൽ കെ.കെ,കെ കെ ഹഫീസ്,മുഹമ്മദ് ജെസിൽ എന്നിവർ നേതൃത്വം നൽകി.




തലക്കൽ ശാഖാ എം എസ് എഫ് നടത്തിയ വിജയാരവം പരിപാടി മൂപ്പൈനാട് പഞ്ചായത്ത് യുഡിഎഫ് ചെയർമാൻ യാഹ്യാഖാൻ തലക്കൽ ഉദ്ഘാടനം ചെയ്യുന്നു

## ട്രെന്റ് അക്കാദമിക് അസംബ്ലി

അഞ്ചുകുന്ന്: എസ്.കെ.എസ്.എസ്.എഫ് ട്രെന്റ് ജില്ലാ അക്കാദമിക് അസംബ്ലി സമാപിച്ചു. വിവിധ സെഷനുകളിലായി സംഘടിപ്പിച്ച ഏകദിന ക്യാമ്പിൽ ജില്ലയിലെ വിവിധ മഹല്ലുകളിൽ നിന്ന് നൂറുകണക്കിന് വിദ്യാഭ്യാസ പ്രവർത്തകർ പങ്കെടുത്തു. അഞ്ചുകുന്ന് മദ്റസാ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച അക്കാദമിക് അസംബ്ലിയുടെ സംസ്ഥാനതല ഉദ്ഘാടനം സമസ്ത കേന്ദ്ര മുശാവറ മൂസ്സക്കോയ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. എസ്.കെ.എസ്.എസ്.എഫ് ജില്ലാ പ്രസിഡണ്ട് നൗഷീർ വാഫി വെങ്ങപ്പള്ളി അദ്ധ്യക്ഷത വഹിച്ചു. അഷ്റഫ് മാസ്റ്റർ മലയിൽ, റിയാസ് തളീക്കര,റഫീഖ് മാസ്റ്റർ, മുഹമ്മദ് റാഫി തരുവണ,അജ്മൽ മടക്കിമല സെഷനുകൾക്ക് നേതൃത്വം നൽകി. അയ്യൂബ് മാസ്റ്റർ മുട്ടിൽ, മുഹ്യുദ്ദീൻ കുട്ടി യമാനി, അബ്ദുൽ ലതീഫ് വാഫി, റിയാസ് ഫൈസി പാപ്പലശ്ശേരി, ശിഹാബ് റിപ്പൺ, ശംസുദ്ദീൻ വാഫി,ജാഫർ മില്ലുമുക്ക്, മുഹമ്മദ് റഹ്മാനി,മുജീബ് അഞ്ചുകുന്ന്, റംഷീദ് ചെറ്റപ്പാലം, ജുനൈദ് മാനന്തവാടി,സലാം എടപ്പാറ,അഷ്റഫ് വെള്ളിലാടി,റഷീദ് ദാരിമി,അഫ്സൽ ചുണ്ടേൽ, റസാഖ്, അബ്ദുള്ള മുതിര സ്വാഗത സംഗം കൺവീനർ ഇസ്ഹാഖ് അഞ്ചുകുന്ന് സംസാരിച്ചു.

## വൈദ്യുതി മുടങ്ങും

വെള്ളമുണ്ട: വെള്ളമുണ്ട ഇലക്ട്രിക്കൽ സെക്ഷനിൽ ലൈനിൽ സ്പേസർ വർക്ക് നടക്കുന്നതിനാൽ മംഗലശ്ശേരി മല, മനസ ട്രാൻസ്ഫോമർ പരിധിയിൽ ഇന്ന് രാവിലെ 8.30 മുതൽ വൈകിട്ട് 5.30 വരെ വൈദ്യുതി വിതരണം പൂർണ്ണമായോ ഭാഗികമായോ തടസ്സപ്പെടുമെന്ന് അസിസ്റ്റൻറ് എൻജിനീയർ അറിയിച്ചു.

മീനങ്ങാടി ഇലക്ട്രിക്കൽ സെക്ഷനിൽ 11 കെ വി ലൈനിന് സമീപമുള്ള ടച്ചിങ് ക്ലിയറൻസ് വർക്കും സ്ട്രീറ്റ് മെയിൻ കൺസ്ട്രക്ഷൻ വർക്കും നടക്കുന്നതിനാൽ ഇന്ന് രാവിലെ ഒൻപത് മുതൽ വൈകിട്ട് അഞ്ച് വരെ ചോമാടി, പനങ്കണ്ടി, കരണി ടൗൺ, എസ്.എൻ.ഡി.പി, കല്ലുവയൽ, പടാരിക്കുന്ന്, കല്ലഞ്ചിറ, തോംസൺ ക്രഷർ, താഴെ കരണി,എം കെ സോമിൽ, കീരിപ്പറ്റ ഭാഗങ്ങളിൽ ഭാഗികമായി വൈദ്യുതി മുടങ്ങും.

## സ്പോട്ട് അഡ്മിഷൻ

മേപ്പാടി: മേപ്പാടി ഗവ.പോളിടെക് നിക്കിൽ രണ്ടാം വർഷ ക്ലാസ്സുകളിലേക്കുള്ള ലാറ്ററൽ എൻട്രി പ്രവേശനത്തിന് ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ഇന്ന് രാവിലെ 10 ന് മീനങ്ങാടി ഗവ.പോളി ടെക്നിക്ക് കോളജിൽ സ്പോട്ട് അഡ്മിഷൻ നടക്കും. പ്ലസ്ടു, വി.എച്ച്.എസ്.സി, ഐ.ടി.ഐ കെ.ജി.സി.ഇ വിഭാഗത്തിൽ ലാറ്ററൽ പ്രവേശനത്തിന് അപേക്ഷിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാം. അന്നേ ദിവസം രാവിലെ 9.30 വരെ അപേക്ഷ സമർപ്പിക്കാം. രാവിലെ 9.30 മുതൽ 10 വരെ രജിസ്ട്രേഷൻ നടക്കും. എസ്.എസ്.എൽ.സി, പ്ലസ്ടു, വി.എച്ച്.എസ്.സി, ഐ.ടി.ഐ സർട്ടിഫിക്കറ്റുകൾ, ടി.സി, സ്വഭാവ സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ അഡ്മിഷൻ സമയത്ത് ഹാജരാക്കണം. പ്രവേശനം ലഭിക്കുന്ന പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ കോഷൻ ഡിപ്പോസിറ്റായി 1000 രൂപയും ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ളവർ 11000 രൂപയും അതിന് മുകളിൽ വരുമാനമുള്ളവർ 14105 രൂപയും ഓഫീസിൽ അടയ്ക്കണം. പി.ടി.എ ഫണ്ടായി 2000 രൂപയും യൂണിഫോണിന് 2000 രൂപയും നൽകേണ്ടതാണ്. ഫോൺ 04936 282095, 7012319448, 9400525435.




കമ്പളക്കാട് മദ്രസത്തുൽ അൻസാരിയ്യയിൽ മുഅല്ലിംഡേ കെ.കെ അഹമ്മദ് ഹാജി ഉദ്ഘാടനം ചെയ്യുന്നു

## മുഅല്ലിം ദിനാചരണം

കമ്പളക്കാട്: വിശ്വാസിയുടെ ജനനം മുതൽ മരണം വരെയുള്ള ഘട്ടങ്ങളിൽ ആധികാരികമായി ഇടപെടാൻ കഴിയുന്നവരാണ് പണ്ഡിതർ. പണ്ഡിത സമൂഹത്തിന്റെ ഇടപെടൽ തന്നെയാണ് നമ്മുടെ പ്രദേശങ്ങളെ നന്മയുടെ പാതയിൽ ഉറപ്പിച്ചു നിർത്തിയതെന്നും കെ.കെ അഹമ്മദ് ഹാജി പറഞ്ഞു. മദ്രസത്തുൽ അൻസാരിയ്യയിൽ മുഅല്ലിം ഡേ ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. സൗത്ത് സോൺ സെക്രട്ടറി പി.ടി അശ്റഫ് ഹാജി അദ്ധ്യക്ഷനായി. ഖത്തീബ് അബ്ദുസ്സലാം മാഹിരി വിഷയാവതരണം നടത്തി. നാട്ടിലെ ദീനീ കാര്യങ്ങൾക്ക് നേതൃത്വം നൽകിയ സി.എച്ച് ഹംസ ഹാജി, പത്തായക്കോടൻ മൊയ്തു ഹാജി, വി.പി സൂപ്പി ഹാജി, ചോലേരി ഇബ്റാഹിം മുസ്‌ലിയാർ, വാഴയിൽ അബു, കോട്ടിയാടൻ കുഞ്ഞിമുഹമ്മദ് എന്നീ വ്യക്തിത്വങ്ങളെ ആദരിച്ചു.

കെ.കെ മുത്തലിബ് ഹാജി, വി.പി ശുക്കൂർ ഹാജി, വി.പി അബ്ദുസ്സലീം സംസാരിച്ചു. സുബ്ഹി നിസ്കാരാന്തരം ടൗൺ ജുമാ മസ്ജിദ് ഖബ്ർ സ്ഥാനിൽ സിയാറത്ത് നടത്തി.

തുടർന്ന് കോംപ്ലക്സ് നഗരിയിൽ കമ്മിറ്റി ട്രഷറർ പി.സി ഇബ്രാഹിം ഹാജി പതാക ഉയർത്തി. സ്വദർ മുഅല്ലിം ഹാരിസ് ബാഖവി കമ്പളക്കാട് സ്വാഗതവും സ്റ്റാഫ് സെക്രട്ടറി റഫീഖ് യമാനി നന്ദിയും പറഞ്ഞു.

വലിയപ്പാറ: മൻഫഉൽ ഇസ്ലാം മദ്രസാ എസ് കെ എസ് ബി വി യുടെ ആഭിമുഖ്യത്തിൽ മുഅല്ലിം ഡെയും മോട്ടിവേഷൻ ക്ലാസും ആദരിക്കലും നടത്തി. മഹല്ല് ട്രഷറർ. സി.മുഹമ്മദ് കുട്ടി അധ്യക്ഷത വഹിച്ചു. മഹല്ല് ഖത്തീബ് വി.പി ഹബീബ് റഹ്മാൻ ഫൈസി ഉദ്ഘാടനം നിർവഹിച്ചു. വി.പി ഇബ്രാഹിം ഫൈസി പ്രാർത്ഥന നിർവഹിച്ചു. മോട്ടിവേഷൻ ക്ലാസിന് റിയാസ് ഫൈസി പാപ്ലശേരി നേതൃത്വം നൽകി. വി.സമദ്. കാരാട്ട് നൗഷാദ്, എ മുസ്തഫ, കെ സൈദലവി, കുഞ്ഞിമുഹമ്മദ് വടക്കൻ, കബീർ യമാനി, കെ കെ. ഹാരിസ് മൗലവി, യു.പി ജുനൈദ് അൽഅസ്ഹരി, എം നൗഷാദ് മൗലവി സംബന്ധിച്ചു. സദർ മുഅല്ലിം ഷാജഹാൻ വാഫി സ്വാഗതവും, നിഹാൽ ഇ നന്ദിയും പറഞ്ഞു.

# വന്യമൃഗശല്യം: രാത്രികാല പട്രോളിംഗ് ശക്തമാക്കണം

കൽപ്പറ്റ: വയനാട്ടിൽ കാട്ടാനയടക്കമുള്ള വന്യമൃഗശല്യം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ വനംവകുപ്പ് കൂടുതൽ നടപടികളിലേക്ക് കടക്കണമെന്നും, രാത്രികാലങ്ങളിൽ പട്രോളിംഗ് ഏർപ്പെടുത്തണമെന്നും ഡി സി സി പ്രസിഡന്റ് എൻ ഡി അപ്പച്ചൻ ആവശ്യപ്പെട്ടു. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അദ്ദേഹം സി സി എഫിന് നിവേദനം നൽകി.

വയനാട്ടിൽ സമീപകാലത്ത് മറ്റ് വന്യമൃഗങ്ങൾക്കൊപ്പം കാട്ടാനശല്യവും അതിരൂക്ഷമാണ്. എന്നാൽ കാട്ടാനയടക്കമുള്ള വന്യമൃഗശല്യത്തിന് പരിഹാരം കാണുന്നതിനായി കാര്യമായ നടപടികൾ ഒന്നുമുണ്ടാകുന്നില്ല. ഈ സാഹചര്യത്തിൽ വയനാട്ടിലെ കർഷകരടക്കമുള്ളവർ വലിയ പ്രതിസന്ധിയിലാണ്.

ജനവാസമേഖലകളിൽ കൂട്ടത്തോടെയെത്തുന്ന കാട്ടാനകളെ പേടിച്ച് ജനങ്ങൾക്ക് പുറത്തിറങ്ങാൻ സാധിക്കുന്നില്ല. വന്യമൃഗശല്യത്തിന് പരിഹാരം കാണുന്നതിനായി അത്യാധുനീകരീതിയിലുള്ള ഫെൻസിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് നിരവധിയായ സമരങ്ങളാണ് കോൺഗ്രസും, കർഷക സംഘടനകളും നടത്തിയത്. എന്നാൽ പ്രതിഷേധം ശക്തമാവുമ്പോൾ മാത്രം ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ എന്തെങ്കിലും ചെയ്തുവെന്ന് വരുത്തുക മാത്രമാണ് ചെയ്യുന്നത്. ഇത് ഒരു കാരണവശാലും അംഗീകരിക്കാനാവില്ല. ജില്ലയിൽ കാട്ടാനകൾ കൂട്ടത്തോടെയെത്തി കാർഷികവിളകൾ വ്യാപകമായി നശിപ്പിക്കുന്നതോടൊപ്പം, വീടിന് മുമ്പിൽ നിർത്തിയിട്ടിരുന്ന വാഹനവും, തൊഴുത്തും ഉൾപ്പെടെ നശിപ്പിച്ച സംഭവവുമുണ്ടായി. പട്ടാപ്പകൽ പോലും വന്യമൃഗങ്ങൾ ജനവാസമേഖലയിൽ വിഹരിക്കുകയാണ്. വനാതിർത്തിഗ്രാമങ്ങളിൽ ജനങ്ങൾക്ക് കാട്ടാനപ്പേടി കൊണ്ട് ഉറങ്ങാൻ പോലുമാവുന്നില്ല. അതുകൊണ്ട് തന്നെ വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ വനംവകുപ്പ് അടിയന്തര ശ്രദ്ധ ചെലുത്തണം.

രാത്രികാല പട്രോളിംഗിനായി വനംവകുപ്പ് ഉദ്യോഗസ്ഥരെ നിയോഗിച്ചുകൊണ്ട് ജനങ്ങളുടെ ആശങ്കയകറ്റണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. നടപടിയുണ്ടാകുന്നില്ലെങ്കിൽ കോൺഗ്രസ് അതിശക്തമായ പ്രക്ഷോഭത്തിലേക്ക് നീങ്ങുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

## നിരാഹാര സമരം നടത്തി

ഗൂഡല്ലൂർ: ക്രിമിനൽ നിയമത്തിൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന പുതിയ ഭേദഗതികളിൽ പ്രതിഷേധിച്ച് അഡ്വക്കേറ്റ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ ഗൂഡല്ലൂർ കോടതി വളപ്പിൽ നിരാഹാര സമരം നടത്തി. ജൂലൈ ഒന്നു മുതലാണ് നിയമത്തിനെതിരേ അഭിഭാഷകർ സമരം ആരംഭിച്ചത്. ഇതിന്റെ ഭാഗമായി നടന്ന ഏകദിന പ്രതീകാത്മക നിരാഹാര സമരത്തിന് അഡ്വക്കേറ്റ്സ് അസോസിയേഷൻ പ്രസിഡണ്ട് എ.സി ഷാക്കോ നേതൃത്വം നൽകി.

വൈസ് പ്രസിഡന്റ് രമേഷ്, ട്രഷറർ കലൈമണി, സെക്രട്ടറി കരുണാനിധി, മുതിർന്ന അഭിഭാഷകരായ കെ.ജെ സുരേഷ്, സന്തോഷ്, വർഗീസ്, സൈനുൽ ബാബു, മാത്യു തോമസ് പങ്കെടുത്തു. അഭിഭാഷകരായ വിപിൻ, തന്യ, സലോമി, രേഷ്മ, മഹാലക്ഷ്മി, ജിസ, സുബിൻ, സുഭാഷ്, യുകേഷ്, സജി, ശ്രീജേഷ് തുടങ്ങിയവർ നേതൃത്വം നൽകി.

## സപ്തതി കഴിഞ്ഞവർക്ക് സ്നേഹാദരം

ഇരിങ്ങാലക്കുട : അന്താരാഷ്ട്ര സഹകരണ ദിനത്തോടനുബന്ധിച്ച് വെള്ളാങ്ങല്ലൂർ പീപ്പിൾസ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സപ്തതി കഴിഞ്ഞ അംഗങ്ങൾക്ക് സ്നേഹാദരവും സൗജന്യ ക്ലിനിക്കൽ പരിശോധനയും നൽകി.
പ്രസിഡന്റ് എ.ആർ. രാമദാസ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡൻറ് എം.എസ്. കാശി വിശ്വനാഥൻ അധ്യക്ഷത വഹിച്ചു. മുതിർന്ന ഭരണസമിതി അംഗങ്ങളായ സലിം കാട്ടകത്ത്, സുരേന്ദ്ര ബാബു എന്നിവർ വയോജനങ്ങളെ ഷാൾ അണിയിച്ച് ആദരിച്ചു. രവിചന്ദ്രൻ, ആബിദ അബ്ദുൾ റഹിമാൻ, ഹരിഹരൻ, അബ്ദുൾ ഖാദർ, പി. വേലു പ്രസംഗിച്ചു.

## കെ.സി.വൈ.എം മെറിറ്റ് ഡെ

ഗുരുവായൂർ: സെന്റ് ആന്റണീസ് ചർച്ച് കെസിവൈഎം യൂണിറ്റ് സംഘടിപ്പിച്ച മെറിറ്റ് ഡെ മമ്മിയൂർ എൽ.എഫ് കോളജ് പ്രിൻസിപ്പൽ സിസ്റ്റർ ഡോ. ജെന്നി തെരാസ് ഉദ്ഘാടനം ചെയ്തു. യുദ്ധസേവ മെഡൽ ജേതാവും ബ്രിഗേഡിയറുമായ എൻ.എ.സുബ്രഹ്മണ്യൻ വിശിഷ്ടാതിഥിയായി. ഫാ.പ്രിൻറോ കുളങ്ങര അധ്യക്ഷത വഹിച്ചു. എസ്എസ്എൽസി പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർഥികളെ ആദരിച്ചു. ജെസ്റ്റോ സ്റ്റാൻലി, ബ്രദർ അലോഷ്യസ് ജോയ്, മേഴ്സിജോയ്, വി.വി. ജോസ്, സ്റ്റാൻജോ സ്റ്റാൻലി, ഇ.ജെ മേരി കാർമൽ, നവീൻ ജെറോം, പ്രാജ്യോതി ജിഷോ, ഹെയ്ൻസ് പുത്തൂർ, അഞ്ജു ജീവൻ, വിനു ചൂണ്ടൽ, എബിൻ തോംസൺ, അന്ന ലോറൻസ്, സംസൺ ചിറ്റിലപ്പിള്ളി പ്രസംഗിച്ചു.

## എൽപിജി മസ്റ്ററിങ് വാർഡ് തലത്തിൽ നടത്തണം

ഗുരുവായൂർ : എൽപിജി മസ്റ്ററിങ് വാർഡ് തലത്തിൽ നടത്താനുള്ള സംവിധാനമൊരുക്കണമെന്ന് മണ്ഡലം കോൺഗ്രസ് കമ്മിറ്റി ആവശ്യപ്പെട്ടു. വിഷയം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് കെ.സി. വേണുഗോപാൽ എംപിക്കും, പ്രതിപക്ഷ നേതാവ് വി.ഡി. സതീശനും നിവേദനം നൽകി. നൂറ് കണക്കിന് ആളുകളാണ് ദിവസവും വെയിലും മഴയും നനഞ്ഞ് ഗ്യാസ് ഏജൻസികൾക്ക് മുമ്പിൽ മണിക്കൂറുകളോളം വരി നിൽക്കുന്നതെന്ന് മണ്ഡലം പ്രസിഡൻറ് ഒ.കെ.ആർ. മണികണ്ഠൻ പരാതിയിൽ ചൂണ്ടിക്കാട്ടി.

# തൃശൂർ വാർത്തകൾ



കാലിക്കറ്റ് യൂണിവേഴ്സിറ്റി സെന്റർ വലപ്പാട് ഒന്നാം നില കെട്ടിടം ഉന്നതവിദ്യാഭ്യാസമന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യുന്നു

## കാലിക്കറ്റ് യൂണിവേഴ്സിറ്റി സെന്റർ വലപ്പാട് ഒന്നാംനില കെട്ടിടം ഉദ്ഘാടനം

വലപ്പാട്: കാലിക്കറ്റ് യൂണിവേഴ്സിറ്റി സെന്റർ വലപ്പാട് ഒന്നാം നില കെട്ടിടം ഉദ്ഘാടനം ഉന്നതവിദ്യാഭ്യാസമന്ത്രി ഡോ. ആർ. ബിന്ദു നിർവ്വഹിച്ചു.
കാലിക്കറ്റ് യൂണിവേഴ്സിറ്റി വിസി ഡോക്ടർ എം. കെ. ജയരാജൻ അധ്യക്ഷത വഹിച്ചു. യൂണി വേഴസിറ്റി അനുവധിച്ച രണ്ട് കോടി എൺപത് ലക്ഷം രൂപയിൽ നിന്നാണ് നിർമ്മാണം പൂർത്തികരിച്ചത് സിൻഡിക്കേറ്റ് മെമ്പർ ഡോ. കാവുമ്പായി ബാലകൃഷ്ണൻ, ഡോ. റിച്ചാർഡ് സ്കറിയ ഡിസ്ട്രിക്ട് പഞ്ചായത്ത് മെമ്പർ മഞ്ചുള അരുണൻ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ഷൈൻ, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജിത്ത്, എക്സിക്യൂട്ടീവ് മെമ്പർ താരാനാഥൻ മാസ്റ്റർ തുടങ്ങിയവർ ആശംസ അറിയിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി എഞ്ചിനിയർ ജയൻ പടശ്ശേരി റിപ്പോർട്ട് അവതരിപ്പിച്ചു.കോളേജ് പ്രിൻസിപ്പൾ ഡോ. തങ്കം പി. കെ. സ്വാഗതവും സ്റ്റാഫ് സെക്രട്ടറി സ്മിത കെ.ബി നന്ദിയും അറിയിച്ചു. ഡെവലപ്മെൻറ് കമ്മിറ്റി അംഗങ്ങളായ, സുഭാഷ് എ. ജി. , സി.വാസുദേവൻ, ആർ.മനാഫ്, പിടിഎ വൈസ് പ്രസിഡണ്ട് മിഷ പി. എസ് എന്നിവർ സന്നിഹിതരായി.



എം.ഐ.സി മസ്ജിദിൽ എ.എസ്.എഫ് മുഅല്ലിം ഡേ ആചരണം കോളജ് വൈസ് പ്രിൻസിപ്പൽ അഹമ്മദ് കബീർ ഫൈസി കൂമണ്ണ ഉദ്ഘാടനം ചെയ്യുന്നു

## മുഅല്ലിം ഡേ ആചരിച്ചു

തൃശൂർ : എം ഐ സി അസാസ് വിദ്യാർത്ഥി സംഘടന എ.എസ്.എഫ് മുഅല്ലിം ഡേ വർണ്ണാഭമായി എം.ഐ.സി മസ്ജിദിൽ വെച്ച് ആചരിച്ചു. കോളജ് വൈസ് പ്രിൻസിപ്പൽ അഹമ്മദ് കബീർ ഫൈസി കൂമണ്ണ ഉദ്ഘാടന കർമ്മം നിർവഹിച്ച് ദുആക്ക് നേതൃത്വം നൽകി. അസീസ് അൻവരി വിദ്യാർത്ഥികൾക്ക് സന്ദേശം കൈമാറി.ഹാരിസ് ഹുദവി, ഉസ്താദ് ആരിഫ് ഫൈസി, ഉസ്താദ് നിസാമുദ്ദീൻ നദ്‌വി, ഉസ്താദ് അജ്മൽ അശ്അരി, ഉസ്താദ് സ്വാലിഹ് മാലികി, അസാസ് പി ആർ ഒ ഉസ്താദ് അജ്മൽ എന്നിവർ സംബന്ധിച്ചു. എ എസ് എഫ് ചെയർമാൻ ഷാമിൽ എം ടി സ്വാഗതവുംഎ എസ് എഫ് ജനറൽ സെക്രട്ടറി ഖമറുദ്ദീൻ നന്ദിയും പറഞ്ഞു.

## ശിൽപശാല അവസാനിച്ചു

തൃശൂർ: വൈലോപ്പിള്ളി സ്മാരകസമിതിയുടെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾ മലയാളം അദ്ധ്യാപകർക്കായി തൃശൂർ വിവേകോദയം ഹയർസ്കൂളിൽ നടന്ന ദ്വിദിനശിൽപശാല സമാപിച്ചു. ഡോ കെ.പി. മോഹനൻ, ഗോപീകൃഷ്ണൻ, ഡോ. കാവുമ്പായി ബാലകൃഷ്ണൻ തുടങ്ങിയവർ രണ്ടാം ദിവസത്തെ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. സമാപനസമ്മേളനത്തിൽ മുഖ്യാതിഥി ആയ കെ.വി. രാമകൃഷ്ണൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പ്രൊഫ എം.ഹരിദാസ്, ഡോ ജോൺ ജോഫി , ജി.ബി. കിരൺ തുടങ്ങിയവർ പ്രസംഗിച്ചു.



മുല്ലശ്ശേരി ഗ്രാമീണ വായനശാലയുടെ നേതൃത്വത്തിൽ നടന്ന വായനാ പക്ഷാചരണ സമാപനത്തിൽ സാംസ്കാരിക പ്രവർത്തകൻ സുബ്രഹ്മണ്യൻ ഇരിപ്പശ്ശേരിയെ ആദരിക്കുന്നു

## വായനാ പക്ഷാചരണ സമാപനവും ആദരണ ചടങ്ങും സംഘടിപ്പിച്ചു

പാവറട്ടി: മുല്ലശ്ശേരി ഗ്രാമീണ വായനശാലയുടെ നേതൃത്വത്തിൽ വായനാ പക്ഷാചരണ സമാപനവും ആദരണ ചടങ്ങും നടന്നു.
സാംസ്കാരിക പ്രവർത്തകനും മാധ്യമ പ്രവർത്തതകനുമായ സുബ്രഹ്മണ്യൻ ഇരിപ്പശ്ശേരിയെയും, ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെയും, വിവിധ മേഖലകളിൽ ജേതാക്കളായ പ്രതിഭകളെയും ചടങ്ങിൽ ആദരിച്ചു. ഗുരുവായൂർ ദേവസ്വം ചുമർചിത്ര പഠന കേന്ദ്രം പ്രിൻസിപ്പാൾ എം. നളിൻ ബാബു ആദരണ ചടങ്ങ് ഉദ്ഘാടനം ചെയ്തു.
വായനശാല പ്രസിഡന്റും മുൻ പഞ്ചായത്ത് പ്രസിഡന്റുമായ സി എ ബാബു അധ്യക്ഷനായിരുന്നു. ബ്ലോക്ക് മെമ്പർ ശില്പ ഷിജു, ഗ്രാമ പഞ്ചായത്ത് മെമ്പർ ഷീബ വേലായുധൻ, പാവറട്ടി പ്രസ്സ് ഫോറം ജനറൽ സെക്രട്ടറി ബിജോയ് പെരുമാട്ടിൽ, വായനശാല ഭാരവാഹികളായ ജെയിംസ് സി എ, വത്സലൻ കെ വി , സുരേഷ് കെ എസ് , സംഗീത ഷാജു എന്നിവർ സംസാരിച്ചു.

# പി.ഭാസ്കരന്റെ ആശയം നിലനിൽക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം: സച്ചിദാനന്ദൻ

കൊടുങ്ങല്ലൂർ: പി.ഭാസ്കരന്റെ ആശയം നിലനിൽക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമെന്ന് കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് സച്ചിദാനന്ദൻ.
കേരള സംഗീത നാടക അക്കാദമിയുടെയും പി.ഭാസ്കരൻ ഫൗണ്ടേഷന്റെയും സഹകരണത്തോടെ കേരള സാഹിത്യ അക്കാദമി കൊടുങ്ങല്ലൂരിൽ സംഘടിപ്പിച്ച പി. ഭാസ്കരൻ ജന്മശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.
കേവലമായ പ്രത്യയശാസ്ത്രത്തിന്റെ ഒരുമ മാത്രമല്ല മാനവസ്നേഹം എന്ന് അദ്ദേഹം നിരന്തരം ഓർമ്മിപ്പിച്ചു. ജോലി തേടി പ്പോകുന്ന പിതാക്കൻമാരെ കുറിച്ചും അവരുടെ വിഹ്വലതകളെക്കുറിച്ചും അദ്ദേഹം പതിറ്റാണ്ടുകൾക്കു മുമ്പേ എഴുതി. നിറഞ്ഞ കണ്ണുകളാണ് പി.ഭാസ്കരന്റെ കവിതകളിലുള്ളത്. ഭാവനിയന്ത്രണമാണ് അദ്ദേഹത്തിന്റെ ശക്തി. ഹിരോഷിമയിൽ ബോംബിടാൻ വന്ന പോർ വിമാനങ്ങളെ വെള്ളി പ്രാവുകളായി സങ്കൽപ്പിച്ച കവി. 'ഓർക്കുക വല്ലപ്പോഴും' അദ്ദേഹത്തെ അനശ്വരനാക്കി. ഭാവസാന്ദ്രതയും ശിൽപസൗന്ദര്യവും സമന്വയിപ്പിച്ചു കൊണ്ടുള്ള രചനാ ശൈലി. പി.ഭാസ്കരൻ എന്ന കവിയിൽ നിന്നും ഗാനരചയിതാവിലേക്ക് വലിയ ദൂരമില്ല. അദ്ദേഹത്തിന്റെ കവിത തന്നെ സംഗീതം നിറഞ്ഞതായിരുന്നു. ദൈനംദിന ഭാഷക്കകത്ത് ശ്രുതിഭേദങ്ങളും താളങ്ങളും കണ്ടെടുക്കുകയാണ് പി. ഭാസ്കരൻ സിനിമാ ഗാനങ്ങളിലൂടെ ചെയ്തതെന്നും സച്ചിദാനന്ദൻ പറഞ്ഞു.
സ്വന്തം നിലയിൽത്തന്നെ പി.ഭാസ്കരൻ ഒരു അക്കാദമിയായിരുന്നുവെന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ നിരൂപകൻ ഇ.പി. രാജഗോപാലൻ പറഞ്ഞു. സംഗീത നാടക അക്കാദമി വൈസ് ചെയർമാൻ പുഷ്പവതി പ്രഭാഷണം നടത്തി. പി.ഭാസ്കരന്റെ 'വൃശ്ചിക രാത്രിതൻ', 'മഞ്ഞണിപ്പൂനിലാവ്', 'കടവത്ത് തോണിയടുത്തപ്പോൾ', 'ഇന്നലെ മയങ്ങുമ്പോൾ', 'ഒരു പുഷ്പം മാത്രമെൻ' തുടങ്ങിയ ഗാനങ്ങളുടെ ശകലങ്ങളും അവർ അവതരിപ്പിച്ചു.
കേരള നോളജ് ഇക്കോണമി മിഷൻ ഡയറക്ടർ ഡോ.പി.എസ്.ശ്രീകലയുടെ അധ്യക്ഷതയിൽ സെമിനാറുകൾ നടന്നു. 'പി.ഭാസ്കരന്റെ കാലം' എന്ന വിഷയത്തിൽ കേരള സംഗീത നാടക അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി പ്രഭാഷണം നടത്തി.



കൊടുങ്ങല്ലൂരിൽ സംഘടിപ്പിച്ച പി. ഭാസ്കരൻ ജന്മശതാബ്ദി ആഘോഷം സാഹിത്യ അക്കാദമി പ്രസിഡന്റ് കെ. സച്ചിദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു

പി.ഭാസ്കരൻമാഷുടെ ഗാനങ്ങളിലെ പദസംസ്കാരവും സമ്പത്തുമായി ചേർന്നുപോയ സംഗീതജ്ഞനാണ് കെ.രാഘവൻ മാസ്റ്റർ എന്നും കേരളം കണ്ട ഏറ്റവും മഹാനായ മാപ്പിളപ്പാട്ട് കവിയാണ് പി. ഭാസ്കരൻ എന്നും കരിവെള്ളൂർ മുരളി ചൂണ്ടിക്കാട്ടി. പി ഭാസ്കരൻ എന്ന കവി' എന്ന വിഷയത്തിൽ പി.എൻ.ഗോപീകൃഷ്ണൻ പ്രഭാഷണം നടത്തി.
സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ അധ്യക്ഷനായി. സെക്രട്ടറി പ്രൊഫ. സി.പി.അബൂബക്കർ, പി.ഭാസ്കരൻ ഫൗണ്ടേഷൻ ചെയർമാൻ സി.സി. വിപിൻ ചന്ദ്രൻ, സെകട്ടറി സി.എസ്.തിലകൻ, വൈസ് ചെയർമാൻ ബക്കർ മേത്തല, പ്രൊഫ.കെ.അജിത തുടങ്ങിയവർ സംബന്ധിച്ചു. പി.ഭാസ്കരൻ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ 'മഞ്ഞണിപ്പൂനിലാവ്' ഗാനസന്ധ്യയും അരങ്ങേറി.

## എസ്.ടി.യു ജില്ലാ പ്രവർത്തകസമിതി യോഗം നാളെ

തൃശൂർ: എസ്.ടി.യു തൃശൂർ ജില്ല പ്രവർത്തകസമിതി യോഗം നാളെ ചൊവ്വാഴ്ച വൈകീട്ട് മൂന്നു മണിക്ക് മുസ്‌ലിം ലീഗ് ജില്ല ലീഗ് ഓഫീസിൽ ചേരും. യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് അഡ്വക്കറ്റ് എം റഹ്മത്തുള്ള, സംസ്ഥാന ജനറൽ സെക്രട്ടറി കെ പി മുഹമ്മദ് അഷറഫ് , നിരീക്ഷകൻ എം.എം ഹമീദ് ,ജില്ല നിരീക്ഷകൻ പി പി കെ അബൂബക്കർ എന്നിവർ പങ്കെടുക്കുമെന്ന് ജില്ലാ ജനറൽ സെക്രട്ടറി വി പി മൻസൂർ അറിയിച്ചു.

## സാണ്ടർ കെ തോമസ് അനുസ്മരണം

ഇരിങ്ങാലക്കുട : സോഷ്യലിസ്റ്റ് നേതാവും പരിസ്ഥിതി പ്രവർത്തകനുമായിരുന്ന ജനതാദൾ മുൻ സംസ്ഥാന സെക്രട്ടറി സാണ്ടർ കെ തോമസിൻറെ പന്ത്രണ്ടാമത് അനുസ്മരണം മന്ത്രി ഡോ.ആർ ബിന്ദു. ഉദ്ഘാടനം ചെയ്തു. ആർജെഡി സംസ്ഥാന ജനറൽ സെക്രട്ടറി യൂജിൻ മോറേലി അധ്യക്ഷത വഹിച്ചു. കേരള ഫീഡ്സ് ചെയർമാൻ കെ ശ്രീകുമാർ, ക്രൈസ്റ്റ് കോളെജ് മാനേജർ ഫാ.ജോയ് പീണിക്കപറമ്പിൽ, പി.ടി ജോർജ്, തോമസ് ചേനത്തുപറമ്പിൽ, ഡോ.കെ.പി ജോർജ്ജ്, തിരക്കഥാകൃത്ത് സിബി കെ തോമസ് പ്രസംഗിച്ചു.

## തീരദേശ ഹൈവേ ജനങ്ങളുടെ ആശങ്ക അകറ്റണം: മുസ്‌ലിംലീഗ്

മതിലകം: തീരദ്ദേശ ഹൈവേയുടെ അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട് അഴീക്കോട്, എറിയാട്, എടവിലങ്ങ് മേഖലകളിലെ ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ആശങ്ക ഗവണ്മന്റ് അകറ്റണമെന്നും, ജനസാന്ദ്രത ഏറെയുള്ള ഈ പ്രദേശങ്ങളിൽ, സാധാരണക്കാരായ ജനങ്ങളുടെ ആശ്രയമായ വിദ്യാലയങ്ങളും, തൊഴിൽ സ്ഥാപനങ്ങളും വീടുകളും ജീവിത മാർഗ്ഗമായ കച്ചവട സ്ഥാപനങ്ങളും, ആരാധാനാലയങ്ങളും, സംരക്ഷിച്ച് കൊണ്ടുള്ള വികസനമാണ് പ്രദേശത്ത് വേണ്ടതെന്നും മുസ്‌ലിം ലീഗ് കയ്പമംഗലം നിയോജക മണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു
വികസനത്തിന്റെ പേരിൽ ജനങ്ങൾ കുടിയിറക്കപെട്ട് വഴിയാധാരമാവുന്ന അവസ്ഥ സൃഷ്ടിക്കരുത് ദീർഘവീക്ഷണത്തോടെയും, ക്രിയാത്മകവുമായ വികസനമാണ് നാടിനാവശ്യമെന്ന് മുസ്ലിം ലീഗ് നിയോജക മണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു.
യോഗത്തിൽ പ്രസിഡന്റ് എ സ്.എ. സിദ്ധീഖ് അധ്യക്ഷത വഹിച്ചു. തദ്ദേശ തെരെഞ്ഞെടുപ്പിന് പാർട്ടിയെ സജീവമാക്കുവാൻ വാർഡ് തലങ്ങളിൽ ജനത ദർബാർ സംഘടിപ്പിക്കുവാനും തീരുമാനിച്ചു. നിയോജക മണ്ഡലം ജനറൽ സെക്രട്ടറി കെ.എം.ഷാനീർ , ട്രഷറർ ടി.കെ.ഉബൈദു, നേതാക്കളായ അബ്ദുൾ കരീം മൗലവി, കെ.എ.അഷ്റഫ് ,സെയ്തു ഹാജി, പി.എ.മൊയ്തു, സലീം പുറക്കുളം, കെ.കെ.സഗീർ എന്നിവർ പ്രസംഗിച്ചു.
ദളിത് പിന്നോക്ക വിഭാഗങ്ങളുടെ, അവകാശ സംരക്ഷണ പോരട്ടങ്ങൾക്ക് നേതൃത്വം നൽകിയ എ.പി. ഉണ്ണികൃഷ്ണന്റെ വിയോഗത്തിൽ മുസ്ലിം ലീഗ് കയ്പമംഗലം നിയോജക മണ്ഡലം കമ്മിറ്റി അനുശോചനം രേഖപെടുത്തി.

## ഞാറ്റുവേല ചന്ത സംഘടിപ്പിച്ചു

തളിക്കുളം: ഗ്രാമപഞ്ചായത്ത് കൃഷിഭവനും കുടുംബശ്രീയും സംയുക്തമായി ഞാറ്റുവേല ചന്തയും കർഷക സഭകളും സംഘടിപ്പിച്ചു. തളിക്കുളം ഗവൺമെന്റ് ഹൈസ്കൂളിൽ വച്ച് സംഘടിപ്പിച്ച ചടങ്ങ് തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ സി പ്രസാദ് ഉദ്ഘാടനം നിർവഹിച്ചു. തളിക്കുളം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി കെ അനിത ടീച്ചർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം കെ ബാബു, വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എ. എം. മെഹബൂബ്, ക്ഷേമകാര്യ സ്റ്റാൻഡ് കമ്മിറ്റി ചെയർപേഴ്സൺ ബുഷറ അബ്ദുൽ നാസർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ കല ടീച്ചർ, ഭഗീഷ് പൂരാടൻ, ലിന്റ സുഭാഷ് ചന്ദ്രൻ, മെമ്പർമാരായ കെ കെ സൈനുദ്ദീൻ, സന്ധ്യാ മനോഹരൻ, ഷാജി ആലുങ്ങൽ, വിനയ പ്രസാദ്, ഷിജി സി കെ, കൃഷി ഓഫീസർ അഞ്ജന ടി ആർ, തളിക്കുളം കുടുംബശ്രീ ചെയർപേഴ്സൺ മീന രമണൻ എന്നിവർ സംസാരിച്ചു.

## പാവറട്ടി സർവ്വീസ് സഹകരണ സംഘം തിരഞ്ഞെടുപ്പ്; യു.ഡി.എഫ് സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു

പാവറട്ടി: ജൂലൈ 28 ന് നടക്കുന്ന പാവറട്ടി സർവ്വീസ് സഹകരണ സംഘം തിരഞ്ഞെടുപ്പിൽ ഐക്യ ജനാധിപത്യ സഹകരണ മുന്നണി സ്ഥാനാർത്ഥികളെ പ്രഖ്യപിച്ചു.
എ.സി വർഗീസ്,എ.ടി. ആന്റോ മാസ്റ്റർ, സലാം വെന്മേനാട്, ജിനീഷ് വയനാടൻ, സി.കെ. തോബിയാസ്, സെബാസ്റ്റ്യൻ ഒ.ജെ, നൂറുദ്ധീൻ എവി,ഷിജു വിളക്കാട്ട്പാടം, മീര ജോസ്, സിന്ധു അനിൽ കുമാർ, ധന്യ സിബിൽ എന്നിവരാണ് സ്ഥാനാർത്ഥികൾ.
പാവറട്ടി ജോളീവില്ല കൺവെൻഷൻ സെന്ററിൽ നടന്ന കൺവെൻഷൻ ബ്ലോക്ക് കോൺഗ്രസ്സ് വൈസ് പ്രസിഡന്റ് സലാം വെന്മേനാട് ഉദ്ഘാടനം ചെയ്തു, മണ്ഡലം വൈസ് പ്രസിഡന്റ് കെ.സി.അബദുള്ള അധ്യക്ഷനായി. മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറി അഡ്വ. വി.എം മുഹമ്മദ് ഗസ്സാലി മുഖ്യപ്രഭാഷണം നടത്തി. കേരള കോൺഗ്രസ്സ് ജില്ലാ ജനറൽ സെക്രട്ടറി എൻ.ജെ. ലിയോ, എ സി . ജോർജ്, എൻ.കെ. അബ്ദുൽ കാദർ മാസ്റ്റർ, എൻ എ അബ്ദു റഹ്മാൻ, പഞ്ചായത്ത് മെമ്പർമാരായ ജെറോം ബാബു, ജോസഫ് ബെന്നി, സുബ്രമണ്യൻ ടി.കെ, സുനിത രാജു, ഐക്യ ജനാധിപത്യ മുന്നണി നേതാക്കളായ കമാലുദ്ധീൻ തോപ്പിൽ, എ സി . വർഗീസ്, ഉമ്മർ സലിം, അനിൽകുമാർ എം കെ, ഡേവീസ് പുത്തൂർ, ഷിനി തറയിൽ, അഡ്വക്കേറ്റ് ജോബി ഡേവിഡ് സ്വാഗതവും, ജെറോം ബാബു നന്ദിയും പറഞ്ഞു. തിരഞ്ഞെടുപ്പ് പ്രവർത്തനത്തിന് 51 അംഗ കമ്മിറ്റിക്ക് രൂപം നൽകി. രക്ഷാധികാരികളായി ഒ.ജെ. ഷാജൻ മാസ്റ്റർ, കെ.സി അബ്ദുള്ള, എ.സി ജോർജ്, എൻ. കെ. അബ്ദുൽ കാദർ മാസ്റ്റർ, ചെയർമാൻ അഡ്വ. ജോബി ഡേവിഡ്, വർക്കിംങ് ചെയർമാൻ അബ്ദുൽ റഹിമാൻ, ജനറൽ കൺവീനർ എൻ .ജെ . ലിയോ, ട്രഷറർ കമാലുദ്ധീൻ തോപ്പിൽ എന്നിവരെ തിരഞ്ഞെടുത്തു.



പാവറട്ടി ജോളീ വില്ലയിൽ നടന്ന ഐക്യ ജനാധിപത്യ സഹകരണ മുന്നണി കൺവെൻഷൻ കോൺഗ്രസ്സ് ബ്ലോക്ക് കമ്മിറ്റി പ്രസിഡന്റ് സലാം വെന്മേനാട് ഉദ്ഘാടനം ചെയ്യുന്നു




കൊരട്ടി: 590-ാം നമ്പർ സർവ്വീസ് സഹകരണ സംഘത്തിലേക്കുള്ള യു.ഡി.എഫ് സഹകരണ ജനാധിപത്യ മുന്നണിയുടെ തിരഞ്ഞെടുപ്പ് കൺവെൻഷൻ ബെന്നി ബെഹനാൻ എം.പി ഉദ്ഘാടനം ചെയ്യുന്നു

## കൊരട്ടി സർവ്വീസ് സഹകരണ സംഘം യു.ഡി.എഫ് തിരഞ്ഞെടുപ്പ് കൺവെൻഷൻ

കൊരട്ടി: 590-ാം നമ്പർ സർവ്വീസ് സഹകരണ സംഘത്തിലേക്കുള്ള യു.ഡി.എഫ് നേതൃത്വം നൽകുന്ന സഹകരണ ജനാധിപത്യ മുന്നണിയുടെ തിരഞ്ഞെടുപ്പ് കൺവെൻഷൻ കൊരട്ടി അന്നംവളപ്പി ടവറിൽ നടത്തി.
കൺവെൻഷൻ ബെന്നി ബഹനാൻ എം.പി. ഉദ്ഘാടനം ചെയ്തു. സനീഷ്കുമാർ ജോസഫ് എം.എൽ.എ അധ്യക്ഷനായി. രമ്യ ഹരിദാസ് മുഖ്യപ്രഭാഷണം നടത്തി. കെ.പി.സി.സി അംഗം ഷോൺ പല്ലിശ്ശേരി, ബ്ലോക്ക് പ്രസിഡന്റമാരായ വി.ഒ പൈലപ്പൻ, എം. ഡി ഡേവിസ്, യുഡിഎഫ് ചെയർമാൻ സി. ജി ബാലചന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വേണു കണ്ടരുമഠത്തിൽ, ഡി.സി.സി സെക്രട്ടറിമാരായ ജെയിംസ് പോൾ, പി. കെ ഭാസി, യുഡിഎഫ് കൺവീനർ ഒ. എസ് ചന്ദ്രൻ, മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറി അബ്ദുൽ മജീദ്, യൂത്ത് കോൺഗ്രസ് നിയോജക മണ്ഡലം പ്രസിഡന്റ് ലിൻസൺ നടവരമ്പൻ, മണ്ഡലം പ്രസിഡന്റ് ലീല സുബ്രഹ്മണ്യൻ, ഫിൻസോ തങ്കച്ചൻ, ജോബി മാനുവൽ എന്നിവർ പ്രസംഗിച്ചു. യു.ഡി.എഫിന്റെ നേതൃത്വത്തിലുള്ള 13 അംഗ സ്ഥാനാർത്ഥികളെ വിജയിപ്പിക്കുവാൻ 101 അംഗകമ്മിറ്റിയെ യോഗം തിരഞ്ഞെടുത്തു.

## എം.എസ്.എസ് മദ്ധ്യ മേഖല സമ്മേളനം വിജയിപ്പിക്കും

പുതിയകാവ് :എം എസ് എസ് മദ്ധ്യ മേഖല സമ്മേളനം ജൂലൈ 28 ചാവക്കാട് മുതുവട്ടൂർ രാജഹാളിൽ വെച്ച് നടക്കുന്നതിനോട് അനുബന്ധിച്ചുള്ള വനിത സമ്മേളനം വിജയിപ്പിക്കാൻ പുതിയകാവ് മദ്രസ ഹാളിൽ വെച്ച് നടന്ന ലേഡീസ് വിംഗ് ജില്ലാ കമ്മിറ്റി തീരുമാനിച്ചു. യോഗം എം എസ് എസ് സ്റ്റേറ്റ് വൈസ് പ്രസിഡന്റ് നിസാമുദ്ധീൻ ഉദ്ഘടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ബേബി സാജിത ബഷീർ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി ജുമൈല ജസീൽ സ്വാഗതം പറഞ്ഞു. ജില്ലാ വൈസ് പ്രസിഡന്റ് ജുമൈറ അംജദ്, ജോയിന്റ് സെക്രട്ടറി വഹീദ്ദ ബദറുദ്ധീൻ, മുൻ സംസ്ഥാന പ്രസിഡന്റ് ഹാജി പി. വി അഹമ്മദ് കുട്ടി, ജില്ലാ പ്രസിഡന്റ് കെ എസ് അബ്ദുൽ ബഷീർ, ജില്ലാ സെക്രട്ടറി എം പി ബഷീർ, ഗുലാം മാസ്റ്റർ, ലേഡീസ് വിംഗ് കൺവീനർ അംജദ് കാട്ടകത്ത്, യൂത്ത് വിംഗ് പ്രസിഡന്റ് സകരിയ, യൂത്ത് വിംഗ് ജില്ലാ സെക്രട്ടറി ജസീൽ പികെ എന്നിവർ പങ്കെടുത്തു. ജില്ലാ ട്രഷറർ ബീന കാട്ടകത്ത് നന്ദി പറഞ്ഞു.



എറിയാട് സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ മഹാത്മാഗാന്ധി എഡ്യുക്കേഷൻ എക്സലൻസി അവാർഡ്ദാന ചടങ്ങ് ബെന്നി ബെഹന്നാൻ എം പി. ഉദ്ഘാടനം ചെയ്യുന്നു

## വിദ്യാർത്ഥികൾ മൂല്യ ബോധമുള്ളവരായി വളരണം: ബെന്നി ബെഹന്നാൻ

കൊടുങ്ങല്ലൂർ: വിദ്യാർത്ഥികൾ മൂല്യ ബോധമുള്ളവരായി വളരണം വിദ്യാഭ്യാസ മേഖലയിലെ മൂല്യച്യുതികൾ വർധിക്കുകയാണെന്നും അതിനെതിരെ വിദ്യാർത്ഥികൾ ജാഗ്രത പുലർത്തണമെന്നും ബെന്നി ബെഹന്നാൻ എം പി. എറിയാട് സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ നടന്ന മഹാത്മാഗാന്ധി എഡ്യുക്കേഷൻ എക്സലൻസി അവാർഡ്ദാന ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.
ചടങ്ങിൽ ബാങ്ക് പ്രസിഡന്റ് പി എസ് മുജീബ് റഹ്മാൻ അദ്ധ്യക്ഷത വഹിച്ചു. എം ഇ എസ് അസ്മാബി കോളേജ് പ്രിൻസിപ്പൽ ഡോ. റീന മുഹമ്മദ് മുഖ്യാത്ഥിയായി. കാർഷിക വികസന ബാങ്ക് പ്രസിഡന്റ് ടി എം നാസർ, മുൻ ബാങ്ക് ഡയറക്ടർ പി എച്ച് മഹേഷ്, ജില്ലാ സഹകരണ ആശുപത്രി ഡയറക്ടർ പിബി മൊയ്തു, ബാങ്ക് ഡയറക്ടർ പി എ മുഹമ്മദ് സഗീർ, ബാങ്ക് വൈ. പ്രസിഡന്റ് അഡ്വ: കെ.കെ സക്കീർ ഹുസൈൻ, പെൻഷനേഴ്സ് സഹകരണ സംഘം പ്രസിഡന്റ് ടി എം കുഞ്ഞു മൊയ്തീൻ, മുസിരിസ് കോ-ഒപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റ് ബഷീർ കൊണ്ടാമ്പുള്ളി, എറിയാട് പഞ്ചായത്ത് പാർലമെന്ററി പാർട്ടി ലീഡർ പി കെ മുഹമ്മദ്, കെ സി ഇ എഫ് സംസ്ഥാന കൗൺസിൽ അംഗം സിപി തമ്പി, മുൻ ബാങ്ക് പ്രസിഡന്റ് പിബി അബ്ദു, പി എം നജീബ് റഹ്മാൻ, അജേഷ് തൈത്തറ, നസീമ സിദ്ധീഖ്, എ എസ് റാഫി തുടങ്ങിയവർ സംസാരിച്ചു.

## ബോട്ടണി അധ്യാപക ഒഴിവ്

പുല്ലൂറ്റ്: കെ.കെ.ടി.എം ഗവ. കോളജിൽ ബോട്ടണി വിഭാഗത്തിൽ അതിഥി അധ്യാപക ഒഴിവുണ്ട്. കോളജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഗസ്റ്റ് പാനലിൽ രജിസ്റ്റർ ചെയ്തവർ വയസ്, യോഗ്യത, പ്രവൃത്തിപരിചയം തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂലൈ 12ന് രാവിലെ 10ന് നടക്കുന്ന കൂടിക്കാഴ്ചയിൽ പങ്കെടുക്കണം. അപേക്ഷകർ ബയോഡാറ്റ യീസേസരാണ്ടഴാമശഹ.രീാ ഇ-മെയിലിൽ ലഭ്യമാക്കണം. ഫോൺ: 0480 2802213.

## കദളിക്കാട് ഉണ്ണികൊലക്കേസ്: പ്രതിയെ വെറുതെവിട്ടു

മൂവാറ്റുപുഴ: കദളിക്കാട് ഉണ്ണികൊലക്കേസിൽ പ്രതിയെ വെറുതെവിട്ട് മൂവാറ്റുപുഴ അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതി. കദളിക്കാട് കൊത്തളത്തിൽ ഉണ്ണി (32) കൊലചെയ്യപ്പെട്ട കേസിലാണ് പ്രതിയെന്ന് സംശയിക്കുന്ന ജ്യേഷ്ഠനെ തെളിവുകളുടെയും സാക്ഷി മൊഴികളുടെയും അഭാവത്തിൽ സംശയത്തിന്റെ ആനുകൂല്യത്തിൽ അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതി ജഡ്ജി ടോമി വർഗ്ഗീസ് വെറുതെവിട്ടത്. 2019 ജനുവരി 21നാണ് കേസിനാസ്പദമായ സംഭവം. രാത്രി വീട്ടിലെത്തിയ പ്രതി ഉണ്ണിയെ കൊലപ്പെടുത്തുക എന്ന് ഉദ്ദേശത്തോടെ കത്രിക കൊണ്ട് നെഞ്ചിൽ കുത്തി പരിക്കേൽപ്പിക്കുകയായിരുന്നെന്നാണ് പ്രതിക്കെതിരെയുള്ള കേസ്. ഉടൻതന്നെ ഉണ്ണിയെ തൊടുപുഴയിലെ ജില്ല ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും രക്ഷിക്കാനായിരുന്നില്ല. പ്രതിക്കുവേണ്ടി അഡ്വ. എം.പി നിഷാദ് ഹാജരായി.

## കെ.എസ്.ആർ.ടി.സി സർവ്വീസ് നിർത്തിയതിൽ പ്രതിഷേധം

കോതമംഗലം: ഡിപ്പോയിൽ നിന്ന് തിരുവനന്തപുരത്തേക്കുള്ള കെ.എസ്.ആർ.ടി.സി എക്സ്പ്രസ് സർവീസ് നിർത്തി വെച്ചതിൽ വ്യാപക പ്രതിഷേധം. രാവിലെ 6.30 ന് പുറപ്പെടുന്ന എക്സ്പ്രസ് ആണ് നിർത്തിയത്. കഴിഞ്ഞ ഒരു മാസത്തോളം ആയി ഈ സർവീസ് നടത്തുന്നില്ല. ഈ ബസ്സ് വേറെ ഡിപ്പോയിലേക്ക് മാറ്റിയതായി അറിയുന്നത്. ഹൈറേഞ്ചിൽ നിന്ന് ഉള്ളവർക്കും കോതമംഗലത്തുള്ളവർക്കും തലസ്ഥാനത്ത് സെക്രട്ടറിയേറ്റ് ഉൾപ്പെടെയുള്ള സർക്കാർ ഓഫീസുകൾക്കില്ലേക്ക് കുറഞ്ഞ സമയത്തിനുള്ളിൽ എത്തിച്ചേരുന്നതിനുള്ള ഏക ആശ്രയമായിരുന്നു ഈ സർവ്വീസ്. ഏതാണ്ട് 50വർഷം മുൻപ് കോതമംഗലം എംഎൽഎ ആയിരുന്ന റ്റി എം ജേക്കബ് ആരംഭിച്ച ഈ എക്സ്പ്രസ് കോതമംഗലം ഡിപ്പോയിലേക്ക് തിരിച്ചു നൽകണമെന്നും സർവ്വീസ് പുനരാരംഭിക്കുവാൻ എംഎൽഎ ഉൾപെടെയുള്ളവർ ഇടപെടണമെന്നുമാണ് ജനങ്ങൾ ആവശ്യപെടുന്നത്.

**എറണാകുളം വാർത്തകൾ**

## ഓൺലൈൻ ടാക്സികളുടെ കടന്നുകയറ്റത്തിനെതിരെ പ്രതിഷേധ യോഗം

നെടുമ്പാശേരി: ഓൺലൈൻ ടാക്സികളുടെ അക്രമത്തിനും,കടന്നുകയറ്റത്തിനുമെതിരെ സിയാൽ ടാക്സി ബെനഫിഷറീസ് ഓർഗനൈസേഷൻ പ്രതിഷേധയോഗം സംഘടിപ്പിച്ചു. യോഗം ജനറൽ സെക്രട്ടറി അഡ്വ. കെ കെ ഷിബു ഉദ്ഘാടനം ചെയ്തു. സിയാലിന്റെ നിർമ്മാണത്തിന്കുടിയൊഴിപ്പിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ പുനരധിവാസ പാക്കേജ് പ്രകാരം ടാക്സി സർവ്വീസ് നടത്തുന്നതിന് അവകാശം ലഭിച്ച 650 ഓളം ടാക്സികളാണ് സിയാലിൽ സർവ്വീസ് നടത്തുന്നത്. ഏതാനും മാസം മുമ്പ് ടാക്സി വാഹനങ്ങൾക്ക് എയർപോർട്ടിനകത്ത് പ്രവേശിക്കുന്നതിന് പാർക്കിങ് ഫീസ് നിർബന്ധമാക്കിയതിനാൽ യാത്രക്കാരെ ഇറക്കാൻ വരുന്ന ഡ്രൈവർമാർ വാഹനങ്ങൾ പാർക്ക് ചെയ്ത് എയർപോർട്ട് ടാക്സികൾക്ക് ലഭിക്കേണ്ട ട്രിപ്പുകൾ തട്ടിയെടുക്കാൻ ശ്രമിക്കുന്നതാണ് എയർപോർട്ട് ടാക്സി ഡ്രൈവർമാരും ഓൺലൈൻ ടാക്സി ഡ്രൈവർമാരും തമ്മിൽ തർക്കത്തിനിടയാക്കുന്നതെന്ന് യോഗം ആരോപിച്ചു. യോഗത്തിൽ പ്രസിഡന്റ് അഡ്വ. ബി എ അബ്ദുൾ മുത്തലീബ് അധ്യക്ഷനായി. വൈസ് പ്രസിഡന്റ് എം എൻ ഗോപി, അങ്കമാലി നഗരസഭ സ്ഥിരം സമിതി അധ്യക്ഷൻ ടി വൈ ഏല്യാസ്, ടാക്സി വെൽഫെയർ സൊസൈറ്റി പ്രസിഡന്റ് പി ജെ ജോയി, സംഘടനാ ഭാരവാഹികളായ ടി വൈ എൽദൊ, പി എ ഡേവിസ്, എ ഒ തോമസ്, ടി കെ ബിനു, വി യു സിബി, എൽദോ യോഹന്നാൻ, വിനോദ് ചന്ദ്രൻ എന്നിവർ സംസാരിച്ചു.




*സിയാൽ ടാക്സി ഓർഗനൈസേഷൻ നേതൃത്വത്തിൽ നടന്ന പ്രതിഷേധ യോഗം അഡ്വ. കെ കെ ഷിബു ഉദ്ഘാടനം ചെയ്യുന്നു.*

## മധുരംമാതൃത്വം പദ്ധതി

ശ്രീമൂലനഗരം: പഞ്ചായത്തിൽ സ്ത്രീകൾക്ക് ഗർഭാവസ്ഥ മുതൽ പ്രസവരക്ഷ വരെയുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ പഞ്ചായത്ത് ഫണ്ടു പയോഗിച്ച് നടപ്പിലാക്കുന്ന മധുരം മാതൃത്വം പദ്ധതിയുടെയും പകർച്ചവ്യാധികൾ ഒഴിവാക്കുന്നതിനായി കൊതുക് നിർമ്മാർജ്ജനത്തിനു പകരിക്കുന്ന അപരാജിത ധൂമ ചൂർണ്ണം വിതരണ പദ്ധതിയുടെയും ഉദ്ഘാടനം നടത്തി. പഞ്ചായത്ത് പ്രസിഡൻറ് വി.എം ഷംസുദ്ദീൻ ചൂർണ വിതരണ പദ്ധതിയുടെയും, ജില്ലാപഞ്ചായത്ത് ഫണ്ടുപയോഗിച്ച് സ്ത്രീകൾക്ക് പ്രസവരക്ഷയ്ക്കാ വശ്യമായ മരുന്നുകൾ ലഭ്യമാക്കുന്ന മാതൃവന്ദനം പദ്ധതി ജില്ലാപഞ്ചായത്ത് സ്ഥിരം സമിതിയധ്യക്ഷൻ എം. ജെ ജോമിയും നിർവഹിച്ചു. പുതിയ പദ്ധതിമുഖേന 2000 രൂപയോളം വിലവരുന്ന ആയുർവേദ മരുന്നുകളും, ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ആയിരം രൂപയോളം വില വരുന്ന മരുന്നുകളുമാണ് ഗർഭിണികൾക്കും പ്രസവിച്ച് കിടക്കുന്ന അമ്മമാർക്കും ലഭ്യമാക്കുന്നത്. ബ്ലോക്ക് പഞ്ചായത്തം ഗം സിനി ജോണി, പഞ്ചായത്ത് വൈസ് പ്രസിഡൻറ് സിന്ധു പാറപ്പുറം, അംഗങ്ങളായ എൻ. സി ഉഷാകുമാരി,കെ. സി മാർട്ടിൻ,കെ.പി അനൂപ്,കെ.പി സുകുമാരൻ,സിൽവി ബിജു,സിമി ജിജോ, ജാരിയ കബീർ,മീന വേലായുധൻ, ഹോമിയോ മെഡിക്കൽ ഓഫീസർ അഭിജിത്ത്, ആയുർവേദ മെഡിക്കൽ ഓഫീസർ നിഷ സി.മാധവൻ എന്നിവർ സംസാരിച്ചു.



*ശ്രീമൂലം പഞ്ചായത്തിൽ ആരംഭിച്ച ക്ഷേമ പദ്ധതികളുടെ ഉദ്ഘാടനം പ്രസിഡൻറ് വി.എം ഷംസുദ്ദീനും ജില്ലാപഞ്ചായത്തംഗം എം.ജെ ജോമിയും ചേർന്ന് നിർവഹിക്കുന്നു*

## ഞാറ്റുവേല ചന്ത ആരംഭിച്ചു

കാലടി: മലയാറ്റൂർ പഞ്ചായത്ത് കൃഷിഭവന്റെ നേതൃത്വത്തിൽ കർഷകസഭയും ഞാറ്റുവേല ചന്തയുമൊരുക്കി. പഞ്ചായത്ത് പ്രസിഡൻറ് വിൻസൻ കോയിക്കര ഉൽഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ലൈജി ബിജു അധ്യക്ഷത വഹിച്ചു. സ്ഥിരംസമിതിയ ധ്യക്ഷരായ സെലിൻ പോൾ, ഷിൽബി ആന്റണി, അംഗങ്ങളായ ജോയ്സൻ ഞാളിയൻ, ബിജി സെബാസ്റ്റ്യൻ, സഹകരണ ബാങ്ക് പ്രസിഡന്റ് കെ. ജെ പോൾ മാസ്റ്റർ,കൃഷി ഓഫീസർ പോൾസൻ തോമസ്, കൃഷി അസ്സിസ്റ്റന്റുമാരായ പി.ബിനോയ്,രഞ്ജു രാജൻ,അംഗിത് ബാബു എന്നിവർ സംസാരിച്ചു. കുരുമുളക് തൈ, വെന്തിതൈ,ടിഷ്യു റോബസ്റ്റ,ടിഷ്യു പാളയൻകോടൻ എന്നിവയാണ് കർഷകർക്കായി വിതരണം ചെയ്തത്.

പെരുമ്പാവൂർ : കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിൽ ഞാറ്റുവേല ചന്തയും കർഷകസഭയും സംഘടിപ്പിച്ചു. ഞാറ്റുവേല ചന്തയുടെ ഉദ്ഘാടനം അഡ്വ. എൽദോസ് കുന്നപ്പിള്ളി എംഎൽഎ നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ റ്റി അജിത് കുമാർ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡണ്ട് അംബിക മുരളീധരൻ, മുടക്കുഴ പഞ്ചായത്ത് പ്രസിഡന്റ് പി പി അവറാച്ചൻ, ബ്ലോക്ക്മെമ്പർമാരായ സി ജെ ബാബു, അനു അബീഷ്, ലതാഞ്ജലി മുരുകൻ, രാജേഷ് എം കെ, പി ആർ നാരായണൻ നായർ,ഷോജാ റോയ്, ഡെയ്സി ജെയിംസ്, എ ഡി എ സിബി, ബി ഡി ഒ സജി പീറ്റർ എന്നിവർ സംസാരിച്ചു.




*കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് ഞാറ്റുവേല ചന്തയുടെ ഉദ്ഘാടനം അഡ്വ. എൽദോസ് കുന്നപ്പിള്ളി എംഎൽഎ നിർവഹിക്കുന്നു*

## അഡ്മിഷൻ

കൊച്ചി: കളമശരി ഗവ.വനിത ഐടിഐയിൽ ഓഗസ്റ്റിൽ ആരംഭിക്കുന്ന അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ തുടരുന്നു. അപേക്ഷകൾ ഓൺലൈനായും ഐടിഐ വെബ്സൈറ്റിലെ ലിങ്ക് മുഖേനയും സമർപ്പിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 12. സമർപ്പിച്ച അപേക്ഷയുമായി ഏറ്റവും അടുത്തുള്ള സർക്കാർ ഐ.ടി.ഐയിൽ എത്തി വെരിഫിക്കേഷൻ പൂർത്തീകരിക്കേണ്ടതിനുള്ള അവസാന തീയതി ജൂലൈ 15. വിശദ വിവരങ്ങൾക്ക്: 0484 2544750.

# വഴിയില്ല, വലഞ്ഞ് നാട്ടുകാർ

## കൂവപ്പടിയിലേക്ക് റോഡ് നിർമ്മിക്കണമെന്ന് ആവശ്യം

പെരുമ്പാവൂർ: ഈസ്റ്റ് ഒക്കൽ മസ്ജിദിന് മുന്നിലൂടെ കൂവപ്പടിയിലേക്ക് റോഡ് വേണമെന്ന ആവശ്യമുയരുന്നു. നിലവിൽ അപകടാവസ്ഥയിലായതും വീതി കുറഞ്ഞതുമായ അക്വഡേറ്റാണ് വഴി. സൈക്കിൾ പോലും കടന്നുപോകാൻ ഇടമില്ലാത്താണ് അക്വഡേറ്റ്. നൂറ് കണക്കിന് വിദ്യാർഥികൾ ഉൾപ്പടെയുള്ളവർ ജീർണിച്ച് ഏത് സമയത്തും നിലംപൊത്താറായ കാലപ്പഴക്കം ചെന്ന അക്വഡേറ്റിന് മുകളിലൂടെയാണ് സഞ്ചരിക്കുന്നത്. നിത്യേന മസ്ജിദിൽ പ്രാർഥനക്ക് എത്തുന്നവരും മൂന്ന് അംഗനവാടികളിലേക്കും, ചേരാനല്ലൂർ ഹയർ സെക്കൻഡറി സ്കൂൾ, കൂവപ്പടി പോളിടെക്നിക് എന്നിവിടങ്ങളിലേക്കും അമ്പലങ്ങളിലേക്കും ദേവാലയത്തിലേക്കും കൂവപ്പടിയിൽ നിന്ന് ഒക്കൽ എസ്.എൻ.എച്ച്.എസ്. സ്കൂളിലേക്കും ഇതിലെയാണ് ആളുകൾ പോകുന്നത്. അക്വഡേറ്റിന് തഴെ കൂവപ്പടി പഞ്ചായത്തും ഒക്കൽ പഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കുന്ന സൗകര്യപ്രദമായ വഴിയൊരുക്കിയാൽ നിരവധി കുടുംബങ്ങൾക്ക് എളുപ്പ മാർഗമാകും. 60 വർഷം മുമ്പ് സർക്കാർ സ്വകാര്യ വ്യക്തികളിൽ നിന്ന് പൊന്നും വിലക്ക് വാങ്ങിയ അക്വഡേറ്റിന് താഴെയുള്ള സ്ഥലത്തിലൂടെ ബൈപ്പാസ് റോഡ് നിർമിച്ചാൽ പെരുമ്പാവൂർ, കാലടി, അങ്കമാലി മേഖലകളിലേക്കും, വിനോദ സഞ്ചാര കേന്ദ്രങ്ങളായ കോടനാട് ആനക്കളരി, കപ്രിക്കാട്, പ്രസിദ്ധമായ മലയാറ്റൂർ പള്ളി, കുറുപ്പംപടി തുടങ്ങിയ സ്ഥലങ്ങളിലേക്കും ഏകദേശം 15 കിലോമീറ്ററോളം എളുപ്പത്തിൽ യാത്രചെയ്യാൻ സാധിക്കുമെന്ന് പ്രദേശവാസികൾ ചൂണ്ടികാട്ടുന്നു. ബൈപ്പാസ് യാഥാർഥ്യമായാൽ വല്ലം ജങ്ഷനിൽ അനുദിനമുണ്ടാകുന്ന ഗതാഗത കുരുക്കിനും ശാശ്വത പരിഹാരമാകും. ഈ വിഷയം ചൂണ്ടികാട്ടി നാട്ടുകാർ എം.പി, എം.എൽ.എ., ജില്ല പഞ്ചായത്ത് പ്രസിഡന്റ്, പെരിയാർവാലി ഇറിഗേഷൻ വിഭാഗം എന്നിവർക്ക് നിവേദനം നൽകി.



*ഈസ്റ്റ് ഒക്കൽ മസ്ജിദിന് മുന്നിലെ കാലപ്പഴക്കം ചെന്ന അക്വഡേറ്റും സർക്കാർ വക സ്ഥലവും.*

## അക്ഷരവെളിച്ചം പദ്ധതി

കാലടി: മഞ്ഞപ്ര ഗ്രാമക്ഷേമം ലൈബ്രറിയിൽ വായനപക്ഷാചരണത്തിന്റെ ഭാഗമായി അക്ഷരംവെളിച്ചം പദ്ധതിയാരംഭിച്ചു. എല്ലാ ആഴ്ചയിലും പ്രമുഖ എഴുത്തുകാരുടെ പുസ്തകങ്ങളെ സംബന്ധിച്ച് ചർച്ചചെയ്യുകയും ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നതിനുമാണ് അക്ഷരവെളിച്ചം പദ്ധതി. കൂടുതൽ വ്യക്തികളെ വായനയിലേക്ക് ആകർഷിക്കുന്നതിനായി ആരംഭിച്ച ഒരു പദ്ധതിയാണെന്നും മികച്ച ആസ്വാദനക്കുറിപ്പെഴുതുന്ന വ്യക്തികൾക്ക് പുസ്തകങ്ങൾ സമ്മാനമായി നൽകുന്നതാണെന്നും സംഘാടകർ അറിയിച്ചു. താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി വി.കെ ഷാജി പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു.സാഹിത്യകാരൻ മഞ്ഞപ്ര ഉണ്ണികൃഷ്ണൻ, ഐ.വി ദാസ് അനുസ്മരണ പ്രഭാഷണം നടത്തി. ലൈബ്രറി പ്രസിഡന്റ് സജീവ് അരീക്കൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി കെ.കെ വിജയൻ, പഞ്ചായത്തംഗം സി.വി അശോക് കുമാർ,കവി തങ്കച്ചൻ ജോസഫ്,വനിതാവേദി പ്രസിഡന്റ് വിജയലക്ഷ്മി ചന്ദ്രൻ,ഐ.പി ജേക്കബ്, വിജയൻ ആലമറ്റം,പി.ആർ ആനന്ദ് എന്നിവർ സംസാരിച്ചു.

### അധ്യാപക ഒഴിവ്

കാലടി: മാണിക്കമംഗലം എൻ. എസ്.എസ് ഹയർ സെക്കന്ററി സ്കൂളിൽ ഫിസിക്സ് സീനിയർ, മാത്!സ് സീനിയർ, ഹിന്ദി സീനിയർ, ജൂനിയർ, ഇക്കണോമിക്സ് ജൂനിയർ എന്നീ വിഷയങ്ങളിൽ ഗസ്റ്റ് അധ്യാപകരെ ക്ഷണിക്കുന്നു. യോഗ്യരായ ഉദ്യോഗാർഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി 18 ന് രാവിലെ 11 മണിക്ക് സ്കൂളിൽ ഹാജരാകേണ്ടതാണ്.

## കലാലയങ്ങളിലെ സമാധാന അന്തരീക്ഷം നിലനിർത്തണം: കെ.എൻ.എം

കൊച്ചി: മാനവിക ജനാധിപത്യ മൂല്യങ്ങൾ മുറുകെ പിടിച്ച് സഹിഷ്ണുതയും സൗഹൃദവും സഹകരണവും പരിശീലിപ്പിക്കേണ്ട അറിവിന്റെ വിളനിലയങ്ങൾ വിദ്വേഷത്തിന്റെയും അക്രമത്തിന്റെയും അരാജകത്വത്തിന്റെയും അസഹിഷ്ണുതയുടെയും പരിശീലനക്കളരികളായി മാറ്റുന്ന തരത്തിലുള്ള നീക്കങ്ങളിൽ നിന്ന് വിദ്യാർത്ഥിസംഘടനകൾ പിൻമാറണമെന്നും കലാലയാന്തരീക്ഷം സമാധാനപൂർണമാക്കി നിലനിർത്താൻ ബന്ധപ്പെട്ടവർ അടിയന്തരമായി ഇടപെടണമെന്നും കലാലയത്തിന്റെ 'സുഗമമായ പ്രവർത്തനവും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തണമെന്നും കൊച്ചിയിൽ ചേർന്ന കെ.എൻ.എം. പണ്ഡിത നേതൃസംഗമം ആവശ്യപ്പെട്ടു. വൈറ്റില സലഫി മസ്ജിദ് ഓഡിറ്റോറിയത്തിൽ നടന്ന സംഗമം കെ.എൻ.എം. സംസ്ഥാന ഉപാദ്ധ്യക്ഷൻ എച്ച്. ഇ മുഹമ്മദ് ബാബു സേട്ട് ഉദ്ഘാടനം ചെയ്തു. ജില്ലാ ദഅവാ ചെയർമാൻ അബ്ദുൽ ഗനിസ്വലാഹി അദ്ധ്യക്ഷത വഹിച്ചു. എം.എം അക്ബർ മുഖ്യ പ്രഭാഷണം നടത്തി. എം. സലാഹുദ്ദീൻ മദനി അഹ്മദ് അനസ് മൗലവി സുബൈർ പീടിയേക്കൽ എന്നിവർ വിവിധ വിഷയങ്ങളവതരിപ്പിച്ചു. നൂർ സേട്ട്, റഷീദ് ഉസ്മാൻ സേട്ട് , സഗീർ കാക്കനാട് റിയാസ് ബാവ, ഫാരിഷ് കൊച്ചി, ആസിഫ് ഇസ്ലാഹി, നാസർ അൻവാരി, അൻസാരി ഇസ്ലാഹി, ശരീഫ് മൗലവി, മുഹ് യിദ്ദീൻ മൗലവി, അഫ്സൽ കൊച്ചി, ബാദുഷ, ഹുസൈൻ നജാത്തി,ഉമർ മൗലവി,ഷമീർ ഇസ്ലാഹി,തുടങ്ങിയവർ സംസാരിച്ചു.




### യൂണിറ്റ് കൺവെൻഷൻ

കാലടി: പെൻഷനേഴ്സ് യൂണിയൻ കാഞ്ഞൂർ യൂണിറ്റ് കൺവെൻഷൻ നടത്തി. മെഡിസെപ്പിലെ അപാകതകൾ പരിഹരിക്കണം പെൻഷൻ പരിഷ്കരണ കുടിശികയും ക്ഷാമാശ്വാസ കുടിശികയും ഉടൻ അനുവദിക്കണമെന്നും കൺവെൻഷൻ ആവശ്യപ്പെട്ടു. പഞ്ചായത്ത് പ്രസിഡന്റ് വിജിബിജു ഉദ്ഘാടനം ചെയ്തു.

യൂണിറ്റ് പ്രസിഡന്റ് എം. ജി രാജഗോപാൽ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്തംഗം കെ. എ കൃഷ്ണകുമാർ സാന്ത്വനപെൻഷൻ വിതരണവും യൂണിയൻ ബ്ലോക്ക് പ്രസിഡന്റ് കെ.എ പൗലോസ് എംബിബി എസ് പരീക്ഷയിലെ ഉന്നതവിജയി ഡോ. വന്ദന ജെസ്റ്റൊയെ മെമന്റൊ നൽകി അനുമോദിക്കുകയും ചെയ്തു. ബ്ലോക്ക് സെക്രട്ടറി പി.വി പപ്പൻ അംഗത്വവിതരണ ഉദ്ഘാടനം നിർവ്വഹിച്ചു.കെ.എം തോമസ് മാസ്റ്റർ ലീലാമ്മ ടീച്ചറെ പൊന്നാടയണിയിച്ച് ആദരിക്കുകയുണ്ടായി.

ബ്ലോക്ക് ട്രഷറർ പി. ഡി ദേവസി,സെക്രട്ടറി ടി.ആർ സലി,ട്രഷറർ എ.എ ഗോപി, രമശശി,പി.വി മോഹനൻ എന്നിവർ സംസാരിച്ചു.

### നിവേദനം നൽകും

പെരുമ്പാവൂർ: സംസ്ഥാനത്ത് മൂന്ന് ലക്ഷത്തോളം വരുന്ന ഭൂരഹിത ജനതയുടെ പ്രശ്നങ്ങൾ നവകേരള നിർമ്മിതിയിൽ പ്പെടുത്തി പരിഹാരം ആവശ്യപ്പെട്ട് എം.എൽ.എമാർക്ക് നിവേദനം നൽകും.

ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിന് കഴിഞ്ഞ 16 വർഷമായി നടത്തി വരുന്ന പോരാട്ടങ്ങളും നിവേദനങ്ങളും സർക്കാർ അവഗണിക്കുന്ന സാഹചര്യത്തിലാണ് എം.എൽ.എ മാർക്ക് നിവേദനം നൽകുന്നതെന്ന് സാമൂഹ്യ പ്രവർത്തകനായ ശിവൻകദളി അറിയിച്ചു.

# സിഡിഎസ് ഫണ്ട് തിരിമറി

## അന്വേഷണം ആവശ്യപ്പെട്ട് മുസ്ലിംലീഗ്


കോതമംഗലം : കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും പിന്നോക്ക ലോൺ തിരിച്ചടവിന് നൽകിയ ഒമ്പതര ലക്ഷം രൂപ തിരിമറി നടത്തിയതിനെ കുറിച്ച് അന്വേഷിക്കുക, ഫണ്ട് തിരുമറയിൽ സി.ഡി.എസ് ചെയർപേഴ്സൺ മെമ്പർ സെക്രട്ടറി എന്നിവരുടെ പങ്ക് വിശദമായ അന്വേഷിക്കുക, ഓഡിറ്റിംഗ് നടത്തിയ റിപ്പോർട്ട് പുറത്തുവിടുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് മുസ്ലിം ലീഗ് പല്ലാരിമംഗലം പഞ്ചായത്ത് കമ്മറ്റി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് പരാതി നൽകി. പ്രസിഡൻറ് നിസാർ കുന്നേകുടിയിൽ , സെക്രട്ടറി കെ എ മുഹമ്മദ്, ട്രഷറർ മക്കാർ കുറിഞ്ഞിലിക്കാട്ട്,ഗ്രാമപഞ്ചായത്ത് അംഗങ്ങളായ കെ.എം മൈതീൻ,കെ.എം അബൂബക്കർ,കെ.എം അബ്ദുൽ കരീം, ഷാജിമോൾ റഫീക്ക്,അഷിത അൻസാരി,ഷിബി ബോബൻ,മുസ്ലിം ലീഗ് നേതാക്കന്മാരായ അലി അൾട്ടിമ,എം.എം അൻസാർ,കെ.എം അൻസാരി,അബൂബർ ഈട്ടിപ്പാറ,നിയാസ് അല്ലാം കുന്നേൽ,റഷീദ് പെരുമഞ്ചലിൽ, ജലീൽ പുല്ലാരിയിൽ,സത്താർമാവുടി,ജബ്ബാർ കുറിഞ്ഞിക്കാട്ട് എന്നിവരുടെ നേതൃത്വത്തിലാണ് പരാതി നൽകിയത്.



*സി.ഡി.എസ് ഫണ്ട് തിരിമറി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് മുസ്ലിം ലീഗ് പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ പഞ്ചായത്ത് സെക്രട്ടറിക്ക് പരാതി നൽകുന്നു*

# നിയന്ത്രണം വിട്ട കാർ കടയിലേക്ക് പാഞ്ഞു കയറി

ആലുവ : ആലുവ പെരുമ്പാവൂർ ദേശസാൽകൃത റൂട്ടിൽ ചൊവ്വര ജംഗ്ഷനിൽ നിയന്ത്രണം വിട്ട കാർ കടയിലേക്ക് പാഞ്ഞുകയറി. മകളെ റെയിൽവേ സ്റ്റേഷനിലാക്കുന്നതിനായി ആലുവക്ക് പോവുകയായിരുന്ന കുമളി സ്വദേശിയുടെ കാറാണ് അപകടത്തിൽപ്പെട്ടത്. ഡ്രൈവർ ഉറങ്ങി പോയതാണ് അപകടത്തിന് കാരണം.നിയന്ത്രണം വിട്ട കാർ ചൊവ്വര ജംഗ്ഷനിൽ ഉള്ള ഇലക്ട്രിക് റിപ്പയറിംഗ് കടയിലേക്ക് പാഞ്ഞു കയറി. എയർബാഗ് ഉണ്ടായിരുന്നതിനാൽ കാറിലുണ്ടായിരുന്ന ആർക്കും പരിക്കില്ല. ഞായറാഴ്ചയായതിനാൽ കട അടച്ചിട്ടിരിക്കുകയായിരുന്നു. കടക്ക് ഭാഗികമായി കേട് പാട് സംഭവിച്ചു. ഇത് രണ്ടാം തവണയാണ് ഇവിടേക്ക് വാഹനം നിയന്ത്രണം വിട്ട് ഇടിക്കുന്നത്. നേരത്തെ ഗുഡ്സ് ഓട്ടോ ഇടിച്ച് കടഭാഗം തകർന്നിരുന്നു.



*ആലുവ പെരുമ്പാവൂർ ദേശ സൽകൃത റോഡിൽ ചൊവ്വര കവലയിൽ നിയന്ത്രണം വിട്ട കാർ കടയിലേക്ക് പാഞ്ഞു കയറിയുണ്ടായ അപകടം*

### ക്യാമ്പ് സംഘടിപ്പിച്ചു

മരട് : മരട് നഗരസഭ ദേശീയ നഗര ഉപജീവന മിഷൻ പി.എം സ്വാനിധി സേ സമൃദ്ധിയുടെ ഭാഗമായി പി.എം സ്വാനിധി ഗുണഭോക്താക്കൾക്കായി ക്യാമ്പ് സംഘടിപ്പിച്ചു. നഗരസഭ ചെയർമാൻ ആന്റണി ആശാംപറമ്പിൽ ഉദ്ഘാടനം നിർവ്വഹിച്ചു. വൈസ് ചെയർപേഴ്സൺ അഡ്വ. രശ്മി സനിൽ അധ്യക്ഷത വഹിച്ചു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ബേബി പോൾ, കൗൺസിലർമാരായ സി.ആർ.ഷാനവാസ്, പത്മപ്രിയ വിനോദ്, രേണുക ശിവദാസ് , ജയ ജോസഫ്, മിനി ഷാജി , നഗരസഭാ സെക്രട്ടറി ഇ. നാസ്സിം, എസ്.ബി.ഐ ഡെപ്യൂട്ടി മാനേജർ അനൂപ് ബാലഗോപാൽ, സി.ഡി.എസ് ചെയർപേഴ്ൻമാരായ അനില സന്തോഷ്, ടെൽമ സനൂജ് , എൻ. യു. എൽ.എം സിറ്റി പ്രൊജക്റ്റ് ഓഫീസർ പി.ഐ ജേക്കബ് സൺ, എൻ.യു എൽ.എം സിറ്റി മിഷൻ മാനേജർ മിഥുൻ ജവഹർ, മെമ്പർ സെക്രട്ടറി എ.ഹുസൈൻ എന്നിവർ സംസാരിച്ചു.

### പ്രതിരോധ മരുന്ന് വിതരണം

മരട് : മരട് നഗരസഭയിലെ ശുചീകരണ തൊഴിലാളികൾക്ക് എലിപ്പനി പ്രതിരോധ മരുന്ന് വിതരണം ചെയ്തു. ചടങ്ങിന്റെ ഉദ്ഘാടനം നഗരസഭാ ഉപാധ്യക്ഷ അഡ്വ. രശ്മി സനിൽ നിർവ്വഹിച്ചു. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ റിനി തോമസ് അധ്യക്ഷത വഹിച്ചു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ ബേബി പോൾ, കൗൺസിലർമാരായ ടി.എ സ്.ചന്ദ്രകലാധരൻ, ജയ ജോസഫ്, മിനി ഷാജി, രേണുക ശിവദാസ്, പത്മപ്രിയ വിനോദ്, ഹെൽത്ത് ഇൻസ്പെക്ടർ പി.ഐ. ജേക്കബ് സൺ, ജെ.എച്ച്. ഐ മാരായ ഹുസൈൻ എ ജിഷ തോമസ്, സ്വപ്ന.എസ്, കെ.എസ്.ഡബ്ല്യു എം.പി എഞ്ചിനിയർ ആര്യ പുരുഷോത്തമൻ, സുകന്യ എന്നിവർ പ്രസംഗിച്ചു.

### വിദ്യാഭ്യാസ അവാർഡ് വിതരണം

കാലടി:കാഞ്ഞൂർ പഞ്ചായത്തിലെ എസ് എസ് എൽ സി,പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം കൈവരിച്ചവർ,കലാകായിക ഉന്നത വിദ്യാഭ്യാസ മേഖലകളിൽ വിജയം കൈവരിച്ചവരേയും 100 ശതമാനം വിജയം കൈവരിച്ചസ്കൂളുകളേയുമാണ് അവാർഡ് നൽകി ആദരിച്ചത്. പഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങിൽ പ്രസിഡന്റ് വിജി ബിജു അധ്യക്ഷത വഹിച്ചു. അൻവർ സാദത്ത് എം എൽ എ അവാർഡ് വിതരണം നിർവഹിച്ചു.ജില്ലാ പഞ്ചായത്തംഗം ശാരദ മോഹൻ മുഖ്യ പ്രഭാഷണം നടത്തി. വൈസ് പ്രസിഡന്റ് സിമി ടിജോ,സ്ഥിരം സമിതിയധ്യക്ഷരായ കെ.വി പോളച്ചൻ, പ്രിയ രഘു,ബ്ലോക്ക് പഞ്ചായത്തംഗം കെ. വി അഭിജിത്ത്, പഞ്ചായത്തംഗങ്ങളായ വി.എസ് വർഗ്ഗീസ്, ജയശ്രീ ടീച്ചർ,കെ. എൻ കൃഷ്ണകുമാർ, ഗ്രേസി ദയാനന്ദൻ, എം.വി സത്യൻ,ജിഷി ഷാജു,അസി. സെക്രട്ടറി ജോയി എന്നിവർ സംസാരിച്ചു.

### ധീവരസഭ ശക്തമായ സമരത്തിലേക്ക്

കൊച്ചി: പെരിയാറിലെ മത്സ്യക്കുരുതി സ്വതന്ത്ര ഏജൻസിയെ കൊണ്ട് അന്വേഷിപ്പിക്കുക, കായലിൽ തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് വേണ്ട നഷ്ട പരിഹാരം ഉടൻ നൽകുക, കടലാക്രമണ ഭീഷണിയുള്ള തീരദേശങ്ങളിൽ കടൽ ഭിത്തിയും പുലിമുട്ടും നിർമ്മിച്ച് തീരദേശ ജനതയുടെ ജീവനും സ്വത്തും സംരക്ഷിക്കുക, കുമ്പളം അരൂർ പാലത്തിന്റെ നിർമ്മാണത്തിൽ ഡ്രെഡ്ജിങ് ചെയ്തു കിട്ടുന്ന മണ്ണും മറ്റ് അവശിഷ്ടങ്ങളും കായലിൽ നിക്ഷേപിക്കാതിരിക്കുക, ഓ.ഇ. സി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യ കുടിശ്ശിക ഉടൻ നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് 20 ന് രാവിലെ 10 മണിക്ക് കണയന്നൂർ താലൂക്ക് ഓഫീസ് മാർച്ചും ധർണയും നടത്തുവാൻ ധീവര സഭ എറണാകുളം ജില്ല കമ്മിറ്റി തീരുമാനിച്ചു.

## കാപ്പ ചുമത്തി ജില്ലയിൽ നിന്നും പുറത്താക്കി


വിനീത് എം.വി

കോട്ടയം: തിരുവാർപ്പ് ഭാഗത്ത് മാധവശേരിൽ വീട്ടിൽ ( കുറവിലങ്ങാട് കളത്തൂർ, ഇല്ലിച്ചുവട് ഭാഗത്ത് പാറക്കുന്നേൽ വീട്ടിൽ ഇപ്പോൾ താമസം) വിനീത് എം.വിയെ (22) കാപ്പ നിയമപ്രകാരം കോട്ടയം ജില്ലയിൽ നിന്നും ഒൻപത് മാസത്തേക്ക് നാടുകടത്തി.
ജില്ലാ പോലീസ് മേധാവി കെ.കാർത്തിക്കിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി. ഇയാൾക്ക് കഴിഞ്ഞ കുറെ നാളുകളായി കുറവിലങ്ങാട് സ്റ്റേഷനിൽ കൊലപാതകശ്രമം, അടിപിടി, തുടങ്ങിയ ക്രിമിനൽ കേസുകൾ നിലവിലുണ്ട്. ജനങ്ങളുടെ സ്വൈര്യ ജീവിതത്തിന് തടസ്സം സൃഷ്ടിക്കുന്ന നിരന്തര കുറ്റവാളികൾക്കെതിരെ കാപ്പാ പോലുള്ള ശക്തമായ നിയമങ്ങളുടെ സ്വീകരിക്കുമെന്ന് ജില്ലാ പോലീസ് മേധാവി പറഞ്ഞു.

## പോക്സോ കേസിൽ യുവാവ് അറസ്റ്റിൽ


വിഷ്ണു എ.എസ്

പള്ളിക്കത്തോട് : പോക്സോ കേസിൽ യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു.
ഇടക്കുന്നം പുളിമൂട് ഭാഗത്ത് അത്തിക്കുഴിയിൽ വീട്ടിൽ എ.എസ് വിഷ്ണുവിനെയാണ് (20) പള്ളിക്കത്തോട് പോലീസ് അറസ്റ്റ് ചെയ്തത്. ഇയാൾ പ്രായപൂർത്തിയാകാത്ത അതിജീവിതയുടെ നേരെ ലൈംഗികാതിക്രമം നടത്തുകയായിരുന്നു.
പരാതിയെ തുടർന്ന് പള്ളിക്കത്തോട് പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ഇയാളെ പിടികൂടുകയുമായിരുന്നു.
പള്ളിക്കത്തോട് സ്റ്റേഷൻ എസ്.എച്ച്. ഓ മനോജ് കെ.എനിന്റെ നേതൃത്വത്തിലാണ് ഇയാളെ അറസ്റ്റ് ചെയ്തത്.
കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.

## കോട്ടയം വാർത്തകൾ

### അഡ്വ.ജെയ്സൺ ജോസഫ് ഒഴുകയിൽ കേരള കോൺഗ്രസ് കോട്ടയം ജില്ലാ പ്രസിഡണ്ട്



കോട്ടയം : കേരള കോൺഗ്രസ് കോട്ടയം ജില്ലാ പ്രസിഡണ്ടായി അഡ്വ.ജെയ്സൺ ജോസഫ് ഒഴുകയിൽ (ഏറ്റുമാനൂർ ) തിരഞ്ഞെടുക്കപ്പെട്ടു. ജില്ലാ റിട്ടേണിംഗ് ഓഫീസറായ അഡ്വ. ചെറിയാൻ ചാക്കോയുടെ അധ്യക്ഷതയിൽ കോട്ടയത്ത് ചേർന്ന യോഗത്തിൽ കേരള കോൺഗ്രസ് ചെയർമാൻ പി.ജെ ജോസഫ് എംഎൽഎയാണ് അഡ്വ. ജയ്സൺ ജോസഫിനെ ജില്ലാ പ്രസിഡണ്ടായി പ്രഖ്യാപനം നടത്തിയത്.
1986 ൽ കേരള വിദ്യാർത്ഥി കോൺഗ്രസ്സിൽ അംഗമായി അതിരമ്പുഴ ഹൈസ്കൂളിൽ പ്രവർത്തിച്ചു കൊണ്ടാണ് രാഷ്ട്രീയത്തിലേക്ക് കടന്നു വന്നത്. അതിരമ്പുഴ റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക് ഡയറക്ടർ ബോർഡ് അംഗം, അതിരമ്പുഴ ഗ്രാമ പഞ്ചായത്തംഗം, കോട്ടയം ജില്ലാ സെക്രട്ടറി എന്നീ സ്ഥാനങ്ങളിൽ പ്രവർത്തിച്ചു. നിലവിൽ കേരള കോൺഗ്രസ് പാർട്ടി ഉന്നതാധികാര സമിതി അംഗമാണ്.
യോഗത്തിൽ പാർട്ടി വർക്കിംഗ് ചെയർമാൻ പി.സി തോമസ്, എക്സിക്യൂട്ടീവ് ചെയർമാൻ അഡ്വ. മോൻസ് ജോസഫ് എം.എൽ.എ, സെക്രട്ടറി ജനറൽ ജോയി എബ്രഹാം, ഡെപ്യൂട്ടി ചെയർമാൻമാരായ അഡ്വ.കെ ഫ്രാൻസിസ് ജോർജ് എം.പി, തോമസ് ഉണ്ണിയാടൻ, യുഡിഎഫ് കോട്ടയം ജില്ലാ ചെയർമാൻ ഇ. ജെ ആഗസ്തി, തോമസ് കണ്ണംന്തറ,. കെ.എഫ് വർഗീസ്, പ്രൊഫ.ഗ്രേസമ്മ മാത്യു, ഉന്നതാധികാര സമിതി അംഗങ്ങളായ അഡ്വ. പ്രിൻസ് ലൂക്കോസ് വി ജെ ലാലി, എ.കെ. ജോസഫ് ,എം പി ജോസഫ് ഐ.എ.എസ്, മാഞ്ഞൂർ മോഹൻകുമാർ, പോൾസൺ ജോസഫ്, മാത്തുക്കുട്ടി പ്ലാത്താനം, ജോർജ് പുളിങ്ങാടൻ, ബിനു ചെങ്ങളം, സി. വി തോമസുകുട്ടി, ആൻറണി തുപ്പലഞ്ഞി,മജു പുളിയ്ക്കൻ, എബി പൊന്നാട്ട്, എബ്രഹാം വയലാക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

### സ്വതന്ത്രകർഷകസംഘം ജില്ലാ തെരഞ്ഞെടുപ്പ് പൊതുയോഗം 17ന്

കോട്ടയം :പുതിയ മെമ്പർഷിപ്പ് അടിസ്ഥാനത്തിലുള്ള സ്വതന്ത്രകർഷകസംഘം ജില്ലാ തെരഞ്ഞെടുപ്പ് പൊതുയോഗം 17 ബുധനാഴ്ച രാവിലെ 10.30ന് ജില്ലാ ലീഗ് ഹൗസ് ഓഡിറ്റോറിയത്തിൽ നടക്കും. സംസ്ഥാനപ്രസിഡന്റ് കുറുക്കോളി മൊയ്‌ദീൻ എം എൽ എ, ജനറൽ സെക്രട്ടറി കളത്തിൽ അബ്ദുള്ള എക്സ് എം എൽ എ, ജില്ലാ മുസ്ലിം ലീഗ് പ്രസിഡന്റ് അസീസ് ബഡായിൽ, ജനറൽ സെക്രട്ടറി റഫീഖ് മണിമല തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും. എല്ലാ ജില്ലാ കൗൺസിൽ അംഗങ്ങളും യോഗത്തിൽ പങ്കെടുക്കണമെന്ന് ജില്ലാ പ്രസിഡന്റ് പി കെ അബ്ദുൽ സലാം അറിയിച്ചു.

### ഏകദിന ക്യാമ്പ്

മുണ്ടക്കയം :മുരിക്കുംവയൽ ഗവൺമെന്റ് വൊ ക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ എൻഎസ്എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഏകദിന ക്യാമ്പ് നടത്തി. പിടിഎ പ്രസിഡന്റ് സനിൽ കെ റ്റി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ സുരേഷ് ഗോപാൽ പി എസ് അധ്യക്ഷനായി. എൻഎസ്എസ് പ്രോഗ്രാം ഓഫീസർ സുനിൽകുമാർ ബി, അധ്യാപകരായ രതീഷ് വിഎസ്, രേഖാമോൾ പി ആർ എന്നിവർ സംസാരിച്ചു. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ന്യൂസ് പേപ്പർ ചലഞ്ച്, ചൂണ്ടച്ചേരി എൻജിനീയറിങ് കോളേജ് അസിസ്റ്റന്റ് പ്രൊഫസർ ബാബു ശങ്കർ നയിച്ച ലൈവ് സ്കിൽ ക്ലാസ്, മുരിക്കുവയൽ എൽപി സ്കൂളിൽ വാഴ കൃഷി ഒരുക്കൽ, എന്നിവ മുഖ്യ പ്രോജക്ടുകൾ ആയിരുന്നു.

### സെറ്റ്കോ ധർണ്ണ നടത്തും

കാഞ്ഞിരപ്പള്ളി : സ്റ്റേറ്റ് എംപ്ലോയീസ് ആൻഡ് ടീച്ചേഴ്സ് കോൺഫെഡറേഷൻ നേതൃത്വത്തിൽ സർക്കാരിന്റെ ശമ്പള പരിഷ്കരണ ക്ഷാമബത്ത അട്ടിമറിക്കെതിരെ കാഞ്ഞിരപ്പള്ളിസിവിൽ സ്റ്റേഷൻ പടിക്കൽ ഇന്ന് ധർണ്ണ നടത്തും. ജില്ലാ ചെയർമാൻ നാസർ മുണ്ടക്കയം അധ്യക്ഷത വഹിക്കും.

### ഹൈമാസ് ലൈറ്റ് കണമലയിലായി

കണമല : രാത്രിയിൽ വെളിച്ചം ഇല്ലാതിരുന്ന കണമല സ്കൂൾ ജങ്ഷനിൽ ഇനി വെട്ടമുണ്ടാകും. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ സ്ഥാപിച്ച ഹൈമാസ് ലൈറ്റ് പ്രവർത്തനം തുടങ്ങി. സ്വിച്ച് ഓൺ ചെയ്തു ബ്ലോക്ക് പഞ്ചായത്ത് മുക്കൂട്ടുതറ ഡിവിഷൻ അംഗം മാഗി ജോസഫ് ഉദ്ഘാടനം നിർവഹിച്ചു. വാർഡ് അംഗം മറിയാമ്മ ജോസഫ് അധ്യക്ഷത വഹിച്ചു.

### യോഗ സർട്ടിഫിക്കറ്റ്

കോട്ടയം:സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2024 ജൂലൈ സെഷനിൽ നടത്തുന്ന യോഗ സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി ജൂലൈ 15 വരെ നീട്ടി. അപേക്ഷകർ പത്താം ക്ലാസ്സ് പാസ്സായിരിക്കണം.17 വയസ് പൂർത്തിയാക്കി യിരിക്കണം.യോഗദർശനത്തിലും യോഗാസന, പ്രാണായാമ പദ്ധതികളിലും,, സാമാന്യ ജ്ഞാനം ലഭിക്കുന്ന തരത്തിലാണ് ഈ പഠനപരിപാടി ചിട്ടപ്പെടുത്തിയിട്ടുള്ളത്.വിവരങ്ങൾക്ക് ഫോൺ 04712325101, 8281114464.

## മികവാർന്ന് ഈരാറ്റുപേട്ടയിൽ എം എസ് എഫ് വിദ്യാഭ്യാസ അവാർഡ് വിതരണം


എം.എസ്.എഫ് ഈരാറ്റുപേട്ട മുനിസിപ്പൽ കമ്മറ്റിയുടെ നേതൃത്വത്തിൽ മത - ഭൗതിക വിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ച വിദ്യാർത്ഥികൾക്കുള്ള പുരസ്കാര വിതരണ സമ്മേളനം മുസ്‌ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് ടി.എം.സലിം ഉദ്ഘാടനം ചെയ്യുന്നു


ഈരാറ്റുപേട്ട: എം.എസ്.എഫ് ഈരാറ്റുപേട്ട മുനിസിപ്പൽ കമ്മറ്റിയുടെ നേതൃത്വത്തിൽ മത - ഭൗതിക വിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ച വിദ്യാർത്ഥികൾക്കുള്ള പുരസ്കാര സമർപ്പണം പ്രൗഢോജ്ജ്വലമായി. സീതി സാഹിബിന്റെ നാമധേയത്തിൽ നടക്കൽ ബറക്കാത്ത് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുത്തു.
എസ് എസ് എൽ സി,പ്ലസ് ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ,ഖുർആൻ മനഃപാഠമാക്കിയ , മദ്രസ്സ പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കുള്ള അവാർഡ് സമർപ്പണം മുസ്‌ലിം യൂത്ത് ലീഗ് ദേശീയ സെക്രട്ടറി അഡ്വ. നജ്മ തബ്ഷീറ , എം. എസ്. എഫ് സംസ്ഥാന വൈസ് പ്രസിഡന്റ് ബിലാൽ റഷീദ് എന്നിവർ ചേർന്ന് നിർവഹിച്ചു. പഠന രംഗത്തെ തുടർച്ചയായുള്ള മികവിനുള്ള റിഫായി മെമ്മോറിയൽ എക്സലൻസ് അവാർഡിന് തസ്നി റഷീദ് അർഹയായി . നവ പ്രതിഭാ പുരസ്കാരത്തിന് ഫായിസ് സിറാജ് അർഹനായി .
മലപ്പുറം മുൻ ജില്ല പഞ്ചായത്ത് പ്രസിഡന്റും ദളിത് ലീഗ് നേതാവും മലപ്പുറം ജില്ല മുസ്‌ലിം ലീഗ് സെക്രട്ടറിയുമായ എ പി ഉണ്ണികൃഷ്ണന്റെ വിയോഗത്തിൽ മൗനാചരണത്തോടെയാണ് യോഗം തുടങ്ങിയത് .
എം. എസ്. എഫ് മുനിസിപ്പൽ പ്രസിഡന്റ് അബ്ദുള്ള മുഹ്സിൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ എം. എസ്. എഫ് മുനിസിപ്പൽ ജനറൽ സെക്രട്ടറി ആഷിക് അസീസ് സ്വാഗതം പറഞ്ഞു. മുസ്‌ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് ടി. എം.സലിം സമ്മേളനം ഉദ്ഘാടനം ചെയ്തു. മുസ്‌ലിം യൂത്ത് ലീഗ് നാഷണൽ സെക്രട്ടറി അഡ്വ. നജ്മ തബ്ഷീറ മുഖ്യ പ്രഭാഷണം നടത്തി.മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് അസീസ് ബഡായിൽ ,ജില്ല ട്രഷറർ ഹാജി കെ എ മുഹമ്മദ് അഷ്റഫ് , ഈരാറ്റുപേട്ട മുനിസിപ്പൽ ചെയർപേഴ്സൺ സുഹ്റ അബ്ദുൽ ഖാദർ ,യൂത്ത് ലീഗ് സംസ്ഥാന വൈസ് പ്രസിഡൻറ് കെ.എ മാഹിൻ,എം.എസ്.എഫ് സംസ്ഥാന വൈസ് പ്രസിഡന്റ് ബിലാൽ റഷീദ് ,മുസ്‌ലിം ലീഗ് ജില്ലാ ഭാരവാഹികളായ സിപി ബാസിത്, അഡ്വ പീർ മുഹമ്മദ് ഖാൻ, പൂഞ്ഞാർ മണ്ഡലം പ്രസിഡന്റ് റാസിചെറിയ വല്ലം, മുനിസിപ്പൽ പ്രസിഡന്റ് കെ എ മുഹമ്മദ് ഹാഷിം ,സെക്രട്ടറി വി എം സിറാജ് ,അസീസ് പത്താഴപടി ,നാസ്സർ വെള്ളൂപറമ്പിൽ , പി.എം അബ്ദുൽ ഖാദർ, ശിഹാബ് കാട്ടാമല , സുനിൽകുമാർ ,റിയാസ് പ്ലാമൂട്ടിൽ, ഫാസില അബ്സാർ ,ഷഫ്ന അമീൻ, ജുനൈദ്, നസീം മുഹമ്മദ് എന്നിവർ പ്രസംഗിച്ചു. എം. എസ്. എഫ് മുനിസിപ്പൽ ട്രഷറർ ഫായിസ് നന്ദി പറഞ്ഞു

### മണർകാട് കഞ്ചാവുമായി യുവാവ് പിടിയിൽ

കോട്ടയം:18 ഗ്രാം കഞ്ചാവുമായി യുവാവ് പാമ്പാടി റേഞ്ച് എക്സൈസ് സംഘത്തിന്റെ പിടിയിലായി.
മുട്ടമ്പലം കീഴുക്കുന്ന് സ്വദേശിയായ അബ്സലോം ആന്റണിയാണ് പാമ്പാടി എക്സൈസ് റേഞ്ച് സംഘത്തിന്റെ പിടിയിലായത്.
നിലവിൽ മണർകാട് മാലം ചേന്നംകുന്ന് കവല ഭാഗത്ത് വാടകയ്ക്ക് താമസിച്ചു വരികയായിരുന്നു ഇയാൾ.
ദിവസങ്ങളായി പാമ്പാടി റേഞ്ച് ഉദ്യോഗസ്ഥർ മഫ്തിയിൽ ഇയാളെ നിരീക്ഷിച്ചു വരികയായിരുന്നു. തുടർന്നാണ് കഞ്ചാവുമായി പിടിയിലാകുന്നത്. റേഞ്ച് ഇൻസ്പെക്ടർ ഗിരീഷ് പിസിയോടൊപ്പം അസിസ്റ്റന്റ് ഇൻസ്പെക്ടർ ബിനോയ് കെ മാത്യു സിവിൽ സിവിൽ എക്സൈസ് ഓഫീസർമാരായ അഭിലാഷ്,സാജിദ് വനിതാ സിവിൽ ഓഫീസർ ആശാലത സി എസ് എന്നിവരുംഉണ്ടായിരുന്നു.
പ്രതിയെ ജാമ്യത്തിൽ വിട്ടയച്ചു.ഇയാളുടെ സഹോദരൻ പാമ്പാടി റേഞ്ചിലെ മുൻ കഞ്ചാവ് കേസിലെ പ്രതിയാണ്.


കോട്ടയം: ദേവലോകം കാതോലിക്കേറ്റ് അരമനയിൽ കബറടങ്ങിയിരിക്കുന്ന ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ മൂന്നാം ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് അങ്കമാലി ഭദ്രാസനാധിപൻ യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത കൊടിയേറ്റുന്നു.

## കൊലപാതക ശ്രമം: യുവാവ് അറസ്റ്റിൽ


ഷമീർ സലിം

ചങ്ങനാശ്ശേരി: ചങ്ങനാശ്ശേരി കെഎസ്ആർടിസി സ്റ്റാൻഡിന് സമീപത്തുള്ള ഹോട്ടലിൽ വച്ച് 47 കാരനെ കുത്തി കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു.
മാടപ്പള്ളി തെങ്ങണ പുതുപ്പറമ്പിൽ വീട്ടിൽ ( ഇരവിപേരൂർ വള്ളംകുളം നെല്ലാട് ഭാഗത്ത് ഇപ്പോൾ താമസം ) ചോട്ടാ ഷമീർ എന്ന് വിളിക്കുന്ന ഷമീർ സലിമിനെയാണ് (32) ചങ്ങനാശ്ശേരി പോലീസ് അറസ്റ്റ് ചെയ്തത്. ഇയാൾ ശനിയാഴ്ച രാത്രി പത്തുമണിയോടുകൂടി ചങ്ങനാശ്ശേരി കെഎസ്ആർടിസി സ്റ്റാൻഡിന് സമീപമുള്ള ഹോട്ടലിൽ ഭക്ഷണം കഴിച്ചു കൊണ്ടിരുന്ന ചങ്ങനാശ്ശേരി സ്വദേശിയായ 47 കാരനെ ചീത്തവിളിക്കുകയും, കയ്യിൽ കരുതിയിരുന്ന കത്രിക കൊണ്ട് ഇയാളുടെ നെറ്റിയിലും നെഞ്ചിലും കുത്തി കൊലപ്പെടുത്താൻ ശ്രമിക്കുകയുമായിരുന്നു. യുവാവിന് ഇയാളോട് മുൻവിരോധം നിലനിന്നിരുന്നു. ഇതിന്റെ തുടർച്ചയെന്നോണമാണ് ഇയാളെ ആക്രമിച്ചത്. പരാതിയെ തുടർന്ന് ചങ്ങനാശ്ശേരി പോലീസ് ഇയാളെ പിടികൂടുകയുമായിരുന്നു. എസ്.ഐ ജയകൃഷ്ണൻ, രാജ്മോഹൻ, ബിജു സ ്കറിയ, സി.പി.ഓ മാരായ ബ്ലസൻ, ഷെമീർ, അരുൺ എന്നിവർ ചേർന്നാണ് ഇയാളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.



മുരിക്കുംവയൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ എൻഎസ്എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന ഏകദിന ക്യാമ്പിൽ പങ്കെടുത്തവർ

## ഏരുമേലിയിൽ സ്ഥലം വിട്ടു നൽകിയില്ല ഫയർ സ്‌റ്റേഷൻ നഷ്ടപ്പെടാൻ സാധ്യത

എരുമേലി : ഫയർ ഫോഴ്സ് സ്റ്റേഷൻ നിർമിക്കാൻ എരുമേലി ഓരുങ്കൽകടവിൽ സ്ഥലം നൽകിയെന്ന് പഞ്ചായത്ത് പറയാൻ തുടങ്ങിയിട്ട് വർഷങ്ങളായെന്നും എന്നാൽ നാളിതുവരെ സ്ഥലം വിട്ടു നൽകിയിട്ടില്ലെന്നും ആക്ഷേപം.
സ്ഥലം കൈമാറി കിട്ടിയില്ലെങ്കിൽ എരുമേലിക്ക് അനുവദിച്ച ഫയർ സ്റ്റേഷൻ നഷ്ടപ്പെടുമെന്ന് മുന്നറിയിപ്പ്. 12 വർഷം മുമ്പാണ് ശബരിമല തീർത്ഥാടന പ്രാധാന്യം മുൻനിർത്തി എരുമേലിയ്ക്ക് സ്ഥിരം ഫയർ സ്റ്റേഷൻ ഓഫിസ് അനുവദിച്ചത്. ഒപ്പം എക്സൈസ് റേഞ്ച് ഓഫിസും അനുവദിക്കപ്പെട്ടു. സ്ഥലം കിട്ടാത്തതിനാൽ ഫയർ സ്റ്റേഷൻ ഓഫിസ് ആരംഭിച്ചില്ല.
എക്സൈസ് ഓഫിസ് വാടക കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങി. ഇക്കാലത്താണ് പുറമ്പോക്ക് തർക്കം പരിഹരിച്ച് കോടതിയിൽ നിന്നും ഓരുങ്കൽകടവിലെ ഒരു ഏക്കറോളം സ്ഥലം പഞ്ചായത്തിന് വിട്ടുകിട്ടുന്നത്. മോളി മാത്യുവിന്റെ നേതൃത്വത്തിലുള്ള അന്നത്തെ യുഡിഎഫ് പഞ്ചായത്ത് ഭരണസമിതി ഈ സ്ഥലം അളന്ന് തിരിച്ച് മുള്ളുവേലി വെക്കുകയും ഫയർ ഫോഴ്സിനും എക്സൈസ് റേഞ്ച് ഓഫിസിനും ആവശ്യമായ സ്ഥലം വിട്ടുകൊടുക്കാനും തീരുമാനിച്ചു.
യുഡിഎഫി ലെ ധാരണ പ്രകാരം തുടർന്ന് ഭരണമേറ്റ പി അനിതയുടെ നേതൃത്വത്തിലുള്ള ഭരണസമിതി സ്ഥലം അനുയോജ്യമാണോയെന്ന് പരിശോധിക്കാൻ ഇരു വകുപ്പുകളെയും അറിയിച്ചു. തുടർന്ന് തെരഞ്ഞെടുപ്പിൽ അധികാരം ലഭിച്ച ടി എസ് കൃഷ്ണകുമാറിന്റെ നേതൃത്വത്തിലുള്ള എൽഡിഎഫ് ഭരണസമിതി ഇരു വകുപ്പുകൾക്കും സ്ഥലം നൽകാൻ അനുമതി അഭ്യർത്ഥിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പിനെ സമീപിച്ചു. അഞ്ച് വർഷം പിന്നിട്ട് കഴിഞ്ഞയിടെ വീണ്ടും എൽഡിഎഫ് ഭരണം തങ്കമ്മ ജോർജ്കുട്ടി പ്രസിഡന്റ് ആയപ്പോൾ ഇതേ സ്ഥലം തന്നെ എംഎൽഎ സെബാസ്റ്റ്യൻ കുളത്തുങ്കലിന്റെ നേതൃത്വത്തിൽ പരിശോധിച്ചു. ഇതിന് ശേഷം വീണ്ടും സ്ഥലം അളന്നു. തുടർന്ന് ഇരു വകുപ്പുകൾക്കും ഓഫിസ് സമുച്ചയങ്ങൾ നിർമിക്കുന്നതിന് കൈമാറാൻ വീണ്ടും പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തു. ഈ തീരുമാനം ആണ് ഇപ്പോൾ അനക്കമില്ലാതെ തദ്ദേശ സ്വയം ഭരണ വകുപ്പിൽ കുരുങ്ങി കിടക്കുന്നത്.
ഇത്തവണത്തെ ശബരിമല സീസണിൽ സ്ഥിരം ഫയർ സ്റ്റേഷൻ ആരംഭിക്കാൻ കഴിയുമെന്ന പ്രതീക്ഷ മങ്ങിയെന്ന് മാത്രമല്ല സ്ഥലം വിട്ടു കിട്ടിയില്ലെന്ന കാരണത്തിൽ ഫയർ സ്റ്റേഷൻ നഷ്ടപ്പെടുമെന്ന് ആശങ്ക ഉയരുകയുമാണ്.


ചങ്ങനാശേരി പഴയപള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്ന തങ്ങൾമാരുടെ ആണ്ടടിയന്തിരത്തിന്റെ ഭാഗമായുള്ള ചീരണി വിതരണത്തിന്റെ ഉദ്ഘാടനം ജമാഅത്ത് പ്രസിഡന്റ് എസ്.മുഹമ്മദ് ഫൂആദിന് നൽകി ചീഫ് ഇമാം അബൂ ശമ്മാസ് അലി മൗലവി ഉദ്ഘാടനം നിർവ്വഹിക്കുന്നു.

## പ്രാർത്ഥനകളിൽ നിറഞ്ഞ് ചങ്ങനാശേരി പഴയപള്ളിയിൽ തങ്ങൾമാരുടെ ആണ്ടടിയന്തിരം

ചങ്ങനാശേരി: ചങ്ങനാശേരി പഴയപള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്ന ഹൈദ്രോസ് ബംമുർതളാ കുഞ്ഞുണ്ണിക്കോയ കറുത്ത തങ്ങൾ, സയ്യിദ് അബൂബക്കർ ബംകൊച്ചു തങ്ങൾ എന്നീ മഹത്തുക്കളുടെ ആണ്ടടിയന്തിരം പ്രാർത്ഥനാ മുഖരിതമായ അന്തരീക്ഷത്തിൽ നടന്നു.
ഇന്നലെ രാവിലെ 8.45 ഓടെ തങ്ങൾമാരുടെ മഖ്ബറയ്ക്ക് മുൻപിലുള്ള ദുആയിക്ക് പഴയപള്ളി ചീഫ് ഇമാം അൽഹാഫിസ് അബുഷമ്മാസ് മൗലവി, അസിസ്റ്റന്റ് ഇമാം മുഹിയിദ്ധീൻ ബാഖവി, ഷബീർ സഖാഫി, മുസ്തഫാ സുഹ്‌രി, പി.എ.സുബൈർ മൗലവി, തൊടുപുഴ സുബൈർ മൗലവി, എന്നിവർ നേതൃത്വം നൽകി.
ജമാഅത്ത് പ്രസിഡന്റ് എസ്.മുഹമ്മദ് ഫൂആദിന് ചീരണി നൽകി ഇമാം അബൂ ശമ്മാസ് അലി മൗലവി ചീരണി വിതരണത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് അമ്പതിനായിരം പേർക്കുള്ള ചീരണി വിതരണം ആരംഭിച്ചു. ജമാഅത്ത് സെക്രട്ടറി താജുദ്ദീൻ പുതുതുണ്ടിപ്പറമ്പ്, വൈസ് പ്രസിഡന്റ് ഹമീംപാറയിൽ, ജോയിന്റ് സെക്രട്ടറി മുഹമ്മദ് ഷെരീഫ്, ഖജാൻജി ഹാജി ഷെരീഫ് കുട്ടി കമ്മിറ്റിയംഗങ്ങളായ മുഹമ്മദ് ഹാരീസ്, റ്റി.പി.ഷാജഹാൻ, നൂറുദ്ദീൻ, ഷിബു റസാഖ്, കെ.എം.ഷംസുദീൻ, നിഷാദ് കളത്തിൽ തുടങ്ങിയവർ നേതൃത്വം നൽകി.



കേരള ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ ഈരാറ്റുപേട്ടയിൽ പ്രവർത്തിക്കുന്ന സി.സി.എം.വൈ പുതിയ ബാച്ചിന്റെ ഉദ്ഘാടനം എം.ഇ.എസ് കോളേജ് പ്രിൻസിപ്പൾ പ്രൊഫ.എ.എം.റഷീദ് ഉദ്ഘാടനം ചെയ്യുന്നു

### സി.സി.എം.വൈ പുതിയ ബാച്ച് ആരംഭിച്ചു

ഈരാറ്റുപേട്ട:കേരള ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നസി.സി.എം.വൈയുടെ പതിനൊന്നാമത് ബാച്ചിന്റെ ഉദ്ഘാടനം എം.ഇ.എസ് കോളേജിന്റെ പ്രിൻസിപ്പൽ പ്രൊഫ.എ എം റഷീദ് നിർവ്വഹിച്ചു.
കൺവീനർ പി.എ ഹാഷിം അധ്യക്ഷത വഹിച്ചു. കോ ഓർഡിനേറ്റർ കെ.പി ഷഫീഖ് , വി.എ നജീബ്, കെ.എ അൻസാരി,അബ്ദുൽ അസീസ്,സൈഫ് വി. കാസിം എന്നിവർ സംസാരിച്ചു.

### കെഎസ്ആർടിസി ബസ്റ്റാൻഡിനുള്ളിൽ ശുചിമുറി മാലിന്യം ഒഴുക്കി

കോട്ടയം: കെഎസ്ആർടിസി ബസ്റ്റാൻഡിനുള്ളിൽ ശുചിമുറി മാലിന്യം ഒഴുക്കിയതായി പരാതി. സ്റ്റാൻഡിനുള്ളിൽ പ്രവർത്തിക്കുന്ന പൊതു ശുചിമുറികളിലെ മാലിന്യങ്ങളാണ് പമ്പിനു സമീപം സ്റ്റാൻഡ് പരിസരത്ത് തന്നെ ഒഴുക്കിയത്.
ഇതേ തുടർന്ന് പരിസരമാകെ പടർന്ന് ദുർഗന്ധമായി. കെഎസ്ആർടിസി സ്റ്റാൻഡിനുള്ളിലെ ഇരുചക്ര വാഹന പാർക്കിംഗ് ഭാഗത്തേക്ക് അടക്കം ഇവ ഒഴുകിയെത്തി.
മാലിന്യത്തിൽ ഇരുന്ന കാക്കകളും മറ്റ് പക്ഷികളും സമീപത്തെ ഇരുചക്ര വാഹനങ്ങളിലും, നിർത്തിയിട്ടിരിക്കുന്ന ബസ്സുകളിലും വന്നിരുന്നതും ബുദ്ധിമുട്ടിലാക്കി.
ജീവനക്കാരുടെ പരാതിയെ തുടർന്ന് ജില്ലാ കളക്ടർ നഗരസഭ തുടങ്ങിയവരെ വിവരം അറിയിച്ചു. പിന്നാലെ മാലിന്യം മണ്ണിട്ട് മൂടുകയായിരുന്നു.

### മാലിന്യ മുക്തമാക്കി

എരുമേലി : വെച്ചുച്ചിറ കനകപ്പലം റോഡിലെ വനപാതയിൽ വനം വകുപ്പും പഞ്ചായത്തും മാർ ക്രിസോസ്റ്റം ഫൗണ്ടേഷനും വിവിധ സന്നദ്ധ സംഘടനകളും ചേർന്ന് മാലിന്യങ്ങൾ നീക്കി ചെടികൾ നട്ട് സിസി ക്യാമറകൾ സ്ഥാപിച്ചു. പൂന്തോട്ട നിർമാണത്തിന് കോട്ടയം ഡിഎഫ്ഒ എൻ . രാജേഷ്, എരുമേലി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ഹരിലാൽ, സംഘടന പ്രതിനിധികൾ നേതൃത്വം നൽകി.

### സിറ്റിംഗ് മാറ്റിവെച്ചു

കോട്ടയം: ജൂലൈ 10ന് കളക്ടറേറ്റ് വിപഞ്ചിക ഹാളിൽ വെച്ച് നടത്താനിരുന്ന ജില്ലാ പോലീസ് കംപ്ലെയിന്റ് അതോറിറ്റിയുടെ സിറ്റിംഗ് മാറ്റിവെച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 08 തിങ്കൾ
ഗൾഫ് ചന്ദ്രിക

## വാർഷിക സമ്മേളനവും ചികിത്സ സഹായ വിതരണവും

മാവേലിക്കര: ഈരേഴ തെക്ക് 14-ാം നമ്പർ എൻ.എസ്.എസ് കരയോഗത്തിന്റെ വാർഷിക സമ്മേളനവും ചികിത്സാ സഹായ വിതരണവും മാവേലിക്കര താലൂക്ക് യൂണിയൻ പ്രസിഡന്റ് ഡോ. പ്രദീപ് ഇറവങ്കര ഉദ്ഘാടനം ചെയ്തു. കരയോഗം പ്രസിഡന്റ് വി. മോഹനൻ പിള്ള അധ്യക്ഷനായി. അനുമോദനവും, പുരസ്ക്കാര വിതരണവും താലൂക്ക് യൂണിയൻ സെക്രട്ടറി വി.ആർ. സാനിഷ് കുമാറും, വിദ്യാഭ്യാസ ധനസഹായ വിതരണം എൻഎസ്എസ് പ്രതിനിധി സഭാംഗം ജി. രവികുമാറും, പെൻഷൻ വിതരണം താലൂക്ക് വനിതാ യൂണിയൻ പ്രസിഡന്റ് ശ്രീലതാ രമേഷും നിർവഹിച്ചു. സെക്രട്ടറി വി. ചന്ദ്രശേഖരൻ നായർ റിപ്പോർട്ട് അവതരണം നടത്തി. യൂണിയൻ ഭരണസമിതി അംഗം ആർ. ശശിധരൻ പിള്ള, കരയോഗം വൈസ് പ്രസിഡന്റ് ബി. ഉണ്ണികൃഷ്ണൻ, ജോയിന്റ് സെക്രട്ടറി ശ്രീകുമാരൻ നായർ, ട്രഷറർ ശ്രീകുമാർ നെടുമ്പുറത്ത്, വനിതാ സമാജം സെക്രട്ടറി ശ്രീദേവി കുഞ്ഞമ്മ, ഉപദേശക സമിതി അംഗം കെ. മോഹനൻ ഉണ്ണിത്താൻ, ഉണ്ണിക്കൃഷ്ണപിള്ള, വിശ്വനാഥപിള്ള, അഭിലാഷ് കുമാർ മലമേൽ, ഡോ. ഹരികുമാർ പുതുപ്പുരയ്ക്കൽ എന്നിവർ പ്രസംഗിച്ചു.



# ആലപ്പുഴ വാർത്തകൾ

## നീറ്റ് പരീക്ഷ സമ്പ്രദായം റദ്ദാക്കണം: എം.ഇ.എസ്

അമ്പലപ്പുഴ: വൻതോതിൽ അഴിമതിയും പേപ്പർ ചോർച്ചയും ആൾമാറാട്ടവും നടക്കുന്ന നീറ്റ് പരീക്ഷ സമ്പ്രദായം റദ്ദാക്കണമെന്ന് മുസ്ലീം എജ്യൂക്കേഷൻ സൊസൈറ്റി (എം.ഇ.എസ്) അമ്പലപ്പുഴ താലൂക്ക് കമ്മിറ്റി ആവശ്യപ്പെട്ടു. പ്രസിഡന്റ് എ.മുഹമ്മദ് ഉസ്മാൻ ,സെക്രട്ടറി ഹസൻ എം.പൈങ്ങാമഠം, ഇ.അബ്ദുൽ അസീസ്, ആർ.എസ്.ഷാഹുൽ ഹമീദ്, എ.അഷ്റഫ് ,എം.എ.അബ്ദുൽ ലത്തീഫ് എന്നിവർ പ്രസംഗിച്ചു.

## കലയുടെ കൊലപാതകം; കേസിൽ മുഖ്യമന്ത്രി ഇടപെടണം: പട്ടികജാതി പട്ടിക വർഗ സംയുക്ത സമിതി

മാന്നാർ: ഇരമത്തൂർ മീനത്തേതിൽ കലയുടെ കൊലപാതകവുമായി ബന്ധപ്പെട്ട കേസിൽ മുഖ്യമന്ത്രി ഇടപെടണമെന്ന് പട്ടികജാതി പട്ടിക വർഗ സംയുക്ത സമിതി ആവശ്യപ്പെട്ടു. കേസിൽ ഉൾപ്പെട്ട മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യണം എന്നാവശ്യപെട്ട് സമിതിയുടെ നേതൃത്വത്തിൽ മാന്നാർ ഇരമത്തൂർ ഐക്കര ജംഗ്ഷനിൽ പ്രതിഷേധ റാലിയും യോഗവും നടത്തി. കേസിൽ കസ്റ്റഡിയിൽ എടുത്തിരുന്ന ആളുകൾ മാപ്പ് സാക്ഷി യായി മാറിയത് കേസ് അട്ടിമറിക്കാനുള്ള ഗൂഢശ്രമത്തിന്റെ ഭാഗമാണ് എന്ന് സമര സമിതി നേതാക്കൾ ആരോപിച്ചു .

ഐക്കര ജംഗ്ഷനിൽ നിന്ന് ആരംഭിച്ച പ്രതിഷേധ റാലി കല കൊലചെയ്യപ്പെട്ട വീടിന് മുൻവശത്തു കൂടി തിരികെ ഐക്കര ജംഗ്ഷനിൽ സമാപിച്ചു. തുടർന്ന് നടന്ന പ്രതിഷേധ യോഗം ദളിത് സമുദായ മുന്നണി സംസ്ഥാന സെക്രട്ടറി ബിജോയ് ഡേവിഡ് ഉദ്ഘാടനം ചെയ്തു.

കെ.പി.എം.എസ് ജില്ലാ സെക്രട്ടറി അരവിന്ദ് മറ്റം,സെക്രട്ടറിയേറ്റ് അംഗം ഇന്ദ്രജിത് , ബിനീഷ് ചെറുവല്ലൂർ, കെ.ആർ രാജേഷ് തുടങ്ങിയവർ സംസാരിച്ചു.

## അന്വേഷണത്തിൽ സാമുദായിക ഇടപെടലെന്ന് ആരോപണം

മാന്നാർ : ഇരമത്തൂരിലെ കലയുടെ കൊലപാതകത്തിൽ ആദ്യം കസ്റ്റഡിയിലുണ്ടായിരുന്നവർ സാക്ഷികളായി മാറിയതിന്റെ പിന്നിൽ രാഷ്ട്രീയ സാമുദായിക രംഗത്തെ ഉന്നതതല ഇടപെടലുകൾ എന്ന് ആരോപണം. 1926-ാം നമ്പർ ഇരമത്തൂർ ആർ.ശങ്കർ മെമ്മോറിയൽ എസ്.എൻ.ഡി.പി ശാഖാ യോഗം മുൻ പ്രസിഡന്റ് ദയകുമാർ ചെന്നിത്തലയാണ് വാർത്താ സമ്മേളനത്തിൽ ഈ ആരോപണം ഉന്നയിച്ചത്.

ചോദ്യം ചെയ്ത് വിട്ടവരിൽ പലർക്കും കൊലപാതകവുമായി ബന്ധമുണ്ടെന്നും ആരോപിച്ചു. ദയകുമാർ ചെന്നിത്തലയുടെ നേതൃത്വത്തിലുള്ള മുൻ ഭരണസമിതിയെ ചെങ്ങന്നൂർ ആർ.ഡി.ഒയുടെ ഉത്തരവിനെ തുടർന്ന് നിർജീവമാക്കുകയും ഭരണ ചുമതല മാന്നാർ യൂണിയനെ ഏൽപ്പിക്കുകയും യൂണിയന്റെ നിർദ്ദേശപ്രകാരം നിലവിൽ വന്ന അഡ്ഹോക്ക് കമ്മിറ്റിയുടെ ചുമതലകളിൽ കേസിലെ ഒന്നാം പ്രതിയായ അനിൽകുമാറിനെയും, സാക്ഷികളായി മാറിയ കെ.വി സുരേഷ് കുമാർ, സന്തോഷ് ശാരദാലയം എന്നിവരെയും ഉൾപ്പെടുത്തിയത് ഇവരുടെ സാമുദായിക രാഷ്ട്രീയ ബന്ധങ്ങളെ ചൂണ്ടിക്കാണിക്കുന്നു. ജില്ലാ പൊലീസ് മേധാവിയുടെ നേതൃത്വത്തിലുള്ള അന്വേഷണത്തിൽ പൂർണ്ണ തൃപ്തരാണെങ്കിലും പ്രതികളുടെ ക്രിമിനൽ പശ്ചാത്തലവും പൊലീസിലെ സ്വാധീനവും രാഷ്ട്രീയ സാമുദായിക ഇടപെടലുകളും അന്വേഷണത്തെ സാരമായി ബാധിക്കാൻ ഇടയുണ്ട്.

## വായന പക്ഷാചരണം

മുഹമ്മ: ചേർത്തല താലൂക്ക് ലൈബ്രറി കൗൺസിൽ വായന പക്ഷാചരണവും താലൂക്ക് തല സമാപന സമ്മേളനവും ലൈബ്രറി കൗൺസിൽ മുൻ ജില്ലാ സെക്രട്ടറി എസ്.വി ബാബു ഉദ്ഘാടനം ചെയ്തു. ലൈബ്രറി കൗൺസിൽ താലൂക്ക് പ്രസിഡന്റ് വിദ്വാൻ കെ.രാമകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഐ വി ദാസ് അനുസ്മരണം എൻ പി രവീന്ദ്രനാഥ് നടത്തി. ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ.പി നന്ദകുമാർ, പി.വി ദിനേശൻ, എൻ.ടി.ഭാസ്ക്കരൻ, വി.കെ മോഹനൻ എന്നിവർ പ്രസംഗിച്ചു.

## സിദ്ധ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

മണ്ണഞ്ചേരി: ഗ്രാമ പഞ്ചായത്തും, ശാന്തിഗിരി ആശ്രമവും, മണ്ണഞ്ചേരി ഗവ: സിദ്ധ ഡിസ്പെൻസറി ആയുഷ് ഹെൽത്ത് ആൻഡ് വെൽനസ് സെന്ററും, നാഷണൽ ആയുഷ് മിഷനും, സിദ്ധ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇൻഡ്യയും സംയുക്തമായി മഴക്കാല പകർച്ചവ്യാധി പ്രതിരോധ സൗജന്യ സിദ്ധ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.തമ്പകച്ചുവട് ശാന്തിഗിരി ആശ്രമത്തിൽ പി.പി.ചിത്തരഞ്ജൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് അഡ്വ: ടി.വി. അജിത്കുമാർ അധ്യക്ഷത വഹിച്ചു ശാന്തിഗിരി ഗുരുമഹിമ പ്രാർത്ഥന നിർവഹിച്ചു.

മെഡിക്കൽ ഓഫീസർ ഡോ.എസ്. സംഘമിത്ര സ്വാഗതവും ശാന്തിഗിരി ആശ്രമം ഡെപ്യൂട്ടി ജനറൽ മാനേജർ വി.അജിത്കുമാർ നന്ദിയും പറഞ്ഞു.ശാന്തിഗിരി ആശ്രമം സ്വാമി ജഗത് രൂപൻ ജ്ഞാന തപസ്വി മുഖ്യഥിതിയായി.പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.എ.ജുമൈലത്ത്, സ്ഥിരം സമിതി അധ്യക്ഷരായ കെ.പി.ഉല്ലാസ്, കെ.ഉദയമ്മ, ബ്ലോക്ക് പഞ്ചായത്ത് അംഗം റ്റി.കെ. ശരവണൻ, പഞ്ചായത്ത് അംഗം ലതികാ ഉദയൻ,സിദ്ധാ മെഡിക്കൽ അസ്സോസിയേഷൻ ഓഫ് ഇന്ത്യ ആലപ്പുഴപത്തനംതിട്ട മേഖല ട്രഷറർ ഡോ.ജി.കൃഷ്ണപ്രിയ തുടങ്ങിയവർ പങ്കെടുത്തു.



ആലപ്പുഴ കോൺവന്റ് സ്ക്വയറിലെ റോഡിൽ രാത്രിയിൽ കുഴിച്ച കുഴി. വിദ്യാഭ്യാസ കേന്ദ്രങ്ങളും ദേവാലയങ്ങളും മറ്റും തിങ്ങിനിറഞ്ഞ തിരക്കുള്ള പ്രദേശമാണിത്.

## വിദ്യാർഥിനിക്ക് നേരെ നഗ്നത പ്രദർശനം
# യുവാവ് അറസ്റ്റിൽ

മാവേലിക്കര: വിദ്യാർഥിനിക്ക് നേരെ നഗ്നതാ പ്രദർശനം നടത്തിയ യുവാവ് അറസ്റ്റിൽ. കായംകുളം പെരിങ്ങാല നടക്കാവ് ചാങ്കൂർ പടീറ്റതിൽ വീട്ടിൽ മനു എന്ന് വിളിക്കുന്ന മധുസൂദനൻ (36) എന്നയാളെയാണ് മാവേലിക്കര പൊലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ജൂൺ 28 നാണ് കേസിനാസ്പദമായ സംഭവം. വീടിന് സമീപത്തുള്ള റോഡിൽ നിൽക്കുകയായിരുന്ന പെൺകുട്ടിയുടെ അടുത്ത് ബൈക്കിൽ എത്തിയ ഇയാൾ മാവേലിക്കരക്ക് പോകാനുള്ള വഴിചോദിക്കുകയും വഴിപറഞ്ഞു കൊടുത്ത പെൺകുട്ടിയോട് ഇയാൾ നഗ്നതാ പ്രദർശനം നടത്തുകയുമായിരുന്നു. ഈ സംഭവത്തിന് പരാതി ലഭിച്ച ഉടൻ തന്നെ പോക്സൊ നിയമപ്രകാരമുള്ള കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയായിരുന്നു. കായംകുളം എരുവയിൽ ബാർബർ ഷോപ്പ് നടത്തുന്ന മധുസൂദനൻ കരീലക്കുളങ്ങര, കനകക്കുന്ന് പൊലീസ് സ്റ്റേഷൻ പരിധികളിലും സാമാനമായ കുറ്റകൃത്യം മുൻപ് ചെയ്തിട്ടുണ്ട്. മാവേലിക്കര പൊലീസ് ഇൻസ്പെക്ടർ ബിജോയ്.എസ്, സീനിയർ സിവിൽ പൊലീസ് ഓഫീസർമാരായ അജിത് കുമാർ, അരുൺ ഭാസ്ക്കർ, സിവിൽ പൊലീസ് ഓഫീസർമാരായ ജിതിൻ കൃഷ്ണ, അനന്തമൂർത്തി എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ മാവേലിക്കര ജുഡീഷ്യൽ ഒന്നാം ക്ലാസ് മാജിസ്ട്രേറ്റ് കോടതി 1ൽ റിമാൻഡ് ചെയ്തു.



മധുസൂദനൻ

## കുടുംബ സംഗമം നടത്തി

ആലപ്പുഴ :കാലം തേടുന്ന ഇസ്ലാഹ് കെ.എൻ.എം മർക്കസുദ്ദഅവ ആലപ്പുഴ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ കുടുംബ സംഗമം സംഘടിപ്പിച്ചു.

മണ്ഡലം പ്രസിഡന്റ് കലാമുദീൻ അധ്യക്ഷത വഹിച്ച യോഗത്തിൽ അദ്നാൻ മുബാറക് ഖുർആൻ പാരായണം നിർവഹിച്ചു. മണ്ഡലം സെക്രട്ടറി മുബാറക് സ്വാഗതം ആശംസിച്ചു. കെ.എൻ.എം മർക്കസു ദ്ദഅവ സൗത്ത് സോൺ ട്രഷറർ എ.പി നൗഷാദ് യോഗം ഉദ്ഘാടനം ചെയ്തു.

സംസ്ഥാന സെക്രട്ടറി സുബൈർ അരൂർ, എം.ജി.എം മണ്ഡലം സെക്രട്ടറി ഷൈനി ഷെമീർ, ഐ. എസ്.എം പ്രതിനിധി ഷെഹീർ ഫാറൂഖി, ഐ.ജി.എം പ്രതിനിധി ഷിഫ ഫാത്തിമ എന്നിവർ സംസാരിച്ചു. മിസ്ബാഹ് ഫാറൂഖി, ഷെമീർ ഫലാഹി വിഷയാവതരണം നടത്തി. വിവിധ വിദ്യാഭ്യാസ മേഖലയിൽ ഉന്നത വിജയം നേടിയ ജേതാക്കളെ ആദരിച്ചു.

ആലപ്പുഴ മണ്ഡലം യൂണിറ്റി ചെയർമാൻ എ.എം നസീർ നന്ദി പറഞ്ഞു.



കെ.എൻ.എം മർക്കസു ദ്ദഅവ ആലപ്പുഴ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ കാലം തേടുന്ന ഇസ്ലാഹ് സൗത്ത് സോൺ ട്രഷറർ എ.പി നൗഷാദ് ഉദ്ഘാടനം ചെയ്യുന്നു

## കെ.പി.പി.എ മേഖല സമ്മേളനം

അമ്പലപ്പുഴ: കേരള പൊലീസ് പെൻഷനേഴ്സ് അസോസിയേഷൻ (കെ.പി.പി.എ) അമ്പലപ്പുഴ മേഖല സമ്മേളനം അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഷീബ രാകേഷ് ഉദ്ഘാടനം ചെയ്തു. എം. തങ്കപ്പൻ നഗറിൽ (വാടക്കൽ ക്ഷീര വികസന സൊസൈറ്റി ഹാൾ) നടന്ന സമ്മേളനത്തിൽ മേഖല പ്രസിഡന്റ് വി ബാബു അധ്യക്ഷത വഹിച്ചു.



കെ.എ.ടി.എഫ് സംസ്ഥാന കമ്മിറ്റി 28ന് ആലപ്പുഴയിൽ നടത്തുന്ന ഭാഷ അനുസ്മരണ, അറബിക് ടാലന്റ് ടെസ്റ്റ് സംസ്ഥാനതല പരീക്ഷ സ്വാഗത സംഘരൂപീകരണയോഗം പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു

## അറബിഭാഷ സംരക്ഷണം: കെ.എ.ടി.എഫിന്റെ പ്രവർത്തനം മാതൃകാപരം: ഹമീദലി തങ്ങൾ

ആലപ്പുഴ: കേരളത്തിൽ അറബി ഭാഷാ പഠനം സുഗമമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും കേരള അറബി ടീച്ചേഴ്സ് ഫെഡറേഷൻ (കെ.എ.ടി.എഫ്) നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ അഭിപ്രായപ്പെട്ടു.

കെ.എ.ടി.എഫ് സംസ്ഥാന കമ്മിറ്റി ജൂലൈ 28ന് ആലപ്പുഴയിൽ നടത്തുന്ന ഭാഷ അനുസ്മരണ, അറബിക് ടാലന്റ് ടെസ്റ്റ് സംസ്ഥാനതല സംഗമത്തിന്റെ സ്വാഗതസംഘരൂപീകരണയോഗം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ആലപ്പുഴ ലജ്നത്തുൽ മുഹമ്മദീയ ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന യോഗത്തിൽ കെ.എ.ടി.എഫ് സംസ്ഥാന പ്രസിഡന്റ് ടി.പി അബ്ദുൽ ഹഖ് അധ്യക്ഷത വഹിച്ചു. മുസ്ലിം ലീഗ് ജില്ലാ പ്രസിഡന്റ് എ.എം നസീർ മുഖ്യപ്രഭാഷണം നിർവഹിച്ചു.

ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.എച്ച്. ബഷീർകുട്ടി, എം.എസ്.എഫ് ജില്ലാ പ്രസിഡന്റ് ഉവൈസ് ഫൈസി പതിയാങ്കര, കെ.എ.ടി.എഫ് സംസ്ഥാന ട്രഷറർ മാഹീൻ ബാഖവി എറണാകുളം, സെക്രട്ടറി അൽ അമീൻ പാലക്കാട്, എം.എസ്.എഫ് ജില്ലാ വൈസ് പ്രസിഡന്റ് ഷാഫി പാനൂർ, എം.എസ്.എഫ് ജില്ലാ സെക്രട്ടറി ഹിലാൽ ഹുദവി, നേതാക്കളായ മുഹമ്മദ് ശരീഫ്, മുഹമ്മദ് ഫിർദൗസ്, അഹ്മദ് അൽഖാസിമി, അബ്ദുൽ റഷീദ്, അബ്ദുൽ ഗഫൂർ, ഫൗസിയ, മുഹമ്മദ് സ്വാലിഹ്, ഷഹീർ, മുഹമ്മദ് ഷാഫി തുടങ്ങിയവർ സംബന്ധിച്ചു. കെ.എ.ടി.എഫ് ജില്ലാ പ്രസിഡന്റ് സി.എസ് ശിഹാബുദ്ദീൻ സ്വാഗതവും റഷീദ് പാനൂർ നന്ദിയും പറഞ്ഞു. എ.എം നസീർ ചെയർമാനും സി.എസ് ശിഹാബുദ്ദീൻ വർക്കിങ് ചെയർമാനും ടി. മുഹമ്മദ് ഫൈസൽ ജനറൽ കൺവീനറും പി. കുഞ്ഞുമോൻ ട്രഷററുമായ സ്വാഗതസംഘം രൂപീകരിച്ചു.

## എം.ബി.എ. പ്രവേശനം; ഗ്രൂപ്പ് ഡിസ്കഷനും കൂടിക്കാഴ്ചയും

ആലപ്പുഴ: പുന്നപ്ര ഇൻസസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജിയിൽ ദ്വിവത്സര ഫുൾ ടൈം എം.ബി.എ. പ്രോഗ്രാമിലേക്ക് പ്രവേശനം നടത്തുന്നതിന്റെ ഭാഗമായി ജൂലൈ ഒമ്പതിന് രാവിലെ 10ന് ഗ്രൂപ്പ് ഡിസ്കഷനും കൂടിക്കാഴ്ചയും നടത്തും. ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ്, ലോജിസ്റ്റിക് എന്നിവയിൽ ഡ്യൂവൽ സ്പെഷ്യലൈസേഷന് അവസരമുണ്ടാകും. 50 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. ഫോൺ: 9188067601.

## അനധികൃതമായി വിദേശ മദ്യം വിറ്റ രണ്ട് പേർ പിടിയിൽ

അരൂക്കുറ്റി: അനധികൃതമായി ഇന്ത്യൻ നിർമ്മിത വിദേശ മദ്യം വിറ്റ രണ്ട് പേരെ പൂച്ചാക്കൽ പൊലീസ് അറസ്റ്റ് ചെയ്തു.പാണാവള്ളി പഞ്ചായത്ത് 18-ാം വാർഡിൽ പാടത്തും വീട്ടിൽ വിജീഷ് (39), വട്ടത്തറവീട്ടിൽ ലിൻസ് വർഗീസ് (38) എന്നിവരുടെ വീടുകളിൽ നടത്തിയ പരിശോധനയിലാണ് അനധികൃതമായി അളവിൽ കൂടുതൽ മദ്യം സൂക്ഷിച്ചിട്ടുള്ളതിന് പൊലീസ് അറസ്റ്റ് ചെയ്തത്.

ലിൻസിന്റെ വീട്ടിൽ നിന്നും ആറ് ലിറ്ററും വിജീഷിന്റെ വീട്ടിൽ നിന്നും മൂന്നര ലിറ്റർ ഇന്ത്യൻ നിർമിത വിദേശ മദ്യവും പിടിച്ചെടുത്തു. സി.ഐ ജോസ് എൻ.ആർ, എസ്.ഐ സജീവ്കുമാർ. ഡി, ബിജു. എം.പി, സി.പി.ഒ സുകന്യ, ഡാൻസഫ് സി.പി.ഒ ജിതിൻ, അനൂപ് എന്നിവരടങ്ങുന്ന സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.

കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാന്റ് ചെയ്തു.

## ഒ.പി വിഭാഗത്തിൽ ടോക്കൺ കൊടുക്കുന്നില്ല
# ചികിത്സ ലഭിക്കാതെ തിരികെ മടങ്ങി രോഗികൾ

കായംകുളം: കായംകുളം ഗവ: താലൂക്കാശുപത്രിയിലെ ഒ.പി വിഭാഗം കഴിഞ്ഞ ദിവസം മുതൽ അവതാളത്തിലായത് രോഗികളെ വലക്കുന്നു. ഒ.പി വിഭാഗത്തിൽ വിവിധ രോഗങ്ങളിൽപ്പെട്ട് തിങ്ങിനിറഞ്ഞിട്ടും ഒ.പി ടിക്കറ്റ് കൗണ്ടറിൽ നിന്നും യാഥാസമയം രോഗികൾക്ക് ടോക്കൺ കൊടുക്കാത്തതിനാൽ പല രോഗികളും ചികിത്സ ലഭിക്കാതെ മടങ്ങി പോകേണ്ട സ്ഥിതിയിലാണ്. പനി പോലെയുള്ള പകർച്ചവ്യാധികൾ ഉൾപ്പെടെയുള്ള രോഗങ്ങളാൽ എത്തിയ പല നിർധന രോഗികളും മണിക്കൂറുകളോളം ഇവിടെ കാത്തു നിന്നിട്ടും ഒരു ഡോക്ടറെ പോലും കാണാൻ സാധിച്ചിട്ടില്ല എന്ന പരാതി രോഗികളിൽ നിന്നും ഉയരുന്നു. കഴിഞ്ഞ ദിവസം പതിനൊന്ന് മണിയോടു കൂടി ഒ.പി ടിക്കറ്റ് കൊടുക്കുന്ന കമ്പ്യൂട്ടർ ബന്ധിതമായ മെഷീനും ഓഫ് ചെയ്ത് കൗണ്ടർ അടച്ചതായും ആക്ഷേപം ഉണ്ട്. ഒ.പി വിഭാഗത്തിന്റെ അശ്രദ്ധ കൊണ്ട് രോഗികൾ കൃത്യമായി ഡോക്ടറുടെ പക്കൽ എത്താൻ സാധിക്കാതിരുന്നതിനാൽ രോഗികൾക്ക് യഥാസമയം ചികിത്സ നൽകുന്നതിൽ കാലതാമസം നേരിടുന്നതായും പരാതി ഉണ്ട്. ഇവിടത്തെ നേത്രരോഗ വിഭാഗത്തിലെ ഡോക്ടർമാരുടെ നിർദ്ദേശത്തെ തുടർന്ന് ഈ വിഭാഗത്തിലേക്ക് രോഗികൾക്ക് കൊടുക്കുന്ന ടോക്കണും നിറുത്തലാക്കിയതായും പരാതി ഉയർന്നു. എൻ വൺ എച്ച് വൺ പനി, ഡങ്കിപനി തുടങ്ങിയ പകർച്ചവ്യാധികൾ പടർന്നു പിടിക്കാൻ സാധ്യതയേറെ ഉള്ളപ്പോഴാണ് യാതൊരു സുരക്ഷ മാനദണ്ഡങ്ങളും സ്വീകരിക്കാതെ രോഗികൾക്ക് ആശുപത്രിയ്ക്കുള്ളിൽ തിങ്ങി നിറഞ്ഞ് നിൽക്കേണ്ട ഗതിവരുന്നത്. ഇത് രോഗികളിൽ വൻ പ്രതിഷേധത്തിന് ഇടയാക്കിയിട്ടുണ്ട്. കായംകുളം ഗവ.ആശുപത്രി സൂപ്രണ്ടും എച്ച്.എം.സിയും ഇവിടെ നോക്കുകുത്തിയായി മാറി. ജനങ്ങളുടേ പ്രയാസങ്ങൾ പരിഹരിക്കേണ്ട സ്ഥലം എം.എൽ.എ യു .പ്രതിഭയും കായംകുളം നഗരസഭ ചെയർപേഴ്സൽ പി.ശശിലെയും ഇത് അറിഞ്ഞ ഭാവം പോലും നടിക്കുന്നില്ല. വരും ദിവസങ്ങളിൽ ഇതിന് എതിരെ യുവജന സംഘടന രംഗത്ത് ഇറങ്ങുമെന്ന സൂചനയും ഉണ്ട്.



കായംകുളം ഗവ: താലൂക്കാശുപത്രി ഒ.പി വിഭാഗത്തിലെ രോഗികളുടെ തിരക്ക്

## പ്രൊഫഷണൽ ഡ്രാമാചേമ്പർ സംസ്ഥാന സമ്മേളനം

ചേർത്തല: നാടക കലാകാരന്മാർക്ക് അർഹമായ അവകാശങ്ങൾ സർക്കാരിൽ നിന്നും നേടിയെടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി പി പ്രസാദ് .സംസ്ഥാനത്തെ പ്രൊഫഷണൽ നാടക സംഘാടകരുടെ ഏക സംഘടനയായ പ്രൊഫഷണൽ ഡ്രാമാചേമ്പർ സംസ്ഥാന സമ്മേളനം ചേർത്തലയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കീർത്തി റീജൻസിയിൽ നടന്ന സമ്മേളനത്തിൽ അഡ്വ.നെയ്യാറ്റിൻകര പത്മകുമാർഅധ്യക്ഷത വഹിച്ചു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നുള്ള 100ഓളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. സജി മൂരട് ,ഹേമന്ത് കുമാർ ,രാജേഷ് ഇരുളം ,പയ്യന്നൂർ മുരളി ,ഗുരുപൂജ പുരസ്കാരം കരസ്ഥമാക്കിയ പൗർണമി ശങ്കർ, സത്യജിത്ത് ഫെല്ലോഷിപ്പ് നേടിയ സന്ധ്യാരാജേന്ദ്രൻ , സത്യജിത് ഗോൾഡൻ പെൻബുക്സ് അവാർഡ് നേടിയ മീനമ്പലം സന്തോഷ്, അഭയൻ കലവൂർ എന്നിവരെ ആദരിച്ചു .സന്ധ്യാരാജേന്ദ്രൻ, സി രാധാകൃഷ്ണൻ അക്ഷരജ്വാല ,ഇ എ രാജേന്ദ്രൻ,സതീഷ്സംഗമിത്ര, പ്രദീപ് മാളവിക ,സഹീർ അലി,ശശികുമാർ സിതാര ,ഉമേഷ് അനുഗ്രഹ ,ഷാജി സരിഗ,വേണുഗോപാൽ പാലക്കാട് ,അപ്പു ,പുലിപ്പാറ ജയകുമാർ,മനോജ്കുമാർ ചന്ദ്രകാന്ത,ദിലീപ് സിതാര സംസാരിച്ചു.

## കെ.എസ്.ഇ.ബിയും സർക്കാരും പരിഹാരം കാണണം

മാവേലിക്കര: വൻകിട സ്ഥാപനങ്ങളുടെയും സ്വാധീനമുള്ളവരുടെയും വൈദ്യുതി കുടിശ്ശിക ഒന്നു ചോദിക്കാൻ പോലും ധൈര്യമില്ലാത്ത കെ.എസ്.ഇ.ബി അധികൃതർ രോഗികളായ മുതിർന്ന പൗരൻമാരുടെ പോലും വൈദ്യുതി വിഛേദിച്ച് പകപോക്കുന്നത് കടുത്ത നീതികേടും അന്യായവും ആണെന്നും തിരുവമ്പാടി സ്വദേശി റസാഖിന്റെ വീട്ടിലേക്കുള്ള വൈദ്യുതി വിഛേദിച്ചതിൽ കൊടിക്കുന്നിൽ സുരേഷ് എം.പി പ്രതികരിച്ചു. അജ്മൽ എന്ന വ്യക്തി ചെയ്തു എന്ന് ആരോപിക്കപ്പെടുന്ന സംഭവത്തിൽ വൃദ്ധരായ മാതാപിതാക്കളെ ഇരുട്ടിലാക്കിയ നടപടി മനുഷ്യാവകാശ ലംഘനം മാത്രമല്ല. മുതിർന്ന പൗരൻമാരുടെ അവകാശങ്ങൾ പോലും ലംഘിക്കുന്ന ക്രൂരത കൂടിയാണ് എന്നും പിണറായി സർക്കാരിന്റെയും കെ.എസ്.ഇ.ബിയുടെയും നടപടി എന്നും എം.പി പറഞ്ഞു.



പ്രൊഫഷണൽ ഡ്രാമാചേമ്പർ സംസ്ഥാന സമ്മേളനം ചേർത്തലയിൽ മന്ത്രി പി.പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 08 തിങ്കൾ
ഗൾഫ് ചന്ദ്രിക



എങ്ങനെ സാമ്പത്തിക നേട്ടം ഉണ്ടാക്കാം എന്ന ലക്ഷ്യത്തോടെയാണ് പലരും പാർട്ടിയിലേക്ക് വരുന്നത്. ലോക്സഭാ തെരഞ്ഞെടുപ്പിൽ താഴെത്തട്ടിൽ നിന്നും പാർട്ടിക്ക് തന്ന കണക്കുകൾ പിഴച്ചത് ഗുരുതര വീഴ്ച്ചയാണ്. താഴെത്തട്ടിലുള്ള യാഥാർത്ഥ്യം മനസ്സിലാക്കാൻ പാർട്ടിക്ക് കഴിഞ്ഞില്ല. വിശ്വാസവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കരുത്. പാർട്ടി അംഗങ്ങൾ പോയില്ലെങ്കിലും അനുഭാവികൾ ഇടപെടണം. വിശ്വാസികളെയും കൂടെ നിർത്തണം. ജനങ്ങളോട് വിനയത്തോടെ പെരുമാറണം.

–എം.വി ഗോവിന്ദൻ

സി.പി.എമ്മിനകത്തെ കോഴ ആരോപണത്തിൽ മന്ത്രി മുഹമ്മദ് റിയാസ് മറുപടി പറയണം. മന്ത്രി തന്നെ ഇക്കാര്യത്തിൽ വ്യക്തത വരുത്തണം. എന്തുകൊണ്ടാണ് മന്ത്രിയുടെ പേര് ചേർത്ത് തുടർച്ചയായി ഇത്തരം കോഴ ആരോപണങ്ങൾ വരുന്നത്. ഗുരുതരമായ ആരോപണമാണ് ഉയർന്നിരിക്കുന്നത്. 60 ലക്ഷം രൂപ കൊടുത്ത് പി.എസ്.സി മെമ്പറാവുന്ന ആൾ എങ്ങനെയാണ് അത് മുതലാക്കുക. .

– രാഹുൽ മാങ്കൂട്ടത്തിൽ





### പി.എസ്.സി അംഗത്വം വാഗ്ദാനം ചെയ്ത്

# സി.പി.എം നേതാവ് 22 ലക്ഷം കോഴ വാങ്ങിയെന്ന് പരാതി

### ഇന്ന് ജില്ലാ കമ്മിറ്റി; അന്വേഷണം വേണമെന്ന് മന്ത്രി റിയാസും

കോഴിക്കോട്: പിഎസ്‌സി അംഗത്വം വാഗ്ദാനം ചെയ്ത് കോഴ വാങ്ങിയെന്ന് സിപി.എം യുവനേതാവിനെതിരെ ആരോപണം. മന്ത്രി മുഹമ്മദ് റിയാസ് വഴി കാര്യം നടത്താമെന്ന ഉറപ്പിൽ 60 ലക്ഷം രൂപക്കാണ് പദവി ഉറപ്പിച്ചത്. ആദ്യ ഗഡുവായി 22 ലക്ഷം രൂപ യുവനേതാവിന് നൽകിയെന്ന് പാർട്ടിക്ക് നൽകിയ പരാതിയിൽ പറയുന്നു. എന്നാൽ സി.പി.എം പി.എസ്.സി അംഗങ്ങളെ തീരുമാനിച്ചപ്പോൾ ഈ വ്യക്തിയുടെ പേര് ഉൾപ്പെട്ടിരുന്നില്ല. ഇതോടെ ആയുഷ് വകുപ്പിൽ സ്ഥാനം വാഗ്ദാനം ചെയ്ത് ഇദ്ദേഹത്തെ അനുനയിപ്പിച്ച് നിർത്തി. എന്നാൽ അതും നടന്നില്ല. ഇതോടെയാണ് കോഴ നൽകിയയാൾ പാർട്ടിക്ക് പരാതി നൽകിയത്.

കോഴിക്കോട് സ്വദേശിയായ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന ഒരാളിൽ നിന്നാണ് പണം കൈപ്പറ്റിയത്. സി.പി.എം ഏരിയാ തലത്തിൽ പ്രവർത്തിക്കുന്ന യുവ നേതാവിനെതിരായാണ് പരാതി. അന്വേഷണം നടക്കട്ടെയെന്ന നിലപാടിലാണ് മന്ത്രി പി.എ മുഹമ്മദ് റിയാസും ഉള്ളത്.

പണം നൽകിയ വ്യക്തിക്ക് സി.പി.എമ്മുമായി അടുപ്പമുണ്ട്. സംഭവം പൊലീസിലേക്ക് പോകാതെ ഒതുക്കാനാണ് പാർട്ടി നേതൃത്വത്തിന്റെ ശ്രമം. ഡീൽ ഉറപ്പിക്കുന്ന ശബ്ദ സന്ദേശവും പരാതിക്ക് ഒപ്പം കൈമാറിയതായാണ് സൂചന. പരാതിയിൽ സി.പി.എം സംസ്ഥാന നേതൃത്വം പ്രാഥമിക അന്വേഷണം നടത്തി. ഇടപാട് നടന്നിട്ടുണ്ട് എന്ന് സംസ്ഥാന നേതൃത്വത്തിന് ബോധ്യപ്പെട്ടെങ്കിലും സംസ്ഥാന സെക്രട്ടേറിയേറ്റിൽ വിഷയം ചർച്ച ചെയ്തിട്ടില്ല.

അതേസമയം, കോഴിക്കോട് പാർട്ടി ഓഫീസ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കോക്കസിനെ കുറിച്ച് അന്വേഷണം വേണമെന്ന് മന്ത്രി പിഎ മുഹമ്മദ് റിയാസ് ആവശ്യപ്പെട്ടു. മന്ത്രി സി.പി.എം നേതൃത്വത്തിന് ഒരു മാസം മുൻപ് നൽകിയ പരാതിയുടെ വിവരമാണ് പുറത്തുവന്നത്. സിഐടിയു ജില്ലാ ചുമതല വഹിക്കുന്ന നേതാവ് നേതൃത്വം നൽകുന്ന കോക്കസിനെ കുറിച്ച് അന്വേഷണം വേണമെന്നാണ് പരാതിയിൽ ആവശ്യപ്പെട്ടത്. ഇതു സംബന്ധിച്ച് ചർച്ച ചെയ്യാൻ ഇന്ന് സി.പി.എം ജില്ലാ കമ്മിറ്റി ചേരുന്നുണ്ട്.

#### പാർട്ടിതലത്തിൽ ഒതുക്കിത്തീർക്കാൻ നീക്കം

തിരുവനന്തപുരം: സി.പി.എം യുവനേതാവിനെതിരെ കോഴ ആരോപണം പാർട്ടിതലത്തിൽ ഒതുക്കിത്തീർക്കാൻ നീക്കം. മന്ത്രി മുഹമ്മദ് റിയാസിന്റെ പേരുപറഞ്ഞ് പണം തട്ടിയ സംഭവമാണ് പൊലീസിൽ പരാതി നൽകാതെ പാർട്ടി അന്വേഷിക്കാൻ തീരുമാനിക്കുന്നത്. സിപിഎം ഏരിയാ തലത്തിൽ പ്രവർത്തിക്കുന്ന യുവ നേതാവിനെതിരായാണ് പരാതി ഉയർന്നിരിക്കുന്നത്. ഇദ്ദേഹത്തിന് മറ്റ് നേതാക്കളുടെ പിന്തുണയുണ്ടോയെന്ന സംശയവും ഉയർന്നിട്ടുണ്ട്. പരാതിയിൽ വിശദമായി അന്വേഷണം നടത്താനാണ് പാർട്ടി നേതൃത്വത്തിന്റെ തീരുമാനം. അന്വേഷണം നടക്കട്ടെയെന്ന നിലപാടിലാണ് മന്ത്രി റിയാസ്. പണം നൽകിയ വ്യക്തിക്കും സി.പി.എമ്മുമായി അടുപ്പമുണ്ട്. അതുകൊണ്ടുതന്നെ പാർട്ടിതലത്തിൽ ഒതുക്കിത്തീർക്കാനാകും നീക്കം.

### തോൽവിയിൽ കുട്ടിസഖാക്കൾക്കും പങ്ക്

## എസ്.എഫ്.ഐക്ക് എം.വി ഗോവിന്ദൻ

# തിരുത്തൽ ക്ലാസെടുക്കും

- സി.പി.എമ്മിനെ പ്രതിരോധത്തിലാക്കി എസ്.എഫ്.ഐ
- ന്യായീകരിച്ച് രക്ഷപ്പെടാനാവുന്നില്ല
- എസ്.എഫ്.ഐ നേതാക്കൾക്ക് എം.വി ഗോവിന്ദൻ പ്രത്യേക ക്ലാസെടുക്കും
- സി.പി.എം സെക്രട്ടറിയുടെ ക്ലാസ് സി.പി.ഐയെ അനുനയിപ്പിക്കാനുള്ള നീക്കത്തിന്റെ കൂടി ഭാഗം

തിരുവനന്തപുരം: ലോക്സഭാ തിരഞ്ഞെടുപ്പിലെ കനത്ത തോൽവിക്ക് പിന്നാലെ പാർട്ടിയുടെ വിദ്യാർത്ഥി സംഘടന സി.പി.എമ്മിനെ പ്രതിരോധത്തിലാക്കുന്നു. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ന്യായീകരിച്ച് രക്ഷപ്പെടാൻ കഴിയുന്നതിനപ്പുറമാണ് സി.പി.എമ്മിന്റെ ഇപ്പോഴത്തെ സ്ഥിതി. പാർട്ടിയുടെ പോഷക സംഘടനയല്ല എസ്.എഫ്.ഐയെന്ന് നേതാക്കൾ ഒന്നടങ്കം പറയുമ്പോഴും ഇതിനെയെല്ലാം പ്രതിരോധിക്കാൻ പ്രയാസപ്പെടുകയാണ് സി.പി.എം. ഈ സാഹചര്യത്തിൽ എസ്.എഫ്.ഐ സംസ്ഥാന നേതാക്കൾക്ക് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ പ്രത്യേക 'ക്ലാസെടുക്കും'. ബിനോയ് വിശ്വത്തെ അനുനയിപ്പിക്കാനുള്ള നീക്കത്തിന്റെ കൂടി ഭാഗമായാണ് എസ്.എഫ്.ഐയെ സി.പി.എം സെക്രട്ടറി ഉപദേശിക്കുന്നത്.

പൂക്കോട് വെറ്ററിനറി സർവകലാശാലയിൽ സിദ്ധാർത്ഥ് എന്ന വിദ്യാർത്ഥിയെ വിചാരണ ചെയ്ത് കൊലപ്പെടുത്തിയതും കാര്യവട്ടം കാമ്പസിലെ ഇടിമുറിയുമെല്ലാം എസ്.എഫ്.ഐ ക്രൂരതയുടെ ഒടുവിലത്തെ ഉദാഹരണങ്ങളാണ്. നിയമസഭയിലടക്കം മുഖ്യമന്ത്രിയും നേതാക്കളും എസ്.എഫ്.ഐയെ ന്യായീകരിക്കുന്നുണ്ടെങ്കിലും തിരുത്തൽ വേണമെന്ന് തന്നെയാണ് സി.പി.എമ്മിലെ പൊതു അഭിപ്രായം. ലോക്സഭാ തിരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന സമയത്താണ് സിദ്ധാർഥന്റെ മരണമുണ്ടാകുന്നത്. ഈ സംഭവം പ്രതിപക്ഷം പ്രധാന ആയുധമായി ഉയർത്തി. എസ്.എഫ്.ഐയുടെ യൂണിറ്റ് സെക്രട്ടറി, കോളജ് യൂണിയൻ ചെയർമാൻ അടക്കമുള്ളവരാണ് കേസിൽ പ്രതികൾ. ഒടുവിൽ തിരഞ്ഞെടുപ്പിൽ വൻ പരാജയമുണ്ടായതോടെ തിരുത്തലുണ്ടാകുമെന്ന് പ്രഖ്യാപനം വന്നെങ്കിലും ഒന്നും ഉണ്ടായില്ല.

കാര്യവട്ടം കാമ്പസിൽ കെ.എസ്.യു നേതാവിനെ ഇടിമുറിയിൽ കയറ്റി മർദിച്ചും കൊയിലാണ്ടി ഗുരുദേവ കോളജ് പ്രിൻസിപ്പൽ സുനിൽ ഭാസ്കറിന്റെ മുഖത്തടിച്ചും എസ്.എഫ്.ഐ തനിനിറം തുടർന്നു. എസ്.എഫ്.ഐ പ്രതിസ്ഥാനത്തുവന്ന വിവാദങ്ങൾ സമീപകാലത്ത് സി.പി.എമ്മിന് വലിയ പ്രതിസന്ധി ഉണ്ടാക്കിയിരുന്നു.

വ്യാജസർട്ടിഫിക്കറ്റ് ഉപയോഗിച്ച് അധ്യാപക നിയമനത്തിന് ശ്രമിച്ച വിദ്യ, എഴുതാത്ത പരീക്ഷ വിജയിച്ച സംസ്ഥാന സെക്രട്ടറി ആർഷോ, ഇങ്ങനെ ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരത്തെ തന്നെ ചോദ്യം ചെയ്യുന്ന വിവാദങ്ങളുണ്ടായി. ഇതോടെ എസ്.എഫ്.ഐ നേതാക്കളെ എ.കെ.ജി സെന്ററിൽ വിളിച്ചുവരുത്തി സംസ്ഥാന നേതൃത്വം അന്ത്യശാസനം നൽകിയിരുന്നു. ഒപ്പമെങ്ങനെ നല്ല നേതാക്കളാകാം എന്ന വിഷയത്തിൽ ഇ.എം.എസ് അക്കാദമിയിൽ ഒരു ക്യാമ്പും സംഘടിപ്പിച്ചു. എന്നാൽ ഇതൊന്നും ഗുണം ചെയ്തില്ലെന്നതാണ് ആവർത്തിക്കുന്ന സംഭവങ്ങൾ നൽകുന്ന സൂചന. ഘടകകക്ഷിയുടെ വിദ്യാർത്ഥി നേതാക്കൾക്ക് നേരെ പോലും എസ്.എഫ്.ഐ നേതാക്കളിൽ നിന്ന് ആക്രമണങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. സി.പി.ഐയുടെ വിദ്യാർത്ഥി സംഘടനയായ എ.ഐ.എസ്.എഫിന്റെ വനിതാ നേതാവിനെ ചവിട്ടി വീഴ്ത്തി ജാതിപ്പേര് വിളിച്ച് കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയും അസഭ്യം പറയുകയും ചെയ്തതിന് കേസ് ഇപ്പോഴും നിലവിലുണ്ട്. പത്തനംതിട്ട കടമനിട്ട മൗണ്ട് സിയോൺ ലോ കോളജിൽ കെ.എസ്.യു പ്രവർത്തകയുടെ ചെവിയടിച്ചു പൊട്ടിച്ചതും എസ്.എഫ്.ഐ നേതാവായിരുന്നു.

ഇടതുമുന്നണിയിലെ പ്രമുഖ കക്ഷിയായ സി.പി.ഐ തന്നെ എസ്.എഫ്.ഐ തിരുത്തണമെന്ന ആവശ്യമായി രംഗത്തെത്തിയിട്ടുണ്ട്. രൂക്ഷ വിമർശനമാണ് സിപിഐയിൽ നിന്നുമുണ്ടായത്. പ്രത്യക്ഷത്തിൽ ന്യായീകരിക്കുന്നുണ്ടെങ്കിലും തിരുത്തൽ വേണമെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി തന്നെ സംഘടനക്കുള്ളിൽ നിർദ്ദേശം നൽകിയിട്ടുണ്ട് തിരഞ്ഞെടുപ്പ് തോൽവിയിൽ എസ്.എഫ്.ഐയും ഒരു കാരണമായെന്ന് മേഖലാ അവലോകന യോഗങ്ങളിൽ എം.വി ഗോവിന്ദൻ തന്നെ വിമർശിച്ചിട്ടുണ്ട്. സി.പി. എം സംസ്ഥാന സെക്രട്ടറിയേറ്റിലും വിഷയം ചർച്ചയായി.

### പ്ലസ് വൺ: മലബാറിൽ 18313 പേർ പുറത്ത്

# തെക്കൻ കേരളത്തിൽ പഠിക്കാൻ ആളില്ല

### അഞ്ച് ജില്ലകളിലായി 10210 സീറ്റുകൾ ഒഴിഞ്ഞുകിടക്കും

ദാവൂദ് മുഹമ്മദ്
കണ്ണൂർ

പ്ലസ് വൺ സപ്ലിമെന്ററി അലോട്ട്മെന്റ് പൂർത്തിയാവുമ്പോൾ തെക്കൻ കേരളത്തിലും മധ്യ കേരളത്തിലുമായി 12771 സീറ്റുകൾ ഒഴിഞ്ഞു കിടക്കും. എന്നാൽ മലബാറിൽ 18313 വിദ്യാർഥികൾ സീറ്റ് ലഭിക്കാതെ പുറത്തിരിക്കേണ്ടിവരും. മലപ്പുറത്ത് 9944 കുട്ടികൾക്കും പാലക്കാട് 4427 കുട്ടികൾക്കും സീറ്റ് ലഭിക്കില്ല.

മൂന്ന് അലോട്ട്മെന്റ് പ്രവേശനം പൂർത്തിയാക്കിയപ്പോൾ സംസ്ഥാനത്ത് 52530 പ്ലസ് വൺ സീറ്റുകളുടെ ഒഴിവുണ്ടായിരുന്നു. ഇതിലേക്കുള്ള സപ്ലിമെന്ററി പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിച്ചപ്പോൾ 57715 പേരാണ് അപേക്ഷിച്ചത്. എന്നാൽ മലബാറിൽ ഒഴികെ ഒൻപത് ജില്ലകളിലും സീറ്റുകളെക്കാൾ കുറവാണ് അപേക്ഷകർ.

തെക്കൻ കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലായി 10210 സീറ്റുകളിൽ പഠിക്കാൻ ആളുണ്ടാവില്ല. മധ്യകേരളത്തിൽ ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിലായി 2567 സീറ്റുകൾ ഇത്തവണ ഒഴിഞ്ഞു കിടക്കാനാണ് സാധ്യത. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുക പത്തനംതിട്ടയിലായിരിക്കും. ഇവിടെ 2609 സീറ്റും കൊല്ലത്ത് 2215 സീറ്റും തിരുവനന്തപുരത്ത് 1909 സീറ്റും കോട്ടയത്ത് 1310 സീറ്റും ഒഴിഞ്ഞ് കിടക്കും. അതേസമയം ഏറണാകുളുത്ത് 1800 സീറ്റിലും ഇടുക്കിയിൽ 517 സീറ്റിലും പഠിക്കാൻ കുട്ടികളുടെ കുറവുണ്ടാവും.

പുതിയ ബാച്ച് അനുവദിച്ചില്ലെങ്കിൽ ഏറ്റവും കൂടുതൽ കുട്ടികൾ പുറത്തിരിക്കേണ്ടിവരിക മലപ്പുറത്താണ്. ഇവിടെ 9949 പേർക്ക് ഇത്തവണ പ്ലസ് വൺ സീറ്റ് ലഭിക്കില്ല. മലപ്പുറത്ത് ഒഴിവുള്ള 6937 സീറ്റുകളിലേക്ക് 16881 അപേക്ഷകളാണ് ലഭിച്ചത്. സമാന സാഹചര്യമാണ് പാലക്കാടും കോഴിക്കോടുമുള്ളത്. പാലക്കാട് ഒഴിവുള്ള 3712 സീറ്റുകൾക്കായി 8139 പേർ അപേക്ഷിച്ചപ്പോൾ കോഴിക്കോട് 4888 ഒഴിവുകളിലേക്കായി 7192 അപേക്ഷകളാണ് ലഭിച്ചത്.

ഇന്ന് രാവിലെ പത്ത് മണി മുതൽ നാളെ വൈകിട്ട് നാലു മണിവരെയാണ് സപ്ലിമെന്ററി അലോട്ട്മെന്റ് പ്രവേശനത്തിനുള്ള സമയം.

സംസ്ഥാനത്ത് 4,33,471 സീറ്റുകളിൽ 3,80,941 സീറ്റുകളിൽ പ്രവേശനം പൂർത്തിയായിട്ടുണ്ട്. മലബാറിൽ പുതിയ ബാച്ചുകൾ അനുവദിച്ചില്ലെങ്കിൽ വലിയ പ്രതിസന്ധിയായിരിക്കും ഉണ്ടാവുകയെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

**സപ്ലിമെന്ററി അലോട്ട്മെന്റിലെ സീറ്റ് വിവരം**

| ജില്ല | സപ്ലി.അപേക്ഷ | സീറ്റ് | സീറ്റൊഴിവ് |
|---|---|---|---|
| തിരുവനന്തപുരം | 1985 | 3894 | 1909 |
| കൊല്ലം | 2043 | 4258 | 2215 |
| പത്തനംതിട്ട | 478 | 3087 | 2609 |
| ആലപ്പുഴ | 1610 | 3777 | 2167 |
| കോട്ടയം | 1745 | 3056 | 1310 |
| ഇടുക്കി | 1339 | 1856 | 517 |
| എറണാകുളം | 3244 | 5044 | 1800 |

**മലബാറിൽ സീറ്റ് ലഭിക്കാൻ സാധ്യതയില്ലാത്തവർ**

മലപ്പുറം– 9949
പാലക്കാട്– 4427
കോഴിക്കോട്– 2304
കാസർകോട്– 836
കണ്ണൂർ– 627
വയനാട്– 175

### മതിൽ ഇടിഞ്ഞ് വീണ് ഏഴു വയസുകാരിക്ക് ദാരുണാന്ത്യം



പാവറട്ടി : വെങ്കിടങ്ങ് കരുവന്തലയിൽ കുടുംബ ക്ഷേത്രത്തിന്റെ മതിൽ ഇടിഞ്ഞ് വീണ് ഏഴു വയസുകാരിക്ക് ദാരുണാന്ത്യം. യൂത്ത് കോൺഗ്രസ് മണലൂർ നിയോജക മണ്ഡലം പ്രസിഡന്റ് കരുവന്തല മാമ്പ്ര തൊട്ടി പറമ്പിൽ മഹേഷ് കാർത്തികേയൻ, ലക്ഷ്മി ദമ്പതികളുടെ മകൾ ദേവി ഭദ്രയാണ് (7)മരിച്ചത്. വെങ്കിടങ്ങ് ശ്രീ ശങ്കരനാരായണ എൽപി സ്കൂൾ രണ്ടാം ക്ലാസ് വിദ്യാർഥിനിയാണ്. മാമ്പ്ര തൊട്ടിപ്പറമ്പിൽ കുടുംബ ക്ഷേത്രത്തിലെ പ്രതിഷ്ഠാ ദിനത്തിന് എത്തിയതായിരുന്നു കുട്ടിയും കുടുംബവും. മതിലിനടുത്ത് കുട്ടികൾ കളിച്ചു കൊണ്ടിരിക്കുന്നതിനിടെയാണ് അപകടം നടന്നത് . ദേവി ഭദ്രയോടൊപ്പം സഹോദരൻ കാശിനാഥനും, മറ്റൊരു കുട്ടിയും ഉണ്ടായിരുന്നു. ഇവരുടെ ദേഹത്തേക്കും മതിൽ വീണെങ്കിലും പരിക്ക് സാരമുള്ളതല്ല. പരുക്കേറ്റവരെ അമല ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംസ്കാരം ഇന്ന് വൈകീട്ട് നാലിന്.

### ആ 35 രക്തസാക്ഷികൾ ആരൊക്കെ?

## എസ്.എഫ്.ഐയെ വെല്ലുവിളിച്ച് കെ.എസ്.യു

തിരുവനന്തപുരം: 35 എസ്.എഫ്.ഐ സഖാക്കളെ കെ.എസ്.യു കൊലപ്പെടുത്തിയെന്ന എസ്.എഫ്.ഐയുടെയും സി.പി.എമ്മിന്റെയും നേതാക്കളുടെ ആരോപണം തെളിയിക്കാൻ വെല്ലുവിളിച്ച് കെ.എസ്.യു. ഇതുസംബന്ധിച്ച് കെ.എസ്.യു സംസ്ഥാന ജനറൽ സെക്രട്ടറി ആദേഷ് സുധർമൻ എസ്.എഫ്.ഐ നേതൃത്വത്തിന് തുറന്ന കത്തെഴുതി. ഏതൊക്കെ എസ്.എഫ്.ഐ പ്രവർത്തകരെയാണ് കെ.എസ്.യുക്കാർ കേരളത്തിൽ കൊലപ്പെടുത്തിയത്? ഒരു നുണ നൂറുവട്ടം ആവർത്തിച്ച് സത്യമാണെന്ന് വരുത്തി തീർക്കാനുള്ള ഗീബൽസിയൻ തന്ത്രമാണ് ഇപ്പോഴും എസ്.എഫ്.ഐയും സി.പി.എമ്മും കൈരളി ചാനലും തുടർന്നു പോരുന്നത്. ഉത്തരവാദപ്പെട്ട സി.പി.എമ്മും എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറിയും കൈരളി ചാനലും വിശ്വാസ്യത എന്നൊന്നുണ്ടെങ്കിൽ ഈ പറയുന്ന 35 പേരുടെ വിവരങ്ങൾ പുറത്തുവിടാൻ തയ്യാറാകണം. വസ്തുതകൾ നിരത്തി തുറന്ന ചർച്ചക്ക് എസ്.എഫ്.ഐയെ ക്ഷണിക്കുന്നതായും കത്തിലുണ്ട്.

# മമ്പുറം ആണ്ടുനേർച്ചക്ക് ഭക്തിസാന്ദ്രമായ തുടക്കം



186-ാമത് മമ്പുറം ആണ്ടു നേർച്ചയുടെ ഭാഗമായി നടന്ന മഖാം സിയാറത്തിന് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ നേതൃത്വം നൽകുന്നു

തിരൂരങ്ങാടി: മമ്പുറം സയ്യിദ് അലവി മൗലദ്ദവീല അൽഹുസൈനി തങ്ങളുടെ 186ാമത് ആണ്ടുനേർച്ചക്ക് ഭക്തിസാന്ദ്രമായ തുടക്കം. മമ്പുറം സയ്യിദ് അഹമദ് ജിഫ്രി തങ്ങൾ കൊടി ഉയർത്തി. പി. ഇസ്ഹാഖ് ബാഖവി ചെമ്മാട് പ്രാർഥനക്ക് നേതൃത്വം നൽകി. മഖാമിൽ നടന്ന കൂട്ടസിയാറത്തിന് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ നേതൃത്വം നൽകി. മലബാറിലെ മത-സാമൂഹിക മേഖലയിൽ നിർണായക പങ്കുവഹിച്ച മമ്പുറം തങ്ങളുടെ ആത്മീയ സാമീപ്യം തേടി ജാതി-മത ഭേദമന്യേ പതിനായിരങ്ങൾ ഇനിയൊരാഴ്ചക്കാലം മമ്പുറത്തേക്കൊഴുകും.

സി.എച്ച് ത്വയ്യിബ് ഫൈസി പുതുപ്പറമ്പ്, കെ.എം സൈദലവി ഹാജി പുലിക്കോട്, യു. ശാഫി ഹാജി ചെമ്മാട്, ആർ.വി കുട്ടിഹസ്സൻ ദാരിമി, ഹംസ ഹാജി മൂന്നിയൂർ, സി.കെ മുഹമ്മദ് ഹാജി വെളിമുക്ക്, സയ്യിദ് അഹ്മദ് ജിഫ്രി കക്കാട്, പി.കെ മുഹമ്മദ് ഹാജി വെളിമുക്ക്, കോയക്കുട്ടി തങ്ങൾ മമ്പുറം, ഹാശിഫ് ഹുദവി മമ്പുറം, പി.കെ ഇബ്രാഹിം ഹാജി, പി.ടി അഹ്മദ് പങ്കെടുത്തു. രാത്രി നടന്ന മജ്‌ലിസുന്നൂർ ആത്മീയ സദസിന് പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ നേതൃത്വം നൽകി. സയ്യിദ് ഫഖ്റുദ്ദീൻ ഹസനി കണ്ണന്തളി ആമുഖഭാഷണം നിർവഹിച്ചു.

ഇന്ന് മുതൽ വെള്ളിയാഴ്ച വരെ മതപ്രഭാഷണങ്ങൾ നടക്കും. രാത്രി ഏഴരക്ക് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ പരമ്പര ഉദ്ഘാടനം ചെയ്യും. മുസ്തഫ ഹുദവി ആക്കോട് പ്രഭാഷണം നടത്തും. നാളെ പാണക്കാട് സയ്യിദ് റശീദലി ശിഹാബ് തങ്ങൾ ഉദ്ഘാടനവും അൻവറലി ഹുദവി പുളിയക്കോട് പ്രഭാഷണവും നിർവഹിക്കും. 10ന് രാത്രി സയ്യിദ് മുഈനലി ശിഹാബ് തങ്ങളും 12 ന് രാത്രി സയ്യിദ് ബശീറലി ശിഹാബ് തങ്ങളും മത പ്രഭാഷണ സദസ്സ് ഉദ്ഘാടനം ചെയ്യും. അഹ്മദ് കബീർ ബാഖവി കാഞ്ഞാർ, അബ്ദുസ്സമദ് പൂക്കോട്ടൂർ പ്രസംഗിക്കും. 11 ന് രാത്രി മഖാമിൽ നടക്കുന്ന മമ്പുറം സ്വലാത്തിന് കോഴിക്കോട് ഖാസി സയ്യിദ് മുഹമ്മദ് കോയ തങ്ങൾ ജമലുല്ലൈലി നേതൃത്വം നൽകും. 13 ന് രാവിലെ 'മമ്പുറം തങ്ങളുടെ ലോകം' ചരിത്ര സെമിനാർ നടക്കും. ഡോ. അബ്ദുസ്സമദ് സമദാനി എം.പി ഉദ്ഘാടനം ചെയ്യും. ദാറുൽ ഹുദാ ഇസ്‌ലാമിക് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി അധ്യക്ഷനാവും.

കാലിക്കറ്റ് യൂനിവേഴ്സിറ്റി ചരിത്ര വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. കെ.എസ് മാധവൻ മുഖ്യപ്രഭാഷണം നടത്തും. ഡോ. മോയിൻ ഹുദവി മലയമ്മ, അനീസ് ഹുദവി കമ്പ്ലക്കാട് പ്രബന്ധങ്ങൾ അവതരിപ്പിക്കും.

രാത്രി നടക്കുന്ന മമ്പുറം തങ്ങൾ അനുസ്മരണവും ഹിഫ്ള് സനദ് ദാനവും പ്രാർഥനാ സദസ്സും സമസ്ത കേന്ദ്ര മുശാവറ അംഗം എം.പി മുസ്തഫാ ഫൈസി തിരൂർ ഉദ്ഘാടനം ചെയ്യും. സയ്യിദ് അലവി മൗലദ്ദവീല ഹിഫ്ളുൽ ഖുർആൻ കോളജിൽനിന്നു ഖുർആൻ മനഃപാഠമാക്കിയവർക്കുള്ള സനദ് ദാനം സമസ്ത ജന. സെക്രട്ടറി പ്രഫ. കെ. ആലിക്കുട്ടി മുസ്‌ലിയാർ നിർവഹിക്കും. ഡോ.ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി അധ്യക്ഷനാകും. പ്രാർഥനാ സദസ്സിന് പാണക്കാട് സയ്യിദ് അബ്ദുന്നാസിർ ഹയ്യ് ശിഹാബ് തങ്ങൾ നേതൃത്വം നൽകും.


സമാപന ദിവസമായ 14ന് രാവിലെ എട്ട് മണി മുതൽ അന്നദാനം നടക്കും. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. സയ്യിദ് അബ്ദുറഹ്മാൻ ജിഫ്രി തങ്ങൾ കോഴിക്കോട് അധ്യക്ഷനാവും. ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി, സയ്യിദ് ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ, പി.കെ കുഞ്ഞാലിക്കുട്ടി എം.എൽ.എ പങ്കെടുക്കും.

ഉച്ചക്ക് 1:30 ന് നടക്കുന്ന മൗലിദ് ഖത്മ് ദുആയോടെ ഒരാഴ്ചയോളം നീണ്ടു നിൽക്കുന്ന മമ്പുറം ആണ്ടുനേർച്ചക്ക് പരിസമാപ്തിയാവും. സമാപന പ്രാർഥനക്ക് സമസ്ത പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ നേതൃത്വം നൽകും.

# കലയുടെ മൃതദേഹം കണ്ടു വെളിപ്പെടുത്തലുമായി അയൽവാസി

മാന്നാർ (ആലപ്പുഴ): ഇരമത്തൂരിലെ കലയുടെ കൊലപാതകത്തിൽ പുതിയ വെളുപ്പെടുത്തലുകളുമായി അയൽവാസി. ഇരമത്തൂർ വിനോദ് ഭവനത്തിൽ സോമൻ (70) ആണ് വാർത്താ സമ്മേളനത്തിൽ നിർണായക വെളുപ്പെടുത്തലുകൾ നടത്തിയത്.

15 വർഷം മുമ്പ് കലയെ കൊല ചെയ്തു എന്ന് കരുതപ്പെടുന്ന ദിവസം ഇരമത്തൂർ ഐക്കര ജംഗ്ഷനിൽ ചായക്കട നടത്തിവന്നിരുന്ന സോമനെ രാത്രി 12 മണിയോടുകൂടി കേസിൽ മാപ്പ്സാക്ഷിയാക്കപ്പെട്ട സുരേഷ്കുമാർ വന്നു വിളിക്കുകയും സഹായമഭ്യർത്ഥിക്കുകയും ചെയ്തു. അർധരാത്രിയായതിനാൽ ആദ്യം വിസമ്മതമറിയിച്ച സോമനെ നിർബന്ധിച്ചു കൂട്ടിക്കൊണ്ടുപോയെന്നും ഏകദേശം 150 മീറ്റർ അകലെ ചിറ്റമ്പലത്തിനടുത്ത് നിർത്തിയിട്ടിരുന്ന വെളുത്ത കാറിനടുത്തേക്കെത്തിയ താൻ കാറിന്റെ പിൻസീറ്റിൽ കലയുടെ മൃതദേഹം കണ്ടെന്നുമാണ് സോമന്റെ വെളിപ്പെടുത്തൽ. ഈ സമയം ഡ്രൈവർ സീറ്റിൽ കേസിലെ പ്രതിയായ പ്രമോദും മുൻ സീറ്റിൽ കലയുടെ ഭർത്താവായ അനിലും, പിൻസീറ്റിൽ മൃതദേഹത്തിനൊപ്പം ജിനു ഗോപിയും മുഖം തിരിച്ചറിയാനാകാത്ത മറ്റൊരാളും ഉണ്ടായിരുന്നു. കാറിൽ മൺവെട്ടി, പിക്കാസ്, കയർ അടക്കമുള്ള സാധനങ്ങൾ ഉണ്ടായിരുന്നു എന്നും സോമൻ വെളിപ്പെടുത്തി.



മൃതദേഹം മറവ് ചെയ്യാൻ നിലവിൽ കേസിലെ സാക്ഷിയായ സുരേഷ് സഹായം അഭ്യർത്ഥിച്ചെന്നും അതിന് വിസമ്മതം അറിയിച്ചു മടങ്ങിപ്പോയെന്നും പിറ്റേദിവസം അനിലിന്റെ വീട്ടിൽ ഈ വാഹനം കഴുകി വൃത്തിയാക്കുന്നത് കണ്ടെന്നും സോമൻ പറഞ്ഞു. ഭയന്നിട്ടാണ് ഇത്രയും കാലം ഈ വിവരങ്ങൾ മറച്ചു വച്ചതെന്നും ഈ വിവരങ്ങൾ ജില്ലാ പൊലീസ് മേധാവി അടക്കമുള്ള അന്വേഷണ ഉദ്യോഗസ്ഥരുടെ മുമ്പിൽ മൊഴി കൊടുത്തിട്ടുണ്ടെന്നും സോമൻ പറഞ്ഞു.

### ബൈക്കിലെത്തി ബോംബെറിഞ്ഞു

#### രണ്ടുപേർക്ക് പരിക്ക്

തിരുവനന്തപുരം: തുമ്പയിൽ നാടൻ ബോംബേറിൽ രണ്ടുപേർക്ക് പരിക്ക്. നെഹ്റു ജംഗ്ഷൻ സ്വദേശികളായ അഖിൽ, വിവേക് എന്നിവർക്കാണ് പരിക്കേറ്റത്. ഗുണ്ടകൾ തമ്മിലുള്ള കുടിപ്പകയാണ് ആക്രമണത്തിന് പിന്നിലെന്നാണ് പൊലീസിന്റെ പ്രാഥമിക നിഗമനം. കഴക്കൂട്ടം സ്വദേശി ഷിബിൻ പിടിയിലായിട്ടുണ്ട്. ഇന്നലെ ഉച്ചക്ക് 12 മണിയോടെ തുമ്പ നെഹ്റു ജംഗ്ഷന് സമീപം രണ്ടു ബൈക്കുകളിലെത്തിയ നാലംഗസംഘമാണ് നാടൻ ബോംബെറിഞ്ഞത്. സമീപത്തെ വീട്ടിൽ നിന്ന് പൊലീസ് അക്രമിസംഘത്തിന്റെ സി.സി ടി.വി ദൃശ്യങ്ങൾ ശേഖരിച്ചു.